# ജനപഥം

മേയ് 2013



## ഉള്ളടക്കം

4
**സഫലമായ രണ്ടുവർഷങ്ങൾ**
ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

8
**നല്ല നാളേയ്ക്കായി കരുതലോടെ**
പി.കെ. കുഞ്ഞാലിക്കുട്ടി
വ്യവസായ - ഐടി മന്ത്രി

12
**ക്രിയാത്മകം ഭാവനാത്മകം**
കെ.എം. മാണി
ധന മന്ത്രി

16
**കാർഷിക മേഖലയിലെ ഭാവനാപൂർണമായ ചുവടുവയ്പുകൾ**
കെ.പി. മോഹനൻ
കൃഷി - മൃഗസംരക്ഷണം - അച്ചടി മന്ത്രി

20
**തൊഴിലാളി സംരക്ഷണവും പുത്തൻ തൊഴിൽ സംസ്കാരവും**
ഷിബു ബേബിജോൺ
തൊഴിൽ മന്ത്രി

24
**കർമകുശലതയുടെ രണ്ടു സംവത്സരങ്ങൾ**
അനൂപ് ജേക്കബ്
ഭക്ഷ്യ - സിവിൽ സപ്ലൈസ് - രജിസ്ട്രേഷൻ മന്ത്രി

28
**ലക്ഷ്യം വൈദ്യുതി സ്വയം പര്യാപ്തത**
ആര്യാടൻ മുഹമ്മദ്
ഊർജ - ഗതാഗത മന്ത്രി

34
**ലക്ഷ്യബോധത്തോടെ മൂന്നാം വർഷത്തിലേക്ക്**
കെ.സി. ജോസഫ്
ഗ്രാമവികസന - ആസൂത്രണ - സാംസ്കാരിക മന്ത്രി

40
**ആധുനിക വീക്ഷണത്തോടെ വിദ്യാഭ്യാസ മേഖല**
പി.കെ. അബ്ദു റബ്ബ്
വിദ്യാഭ്യാസ മന്ത്രി

44
**ജാഗ്രതയോടെയുള്ള ക്രമസമാധാനപാലനം**
തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തര - വിജിലൻസ് മന്ത്രി

48
**സേവനസന്നദ്ധമായി ജനപക്ഷത്ത്**
അടൂർ പ്രകാശ്
റവന്യൂ മന്ത്രി

52
**ജലസ്വാശ്രയത്വം സാധ്യമാണ്**
പി.ജെ. ജോസഫ്
ജലവിഭവ മന്ത്രി

58
**ജനകീയ വിനോദസഞ്ചാരം**
എ.പി. അനിൽകുമാർ
പട്ടികജാതി - പിന്നാക്ക സമുദായക്ഷേമ - ടൂറിസം മന്ത്രി

64
**ദിശാബോധത്തോടെ സാമൂഹിക പ്രതിബദ്ധതയോടെ**
കെ. ബാബു
ഫിഷറീസ് - തുറമുഖ - എക്സൈസ് മന്ത്രി

70
**പുതുവഴികൾ തേടുന്ന സഹകരണ മേഖല**
സി.എൻ. ബാലകൃഷ്ണൻ
സഹകരണ - ഖാദി ഗ്രാമവികസന മന്ത്രി

74
**വികസന വിജയത്തിൽ പങ്കാളിയാകുമ്പോൾ**
വി.കെ. ഇബ്രാഹിം കുഞ്ഞ്
പൊതുമരാമത്ത് മന്ത്രി

78
**അഭിമാനകരമായ രണ്ടു വർഷങ്ങൾ**
പി.കെ. ജയലക്ഷ്മി
പട്ടികവർഗക്ഷേമം - യുവജനകാര്യം
മ്യൂസിയം - മൃഗശാല മന്ത്രി

80
**നേട്ടങ്ങളുടെ സുവർണ മുദ്രകൾ**
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് - സാമൂഹികനീതി മന്ത്രി

86
**ആസൂത്രിതമായ നഗരവികസനം**
മഞ്ഞളാംകുഴി അലി
നഗരകാര്യ - ന്യൂനപക്ഷക്ഷേമ മന്ത്രി

89
**വെല്ലുവിളികൾ നേരിട്ട് ബഹുദൂരം മുന്നിൽ**
വി.എസ്. ശിവകുമാർ
ആരോഗ്യ - കുടുംബക്ഷേമ - ദേവസ്വം മന്ത്രി

# പ്രതികരണം




## ഇരുളകറ്റുന്ന സൂര്യകിരണങ്ങൾ

ജനപഥം ഏപ്രിൽ ലക്കം കവർ സ്റ്റോറി ശ്രദ്ധേയമായി. ദിവ് എസ്., ഹൃദ്യ മേനോൻ എന്നിവർ ചേർന്നു തയാറാക്കിയ 'ഇരുളകറ്റുന്ന സൂര്യകിരണങ്ങൾ' എന്ന ലേഖനം വളരെ നന്നായിരുന്നു. പൂജപ്പുര സെൻട്രൽ ജയിലിൽ സൗരോർജ പാനലിലൂടെ 24 മണിക്കൂറും തടസ്സങ്ങളില്ലാതെ വൈദ്യുതി ലഭിക്കുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. സൗരോർജവത്കരണ പദ്ധതി സംസ്ഥാനത്ത് വിജയരമാകട്ടെയെന്ന് ആശംസിക്കുന്നു.

**രഘുവരൻ**

പാതിരപ്പള്ളി, ആലപ്പുഴ

## ഭാവിയിലെ സൗരോർജ്ജം

'ഊർജരംഗത്ത് സൂര്യപ്രഭ' എന്ന ശീർഷകത്തോടെ പ്രസിദ്ധീകരിച്ച ഏപ്രിൽ ലക്കം ജനപഥത്തിലെ ലേഖനങ്ങളെല്ലാം നല്ല നിലവാരം പുലർത്തുന്നതായിരുന്നു. ഡോ. എം. ജയരാജുവിന്റെ 'വീടുകളിലെ ഹരിതോർജദായകർ' എന്ന ലേഖനം വിജ്ഞാനപ്രദമായി. എല്ലാ വീടുകളിലും സൗരോർജ പാനലുകൾ സ്ഥാപിച്ചാൽ സംസ്ഥാനം നേരിടുന്ന ഊർജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. ജർമനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ സൗരോർജ പാനലുകൾ വഴി വീടുകളിലേക്കാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുമ്പോൾ തീർച്ചയായും നമ്മുടെ രാജ്യത്ത് അതിനുള്ള സാധ്യതകൾ ഏറെയാണ്. വരും നാളുകളിൽ സൗരവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുവാൻ നമുക്ക് കഴിയും എന്ന് പ്രതീക്ഷിക്കാം. തുടർന്നും ഇത്തരത്തിൽ വിജ്ഞാനപ്രദമായ ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**പൊറോക്കാവിൽ പത്മനാഭൻ**

പൊന്നാനി, മലപ്പുറം

## സ്വാതി സ്മരണ

അഭിനവത്യാഗരാജൻ എന്ന് സംഗീതാസ്വാദകർ വാഴ്ത്തുന്ന സ്വാതിതിരുനാളിന്റെ 200 ാം ജന്മവാർഷികത്തോടനുബന്ധിച്ച് ജനപഥത്തിൽ പ്രസിദ്ധീകരിച്ച ലേഖനം അവസരോചിതമായി. ലേഖിക ശാരദാ തമ്പിക്ക് അഭിനന്ദനങ്ങൾ.

**തുളസി ഭായ്**

കണ്ണമ്മൂല, തിരുവനന്തപുരം

# വിലാസിനി പുരസ്കാരത്തിന് പുസ്തകങ്ങൾ ക്ഷണിക്കുന്നു

കേരള സാഹിത്യ അക്കാദമി യശഃശരീരനായ പ്രശസ്ത നോവലിസ്റ്റ് വിലാസിനിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് അവാർഡിനായി പുസ്തകങ്ങൾ ക്ഷണിക്കുന്നു. അൻപതിനായിരം രൂപയും ഫലകവും സാക്ഷ്യപത്രവും അടങ്ങുന്നതാണ് ഈ പുരസ്കാരം. 2009, 2010, 2011 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചതും ഒരു നോവലിനെക്കുറിച്ചോ, നോവലിസ്റ്റിനെക്കുറിച്ചോ, നോവൽ എന്ന സാഹിത്യരൂപത്തെക്കുറിച്ചോ മലയാളത്തിൽ എഴുതിയതുമായ സമഗ്രപഠനഗ്രന്ഥത്തിനാണ് വിലാസിനി പുരസ്കാരം എന്ന എൻഡോവ്മെന്റ് അവാർഡ് നൽകുന്നത്.ലേഖന സമാഹാരങ്ങളോ, നോവലിസ്റ്റുകളുടെ കേവല ജീവചരിത്രങ്ങളോ, പി.എച്ച്.ഡി/എം.ഫിൽ പ്രബന്ധങ്ങളോ അത്തരം പ്രബന്ധങ്ങളുടെ സംഗൃഹിത രൂപങ്ങളോ ഈ അവാർഡിന് പരിഗണിക്കുന്നതല്ല.

ഗ്രന്ഥകർത്താക്കൾക്കോ, മറ്റ് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവാർഡ് പരിഗണിക്കാനുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതണ്. മേൽപ്പറഞ്ഞ കൃതികളുടെ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ മൂന്നു പ്രതികൾ വീതം 2013 ജൂൺ 15 നു മുമ്പായി ആർ. ഗോപാലകൃഷ്ണൻ, സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ – 20 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്. കവറിനുമേൽ വിലാസിനി അവാർഡ് എന്ന് പ്രത്യേകം രേഖപ്പെടുത്തണം.

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2013

പുസ്തകം 2 ലക്കം 3

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

ടൈപ്പ് സെറ്റിങ്
**സരിത നവാസ്**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ഇടുക്കി
- **വി.പി. പ്രമോദ്കുമാർ,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്**, വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **നാഫിഹ് എം.,** ഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2518171**


## മുഖക്കുറിപ്പ്

# മൂന്നാം വർഷത്തിലേക്ക്

ഏറ്റവും സാധാരണക്കാരിൽ വികസനത്തിന്റെ സദ്ഫലങ്ങൾ എത്തുമ്പോഴാണ് ഭരണം സാർഥകമാകുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയുന്നുവെന്നതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. ഇന്ത്യയിൽ ആദ്യമായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് കേരളത്തിലാണ്. പാർശ്വവത്കൃതരായ ജനങ്ങളെ പൊതുധാരയുടെ ഭാഗമാക്കുവാനുള്ള അനേകം പദ്ധതികളിൽ പ്രധാനപ്പെട്ടതാണ് ഈ പ്രഖ്യാപനവും. എല്ലാ ക്ഷേമപെൻഷനുകളും വർധിപ്പിച്ചത് അർഥവത്തായ മറ്റൊരു ചുവടുവയ്പ്പാണ്. 'ശ്രുതിതരംഗം' എന്ന പദ്ധതി മൂക-ബധിര കുട്ടികൾക്ക് ശബ്ദവും കേൾവിയും നൽകുന്ന സ്നേഹത്തലോടലാണ്. കാരുണ്യ ലോട്ടറി ആതുരസേവനത്തിന് പുതിയ അർഥങ്ങൾ നൽകി മുന്നേറുകയാണ്. ജയിലുകളിൽ ആരംഭിച്ച പാചകത്തിലൂടെ ഗുണമേന്മയുള്ള ആഹാരസാധനങ്ങൾ മിതമായ വിലയ്ക്ക് നൽകി സമൂഹത്തിന് പുതിയ സന്ദേശങ്ങൾ വിളംബരം ചെയ്യുന്നു. പലകാരണങ്ങളാൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടവർ വസിക്കുന്ന ജയിലിൽ നിന്ന് സാധാരണക്കാരന് പ്രാപ്യമായ നിലയിൽ ആഹാരസാധനങ്ങൾ നിർമിച്ച് വിപണിയിലെത്തിക്കുന്നത് ജയിലിനെക്കുറിച്ചുള്ള സങ്കൽപങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി.

പ്രകൃതിദത്ത ഊർജസ്രോതസ്സുകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തതയ്ക്കായി നടത്തുന്ന ശ്രമങ്ങൾ കാലാനുസൃതമാണ്. ജീവനക്കാർക്ക് എൽ.ടി.സി. അനുവദിച്ചത് സർക്കാർ ജീവനക്കാരോടുള്ള ഉദാരസമീപനത്തിന് തെളിവാണ്.


സ്റ്റാർട്ട് അപ് വില്ലേജ് എന്ന ആശയം വ്യവസായരംഗത്തിന് പുത്തൻ ഉണർവ് നൽകുമെന്നതിൽ സംശയമില്ല. ഒരു സംരംഭക സംസ്ഥാനമായി പരിണമിക്കാൻ പര്യാപ്തമായ ഭാവനാപൂർണമായ ആശയമാണിത്. ഇൻഫോസിസ്, ടി.സി.എസ്., സൺടെക് എന്നീ ഐടി കമ്പനികൾ പുതിയ തുടർ സംരംഭങ്ങളുമായെത്തുന്നത് ഐടി മേഖലയിൽ പുതിയ തൊഴിൽ സാധ്യതകൾ തുറന്നിടും. എല്ലാവർക്കും ഭൂമി എന്ന ആശയം പ്രാവർത്തികമാകുന്നതോടെ കേരളം ഭൂരഹിതരില്ലാത്ത കേരളമാകും. ഇന്ത്യയ്ക്കുതന്നെ മാതൃകയാകും ഈ കൊച്ചു കേരളം.

സമഗ്രമായ കാഴ്ചപ്പാടോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ പുതിയൊരു വികസന സങ്കൽപമാണ് ഈ സർക്കാർ മുന്നോട്ടുവെക്കുന്നത്. ഭരണത്തിന്റെ സദ്ഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലുമെത്തുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. രണ്ടു വർഷം പൂർത്തിയാക്കുന്ന ഈ ഘട്ടത്തിൽ നവീനമായ ആശയങ്ങളുമായി മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. അനിശ്ചിതത്വങ്ങൾ എന്തൊക്കെയുണ്ടെങ്കിലും ജനക്ഷേമത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വികസന പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകതന്നെ ചെയ്യും.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

# സഫലമായ രണ്ടു വർഷങ്ങൾ

**സർക്കാർ രണ്ട് വർഷം പൂർത്തിയാക്കുകയാണ്. ദീർഘവീക്ഷണത്തോടെ സംസ്ഥാനത്തിന്റെ വികസനപദ്ധതികൾ ആവിഷ്കരിക്കുവാൻ ഈ രണ്ടുവർഷക്കാലത്ത് കഴിഞ്ഞുവെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. വികസനവും കരുതലും എന്ന ആശയത്തിന് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിഞ്ഞു. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമവും വ്യവസായപുരോഗതിക്കാവശ്യമായ അടിത്തറയൊരുക്കലും ഈ രണ്ടു വർഷത്തെ പ്രധാനപ്പെട്ട നേട്ടങ്ങളാണ്. കേരളീയ ജനതയ്ക്ക് സമാശ്വാസവും വികസന രംഗത്തെ മുന്നേറ്റവും നൽകിക്കൊണ്ട് മൂന്നാം വർഷത്തേക്ക് പ്രവേശിക്കുകയാണ്**



**ഉമ്മൻ ചാണ്ടി**
മുഖ്യമന്ത്രി

## എൻഡോസൾഫാൻ സമഗ്ര പാക്കേജ്

1978 മുതൽ 2001 വരെ കാസർകോട് ജില്ലയിലെ കശുമാവ് തോട്ടങ്ങളിൽ തളിച്ചിരുന്ന എൻഡോസൾഫാൻ കീടനാശിനി ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് സൃഷ്ടിച്ചതെന്നു നമുക്കറിയാം. ഇന്ന് കേരളത്തിൽ എൻഡോസൾഫാൻ നിരോധിക്കപ്പെട്ടിരിക്കുകയാണ്. ഈ വർഷം ഏപ്രിലിൽ എൻഡോസൾഫാൻ ബാധിതർക്ക് ആശ്വാസമേകുന്ന സമഗ്രമായ ആശ്വാസ പാക്കേജാണ് സർക്കാർ പ്രഖ്യാപിച്ചത്. പാക്കേജ് അനുസരിച്ച് ഒമ്പത് ഉത്തരവുകളാണ് ദുരിതബാധിതർക്ക് കൃത്യമായും വേഗത്തിലും സഹായം ഉറപ്പാക്കാൻ സർക്കാർ പുറത്തിറക്കിയത്. അഞ്ചു വർഷത്തിനു ശേഷം സഹായം ലഭിക്കില്ലെന്ന മുൻ ഉത്തരവ് സരക്കാർ റദ്ദാക്കുകയും ചെയ്തു. കിടപ്പിലായവർക്കും, മരണമടഞ്ഞവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും അഞ്ചുലക്ഷം രൂപവീതവും അർബുദ രോഗബാധിതർക്കും മറ്റു ഗുരുതര രോഗബാധിതർക്കും മൂന്നു ലക്ഷം വീതവും പാക്കേജനുസരിച്ച് സഹായം ലഭിക്കും. എൻഡോസൾഫാൻ ബാധിതരെ ചികിത്സിക്കുന്ന ആശുപത്രികളുടെ എണ്ണം 12-ൽനിന്ന് 16 ആക്കി. ചികിത്സാചെലവുകൾ പൂർണമായും സർക്കാർ വഹിക്കും. എൻഡോസൾഫാൻ ബാധിതരുടെ വായ്പാ ബാധ്യതകൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചതും ആശ്വാസകരമാവും

## കൊച്ചി മെട്രോ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 5146 കോടി രൂപ ചെലവിലുള്ള സംയുക്ത സംരംഭമായ കൊച്ചി മെട്രോയ്ക്ക് 2012 സെപ്റ്റംബർ 13-നാണ് പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ് തറക്കല്ലിട്ടത്. കൊച്ചി നഗരത്തിന് വിശ്വസനീയവും ഫലപ്രദവും



**എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്കരികിൽ മുഖ്യമന്ത്രി**

യാത്രികർക്കും പരിസ്ഥിതിക്കും ഒരു പോലെ ഇണങ്ങിയതുമായ, വേഗത്തിൽ ലക്ഷ്യസ്ഥാനത്തിലെത്താൻ സഹായിക്കുന്ന മെട്രോയുടെ നിർമാണ പ്രവൃത്തികൾ ഡൽഹി മെട്രോ റെയിൽ കോർപറേഷന്റെ മേൽനോട്ടത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് ഏറ്റെടുത്തിരിക്കുന്നത്. കാര്യക്ഷമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പണി 2016-ഓടെ പൂർത്തിയാവും

## ഇ-ജില്ല

അതിവേഗത്തിൽ സുതാര്യമായി, അഴിമതി രഹിതമായി സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ഇ-ജില്ല പദ്ധതിയനുസരിച്ച് ഇരുപത്തിമൂന്ന് സർട്ടിഫിക്കറ്റുകൾ വിരൽത്തുമ്പിൽ ലഭ്യമാവും. സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടർവത്കരണ പ്രക്രിയയുടെ മുന്നേറ്റം എന്നു വിളിക്കാവുന്ന ഇ-ജില്ല പദ്ധതി 2013 മാർച്ച് 13 മുതൽ പതിനാലു ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. അക്ഷയ, ഫ്രണ്ട്സ് തുടങ്ങിയ കേന്ദ്രങ്ങളെ സമീപിച്ച് ജനങ്ങൾക്ക് ഈ സർട്ടിഫിക്കറ്റുകൾ സ്വന്തമാക്കാം. 2010 മേയ് അഞ്ചു മുതൽ 2013 മേയ് അഞ്ചുവരെ മാത്രം 16,92,474 സർട്ടിഫിക്കറ്റുകൾ ഇങ്ങനെ ലഭ്യമാക്കിക്കഴിഞ്ഞു. ദേശീയ ഇ-ഗവേണൻസ് പരിപാടിക്കു കീഴിൽ നടപ്പാക്കുന്ന ഇ-ഡിസ്ട്രിക്ട് പരിപാടി കേരള സംസ്ഥാന ഐടി മിഷന്റെയും ലാൻഡ് റവന്യൂ വകുപ്പിന്റെയും സംയുക്ത സംരംഭമാണ്.

## ഇറ്റാലിയൻ നാവികരെ വിട്ടുകിട്ടി

കേരള സർക്കാരിന്റെ ഉറച്ച നിലപാടിന്റെ വിജയമാണ് കടൽകൊലപാതക കേസിലെ പ്രതികളായ ഇറ്റാലിയൻ നാവികരെ തിരിച്ചയക്കുന്നതിലേക്ക് ഇറ്റലിയെ എത്തിച്ചത്. 2012 ഫെബ്രുവരി പതിനഞ്ചിന് അജീഷ്, ജെലാസ്റ്റിൻ എന്നീ കേരളീയ മീൻപിടുത്തക്കാരെ കടലിൽ വെടിവെച്ചു കൊന്ന മാസ്സിമിലിയാനോ ലാത്തോറിനെയും സാൽവറ്റോർ ജിറോണിനെയും ഇറ്റലിയിൽതന്നെ വിചാരണ നടത്താനായി ഇറ്റലി ഇന്ത്യാ ഗവൺമെന്റിൽ സമ്മർദം ചെലുത്തിവരികയായിരുന്നു. മാത്രവുമല്ല; സുപ്രീം കോടതിക്ക് നൽകിയ ഉറപ്പുകൾ ലംഘിച്ച് നാവികരെ തിരിച്ച് ഇന്ത്യയിലേക്ക് അയയ്ക്കേണ്ടെന്ന് അവർ തീരുമാനിച്ചതും ലോകശ്രദ്ധ നേടി. എന്നാൽ കേരള സർക്കാരിന്റെ ഉറച്ച നിലപാട് ഒടുവിൽ വിജയം കാണുകയും നാവികരെ 2013 മാർച്ച് 21-ന് ഇന്ത്യൻ നിയമപ്രകാരം വിചാരണയ്ക്ക് വിധേയനാവാൻ ഇറ്റലിക്ക് തിരിച്ചയയ്ക്കേണ്ടിയും വന്നു.

## കാരുണ്യ സഹായനിധി

കേരള സർക്കാറിന്റെ കാരുണ്യ ലോട്ടറിയുടെ വില്പനയിൽനിന്നു സ്വരൂപിച്ച കാരുണ്യ സഹായനിധി ഇതുവരെ 10,307 രോഗികളുടെ ജീവിതത്തിൽ വെളിച്ചം വീശുന്നതായി. 110 കോടി രൂപയാണ് ഈ പദ്ധതിയിലൂടെ ഇതുവരെ വിതരണം ചെയ്തത്. അർബുദം, ഹീമോഫീലിയ, വൃക്ക, ഹൃദയ രോഗങ്ങൾ, താലസീമിയ, സിക്കിൾ സെൽ അനീമിയ, സാന്ത്വന ചികിത്സ, ഗുരുതര മാനസികരോഗങ്ങൾ തുടങ്ങിയവയാൽ ദുരിതമനുഭവിക്കുന്ന ദരിദ്രർക്കാണ് ഇങ്ങനെ സഹായം ലഭിക്കുന്നത്.

## സ്റ്റുഡന്റ് പൊലീസ് കേഡറ്റ്

ഒരു ജനാധിപത്യ സമൂഹത്തിലെ ഭാവി നേതൃത്വത്തിലേക്കുയരാൻ ഹൈസ്കൂൾ കുട്ടികൾക്ക് അവസരമൊരുക്കുന്ന നൂതന പരിപാടിയാണിത്. സേവിക്കാൻ പഠിക്കുക എന്നതാണ് ആപ്തവാക്യം. നിയമം, അച്ചടക്കം, പൗരബോധം എന്നിവയോട് ആദരവും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതിയും സാമൂഹികതിന്മകളോട് പ്രതിരോധവും വളർത്തുക എന്നതാണ് ലക്ഷ്യം. ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി ഗതാഗതം, വനം, എക്സൈസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായത്തോടെ നടപ്പാക്കുന്ന പരിപാടിയിൽ 234 സ്കൂളുകളിലായി 16,000 കേഡറ്റുകൾ ഉണ്ട്.

## സൗദി നാടുകടത്തൽ ഭീഷണി ഒഴിവായി

സൗദി അറേബ്യയിലെ തദ്ദേശവത്കരണ നിയമമായ നിതാഖത് ഇന്ത്യൻ പ്രവാസികളിൽ ഭീതി വിതച്ചപ്പോൾ സത്വരം സമയം കളയാതെ ഇടപെടാൻ കേരള സർക്കാരിനായി. പത്തു തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ പത്തുശതമാനം ജോലികൾ തദ്ദേശീയർക്ക് നീക്കിവെക്കുന്ന ഈ നിയമത്തെക്കുറിച്ചുള്ള




**എറണാകുളം ഇ-ജില്ലാ പദ്ധതി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

മലയാളി പ്രവാസികളുടെ ഭീതികൾ കേരള സർക്കാർ ഉടൻതന്നെ കേന്ദ്ര സർക്കാരിനെ ധരിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ അഭ്യർഥന അനുസരിച്ച് കേന്ദ്രം സൗദി സർക്കാരുമായി നടത്തിയ ചർച്ചയെത്തുടർന്ന് നിതാഖത് നടപ്പാക്കുന്നത് മൂന്നു മാസത്തേക്ക് സൗദി നീട്ടിവെച്ചു. അവിടുത്തെ ഇന്ത്യൻ പ്രവാസികളിലും അവരുടെ നാട്ടിലെ ആശങ്കയിലാണ്ട കുടുംബാംഗങ്ങൾക്കും ഇത് ആശ്വാസം പകർന്നു. സൗദി അറേബ്യയിൽനിന്ന് മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി അഞ്ചംഗ മന്ത്രിസഭാ ഉപസമിതി പാക്കേജ് തയാറാക്കിയിട്ടുണ്ട്. നിതാഖത് പ്രകാരം മടങ്ങേണ്ടിവരുന്ന കേരളീയരുടെ വിമാനയാത്രാക്കൂലി വഹിക്കണമെന്ന കേരളത്തിന്റെ അഭ്യർഥന കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. പാസ്പോർട്ടുകൾ സ്പോൺസർമാരുടെ കയ്യിലായ കേരളീയർക്ക് സൗദിയിലെ ഇന്ത്യൻ എംബസിവഴി നാട്ടിലേക്കു മടങ്ങാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## സ്മാർട്ട് സിറ്റിക്ക് ഗതിവേഗം

2013 ഏപ്രിലിൽ ദുബായിൽ ഞാൻ കൂടി പങ്കെടുത്ത സ്മാർട്ട് സിറ്റി ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗത്തിൽ സ്മാർട്ട് സിറ്റി മാസ്റ്റർ പ്ലാൻ അംഗീകരിക്കാനായത് നിർണായക കാൽവയ്പായി. അമ്പത് ഏക്കർ ഭൂമിയിലുള്ള ആദ്യഘട്ട നിർമാണ പ്രവൃത്തികൾ 2013 ജൂലൈ ഒന്നിന് ആരംഭിക്കും. പതിനഞ്ച് ലക്ഷം ചതുരശ്ര അടിയിലായി വ്യാപിച്ചുകിടക്കുന്ന എട്ട് കെട്ടിടങ്ങളാണുണ്ടാവുക. അതിൽ ഒമ്പത് ലക്ഷം ചതുരശ്ര അടി വിവരസാങ്കേതിക വിദ്യക്കും മറ്റുള്ളവ ഐടി ഇതര ആവശ്യങ്ങൾക്കായി നീക്കി വെച്ചിരിക്കുന്നു. കേന്ദ്ര എസ്ഇഇസഡ് ബോർഡ് കൊച്ചി മുഴുവൻ സ്മാർട്ട് സിറ്റി ഭൂമിക്കുമായി പ്രത്യേക സാമ്പത്തികമേഖല പദവി അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾതന്നെ പ്രത്യേക സാമ്പത്തിക മേഖലക്കായി നീക്കിവെച്ചിരിക്കുന്ന 136 ഏക്കറിനു പുറമെ 114 ഏക്കർ കൂടി ചേർത്ത് ഒരൊറ്റ എസ്ഇഇസഡ് പദവി നൽകും.

## എമർജിങ് കേരള

2012 സെപ്റ്റംബറിൽ കൊച്ചിയിൽ പ്രധാനമന്ത്രി മൻമോഹൻ സിങ് ഉദ്ഘാടനം ചെയ്ത എമർജിങ് കേരള ആഗോള നിക്ഷേപകർക്ക് മുന്നിൽ കേരളത്തിന്റെ സാധ്യതകൾ അവതരിപ്പിക്കുവാനും സാമ്പത്തിക സംരംഭങ്ങളുടെ സുപ്രധാന കേന്ദ്രമായി കേരളത്തെ മാറ്റാനും ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. 45 വൻ പദ്ധതികളിലായി 40,000 കോടിയുടെ നിക്ഷേപ നിർദ്ദേശങ്ങളാണ് ഇതിലൂടെ ലഭിച്ചത്. എമർജിങ് കേരളയിലെ ആദ്യത്തെ പ്രധാന പദ്ധതി സീ പ്ളെയിൻ സർവീസ് ഈ വർഷംതന്നെ ആരംഭിക്കും. എമർജിങ് കേരളയുടെ പുരോഗതി നിരീക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ളിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് തുടങ്ങിയ മൂന്ന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഞ്ചു സെമിനാറുകളാണ് ഇതേത്തുടർന്ന് വ്യവസായ വകുപ്പ് നടത്തിയത്.



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-മാനേജ്മെന്റ് കേരളയുടെ പുതിയ കാമ്പസ് ടെക്നോ പാർക്കിൽ ഉദ്ഘാടനം ചെയ്യാനെത്തുന്ന മുഖ്യമന്ത്രിയും വ്യവസായമന്ത്രിയും

> 45 വൻ പദ്ധതികളിലായി 40,000 കോടിയുടെ നിക്ഷേപ നിർദ്ദേശങ്ങളാണ് ഇതിലൂടെ ലഭിച്ചത്. എമർജിങ് കേരളയിലെ ആദ്യത്തെ പ്രധാന പദ്ധതി സീ പ്ളെയിൻ സർവീസ് ഈ വർഷം തന്നെ ആരംഭിക്കും.

## വിശപ്പുരഹിത നഗരം

സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി ഈ വർഷം ഏപ്രിൽ മുപ്പതിന് തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും എസ്എടി സൂപ്പർ സ്പെഷ്യാലിറ്റി ആശു

പത്രിയിലെയും കിടത്തി ചികിത്സിക്കുന്ന 2500 രോഗികൾക്ക് പ്രയോജനപ്പെടും. ജയിൽ വളപ്പിൽ തടവുകാർ കീടനാശിനി വിമുക്തമായി വളർത്തുന്ന പച്ചക്കറികളാണ് ഭക്ഷണമുണ്ടാക്കാൻ ഉപയോഗിക്കുന്നത്.

### ടെക്നോപാർക്ക് വിപുലീകരണം

മൂന്നാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് അടുക്കുന്നതോടെ ഇന്ത്യയിലെ ആദ്യത്തെ ഐടി പാർക്കായ ടെക്നോപാർക്ക് ഏറ്റവും വലിയ സംരംഭമായി മാറും. മൂന്നാം ഘട്ടത്തിലെ 92 ഏക്കറിൽ ആനമുടി, പൊന്മുടി എന്നീ ഇരട്ട ടവറുകളാണ് പ്രവർത്തനസജ്ജമാകുന്നത്. ഇതോടെ ടെക്നോപാർക്കിന് മൊത്തം 7.1 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്-ഏരിയ (1,2,3 ഘട്ടങ്ങളും കൊല്ലം ടെക്നോപാർക്കും ചേർന്ന്) സൃഷ്ടിക്കപ്പെടുകയും അതിനെ രാജ്യത്തെ ഏറ്റവും വലിയ ഐടി പാർക്കായി മാറ്റുകയും ചെയ്യും. പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയുമായി വികസിക്കപ്പെടുന്ന ഈ മൂന്നാം ഘട്ടത്തിൽ ഷോപ്പിങ് മാളുകളും വാണിജ്യ മന്ദിരങ്ങളും എക്സിക്യൂട്ടീവ് ഹോട്ടലുകളും സ്റ്റാർ നിലവാരമുള്ള കൺവെൻഷൻ സെന്ററും മൾട്ടിപ്ളെക്സും ഉൾക്കൊള്ളുന്നു.

### ശ്രുതി തരംഗം-കോക്ളിയർ ഇംപ്ളാന്റേഷൻ

കേരളത്തിലെ കുട്ടികളെ കേൾവി-സംസാര വൈകല്യങ്ങളിൽനിന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യത്തിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ശ്രവണ ശസ്ത്രക്രിയയ്ക്കായി അഞ്ചു ലക്ഷം രൂപ ഓരോ കുട്ടിക്കും ലഭിക്കും. 2013 ഏപ്രിലിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിച്ച പദ്ധതി ഇതുവരെ മൂന്നു വയസ്സിനു താഴെയുള്ള 200 കുട്ടികൾക്ക് പ്രയോജനകരമായി. സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ശ്രുതി തരംഗത്തിന്റെ കീഴിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ശ്രവണ പരിശോധനാ ഉപകരണങ്ങളും ആട്ടോ അക്കൗസ്റ്റിക് എമിഷൻ മെഷീനും സജ്ജീകരിക്കും. സംസ്ഥാനത്തിന്റെ കൂടുതൽ ഭാഗങ്ങളിലേക്ക് പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ.

> ആശയങ്ങളെ സംരംഭങ്ങളാക്കാൻ യുവാക്കളെയും വിദ്യാർഥികളെയും സഹായിക്കുന്ന നൂതന സംരംഭമാണ് സ്റ്റാർട്ട് അപ് വില്ലേജുകൾ. എറണാകുളത്ത് കളമശ്ശേരിയിൽ ആദ്യത്തെ സ്റ്റാർട്ട് അപ് വില്ലേജ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പുതിയ സംരംഭക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുള്ള ഇവിടെ കെട്ടിട വാടകയൊന്നും ഈടാക്കുന്നില്ല. വെള്ളം, വൈദ്യുതി, മെയിന്റനൻസ് ഇനത്തിലായി നാമമാത്രമായ തുകയേ ഈടാക്കുന്നുള്ളൂ.

### സ്റ്റാർട്ട് അപ് വില്ലേജ്

ആശയങ്ങളെ സംരംഭങ്ങളാക്കാൻ യുവാക്കളെയും വിദ്യാർഥികളെയും സഹായിക്കുന്ന നൂതന സംരംഭമാണ് സ്റ്റാർട്ട് അപ് വില്ലേജുകൾ. എറണാകുളത്ത് കളമശ്ശേരിയിൽ ആദ്യത്തെ സ്റ്റാർട്ട് അപ് വില്ലേജ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പുതിയ സംരംഭക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുള്ള ഇവിടെ കെട്ടിട വാടകയൊന്നും ഈടാക്കുന്നില്ല. വെള്ളം, വൈദ്യുതി, മെയിന്റനൻസ് ഇനത്തിലായി നാമമാത്രമായ തുകയേ ഈടാക്കുന്നുള്ളൂ. സ്റ്റാർട്ട് അപ് വില്ലേജിലെ വിദ്യാർഥി സംരംഭകർക്ക് നാലു ശതമാനം വരെ ഗ്രേസ് മാർക്കും ഇരുപതു ശതമാനം വരെ ഹാജർ ഇളവും സർവകലാശാലകൾ നൽകും. ഒന്ന്-രണ്ട് വർഷത്തിനുള്ളിൽ സ്റ്റാർട്ട് അപ് വില്ലേജിൽനിന്ന് പൂർണ സംരംഭകരായി ഇറങ്ങുന്ന ആദ്യബാച്ച് തൊഴിൽ അന്വേഷകരാവില്ല, തൊഴിൽ ദാതാക്കളായി മാറും. ■



യുവസംരംഭകരോടൊത്ത് : എമർജിങ് കേരളയിലെ സ്റ്റാർട്ട് അപ് വില്ലേജിന്റെ പവലിയൻ സന്ദർശിക്കുന്ന മുഖ്യമന്ത്രി

# നല്ല നാളെയ്ക്കായി കരുതലോടെ



■ **പി.കെ.കുഞ്ഞാലിക്കുട്ടി**
വ്യവസായ-ഐടി മന്ത്രി

വ്യത്യസ്ത മേഖലകളിൽ ആഭ്യന്തര-വിദേശ നിക്ഷേപകരെ ആകർഷിച്ച് സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് കഴിഞ്ഞ രണ്ട് വർഷമായി വ്യവസായ-ഐടി വകുപ്പുകൾ പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യവികസനത്തിന് മുൻതൂക്കം നൽകിയുള്ള വികസന സമീപനം സംസ്ഥാനത്തിന്റെ ഭാവിക്ക് വലിയ മുതൽകൂട്ടാകും. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകളിലൂടെ സാധാരണക്കാർക്ക് ഏറ്റവും വേഗത്തിൽ സേവനങ്ങൾ നൽകുന്നതിന് തുടക്കമിട്ടുവെന്നതാണ് കഴിഞ്ഞ വർഷത്തെ മികച്ച ഭരണനേട്ടങ്ങളിലൊന്നായി കാണുന്നത്. എമർജിങ് കേരളയിലൂടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് അനിവാര്യവും ഇണങ്ങുന്നതുമായ നിരവധി പദ്ധതിനിർദേശങ്ങൾ സർക്കാരിന് ലഭിച്ചു. ഇവയിൽ ചില പദ്ധതികൾക്ക് തുടക്കമിടാനായി. നിരവധി പദ്ധതി നിർദേശങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ പരിഗണനയിലുമുണ്ട്.

സർക്കാർ സേവനങ്ങൾ സുതാര്യതയോടെയും കാര്യക്ഷമതയോടെയും നിശ്ചിതസമയപരിധിക്കുള്ളിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി പരമാവധി മേഖലകളിൽ ഇ-ഗവേണൻസ് ശക്തിപ്പെടുത്താൻ കഴിഞ്ഞത് അഭിമാനകരമായ നടപടിയായാണ് ഏവരും വിലയിരുത്തുന്നത്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ പൈലറ്റ് പദ്ധതിയായി തുടങ്ങിയ ഇ-ഡിസ്ട്രിക്ട് പദ്ധതി 2013 മാർച്ച് 31 ഓടെ സംസ്ഥാന വ്യാപകമായി നടപ്പായി. ഇന്ത്യയിൽ ആകെ 50 ജില്ലകളെ മാത്രമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. അതിൽ കേരളത്തിലെ മുഴുവൻ ജില്ലകളും ഉൾപ്പെടുന്നുവെന്നത് ഏറെ അഭിമാനകരം തന്നെയാണ്. റവന്യൂ വകുപ്പിന്റെ 23 സേവനങ്ങൾക്കുള്ള അപേക്ഷകൾ സംസ്ഥാനത്തെ രണ്ടായിരത്തിൽപരം അക്ഷയ കേന്ദ്രങ്ങളിലൂടെ ജനങ്ങൾക്ക് സമർപ്പിക്കുവാനും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുവാനും സാഹചര്യമൊരുങ്ങി. ഇതുവഴി സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സേവനങ്ങൾ സ്വീകരിക്കാൻ ജനങ്ങൾക്ക്





**സ്മാർട്സിറ്റി പവലിയൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

കഴിയും. സർക്കാർ വകുപ്പുകളിലേക്ക് പർച്ചേയ്സ് നടത്തുന്നതിന് ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തിയതും വലിയൊരു ചുവടുവെയ്പാണ്. 25 ലക്ഷത്തിന് മുകളിൽ വരുന്ന എല്ലാ പർച്ചേയ്സുകളും ടെണ്ടറുകളും ഇ-പ്രൊക്യുർമെന്റ് സംവിധാനത്തിന് കീഴിലാക്കി ഉത്തരവിട്ടു. വെബ് അധിഷ്ഠിത സോഫ്റ്റുവെയറായ 'ഫ്രീസ്' എല്ലാ അക്ഷയകേന്ദ്രങ്ങളിലും ഫ്രണ്ട്സ് കേന്ദ്രങ്ങളിലും വിന്യസിച്ചതുവഴി തിരഞ്ഞെടുക്കപ്പെടുന്ന ബിൽ പേയ്മെന്റുകൾ കൂടുതൽ വേഗത്തിൽ ഈ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പാക്കാനായി.

തിരുവനന്തപുരം കഴക്കൂട്ടത്തെ ടെക്നോപാർക്കിന്റെ വികസനത്തിന്റെ ഭാഗമായി പത്തു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിച്ചു. 2013 ജൂണിൽ പ്രവർത്തനം തുടങ്ങുന്ന ഇവിടെ ഇതിനകം 27 ഐ.ടി കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടെ ഏഷ്യയിലെ ഏറ്റവും വലിയ ഐടി പാർക്കായി ടെക്നോപാർക്ക് മാറും. കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി നാല് ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണം നടന്നുവരുന്നു. ഇതിന് പുറമെ കോഴിക്കോട് സൈബർ പാർക്കിൽ മൂന്ന് ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം, തൃശൂർ കൊരട്ടി ഐടി പാർക്ക് 3.3 ലക്ഷം ചതുരശ്രഅടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണം എന്നിവ നടന്നുവരുന്നു. പുതിയ ഐടി നയത്തിന്റെ ഭാഗമായി സ്വകാര്യസംരംഭകരുടെ സഹായത്തോടെ സംസ്ഥാനത്ത് കൂടുതൽ ഐടി, ഐടി അനുബന്ധ പാർക്കുകൾ നിർമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എമർജിങ് കേരളയിൽ ഏതാണ്ട് ഇരുപതോളം ഐടി പാർക്കുകൾ നിർമിക്കുവാൻ താൽപര്യം പ്രകടിപ്പിച്ച് നിക്ഷേപകർ എത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട ചർച്ചകളും പുരോഗമിക്കുകയാണ്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി സ്മാർട്ട്സിറ്റിക്ക് 10,900 ചതുരുശ്ര അടി വിസ്തീർണമുള്ള പവലിയൻ പൂർത്തിയായി. അഞ്ചുലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം പണിയുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മുഴുവൻ പൂർത്തിയായിട്ടുണ്ട്. 18 മാസങ്ങൾക്കുള്ളിൽ സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ടം കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം പള്ളിപ്പുറത്തെ ടെക്നോസിറ്റിയിൽ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായുള്ള നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നാലു കമ്പനികൾക്ക് ഇവിടെ ഭൂമി അനുവദിച്ചിട്ടുണ്ട്. ബഹുരാഷ്ട്ര ഐടി കമ്പനികളായ ഇൻഫോസിസ്, ടി.സി.എസ്, സൺടെക്, കൊഗ്നിസെന്റ്, ഏണസ്റ്റ് ആൻഡ് യങ് തുടങ്ങി നിരവധി കമ്പനികൾ കേരളത്തിൽ പുതുതായും കൂടുതലായും നിക്ഷേപ സന്നദ്ധതയുമായി രംഗത്തെത്തിയത് സംസ്ഥാനത്തെ ഐടി വളർച്ച ശരിയായ ദിശയിലാണ് എന്നതിന്റെ സൂചനയാണ്.



**സൗരോർജ സാമഗ്രികൾ നിർമിക്കുന്ന കൊറിയൻ കമ്പനിയായ ജുസൂങ് എൻജിനീയറിങ് കമ്പനിയും കെ.എസ്.ഐ.ഡി.സി.യുമായുള്ള ധാരണാപത്രം ഒപ്പിട്ട ശേഷം**

യുവാക്കളെ സംരംഭകരാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി എറണാകുളം കളമ



എമർജിങ് കേരളയിൽ വിദേശപ്രതിനിധികളുമായുള്ള കൂടിക്കാഴ്ച




ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ തിരുവനന്ത
പ്രഖ്യാപനവും മുഖ്യമന്ത്രി ഉമ്മൻചാണ്ടി

ശ്ശേരി കിൻഫ്രാ പാർക്കിൽ നടപ്പാക്കിയ സ്റ്റാർട്ട്അപ് പദ്ധതിക്ക് ആവേശകരമായ പ്രതികരണമാണ് ലഭിക്കുന്നത്. ഇതിനകം 5000 ചതുരശ്രഅടി സ്ഥലം സ്റ്റാർട്ട്അപ് വില്ലേജിന് അനുവദിച്ചു. 2014 ഓടെ ഒരു ലക്ഷം ചതുരശ്ര അടി സ്ഥലം സ്റ്റാർട്ട് അപ് വില്ലേജിൽ സംരംഭകർക്കായി നൽകും. നമ്മുടെ വിദ്യാർഥികളെ സംരംഭകരായി വളർത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. സ്റ്റാർട്ട്അപ് മാതൃകയിലുള്ള പദ്ധതികൾക്ക് മുഴുവൻ പിന്തുണയും നൽകാനാണ് സർക്കാരിന്റെ തീരുമാനം. വിദ്യാർഥി സംരംഭകർക്കുള്ള ഗ്രേസ് മാർക്ക്, ഹാജർ ഇളവ് തുടങ്ങിയ പാക്കേജുകളും ഇതിന്റെ ഭാഗമാണ്.

കൂടുതൽ സ്ഥലം ആവശ്യമില്ലാത്ത, പരിസ്ഥിതി സൗഹൃദമായ, വൻതോതിൽ മുതൽമുടക്ക് വരുന്ന, അതേസമയം കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന വ്യവസായ സംരംഭങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുകയെന്ന് പലതവണ വ്യക്തമാക്കിയിട്ടുണ്ട്. വലിയ പുകക്കുഴലുകളുള്ള, പരിസ്ഥിതി നാശമുണ്ടാക്കുന്ന സംരംഭങ്ങളല്ല കേരളത്തിന് ഇന്ന് ആവശ്യം എന്ന് വ്യക്തമായി സർക്കാരിന് ബോധ്യമുണ്ട്. പുതുതലമുറ വ്യവസായങ്ങൾക്കാണ് സർക്കാർ വലിയ പ്രാധാന്യം നൽകുന്നത്. എമർജിങ് കേരളയിലടക്കം ലഭിച്ച നിരവധി പദ്ധതി നിർദേശങ്ങളിൽ നിന്നും അന്തിമമായി പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ മേൽസൂചിപ്പിച്ച വിധത്തിലുള്ള പദ്ധതികൾക്കായിരിക്കും മുൻഗണന നൽകുക. വ്യവസായ സംരംഭങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ ആറുമാസത്തിനുള്ളിൽ സംരംഭം തുടങ്ങിയില്ലെങ്കിൽ ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികളെടുക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ തിരിച്ചുപിടിക്കുന്ന ഭൂമിയിൽ വ്യവസായം തുടങ്ങാൻ നിരവധി സംരംഭകർ ഇവിടെ കാത്തിരിക്കുകയാണെന്നുള്ള വസ്തുത സർക്കാർ പൂർണമായും ഉൾക്കൊള്ളുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി.യുടെയും കിൻഫ്രയുടെയും മുന്നിൽ നിരവധി ബൃഹത് പദ്ധതി നിർദേശങ്ങളുണ്ട്. ഇവയിൽ ചിലതെങ്കിലും നടപ്പായാൽ സംസ്ഥാനത്തിന്റെ വികസന കുതിപ്പിന് അത് വഴിവെയ്ക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ വാണിജ്യ-വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലം കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. എയർപോർട്ട്-സീപോർട്ട് അടിസ്ഥാനപ്പെടുത്തിയുള്ള ഈ പദ്ധതിയുടെ ഭാഗമായുള്ള സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ചാറ്റർജി ഗ്രൂപ്പ്, ഐ.റ്റി.സി, എസ്.ആർ.ഇ.ഐ ഇൻഫ്രാസ്ട്രെക്ചർ ഫിനാൻസ് ലിമിറ്റഡ്, ഹിൻഡാൽകോ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ വൻകിട കമ്പനികൾ ഇതിനകം പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലൂടെ കടന്നുപോകുന്ന കെ.എസ്.ഐ.ഡി.സി.യുടെ നിർദിഷ്ട കൊച്ചി-പാലക്കാട് നിംസ് പദ്ധതി, കെ.എസ്.ഐ.ഡി.സി.യുടെ തന്നെ പാലക്കാട്ടെ നിർദിഷ്ട ലൈറ്റ് എൻജിനീയറിങ് ഇൻഡസ്ട്രിയൽ പാർക്ക് എന്നി



ദേശീയ കൈത്തറി പ്രദർശന വിപണനമേള മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു




പുരം ജില്ലാതല ഉദ്ഘാടനവും സംസ്ഥാനമാകെ നടപ്പാക്കിയതിന്റെ നിർവഹിക്കുന്നു




**കേരളാ ജിയോപോർട്ടൽ സംവിധാനം വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു**

വയും ഇതിനകം ധാരണാപത്രം ഒപ്പുവച്ച കെ.എം.എം.എൽ - സെയിൽ സംയുക്ത സംരംഭമായ ടൈറ്റാനിയം സ്പോഞ്ച് പദ്ധതി എന്നിവയും വലിയതോതിൽ മുതൽമുടക്കും അടിസ്ഥാന സൗകര്യവികാസം സൃഷ്ടിക്കുന്നതുമായ പദ്ധതികളാണ്. കേന്ദ്രസഹായത്തോടെയുള്ള കിൻഫ്രയുടെ സ്റ്റേറ്റ് ഫുഡ്പ്രോസസിങ് മിഷൻ പദ്ധതി വൻതോതിൽ തൊഴിൽ അവസരം സാധ്യമാക്കുന്ന ഒരു സംരംഭമാണ്. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ തുക ആനുകൂല്യമായി ലഭ്യമാക്കിയ സംസ്ഥാനം കേരളമാണ്.

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിങ് ക്രമപ്പെടുത്തുന്നതിന് കഴിഞ്ഞ ഒരു വർഷം ശക്തമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. ഇതിന്റെ ഭാഗമായി പൂർത്തിയാകാതെ കിടന്ന ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർമപദ്ധതി തയാറാക്കി. ഇത് പൂർത്തിയാകുന്നതോടെ അതത് സാമ്പത്തികവർഷം അവസാനിച്ച് ഒരു മാസത്തിനുള്ളിൽ സ്ഥാപനങ്ങളുടെ ആഡിറ്റും അക്കൗണ്ടും കൃത്യമായി കണക്കുകൂട്ടാനാവും. പൊതുമേഖലാ സ്ഥാപനങ്ങളിൽ സുതാര്യത ഉറപ്പുവരുത്താൻ എല്ലാമേഖലകളിലും ഇ-പ്രൊക്യുർമെന്റ് ഏർപ്പെടുത്തിയതും എടുത്തുപറയേണ്ട നേട്ടമാണ്.

2011-12, 2012-13 സാമ്പത്തിക വർഷങ്ങൾ സംസ്ഥാന വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിനെ സംബന്ധിച്ചും അഭിമാനകരമായിരുന്നു. ബഹുജനങ്ങളിൽ പ്രത്യേകിച്ച് യുവാക്കളിലും വനിതകളിലും മറ്റു ദുർബല വിഭാഗങ്ങളിലും സംരംഭകത്വ ശീലം വളർത്തിയെടുക്കുന്നതിന് ആവശ്യമായ വിവിധ പരിപാടികളും പരിശീലന പദ്ധതികളും ഇക്കാലയളവിൽ നടന്നു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തെ ഡയറക്ടറേറ്റിന്റെ ശ്രമഫലമായി സംസ്ഥാനത്ത് 22,977 സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭങ്ങൾ പുതുതായി തുടങ്ങി. ഇവയിലൂടെ 4,062 കോടി രൂപയുടെ അധികമൂലധന നിക്ഷേപമുണ്ടായി എന്നാണ് കണക്ക്. ഇതുവഴി 1,51,493 പേർക്ക് പുതുതായി തൊഴിൽ ലഭ്യമാക്കാൻ സാധിച്ചു. നിർമാണ-സേവന മേഖലകളിൽ ആറായിരം ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങാനായിരുന്നു നിശ്ചയിച്ചിരുന്നതെങ്കിലും 10,389 സംരംഭങ്ങൾ തുടങ്ങാനായി. വനിതാ ഇൻഡസ്ട്രീസ് സ്കീമിന് കീഴിൽ 175 സംരംഭങ്ങൾ ആരംഭിക്കാൻ നിശ്ചയിച്ചെങ്കിലും 220 എണ്ണം തുടങ്ങാനായി എന്നത് എടുത്തുപറയേണ്ടതാണ്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 851 സംരംഭങ്ങൾ തുടങ്ങാനായി. 728 സംരംഭങ്ങൾ തുടങ്ങാൻ നിശ്ചയിച്ചിരുന്ന സ്ഥാനത്താണിത്. വിദ്യാസമ്പന്നരായ യുവാക്കൾക്ക് 150 സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകാനാണ് നിശ്ചയിച്ചിരുന്നതെങ്കിൽ 214 സംരംഭങ്ങളെ സഹായിക്കാൻ ഡയറക്ടറേറ്റിന് കഴിഞ്ഞു. ബജറ്റ് വിഹിതം ചിലവഴിക്കുന്നതിലും വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു.

സംസ്ഥാനത്തെ ധാതുക്കളുടെ കൈകാര്യവും കൈമാറ്റവും ഇ-പാസ് മുഖേന നിയന്ത്രിക്കാനും തീരുമാനമായിട്ടുണ്ട്. ജി.പി.ആർ.എസ്. സംവിധാനത്തിലൂടെയുള്ള ധാതുകൈമാറ്റം സംസ്ഥാനത്ത് നടപ്പാക്കുന്നതോടെ മണൽ, പാറ, ഇതര ധാതുക്കൾ എന്നിവയുടെ ഖനനവും കടത്തും ക്രയവിക്രയവും പൂർണമായും വെബ് അധിഷ്ഠിതവും അധികാരികളുടെയും പൊതുജനങ്ങളുടെയും നിരീക്ഷണങ്ങൾക്ക് വിധേയവുമായിരിക്കും. ഇതുവഴി നിരവധി അനധികൃത പ്രവർത്തനങ്ങൾക്ക് തടയിടാനാകുമെന്നാണ് കരുതുന്നത്. വഖഫ് ബോർഡിനു കീഴിൽ തിരുവനന്തപുരം, കണ്ണൂർ, മലപ്പുറം എന്നിവിടങ്ങളിൽ ഡിവിഷണൽ ഓഫീസുകൾ തുടങ്ങാനായതും ശ്രദ്ധേയമായ നേട്ടമാണ്. കോട്ടയത്ത് ഡിവിഷണൽ ഓഫീസ് ഉടൻ തുടങ്ങാനാകും. കോഴിക്കോട് ഡിവിഷണൽ ഓഫീസിന് സ്വന്തം കെട്ടിടം സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഹജ്ജ് ഹൗസിനോട് അനുബന്ധിച്ച് വനിതകളായ ഹജ്ജ് തീർഥാടകർക്ക് പ്രത്യേക താമസ സൗകര്യം ഒരുക്കാനായി കെട്ടിടം നിർമിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന് കൂടുതൽ വരുമാനം, യുവജനങ്ങൾക്ക് പരമാവധി തൊഴിൽ എന്നിവ ഉറപ്പാക്കുക വഴി അവശജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ പണം ചിലവഴിക്കാൻ സാധിക്കും. ഇതുമുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് വ്യവസായം-ഐടി വകുപ്പുകൾ ശ്രമിച്ചുവരുന്നത്. കേരളത്തിലെ യുവജനങ്ങളുടെ മനോഭാവം സംസ്ഥാനത്ത് പുതിയ സംരംഭങ്ങളും വൻതോതിലുള്ള നിക്ഷേപവും വരുന്നതിന് അനുകൂലമാണ്. ഗൾഫ് നാടുകളിലെ മലയാളികളായ പ്രവാസികളും കേരളത്തിൽ നിക്ഷേപിക്കാനുള്ള സന്നദ്ധത പല അവസരത്തിലും പ്രകടിപ്പിച്ചിട്ടുണ്ട്. ചെറിയ വിട്ടുവീഴ്ചകൾ ചെയ്താൽ വലിയ നേട്ടങ്ങൾ സ്വന്തമാക്കാൻ നമുക്ക് കഴിയുമെന്ന അവസ്ഥയിലാണ് ഇന്ന് കാര്യങ്ങൾ എത്തിനിൽക്കുന്നത്. പുറംനാടുകളിൽ പണിയെടുക്കുന്ന വലിയൊരു വിഭാഗം മലയാളികൾക്ക് നാട്ടിൽ തൊഴിൽ ഉറപ്പാക്കാനും സമഗ്രമായ പുരോഗതി നമ്മുടെ സംസ്ഥാനത്തിന് ലഭ്യമാക്കാനും ജനങ്ങളുടെ പിന്തുണ ഏറ്റവും പ്രധാനമാണ്. ഹൃദയം നിറഞ്ഞ പിന്തുണ ഉമ്മൻചാണ്ടി സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് നൽകണമെന്ന് അഭ്യർഥിക്കുന്നു. ■




# ക്രിയാത്മകം ഭാവനാത്മകം



■ **കെ.എം. മാണി**
ധന മന്ത്രി

വരവുചെലവുകളുടെ ട്രപ്പീസിൽ വിരസമായ ഒരധ്യായം പോലെ വായിച്ചുതീർത്തിരുന്ന ധനവകുപ്പിന് മനുഷ്യമുഖം നൽകിയെന്നതാണ് കഴിഞ്ഞ രണ്ടുകൊല്ലത്തെ ഏറ്റവും പ്രധനമായ നേട്ടം. സമസ്തമേഖലകളിലും ഉണർവിന്റെ കാലഘട്ടമായിരുന്നു ഇത്. വികസനത്തിന്റെ വസന്തം വിരിയിക്കാനും കാരുണ്യത്തിന്റെ വിരൽസ്പർശമായി മാറാനും ധന-നിയമ-ഭവനനിർമാണ വകുപ്പുകൾക്കു കഴിഞ്ഞുവെന്നത് ചാരിതാർഥ്യജനകമാണ്.

ഞങ്ങൾ അധികാരത്തിലേറുമ്പോൾ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. കോടിക്കണക്കിനു രൂപയുടെ കടബാധ്യതയും ഒരിക്കലും നടപ്പാക്കാൻ കഴിയാത്ത പദ്ധതികളുമാണ് ഞങ്ങളെ സ്വാഗതം ചെയ്തത്. പ്രതിസന്ധികളിൽ നിന്നും കരകയറുക എളുപ്പമായിരുന്നില്ലെങ്കിലും കഠിനമായ പരിശ്രമത്തിന്റെ ഫലമായി കേരളത്തെ വികസന പന്ഥാവിലേക്കു നയിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥ സുരക്ഷിതമാക്കാനും കഴിഞ്ഞു.

സാമൂഹികസുരക്ഷയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലേറുമ്പോൾ പെട്രോളിന്റെ വിലയും ഡീസലിന്റെ വിലയും വർധിക്കുകയുണ്ടായി. താലുതവണ പെട്രോളിന്റെയും രണ്ടുതവണ ഡീസലിന്റെയും സംസ്ഥാന നികുതി സർക്കാർ വേണ്ടെന്നുവെച്ചു. അതായത് 900 കോടിയുടെ കിഴിവ് ഒരു കൊല്ലം നൽകുകയുണ്ടായി. തങ്ങായി മാറാൻ വളങ്ങളുടെ നികുതിയും എടുത്തുകളഞ്ഞു. ഭക്ഷ്യഎണ്ണ, മൈദ, സൂചി തുടങ്ങിയവയുടെ നികുതി നാലു ശതമാനത്തിൽ നിന്നും ഒരു ശതമാനമാക്കി കുറച്ചു. ഇത്തരത്തിൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടും നികുതി വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞത് നികുതികൾ കൃത്യമായി പിരിച്ചെടുക്കാൻ സർക്കാരിനു കഴിഞ്ഞതുകൊണ്ടാണ്. സർക്കാർ അധികാരത്തിലെത്തിയ 2010-11 ൽ 16213.05 കോടിയായിരുന്നു നികുതിവരുമാനമെങ്കിൽ 2011-12 ൽ 19310.54 കോടിയായി വർധിച്ചു. 2012-13 ഫെബ്രുവരി 28 വരെ 20311.12 കോടിയായിരുന്നു കളക്ഷൻ. വ്യാപാരികൾക്ക് രജിസ്ട്രേഷൻ കർശനമാക്കുകവഴി 9091 വ്യാപാരികളെ കൊണ്ട് പുതുതായി രജിസ്ട്രേഷൻ എടുക്കാൻ സാധിച്ചു.

ചെക്ക് പോസ്റ്റുകളിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കാനും നടപടിക്രമങ്ങൾ വേഗത്തിലാക്കാനുമായി ഇ-ഡിക്ലറേഷൻ നടപ്പാക്കി. എക്സൈസ്, മോട്ടോർ വെഹിക്കിൾസ്, വാണിജ്യനികുതി വകുപ്പുകളെ ഉൾപ്പെടുത്തി അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റ്, കൂടുതൽ ബാങ്കുകളിലേക്ക് ഇ-പേമെന്റ്, റിട്ടേണുകളുടെ നിജസ്ഥിതി പരിശോധിക്കാൻ സംവിധാനം, ചെക്ക് പോസ്റ്റുകളിൽ ഉത്പന്നങ്ങളെത്തുമ്പോൾ വ്യാപാരികൾക്ക് എസ്.എം.എസ്. അലർട്ട്, ഡിജിറ്റൽ സിഗ്നേച്ചർ, ഡെലിവറി നോട്ടുകൾക്ക് ഓൺലൈൻ, നികുതി സംബന്ധമായ വിവിധ രേഖകൾ ഓൺലൈനിൽ സമർപ്പിക്കാൻ



ബജറ്റ് അവതരണം

സംവിധാനം, ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന എന്നിങ്ങനെ നികുതി വകുപ്പിൽ വിപ്ലകരവും നൂതനവുമായ അനവധി പദ്ധതികൾ നടപ്പാക്കി.

നികുതി സംബന്ധമായ കേസുകൾ കേൾക്കുന്നതിനുവേണ്ടി മാത്രമായി ഒരു പ്രത്യേക ബെഞ്ച് സ്ഥാപിക്കുന്നകാര്യം അഡ്വക്കേറ്റ് ജനറലുമായി ചർച്ചചെയ്തു വരികയാണ്. ദീർഘകാലമായി പിരിച്ചുകിട്ടാനുള്ള കുടിശിക പിരിക്കാനും തീവ്രശ്രമങ്ങൾ നടക്കുന്നു. ഉത്പന്നങ്ങൾക്ക് ആദ്യ പോയിന്റിൽ വിൽക്കുമ്പോൾ വില അറിയുന്നതിന് ടാക്സ് മോണിറ്ററിങ് സെൽ രൂപീകരിച്ചു. വ്യാപാരി-വ്യവസായികളുടെ പരാതികൾ കേൾക്കാൻ പരാതിപരിഹാര സെൽ രൂപീകരിച്ചു. വ്യാപാരി ക്ഷേമനിധി പെൻഷൻ വർധിപ്പിച്ചു. വാണിജ്യനികുതിവകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾക്ക് ചീഫ് മിനിസ്റ്റേഴ്സ് അവാർഡ് ലഭിച്ചു. പ്രധാനമന്ത്രിയുമായി നേരിട്ടു സംവദിക്കുന്നതിനും പരാതികൾ സമർപ്പിക്കുന്നതിനും വീഡിയോ കോൺഫറൻസിങ് നടപ്പാക്കി.

## നിയമസഹായം ജനങ്ങളിലേക്ക്

സർക്കാർ കക്ഷിയായ കേസുകൾ പരമാവധി മൂന്നു വർഷത്തിനുള്ളിൽ തീർപ്പാക്കാൻ സംസ്ഥാനത്ത് വ്യവസായനയം നടപ്പാക്കിയത് വിപ്ലവകരമായ ചുവടുവയ്പായിരുന്നു. 35 വകുപ്പുകളിലെ ലോ ഓഫീസർമാരെ തമ്മിൽ ബന്ധിപ്പിച്ചു കേസുകൾക്ക് സമയബന്ധിതമായ തീർപ്പുണ്ടാക്കാൻ ഇതുവഴി കഴിഞ്ഞു. സർക്കാർ അധികാരത്തിലെത്തിയപ്പോഴും സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി 7305 അദാലത്തുകൾ നടത്തി 52324 കേസുകൾ തീർപ്പാക്കി.

അതോറിറ്റിവഴി തീർപ്പാക്കുന്ന കോടതി കേസുകളിൽ കോർട്ടഫീസ് നേരിട്ട് കക്ഷികൾക്ക് നൽകാൻ വ്യവസ്ഥചെയ്തു. സൗജന്യമായി നിയമോപദേശം നൽകുന്നതിനു ജില്ലാ ആസ്ഥാനങ്ങളിലും ഹൈക്കോടതിയിലും 16 ലീഗൽ സർവീസ് ക്ലിനിക്കുകൾ ആരംഭിച്ചു. തിരുവനന്തപുരത്തും എറണാകുളത്തും മാത്രമുണ്ടായിരുന്ന സ്ഥിരം ലോക് അദാലത്ത് സംവിധാനം കോഴിക്കോട്ടേക്കും വ്യാപിപ്പിച്ചു. നിയമപരിജ്ഞാനം സാധാരണക്കാർക്ക് ലഭ്യമാക്കാനായി കോടതിവിധികൾ മലയാളത്തിൽ പരിഭാഷപ്പെടുത്തി സാധാരണക്കാരന് നൽകാനായി നിയമപരിഭാഷാ സെല്ലിന് രൂപം കൊടുത്തു. പ്രധാനപ്പെട്ട വിധിന്യായങ്ങളുടെ പരിഭാഷ സെല്ലിൽ പുരോഗമിച്ചുവരികയാണ്.

ബൗദ്ധിക സ്വത്തവകാശ നയത്തിന്റെ ഭാഗമായി പാരമ്പര്യ അറിവുകളുടെ മേഖലകൾ കണ്ടെത്താനും ആറംഗ എക്സ്പെർട്ട് കമ്മിറ്റിക്ക് രൂപം നൽകി. നോളജ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി 1950 മുതലുള്ള എല്ലാ ആക്റ്റുകളും ഓർഡിനൻസുകളും ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കാനും അവ നിയമവകുപ്പിന്റെ വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് പ്രാപ്യമാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അഭിഭാഷക ഗുമസ്തന്മാരുടെ ക്ഷേമത്തിനായി കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും കേരള അഭിഭാഷക ഗുമസ്തന്മാർക്ക് പെൻഷൻ നൽകാൻ നിയമഭേദഗതി കൊണ്ടുവരികയും അവർക്ക് ഉത്സവബത്ത ഏർപ്പെടുത്തുകയും ചെയ്തു.

കേസുകൾക്കായി കോടതികളിലെത്തുന്ന പൊതുജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് ടോയ്‌ലെറ്റ് സൗകര്യവും വിശ്രമസൗകര്യവും ശുദ്ധജലവും ഏർപ്പെടുത്തുന്നതിന് 1.2 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

കുട്ടികൾക്ക് നിയമാവബോധം നൽകുന്നതിനായി സ്കൂളുകളിൽ ലീഗൽ ലിറ്ററസി ക്ലാസുകൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനതല ക്വിസ് മത്സരം കേരള ലീഗൽ സർവീസസ് അതോറിറ്റി സംഘടിപ്പിക്കുകയും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നതിന് ഉത്തരവിറക്കി.




നിയമദിനാഘോഷം സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ധനകാര്യ-നിയമ മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്യുന്നു

നിയമസേവനം ആവശ്യക്കാർക്ക് അടുത്തെത്തുന്ന സഞ്ചരിക്കുന്ന ലോക് അദാലത്തിനു തുടക്കം കുറിച്ചു. ഈ വാഹനം ഗ്രാമീണ, ഗിരിവർഗ മേഖലകൾ സന്ദർശിച്ച് നിയമബോധന ക്ലാസുകളും തർക്കപരിഹാര അദാലത്തുകളും നടത്തിവരുന്നു. ദുർഗുണപരിഹാര പാഠശാലകളിലും ജുവനൈൽ ഹോമുകളിലുമുള്ള അന്തേവാസികൾക്ക് കൗൺസിലിങ് സൗകര്യം ഏർപ്പെടുത്തി. ഇതിന്റെ ഉദ്ഘാടനം ജനുവരി 27 ന് ചീഫ് ജസ്റ്റിസ് നിർവഹിച്ചു.

## ഭാഗ്യക്കുറി

ഭാഗ്യക്കുറിയെന്നു കേൾക്കുമ്പോൾ ഓർമയിലെത്തുക കാരുണ്യ ഭാഗ്യക്കുറിയാണ്. മൂന്നു ലക്ഷത്തിനു താഴെ വരുമാനമുള്ളവർക്ക് രണ്ടു ലക്ഷം വരെ ചികിത്സാസഹായം നൽകുന്ന പദ്ധതിയാണ് കാരുണ്യ. ഇന്ത്യയിൽ ഇത്തരമൊരു ചികിത്സാപദ്ധതി ആദ്യമായാണ് നടപ്പാക്കുന്നത്. സർക്കാർ ആശുപത്രികളെ കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാരുണ്യ പദ്ധതി ഒരു കൊല്ലം പിന്നിട്ടപ്പോൾ ആയിരത്തിലധികം രോഗികൾക്ക് 111 കോടിയോളം രൂപ വിതരണം ചെയ്യാനായത് നിസാരകാര്യമല്ല. കാരുണ്യപദ്ധതിയുടെ ഭാഗമായി ഡയാലിസിസിന് കാരുണ്യ ഡയാലിസിസ് സെന്ററും ആശുപത്രികളിലെത്തുന്ന പാവപ്പെട്ട രോഗികളുടെ കൂട്ടിരിപ്പുകാരുടെ താമസത്തിനായി കാരുണ്യഹോമും നടപ്പാക്കാൻ നടപടി തുടങ്ങിക്കഴിഞ്ഞു. നേരത്തെ കാരുണ്യ സഹായത്തിന് ശസ്ത്രക്രിയയ്ക്കു മമ്പ് അപേക്ഷിക്കണമായിരുന്നു. എന്നാൽ അടിയന്തരഘട്ടങ്ങളിൽ ശസ്ത്രക്രിയയ്ക്കു ശേഷം 24 മണിക്കൂറിനകം അപേക്ഷ സമർപ്പിച്ചാൽ മതി.

ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം റെക്കോർഡിലെത്തിയത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. 2010-11 സാമ്പത്തികവർഷം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനം 557.69 കോടി മാത്രമായിരുന്നു. എന്നാൽ നടപ്പു സാമ്പത്തികവർഷം ഇത് 2750 കോടി കവിഞ്ഞു.

ഭാഗ്യക്കുറി വിൽപനയിലെ വർധനവിന്റെ ഗുണം ഏജന്റുമാരിലെത്തിക്കാനും കഴിഞ്ഞു. 2011-12 സാമ്പത്തികവർഷം ഏജന്റുമാർക്കുള്ള സാമ്പത്തികസഹായം 2,82,93,914 രൂപയായിരുന്നത് 2012-13 ൽ 5,95,88,768 രൂപയായി ഉയർന്നു.

ഭാഗ്യക്കുറിവകുപ്പിലും ഇ-ഗവേണൻസ് നടപ്പാക്കി. 1967 ൽ ഇതിന്റെ ആരംഭകാലം മുതൽ നറുക്കെടുപ്പ് നടത്തുന്നതിനായി ഉപയോഗിച്ചുവന്ന പഴയരീതി ഒഴിവാക്കി ഏഴു ലക്ഷത്തോളം രൂപ മുടക്കി പുതിയ നറുക്കെടുപ്പ് ഉപകരണം വാങ്ങി.

കേരള ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾ അന്യസംസ്ഥാനക്കാർ ക്ലെയിംചെയ്യുന്നത് ഒഴിവാക്കാൻ നിയന്ത്രണ നടപടികൾ സ്വീകരിച്ച് ടിക്കറ്റ് സമർപ്പിക്കുന്ന വ്യക്തിയുടെ കേരളത്തിലെ സാന്നിധ്യം നിർബന്ധമാക്കി. 48 അന്യസംസ്ഥാന ക്ലെയിമുകളിൽ 38 എണ്ണം ക്രൈംബ്രാഞ്ചിന് റഫർ ചെയ്തു.

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ അന്യസംസ്ഥാന ഭാഗ്യക്കുറി ലോബി സംസ്ഥാനത്ത് കടന്നുകൂടി ഭാഗ്യക്കുറിമേഖലയാകെ തകർത്ത കാഴ്ചയാണുണ്ടായിരുന്നത്. അന്യസംസ്ഥന ലോബിക്കെതിരെ സർക്കർ കർശനമായ നടപടികൾ സ്വീകരിച്ചു. അന്യസംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപന സംസ്ഥാനത്ത് തടയുന്നതിന് ഇന്റലിജൻസ് എ.ഡി.ജി.പിയുടെ നേതൃത്വത്തിൽ ഉയർന്ന ഉദ്യോഗസ്ഥർ അംഗങ്ങളായ ഒരു സംസ്ഥാനതല മോണിട്ടറിങ് സെല്ലിന് രൂപം നൽകി. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല മോണിട്ടറിങ് കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. അനധികൃത ഭാഗ്യക്കുറി വിൽപനയ്ക്കെതിരെ 51 കേസുകൾ രജിസ്റ്റർ ചെയ്തു. ഭാഗ്യക്കുറി വകുപ്പിൽ സൈബർ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിജിലൻസ് സെൽ രൂപീകരിക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

## ഇൻഷുറൻസ്

ഇൻഷുറൻസ് വകുപ്പിലെ സമ്പൂർണ കംപ്യൂട്ടർവത്കരണത്തിന്റെ ഉദ്ഘാടനം 2013 ഫെബ്രുവരി ഏഴിന് നടന്നു. സ്കൂൾ കുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി. മരിക്കുന്ന കുട്ടികളുടെ കുടുംബത്തിന് 50,000 രൂപയും പരിക്കേൽക്കുന്നവർക്ക് 10,000 രൂപയും നൽകും. ബി.പി.എൽ. കുടംബത്തിലെ രക്ഷാകർത്താക്കളെ കൂടി ഇൻഷുറൻസ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖല, അർധ സർക്കാർ മേഖല, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷുറൻസ് ബിസിനസുകൾ ഇൻഷുറൻസ് വകുപ്പുവഴി നടപ്പാക്കണമെന്ന് 2013-14 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ഭവനനിർമാണം

എല്ലാവർക്കും സുരക്ഷിത പാർപ്പിടം എന്ന മുദ്രാവാക്യത്തോടെ സംസ്ഥാനത്ത് പാർപ്പിട നയം കൊണ്ടുവന്നു. പൗരാവകാശരേഖയും പ്രസിദ്ധീകരിച്ചു.

ഭവനനിർമാണ രംഗത്തെ വിവിധ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവനവായ്പ നൽകാനും ഹൗസിങ് ഫിനാൻസ് ഡവലപ്മെന്റ് കോർപറേഷൻ രൂപീകരിക്കുന്നതിന് അംഗീകാരം നൽകി. ഭവനനിർമാണ മേഖലയിലുണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് കോസി ജുഡീഷ്യൽ അധികാരങ്ങളോടെ സംസ്ഥാന ഹൗസിങ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. 1965 ലെ കേരളാ ബിൽഡിങ് (ലീസ് & റെന്റ് കൺട്രോൾ) നിയമം സമഗ്രമായി പരിഷ്കരിച്ച് നടപ്പാക്കാൻ കരട് ബിൽ തയാറാക്കുകയുണ്ടായി. ഇതും സർക്കാരിന്റെ പരിഗണനയിലാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഭവനപദ്ധതികൾ നടപ്പാക്കാൻ ഒരു ഷെൽറ്റർ ഫണ്ട് രൂപീകരിക്കാൻ 2013-14 ലെ ബജറ്റിൽ ഒരു കോടി നീക്കിവച്ചു. ഭവനനിർമാണ സാങ്കേതികവിദ്യ കാലോചിതമായി പരിഷ്കരിക്കുന്നതിന് ടെക്നോളജി ഇന്നോവേഷൻ ഫണ്ട് രൂപീകരിക്കുകയും ഇക്കഴിഞ്ഞ ബജറ്റിൽ 56 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു.

ആവാസവ്യവസ്ഥയുടെ സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യമിട്ട് സമഗ്രഭവന പുരധിവാസ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ച് ധനമന്ത്രി ചെയർമാനായി മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി. എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട് എന്ന ലക്ഷ്യവുമായി ഒരു അഫോഡബിൾ ഹൗസിങ് സ്കീം നടപ്പാ



**കാരുണ്യ ചികിത്സാധനസഹായം സർക്കാരിതര ആശുപത്രികളിൽ ലഭ്യമാക്കുന്നതിന്റെ ഉദ്ഘാടനം മന്ത്രി കെ.എം. മാണി നിർവ്വഹിക്കുന്നു**



**കെ.എം. മാണി ബജറ്റ് പഠനകേന്ദ്രത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ഉപരാഷ്ട്രപതി ഹമീദ് അൻസാരിയോടൊപ്പം**

ക്കാനുള്ള ആലോചനകളും പുരോഗമിക്കുന്നു.

വനിതാ ജീവനക്കാർക്ക് മിതമായ നിരക്കിൽ സുരക്ഷിതമായ താമസസൗകര്യം ഒരുക്കുന്നതിന് തൃശൂരിലെ പുല്ലഴിയിൽ 125 കിടക്കകളുള്ള ഒരു വർക്കിങ് വിമൻസ് ഹോസ്റ്റൽ പൂർത്തിയാക്കി. രണ്ടാം ഘട്ടമായി കോഴിക്കോടും ഇടുക്കിയിലും ഹോസ്റ്റലുകൾ നിർമിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. എം.എൻ ലക്ഷംവീടുകളുടെ പുനർനിർമാണ പദ്ധതിയിൽ 8030 വീടുകളുടെ നിർമാണമാരംഭിച്ചു. 6315 വീടുകൾ പൂർത്തിയാക്കി. ദുർബലവിഭാഗങ്ങൾക്ക് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ വീടുകൾ നിർമിച്ചുനൽകുന്ന സുരക്ഷാ ഭവനപദ്ധതിയിൽ 5407 വീടുകൾക്ക് അനുമതി നൽകുകയും 3344 വീടുകൾ പൂർത്തിയാക്കുകയും ചെയ്തു. ഇടത്തരം വരുമാനക്കാർക്കുള്ള സായൂജ്യം ഭവനപദ്ധതി കോട്ടയത്തും കാസർകോടും പുരോഗമിക്കുന്നു.

ദുർബല വിഭാഗങ്ങൾക്കായി 1996-2004 വരെ നടപ്പാക്കിയ മൈത്രി ഭവനപദ്ധതി പ്രകാരം വായ്പയെടുത്ത് തിരിച്ചടവിനു ശേഷിയില്ലാത്ത 38384 ഗുണഭോക്താക്കളുടെ കുടിശികയായ 137.94 കോടി സർക്കാർ എഴുതിത്തള്ളി.

## സ്വയംസംരംഭക മിഷൻ

വ്യവസായിക വികസനത്തിലൂടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2011-12 ബജറ്റിൽ പ്രഖ്യാപിച്ച സ്വയംസംരംഭക മിഷൻ ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യക്ഷ തൊഴിലും അഞ്ചുലക്ഷം യുവജനങ്ങൾക്ക് പരോക്ഷ തൊഴിലും വാഗ്ദാനം ചെയ്തു. 430 സംരംഭങ്ങളിലായി 1063 സംരംഭകരെ കണ്ടെത്താൻ കഴിഞ്ഞു. ഇതിൽ 72 സംരംഭങ്ങൾ പൂർണമായും പ്രവർത്തിച്ചുതുടങ്ങി. 20 ലക്ഷം രൂപ വരെ പലിശരഹിതവായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആദ്യമാണ്. പുതിയ സംരംഭങ്ങൾ ആരംഭിച്ചവരിൽ ഭൂരിഭാഗവും സമൂഹത്തിന്റെ താഴേത്തട്ടിൽനിന്നും വരുന്നവരാണ്. പദ്ധതിയോടുള്ള പ്രതികരണം കണക്കിലെടുത്ത് ഡോക്ടർമാർക്കും എൻജിനീയർമാർക്കും അവസരം നൽകാൻ കഴിഞ്ഞു. ഐടി ഇതര സംരംഭങ്ങളോടുള്ള ആഭിമുഖ്യവും എടുത്തുപറയേണ്ടതാണ്.

> വ്യവസായിക വികസനത്തിലൂടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2011-12 ബജറ്റിൽ പ്രഖ്യാപിച്ച സ്വയംസംരംഭക മിഷൻ ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യക്ഷ തൊഴിലും അഞ്ചു ലക്ഷം യുവജനങ്ങൾക്ക് പരോക്ഷ തൊഴിലും വാഗ്ദാനം ചെയ്തു. 430 സംരംഭങ്ങളിലായി 1063 സംരംഭകരെ കണ്ടെത്താൻ കഴിഞ്ഞു. ഇതിൽ 72 സംരംഭങ്ങൾ പൂർണമായും പ്രവർത്തിച്ചുതുടങ്ങി. 20 ലക്ഷം രൂപ വരെ പലിശരഹിതവായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആദ്യമാണ്.

2013-14 സാമ്പത്തികവർഷം 100 കോടിയുടെ വായ്പാവിതരണമാണ് ലക്ഷ്യമിടുന്നത്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി യുവജനങ്ങൾക്കുകൂടി പ്രാതിനിധ്യം ഉറപ്പുവരുത്താൻ അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി 21 ൽ നിന്നും 18 ആയി കുറയ്ക്കാനും തീരുമാനിച്ചു. ഓൺലൈനിലൂടെ അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നതിനുപകരം വാക്-ഇൻ-ഇന്റർവ്യൂ നടത്താനും തീരുമാനിച്ചു. പരിശീലന കാലാവധി 13 ദിവസമായി കുറയ്ക്കാനും തീരുമാനിച്ചു.

കേരള ഫിനാൻഷ്യൽ കോർപറേഷനാണ് പദ്ധതി നടപ്പാക്കുന്നത്. 1400 കോടി ആസ്ഥിയുള്ള ഇന്ത്യയിലെ ഒന്നാംകിട ധനകാര്യസ്ഥാപനമായി കെ.എഫ്.സി. ഉയർന്നത് ഇക്കഴിഞ്ഞകാലത്താണ്. കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ലാഭവിഹിതം നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാന ധനകാര്യ കോർപറേഷനാണ് കെ.എഫ്.സി. 2011-12 ൽ അറ്റാദായം 45.65 കോടിയായും 2012-13 ൽ 50 കോടിയിലേറേയായും വർധിച്ചു. 2011-12 ൽ റെക്കോർഡ് ലാഭം നേടിയ കെ.എഫ്.സി. ഉയർന്ന ലാഭവിഹിതം നൽകുകയും 211-12 ൽ ബാലൻസ് ഷീറ്റ് അച്ചടിച്ച് പ്രസിദ്ധീകരിച്ച ആദ്യത്തെ ധനകാര്യസ്ഥാപനമായി മാറുകയും ചെയ്തു.

സിനിമാ സീരിയൽ നിർമാണം, തിയേറ്റർ നവീകരണം, എനർജി സേവിങ്, മില്ലി നൃസംസ്കരണം, ഭക്ഷ്യസുരക്ഷ തുടങ്ങിയ പുതിയ മേഖലകളിൽ വായ്പ നൽകാനും കെ.എഫ്.സിക്കു കഴിഞ്ഞു. 2013-14 സാമ്പത്തികവർഷം കെ.എഫ്.സിയുടെ 60 ാം വാർഷികമാണ്. പലിശകുറഞ്ഞ വായ്പാ സ്കീം നടപ്പാക്കുകയെന്ന ബജറ്റ് വാഗ്ദാനം പാലിക്കുകയാണ് ഇക്കൊല്ലത്തെ മുഖ്യ അജണ്ട.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ടേൺ ഓവർ 17314 കോടിയായി വർധിച്ചു. കഴിഞ്ഞ വർഷം മാർച്ച് 31 ന് 14648 കോടിയായിരുന്നു ടേൺ ഓവർ. അതായത് 4981 കോടിയുടെ വർധന. ഇക്കൊല്ലം 18000 കോടിയാണ് ലക്ഷ്യമിടുന്നത്. 2011 മാർച്ച് 31 വരെ വിവിധ വായ്പാ പദ്ധതികൾക്ക് 1711 കോടി നൽകിയരുന്ന സ്ഥാനത്ത് ഇപ്പോൾ 2506 കോടിയായി വർധിപ്പിച്ചു. 46 ശതമാനം വർധന. 2011 മാർച്ച് 31 വരെ നിക്ഷേപ പദ്ധതിയിൽ 3109 കോടിയായിരുന്നത് 4599 കോടിയായി വർധിച്ചു. വായ്പാ പദ്ധതികളിൽ പരിധി വർധിപ്പിച്ചു. ശാഖകൾ 460 ആയി ഉയർന്നു. മൂന്നു വർഷത്തിനുള്ളിൽ എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇത്തരത്തിൽ ക്രിയാത്മകവും ഭാവനാത്മകവുമായ പദ്ധതികളാണ് ധന-നിയമ-ഭവന വകുപ്പുകളിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടെ നടന്നത്. സാധാരണക്കാരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനാണ് ഞങ്ങൾ പ്രാധാന്യം നൽകുന്നത്. ■




# കാർഷിക മേഖലയിലെ ഭാവനാപൂർണമായ ചുവടുവയ്പുകൾ



■ **കെ.പി. മോഹനൻ**
കൃഷി-മൃഗസംരക്ഷണ-അച്ചടി മന്ത്രി

2011 മെയ് മാസം 'വികസനവും കരുതലും' എന്ന മുദ്രാവാക്യവുമായി പ്രവർത്തനമാരംഭിച്ച ഐക്യജനാധിപത്യമുന്നണി സർക്കാർ അതിന്റെ അന്തസത്ത അക്ഷരാർഥത്തിൽ തന്നെ പ്രതിഫലിപ്പിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു വർഷങ്ങൾ നിതാന്തജാഗ്രതയോടും നിരന്തര പരിശ്രമത്തോടെയും പിന്നിടുകയാണ്. ഭരണ രംഗത്ത് വിശ്വാസ്യതയും പ്രത്യാശയും ഉയർത്തിപ്പിടിച്ച് ജനവിശ്വാസം ആവർത്തിച്ച് ആർജിച്ചുകൊണ്ടാണ് മുന്നേറുന്നത്. മുന്നോട്ടുള്ള പ്രയാണത്തിന്റെ ഓരോ കാൽവയ്പിലും സുതാര്യവും സംശയലേശമില്ലാത്തതുമായ ദിശാബോധം സർക്കാരിന്റെ മുഖമുദ്രയാണ്. എല്ലാരംഗത്തും വികസനത്തിന്റെ പുതുരക്തം കടത്തിവിടാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നത് എതിരാളികൾ പോലും സമ്മതിക്കുന്ന വസ്തുതയാണ്.

ശ്രദ്ധേയമായ കർഷകക്ഷേമ പ്രവർത്തനങ്ങളിലൂടെയും കാർഷിക പുരോഗതിയിലേക്കുമുള്ള ക്രിയാത്മകവും ഭാവനാപൂർണവുമായ ചുവടുവയ്പുകളിലൂടെയും സംസ്ഥാന സർക്കാർ രണ്ടു വർഷം കൊണ്ട് ജനങ്ങളുടെ സവിശേഷ ശ്രദ്ധപിടിച്ചുപറ്റി. ജനജീവിതത്തെ വിശിഷ്യാ സാധാരണക്കാരെ ഏറ്റവുമധികം സ്വാധീനിക്കുന്ന നിർണായക പ്രവർത്തനമേഖലയായ കൃഷി, മൃഗസംരക്ഷണ വകുപ്പുകൾക്ക് സവിശേഷമായ പ്രാധാന്യമാണുള്ളത്. സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്പാദനമേഖലയെന്നു വിശേഷിപ്പിക്കാവുന്ന കാർഷിക മേഖലയിൽ പുരോഗതി കൈവരിക്കുന്നതോടൊപ്പം കാർഷിക വൃത്തിയിലേർപ്പെടുന്ന കർഷകർക്ക് സുരക്ഷ പ്രദാനം ചെയ്യുകയെന്നത് പരമപ്രധാനമാണ്. ആരോഗ്യപൂർണമായ ഒരു തലമുറയെ വാർത്തെടുക്കാൻവേണ്ടി കാർഷിക മേഖലയ്ക്ക് ഉണർവു പകരാനും ഉത്തേജനം നൽകാനും വേണ്ടി 'കർഷകരക്ഷ-ഭക്ഷ്യസുഭിക്ഷ' എന്ന ദർശനത്തോടെ നിരവധി നൂതന പദ്ധതികൾക്കാണ് ഇക്കഴിഞ്ഞ വർഷം തുടക്കംകുറിച്ചത്. നിലവിലുള്ള പദ്ധതികൾ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റതും കൂടുതൽ കാര്യക്ഷമവുമാക്കി ലക്ഷ്യബോധത്തോടെ നടപ്പാക്കിയതോടൊപ്പം ഭക്ഷ്യസുരക്ഷ കൈവരിക്കാൻ ഏർപ്പെടുത്തിയ ദീർഘകാലാടിസ്ഥാനത്തിലുള്ള കർഷക രജിസ്ട്രേഷൻ, പദ്ധതികൾ, കർഷക പെൻഷൻ, കർഷകരുടെ ആനുകൂല്യങ്ങൾ ഇ-പേമെന്റ് വഴി, ജൈവകൃഷിവ്യാപന പദ്ധതി, നിറവ് പദ്ധതി, കിസാൻ ക്രെഡിറ്റ് കാർഡ്, കാർഷിക വിപണികളുടെ ശാക്തീകരണം, മൃഗസംരക്ഷണ രംഗത്തെ ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്, ഫാം സ്കൂളുകൾ, വായ്പകൾക്കുള്ള പലിശ ഇളവുകൾ, എന്നിവ കാർഷിക മേഖലയിൽ പുത്തനുണർവു സൃഷ്ടിച്ചിരിക്കുകയാണ്. കേരകർഷകരുടെ ദീർഘകാലത്തെ അഭിലാഷമായിരുന്ന പച്ചത്തേങ്ങ സംഭരണം നടപ്പാക്കിക്കൊണ്ട് കൃഷിവകുപ്പ് ശ്രദ്ധേയമായ ഒരധ്യായം തന്നെ കുറിച്ചിരിക്കുകയാണ്.



**നെൽപ്പാടങ്ങളിലെ യന്ത്രവൽക്കരണത്തിനായി മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രം രൂപം നൽകിയ മിത്രകർമസേനയുടെ ഉദ്ഘാടനം കൃഷിമന്ത്രി നിർവഹിക്കുന്നു**

കാർഷികോത്പാദനം വർധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി രണ്ടു ഹെക്ടറിനു താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 400 രൂപ പെൻഷൻ അനുവദിക്കുകയും ഏതാണ്ട് 207844 കർഷകർ ഇതിന്റെ ഗുണഭോക്താക്കളായി മാറുകയും ചെയ്തു. 2013-14 ബജറ്റിൽ കർഷക പെൻഷൻ 500 രൂപയായി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന്റെ ഭാഗമായി 50 കോടി രൂപയുടെ സമഗ്ര പച്ചക്കറിവികസനത്തിനായുള്ള ഒരു ബൃഹത് പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. 2400 വിദ്യലയങ്ങളിൽ, 113 സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ, 60 മുനിസിപ്പാലിറ്റികളിൽ, കഴിഞ്ഞവർഷം നടപ്പാക്കിയ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോർപറേഷനുകൾക്കു പുറമെ തൃശൂർ, കൊല്ലം കോർപറേഷനുകളിലും, 46 ലക്ഷം വിദ്യാർഥികളുടെ വീടുകളിലും ഈ പദ്ധതി നടപ്പാക്കി. ഇതുകൂടാതെ 5295 ഹെക്ടറിൽ വാണിജ്യപച്ചക്കറി കൃഷി 1059 കർഷക ക്ലസ്റ്ററുകൾ മുഖേന വ്യാപിപ്പിച്ചു. അഞ്ചു ലക്ഷം മാധ്യമങ്ങൾ വഴി വിത്തു കിറ്റ് വിതരണവും നടത്തുകയുണ്ടായി.

കാർഷിക മേഖലയിലെ ആധുനീകരണത്തിൽ പ്രഥമ സ്ഥാനം ഹൈടെക് കൃഷിക്കാണ്. ഗ്രീൻഹൗസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കേരളത്തിലെ ഹോർട്ടികൾച്ചർ വിളകളുടെ ഉത്പാദനത്തിലും ഉത്പദനക്ഷമതയിലും പ്രകടമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. 400 മീറ്റർ സ്ക്വയർ വിസ്തീർണത്തിൽ 1000 ത്തിലധികം പോളിഹൗസുകൾ നിർമിച്ച് 21 ഹൈടെക് ഗ്രീൻഹൗസ് പ്രദർശന യൂണിറ്റുകളും 1000 ഹെക്ടറിൽ തുറസായ സ്ഥലത്ത് പച്ചക്കറി കൃഷിക്കും ഈ വർഷം തുടക്കംകുറിച്ചു. 3000 പോളിഹൗസുകളിലൂടെ വിഷവിമുക്ത പച്ചക്കറി ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കേരകർഷകരുടെ ദീനരോദനമാണ് സർക്കാർ അധികാരമേൽക്കുമ്പോളുണ്ടായിരുന്നത്. കേരകർഷകർക്ക് കൈത്താങ്ങായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 20,000 ഹെക്ടർ സ്ഥലത്ത് സമഗ്ര നാളികേരവികസന പദ്ധതി നടപ്പാക്കി. 287 കൃഷിഭവനുകൾ വഴി കിലോയ്ക്ക് 16 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ആരംഭിച്ചു. സംഭരിക്കുന്ന പച്ചത്തേങ്ങ കേരഫെഡ് വഴി കൊപ്രയാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി. എട്ടു ജില്ലകളിൽ നിന്നായി 12819 മെട്രിക് ടൺ കൊപ്ര സംഭരിച്ചു.

തൊഴിലാളി ക്ഷാമമാണ് കാർഷികമേഖല നേരിടുന്ന ഏറ്റവും വലിയ സമകാലിക വെല്ലുവിളി. കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുവാൻ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 35 ബ്ലോക്കുകളിൽ കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. കൃഷി ലാഭകരമാക്കുന്നതിനുള്ള ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദന ഉപാധികൾ എന്നിവ ഒരു കുടക്കീഴിൽ കർഷകനു ലഭ്യമാക്കുകയാണ് ഇവയുടെ ലക്ഷ്യം.

1469041 കർഷകരുടെ കൃഷി വിവരങ്ങളും അടിസ്ഥാന വിവരങ്ങളും കൃഷിഭവൻ വഴി ശേഖരിച്ച് ക്രോഡീകരിക്കുന്ന കർഷക രജിസ്ട്രേഷനും ധനസഹായം ബാങ്ക് മുഖേനയാക്കി ഇ-പേമെന്റ് സംവിധാനവും ഏർപ്പെടുത്തുകയും, ആറു മൊത്ത വ്യാപാര വിപണികളിലൂടെ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിച്ച് കർഷകരുടെ ഉത്പന്നങ്ങൾ ആദായകരമായി വിറ്റഴിക്കാനും 61 കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഉത്പന്നങ്ങളുടെ ലേലം നടത്തുന്നതിനുള്ള



**സമൃദ്ധി : കാർഷികോത്സവം**



**സഞ്ചരിക്കുന്ന പച്ചക്കറി വിൽപ്പനശാല മന്ത്രി കെ.പി. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു**

ക്രമീകരണങ്ങൾ ഏർപ്പെടുത്താനും കഴിഞ്ഞു. 011-12 ൽ 3407 ഹെക്ടറും 2012-13ൽ 400 ഹെക്ടറും തരിശുനിലങ്ങൾ കരാർ അടിസ്ഥാനത്തിൽ കൃഷിയോഗ്യമാക്കുകയും 10221 ടൺ നെല്ല് അധികമായി ഉത്പാദിപ്പിക്കുകയും ചെയ്തു.

തുടക്കത്തിൽ 12 നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കിയ വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറവ്' ഈ സർക്കാരിന്റെ സംഭാവനയാണ്. കൃഷി, മൃഗസംരക്ഷണ, ക്ഷീര വികസന പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചു നടപ്പാക്കി വരുന്ന ഈ പദ്ധതി പുതിയ വർഷത്തിൽ 30 നിയോജകമണ്ഡലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതാണ്.

ജൈവജില്ലയായി പ്രഖ്യാപിച്ച കാസർകോട് ജില്ലയിൽ ജൈവകൃഷി വ്യാപനത്തിന് തുടക്കംകുറിച്ചുകൊണ്ട് തിരഞ്ഞെടുത്ത 20 ബ്ലോക് പഞ്ചായത്ത് പ്രദേശത്ത് 4480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പാക്കിവരുന്നു.

കൃഷിയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നായ മണ്ണു സംരക്ഷണത്തിനായി മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പു വഴി ഒട്ടേറെ പദ്ധതികൾ ഈ കാലയളവിൽ പുതുതായി തുടങ്ങാൻ കഴിഞ്ഞു. 87 പദ്ധതികളിലായി നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി. രൂക്ഷമായ വരൾച്ച നേരിടുന്നതിന് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 500 ലക്ഷം രൂപ ചെലവഴിച്ച് 36 കുളങ്ങളുടെയും 800 കിണറുകളുടെയും നിർമാണ പ്രവർത്തനങ്ങളും വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി 1750 തടയണകളും ദേശീയ നീർമറി വികസന പദ്ധതിയിലുൾപ്പെടുത്തി 134 സൂക്ഷ്മ നീർത്തടങ്ങളിൽ 400 ലക്ഷം രൂപയ്ക്കുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കി. രൂക്ഷമായ വരൾച്ചയും ഭൂഗർഭ ജലസ്രോതസിന്റെ കുറവും പരിഹരിക്കാൻ 1000 കുളങ്ങളുടെ നവീകരണത്തിനായി 'സഹസ്ര സരോവർ' പദ്ധതിയും നടപ്പാക്കും. മണ്ണ് സംരക്ഷണ മേഖലയ്ക്ക് അഭിമാനമായി ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരം പാറോട്ടുകോണത്ത് താമസിയാതെ ഉദ്ഘാടനം ചെയ്യും.

തരിശുനിലം കൃഷിയോഗ്യമാക്കുവാനുള്ള പദ്ധതിയുടെ ഭാഗമായി 2011-12 വർഷത്തിൽ 3407 ഹെക്ടർ തരിശുനിലയത്തിൽ കൃഷി ചെയ്തു. 2012-13 ൽ 4100 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനും നടപടി സ്വീകരിച്ചു. പ്രധാനമായും നെല്ല്, പച്ചക്കറി, കിഴങ്ങു വർഗവിളകൾ എന്നിവയാണു കൃഷിചെയ്തത്. 1215 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചുവരുന്നു. വരും വർഷങ്ങളിൽ കൂടുതൽ കാര്യക്ഷമമായി പഞ്ചായത്തടിസ്ഥാനത്തിൽ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിക്കുകയാണ്.

മൃഗസംരക്ഷണ മേഖലയിൽ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി സംയോജിത കന്നുകാലി വികസന പരിപാടിയിലൂടെ സംസ്ഥാനത്തെ 7992 കർഷകർക്ക് ഒരു ഗർഭിണി പശു, രണ്ട് ആട്, പത്തു കോഴി എന്നിവ 50 ശതമാനം സബ്സിഡിയിൽ വിരണം ചെയ്തു വരുന്നു. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും വർഷം തോറും സംസ്ഥാനത്ത് അധികമായി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. 400 വനിതകൾക്ക് ഒരു പശുവും ആടും വാങ്ങുന്നതിന് 25000 രൂപ വീതം ധനസഹായം നൽകുന്ന 100 ലക്ഷം രൂപയുടെ പദ്ധതിയും 400 കർഷകരുടെ ഫാമുകൾ യന്ത്രവത്കരിക്കുന്നതിന് 25000 രൂപ വീതം 100 ലക്ഷം രൂപയും അനുവദിച്ചു. തിരഞ്ഞെടുത്ത മാതൃകാ കർഷകർക്കായുള്ള സഹായ പദ്ധതി 200 ലക്ഷം രൂപ ചെലവിൽ നടപ്പാക്കി.

പാലക്കാട് ജില്ലയിലെ എട്ടു പഞ്ചായത്തുകളിൽ കണ്ണാടി മോഡൽ പശുവളർത്തൽ പദ്ധതിയും മലപ്പുറം ജില്ലയിലെ മൂന്നു പഞ്ചായത്തുകളിൽ വട്ടംകുളം മോഡൽ കോഴിവർത്തൽ പദ്ധതിയും മലപ്പുറം ജില്ലയിലെ മൂന്നു പഞ്ചായത്തുകളിൽ വട്ടംകുളം മോഡൽ കോഴിവളർത്തൽ പ്രോത്സാഹന പദ്ധതികൾക്കും പണം ലഭ്യമാക്കി. കർഷകർക്കുള്ള പലിശ സബ്സിഡി, കാലിത്തീറ്റ വിതരണ പദ്ധതി, ഫാം സ്കൂളുകൾ, ജന്തുക്ഷേമ ക്ലബുകൾ എന്നിവയും വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതികളാണ്.

പതിമൂന്നാം ധനകാര്യകമ്മിഷനിൽ ഉൾപ്പെടുത്തി രണ്ടു ഫാമുകളിൽ ഹൈടെക് ഡയറി സ്ഥാപിക്കുന്നതിന് 15 കോടി രൂപയും തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി കോംപ്ലക്സ് സ്ഥാപിക്കാൻ അഞ്ചു കോടിയും പാലോട് ഫാർമസ്യൂട്ടിക്കൽ ഡിവിഷന് 1.9 കോടിയും കാഫ് പ്രൊട്ടക്ഷൻ പദ്ധതിക്ക് 31 കോടി രൂപയും വിനിയോഗിച്ച് 25000 പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പാക്കി. കോഴിവളർത്തൽ പ്രോത്സാഹനം, രോഗരക്ഷാ ഇൻഷുറൻസ് പദ്ധതി, ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രൊജക്ട്, കർഷക അവാർഡു

തുടക്കത്തിൽ 12 നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കിയ വിത്തു മുതൽ വിപണിവരെയുള്ള സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറവ്' ഈ സർക്കാരിന്റെ സംഭാവനയാണ്. കൃഷി, മൃഗസംരക്ഷണ, ക്ഷീര വികസന പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചു നടപ്പാക്കി വരുന്ന ഈ പദ്ധതി പുതിയ വർഷത്തിൽ 30 നിയോജകമണ്ഡലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതാണ്.

കൾ, അടിസ്ഥാന സൗകര്യവികസനം, ആരോഗ്യരക്ഷാ ക്യാമ്പുകൾ, സംരംഭക വികസന പരിശീലന പരിപാടികളും, മേള കളും മൃഗചികിത്സാ സേവനം തുടങ്ങിയ പരിപാടികളും ശ്രദ്ധയാകർഷിക്കുന്നവ യാണ്.

അച്ചടിവകുപ്പിന്റെയും പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. സർക്കാർ പ്രസിന്റെ ആധുനീകരണത്തിന്റെ ഭാഗമായി അത്യാന്താധുനിക ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീനുകൾ മണ്ണന്തല, ഷൊർണ്ണൂർ, വാഴൂർ പ്രസ്സുകളിൽ സ്ഥാപിച്ച് തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം, മണ്ണന്തല, പൂജപ്പുര ജയിൽ, കൊല്ലം ഗവ. പ്രസുകളിൽ എട്ടു ഷീറ്റ് ഹെഡ് ഓഫ്സെറ്റ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. 3.2 കോടി ചെലവിൽ അച്ചടിവകുപ്പ് ഡയറക്ടറുടെ ആസ്ഥാനമന്ദിരം താമസിയാതെ ഉദ്ഘാടനം ചെയ്തു പ്രവർത്തിക്കുന്നതു മാണ്. പേപ്പർ ടെസ്റ്റിങ് ലാബിന്റെ നവീകരണത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ പേപ്പർ ടെസ്റ്റിങ് യന്ത്ര സാമഗ്രികളും സ്ഥാപിക്കാൻ കഴിഞ്ഞു.

കാർഷിക മേഖലയുടെ വളർച്ചയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ പൊതുവികസനം സ്ഥിതിചെയ്യുന്നതെന്ന യാഥാർഥ്യ ബോധത്തോടെയാണ് 2013-14 ബജറ്റിൽ നമ്മുടെ സമ്പദ് വ്യവസ്ഥകളുടെ നട്ടെല്ലായ കർഷകരുടെ രക്ഷ ഉറപ്പാക്കുന്നതിനും കർഷക സമ്പദ് ഘടനയുടെ മുന്നേറ്റത്തിനുമായി സുപ്രധാന പദ്ധതികളായ പലിശബാധ്യത എഴുതിത്തള്ളൽ, പലിശരഹിത വായ്പ ലഭ്യമാക്കൽ, കാർഷിക വായ്പാ തിരിച്ചടവ് റിസ്ക് ഇൻഷുറൻസ്, സംയോജിത കൃഷിത്തോട്ട പദ്ധതി, മാതൃക ഹൈടെക് ഗ്രാമങ്ങൾ, നെല്ലു സംഭരണം, കർഷക ഉത്പാദക സംഘങ്ങളും കർഷക മാർക്കറ്റുകളും സമഗ്രവിള ഇൻഷുറൻസ് പദ്ധതിയും ഉൾപ്പെടുത്തിയിരിക്കുന്നത്. നാളികേര കർഷകർക്ക് കൂടുതൽ വരുമാനവും ചെത്ത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കുന്നു. തെങ്ങിൽ നിന്നും 'നീര' ഉത്പാദിപ്പിക്കാനുള്ള പദ്ധതി കേരളത്തിന്റെ കാർഷിക മേഖലയ്ക്കും സമ്പദ്ഘടനയ്ക്കും തന്നെ വിപ്ലവകരമായ മാറ്റം കൈവരുത്തുമെന്ന് ഉറപ്പിച്ചു പറയാം. 2013-14 വർഷം കാർഷികരംഗത്ത ഒരു കുതിച്ചുചാട്ടത്തിനായി നമുക്കു കൈകോർക്കാം. വിദ്യാർഥികൾ, കർഷകർ, അധ്യാപകർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ കാർഷിക മേഖലയ്ക്ക് പുത്തനുണർവു പകരുവാനുള്ള സഹകരണവും പുതിയ നിർദേശങ്ങളും ഈ മേഖലയ്ക്കു മുതൽക്കൂട്ടാണ്. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും കേരള കർഷകൻ സൗജന്യമായി നൽകിക്കൊണ്ട് സംസ്ഥാനത്തെ മുഴുവൻ വിദ്യാർഥികൾക്കും പച്ചക്കറി വിത്ത് നൽകിക്കൊണ്ടും ഫാർമേഴ്സ് ക്ലബുകളും കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് നൽകിക്കൊണ്ടും പുതുതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിപ്പിക്കുവാൻ നടത്തുന്ന സംരംഭങ്ങളുടെ ചലനങ്ങൾ കേരളത്തിലെ മുഴുവൻ ജനങ്ങളിലും വ്യാപിക്കുന്നുണ്ടെന്നതിൽ അത്യന്തം ചാരിതാർഥ്യജനകമാണ്. പുതുതലമുറയിൽ ഒരു കാർഷിക സംസ്കാരവും, കൃഷി എന്ന തൊഴിലിനോടുള്ള ആഭിമുഖ്യവും വളർത്തിയെടുത്തിട്ട് വേണം നമ്മുടെ സംസ്ഥാനത്തെ ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിപ്പിക്കുവാനും ജൈവ കൃഷി നടത്തുവാനും. കേരളത്തെ 2016 ആകുമ്പോഴേക്കും ഒരു ജൈവസംസ്ഥാനമാക്കി മാറ്റുകയെന്നതാണ് നാം ലക്ഷ്യമിടുന്നത്. അതിന് യുവതലമുറയുടെയും പ്രത്യേകിച്ച് വിദ്യാർഥികളുടെയും പൂർണ സഹകരണവും സാന്നിധ്യവും അനിവാര്യമാണ്. അതു കൂടുതൽ നേടിയെടുത്ത് മുന്നോട്ടു പോകുമ്പോൾ മുഴുവൻ ജനവിഭാഗത്തിന്റെയും സഹായസഹകരണങ്ങൾ ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. ■



**അഗ്രോ സർവ്വീസ് സെന്റർ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ.പി. മോഹനനൻ നിർവഹിക്കുന്നു**



**പച്ചക്കറി വികസന പദ്ധതി ഉദ്ഘാടനത്തിനെത്തിയ മന്ത്രിമാരെ കുട്ടികൾ സ്വീകരിച്ചപ്പോൾ**

# തൊഴിലാളി സംരക്ഷണവും പുത്തൻ തൊഴിൽ സംസ്കാരവും




**ഷിബു ബേബിജോൺ**
തൊഴിൽ മന്ത്രി


സർവരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ" അവകാശബോധത്തിന്റെ ചക്രവാളങ്ങളിൽ മുഴങ്ങിക്കേട്ട ഈ മുദ്രാവാക്യം അധ്വാനവർഗത്തിന്റെ ചരിത്രം തന്നെ മാറ്റിക്കുറിച്ചു. അധ്വാനിക്കുന്നവന്റെ വിയർപ്പിന് മൂല്യം കൽപിച്ചുകൊണ്ട് എട്ടു മണിക്കൂർ ജോലി എട്ടു മണിക്കൂർ വിശ്രമം എട്ടുമണിക്കൂർ വിനോദം എന്ന മാനുഷിക സമവാക്യം പ്രയോഗത്തിൽ കൊണ്ടുവരാനായി തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങളുടെ പരിണിതഫലങ്ങളാണ് ഇന്നു നാം അനുഭവിക്കുന്നത്.

ഓരോ വർഷം പിന്നിടുമ്പോഴും സംഘടിത തൊഴിലാളി വർഗത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും വർധിക്കുകയാണ്. സാമ്പത്തികവും സാമൂഹികവുമായ മുദ്രാവാക്യങ്ങൾ മാത്രമല്ല, രാഷ്ട്രീയ മുദ്രാവാക്യങ്ങൾക്കും ആധുനിക കാലത്ത് പ്രസക്തി വർധിക്കുകയാണ്.

അവകാശങ്ങളെക്കുറിച്ചുള്ള ഉറച്ച അറിവുള്ളതുപോലെതന്നെ തന്റെ കടമകളിൽ നിന്നും അണുവിട വ്യതിചലിക്കാതെ മുന്നേറാനുള്ള തീരുമാനവും ഓരോ തൊഴിലളിയും കൈക്കൊള്ളേണ്ട കാലഘട്ടമാണിത്. കേരളത്തിൽ ഇത്രയേറെ തൊഴിലാളി പ്രസ്ഥാനങ്ങളുടെ സാന്നിധ്യം ശക്തിപ്പെട്ട ഒരു കാലഘട്ടമുണ്ടായിട്ടില്ല. വികസനവും കരുതലും എന്ന ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ മുദ്രാവാക്യം പൂർണമായും ഊന്നൽ നൽകുന്നത് തൊഴിലളികൾക്കും മറ്റു ജനവിഭാഗങ്ങൾക്കുമാണ്. സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് സമാശ്വാസം പകരുന്ന ശക്തമായ നടപടികളുമായി നമ്മുടെ സർക്കാർ മുന്നേറിക്കൊണ്ടിരിക്കുകയാണ്. തൊഴിൽ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കാര്യങ്ങൾ ഭാരതമൊട്ടാകെ തന്നെ ശ്രദ്ധപിടിച്ചുപറ്റിക്കഴിഞ്ഞു.

സമരങ്ങളും തർക്കങ്ങളുമില്ലാതെ ആഹ്ലാദകരമായ ഒരു കാലഘട്ടം തൊഴിൽ മേഖലയ്ക്കു സമ്മാനിക്കാൻ തൊഴിൽവകുപ്പിന് സാധിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് പെൻഷൻ ബോണസ് ആനുകൂല്യങ്ങൾക്കായി 100 കോടി രൂപയാണ് ഈ ഓണക്കാലത്ത് ചെലവിട്ടത്. തൊഴിൽ വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമപെൻഷനുകളും 2012 സെപ്റ്റംബർ വരെ വിതരണം ചെയ്യുവാനാണ് 100 കോടി രൂപ അനുവദിച്ചത്.

കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിലേക്കായി 69.75 കോടി രൂപയും കശുവണ്ടി തൊഴിലാളി മേഖലയിൽ 11.76 കോടി രൂപയും പെൻഷൻ നൽകുന്നതിനായി സർക്കാർ വിനിയോഗിച്ചു. ബോണസ് തർക്കങ്ങളിൽ സമയോചിതമായി ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കുവാനും അടഞ്ഞുകിടന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യയും വിരമിച്ച തൊഴിലളികൾക്കുള്ള വർധിപ്പിച്ച പെൻഷ



എംപ്ലോയബിലിറ്റി സെന്ററുകളുടെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

നുകളും വിതരണം ചെയ്യുവാനും വകുപ്പിനു കഴിഞ്ഞു.

സർക്കാർ പുതുതായി ആവിഷ്കരിച്ചു നടപപാക്കിയ മരംകയറ്റ തൊഴിലാളികൾക്കുള്ള അവശതാ പെൻഷൻ 2012 ജനുവരി മുതൽ സെപ്റ്റംബർ വരെ വിതരണം ചെയ്യുന്നതിനായി 3.25 കോടി രൂപ അനുവദിച്ചു. അതോടൊപ്പം തന്നെ അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനു വേണ്ടി 3.28 കോടി രൂപയും അനുവദിച്ചു.

അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ ആനുകൂല്യം നൽകുന്നതിനു മാത്രമായി 2.80 കോടി രൂപ അനുവദിച്ചു. ഫാക്ടറിതൊഴിലാളികൾക്ക് 2250 രൂപ വീതവും തോട്ടം തൊഴിലാളികൾക്ക് 1200 രൂപ വീതവും കശുവണ്ടി തൊഴിലാളികൾക്ക് 750 രൂപ വീതവുമാണ് എക്സ്ഗ്രേഷ്യ സഹായം നൽകുന്നത്. ഏകദേശം കാൽ ലക്ഷത്തോളം തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിച്ചു.

ഗാർഹിക തൊഴിലളിക്ഷേമപദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി 1.50 കോടി രൂപ അനുവദിച്ചു. കശുവണ്ടി മേഖലയിൽ പരമാവധി ബോണസായ 20 ശതമാനത്തിനു പുറമെ രണ്ടു ശതമാനം എക്സ്ഗ്രേഷ്യകൂടി ലഭ്യമാക്കി.

2011 ഡിസംബർ മുതൽ 2012 മെയ് വരെയുള്ള തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനായി 22.97 കോടി രൂപ അനുവ



ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ലഘുലേഖയും സി.ഡി.യും തൊഴിൽമന്ത്രി ഷിബു ബേബിജോൺ, ഡയറക്ടർ കെ. ബിജുവിന് നൽകി പ്രകാശനം ചെയ്യുന്നു




**കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി ആനുകൂല്യവിതരണോദ്ഘാടനം തൊഴിൽമന്ത്രി ഷിബു ബേബിജോൺ നിർവഹിക്കുന്നു**

ദിച്ചു. തൊഴിലില്ലായ്മ വേതനവിതരണവും കൃത്യമായിത്തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു.

അസംഘടിത മേഖലയിലെ തൊഴിലാളികളെയും കുടിയേറ്റ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതികളാവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഇന്ന് 35 ലക്ഷത്തിലധികം തൊഴിലാളികൾ പങ്കാളികളായിക്കഴിഞ്ഞു.

രാജ്യത്താകമാനം മാതൃകയായിക്കൊണ്ട് സ്വകാര്യമേഖലയിലെ ആശുപത്രികളിലെ നേഴ്സുമാർ ഉൾപ്പെടെയുള്ള മുഴുവൻ ആശുപത്രി ജീവനക്കാർക്കും വേതനം വർധിപ്പിച്ചുനൽകാൻ ഐക്യജനാധിപത്യ മുന്നണി സർക്കാരിനു സാധിച്ചു.

കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് ഉയർന്നുവരുന്ന പകൽ താപനില കണക്കിലെടുത്ത് ഉച്ചവെയിലേറ്റ് പണിയെടുക്കേണ്ടിവരുന്ന തൊഴിലാളികൾക്ക് ഇന്ത്യാരാജ്യത്ത് ആദ്യമായി ഉച്ചവിശ്രമം നൽകാൻ സർക്കാർ തീരുമാനിച്ചു. ഇതു തൊഴിലാളികളോടുള്ള സർക്കാരിന്റെ സമീപനമാണ് വെളിവാക്കുന്നത്.

തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലളികൾക്കായി ഒരു ഭവനപദ്ധതിയും ഇത്തരം തൊഴിലാളികൾക്കായി ഒരു പാർപ്പിട പദ്ധതിയും സർക്കാർ രൂപം നൽകിക്കഴിഞ്ഞു. ഇതര സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണം കണക്കിലെടുത്ത ഇവർക്കായി ഒരു നിയമം കൊണ്ടുവരുന്നതിനുള്ള നീക്കത്തിലാണ് സർക്കാരിപ്പോൾ. വരും തലമുറയ്ക്ക് അനന്തമായ തൊഴിൽ സാധ്യതകൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി വിവധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബ്ലിറ്റ് സെന്ററുകാളാക്കിമാറ്റിയത് ഇതിനുദാഹരണമാണ്.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്ബ്ലിറ്റി സെന്ററുകളാക്കി മാറ്റിയതിലൂടെ കേരളത്തിലെ യുവജനങ്ങളുടെ പ്രതീക്ഷയായി സർക്കാർ മാറുകയാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ രഹിതരുടെ പേരുകൾ രജിസ്റ്റർ ചെയ്യാനുള്ള സ്ഥാപനമെന്ന നിലയിൽ നിന്നും അവരെ തൊഴിലിന് പ്രാപ്തരാക്കുന്ന തൊഴിൽ നൈപുണ്യവികസനകേന്ദ്രങ്ങളെന്ന നിലയിലേക്കു പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായാണ് എംപ്ലോയബ്ലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്. അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ്



**കേരളത്തിലെ സെക്യൂരിറ്റി മേഖലയിലെ സ്കിൽ ഡവലപ്മെന്റ് സംബന്ധിച്ച് തൊഴിൽ മന്ത്രി ഷിബു ബേബി ജോണിന്റെ സാന്നിദ്ധ്യത്തിൽ അഡീഷണൽ ചീഫ്സെക്രട്ടറി നിവേദിത പി. ഹരനും സി.ഇ.ഒ. എസ്.എസ്. ജഹാനും ധാരണാപത്രം ഒപ്പിട്ട് കൈമാറുന്നു**

പ്രോഗ്രാം (എ.എസ്.ഇ.പി) പദ്ധതിവഴിയാണ് ഈ നൂതന പദ്ധതി നടപ്പിൽവരുത്തുന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നൈപുണ്യപരിശീലനം ഇതുവഴി സിദ്ധിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങളെ വിവിധ അഭിരുചി പരീക്ഷകൾക്കും സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവുകളും പരിമിതികളും കണ്ടെത്തി ഏതു മേഖലയിലാണ് അഭിരുചി എന്നതനുസരിച്ച് ആ മേഖലയിൽ വിദഗ്ദ്ധ പരിശീനം നൽകി തൊഴിലിന് പ്രാപ്തമാക്കുന്നതാണ് ഈ പദ്ധതി.

ആശയവിനിമയ പാടവം, ഭാഷാനൈപുണ്യം തുടങ്ങിയ അവശ്യകാര്യങ്ങളിൽ പരിശീലനം നൽകിക്കൊണ്ട് യുവാക്കളെ പൊതു-സ്വകാര്യമേഖലകളിലെ തൊഴിലിന് പ്രാപ്തരാക്കും. എംപ്ലോയ്മെന്റ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിലെയും പൊതുമേഖലയിലെയു തൊഴിലവസരങ്ങൾകണ്ടെത്തി നൽകും.

**തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഐക്യവും അവരുടെ സമൂഹത്തിനുവേണ്ടിയുള്ള അർപ്പണബോധവുമാണ് ഇത്തരത്തിലുള്ള നടപടികളുമായി മുന്നേറാൻ സർക്കാരിന് പ്രേരകമാകുന്നത്. ശക്തമായ ഒരു കേരളത്തെ സൃഷ്ടിക്കുന്നതിനും പുത്തൻ തലമുറയ്ക്ക് നല്ല ഭാവി കൈമാറുന്നതിനും ഇന്നത്തെ പ്രവർത്തനങ്ങൾ പ്രേരകമാകണം**




പട്ടികജാതി-പട്ടികവർഗ യുവാക്കൾക്കുള്ള വിദേശ തൊഴിലവസര ബോധവത്കരണ പരിപാടിയുടെ ഉദ്ഘാടനം

സംസ്ഥാനത്തെ 14 ജില്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഘട്ടംഘട്ടമായി എംപ്ലോയബ്ലിറ്റി സെന്ററുകളാരംഭിക്കും. ആദ്യഘട്ടമെന്ന നിലയിൽ എറണാകുളം, കൊല്ലം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബ്ലിറ്റി സെന്ററുകളാക്കി മാറ്റിക്കഴിഞ്ഞു.

തൊഴിൽവകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേനയാണ് ഈ സ്വപ്നപദ്ധതിക്കു തുടക്കം കുറിച്ചിരിക്കുന്നത്. സ്വകാര്യമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻ തൊഴിൽ സാധ്യതകൾ കണ്ടെത്താനും അതിനനുസരിച്ച് ഉദ്യോഗാർഥികളെ പ്രാപ്തരാക്കാനും എംപ്ലോയബ്ലിറ്റി സെന്ററുകൾ വഴി സാധിക്കും.

കാലഹരണപ്പെട്ട തൊഴിൽനയസമീപനങ്ങൾ മാറ്റിക്കൊണ്ട് സാമൂഹികമാറ്റങ്ങൾക്കനുസൃതമായി ആധുനികവത്കരണത്തിന്റെ സഹായത്തോടെ നടത്തുന്ന പുത്തൻ കാൽവെപ്പാണ് സംസ്ഥാനത്ത് ആദ്യമായി രൂപീകരിക്കപ്പെട്ട എപ്ലോയബ്ലിറ്റി സെന്ററുകൾ. എംപ്ലോയ്മെന്റ് വകുപ്പിലെ നിലവിലുള്ള പരമ്പരാഗത പ്രവർത്തനങ്ങളെ പൂർണമായും ഉടച്ചുവാർത്തുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ തൊഴിൽമാർഗ നിർദേശവും കരിയർ കൗൺസിലിങ്ങും നൽകിക്കൊണ്ട് ഉദ്യോഗാർഥികളെ സജ്ജരാക്കാനാണ് എംപ്ലോയബ്ലിറ്റി സെന്ററുകൾകൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

സമസ്തമേഖലയിലെയും തൊഴിലാളികൾക്ക് മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും പുതുതായി മിനമം വേതനം നിശ്ചയിക്കുകയും ചെയ്തുകൊണ്ട് ഈ സർക്കാർ തൊഴിലാളികളോടുള്ള തങ്ങളുടെ സമീപനം വ്യക്തമാക്കിയിരിക്കുന്ന വേളയാണിത്. എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ലഭിച്ചിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി നൂതന നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം വർധിപ്പിച്ചുകൊണ്ടുവരാൻ നമുക്കു കഴിഞ്ഞു. സംസ്ഥാനത്ത് അടഞ്ഞുകിടന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞു. വിവിധ തൊഴിലാളിക്ഷേമ പെൻഷനുകൾ വർധിപ്പിച്ചതിനുപുറമെ, വർധിപ്പിച്ച പെൻഷനുകൾ മുഴുവൻ വിതരണം ചെയ്യുന്നതിനും ഐക്യജനാധിപത്യമുന്നണി സർക്കാരിനു കഴിഞ്ഞു. സംസ്ഥാനത്ത് നല്ല തൊഴിലാളി-തൊഴിലുടമ ബന്ധം സ്ഥാപിച്ചെടുക്കാൻ നമുക്കായി എന്നത് എടുത്തുപറയേണ്ട ഒരു നേട്ടമാണ്.

തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഐക്യവും അവരുടെ സമൂഹത്തിനുവേണ്ടിയുള്ള അർപ്പണബോധവുമാണ് ഇത്തരത്തിലുള്ള നടപടികളുമായി മുന്നേറാൻ സർക്കാരിന് പ്രേരകമാകുന്നത്. ശക്തമായ ഒരു കേരളത്തെ സൃഷ്ടിക്കുന്നതിനും പുത്തൻ തലമുറയ്ക്ക് നല്ല ഭാവി കൈമാറുന്നതിനും ഇന്നത്തെ പ്രവർത്തനങ്ങൾ പ്രേരകമാകണം.

സ്വാതന്ത്ര്യത്തിനും സമാധാനത്തിനും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ ഇനിയും ബഹുദൂരം മുന്നോട്ടു പോകാനുണ്ട്. അതിന്റെ മുന്നണി പടയാളികളാണ് പണിയെടുക്കുന്നവർ, രാഷ്ട്രത്തിന്റെ നട്ടെല്ലാണ് തൊഴിലാളികൾ.

തൊഴിലാളികളുടെ ഐതിഹാസികമായ പ്രക്ഷോഭങ്ങൾ അധ്വാനിക്കുന്ന മനുഷ്യന് എക്കാലവും സംഘശക്തിയുടെ സ്രോതസ്സായി നിലകൊള്ളുമെന്ന കാര്യത്തിൽ സംശയമില്ല. നവഭാരത സൃഷ്ടിക്കുവേണ്ടി പണിയെടുക്കുന്ന എല്ലാ തൊഴിലാളി സുഹൃത്തുക്കളുമായിച്ചേർന്ന് മുന്നോട്ടുള്ള കുതിച്ചുചാട്ടത്തിന് തയാറെടുക്കുകയാണ് ഭാവികേരളം. ■

വികസനവും കരുതലും 2

# കർമകുശലതയുടെ രണ്ടു സംവത്സരങ്ങൾ




**അനൂപ് ജേക്കബ്**

ഭക്ഷ്യ-സിവിൽ സപ്ലൈസ്-രജിസ്ട്രേഷൻ മന്ത്രി


ഭക്ഷ്യ-സിവിൽ സപ്ലൈസ്-രജിസ്ട്രേഷൻ വകുപ്പുകളെ സംബന്ധിച്ചിടത്തോളം പ്രവർത്തന ചടുലതയുടെയും കർമകുശലതയുടെയും രണ്ടു സംവത്സരങ്ങാണ് കടന്നുപോയത്. ദീർഘകാലവികസനത്തിന് മുതൽക്കൂട്ടാവുന്ന ഒട്ടേറെ പ്രവർത്തനങ്ങളും തീരുമാനങ്ങളും ഈ കാലയളവിലുണ്ടായി.

ഭക്ഷ്യവിതരണ രംഗത്തെ അനാരോഗ്യകരമായ പ്രവർത്തനങ്ങൾ ആവർത്തിച്ചുള്ള പരിശോധനകളിലൂടെയും എൻഫോഴ്സ്മെന്റ് നടപടികളിലൂടെയും ചെറുക്കാനായി. ആധുനികവത്കരണത്തിന്റെ ഭാഗമായുള്ള ഒട്ടേറെ നടപടികളിലൂടെ രജിസ്ട്രഷൻ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവും ജനസൗഹാർദപരവുമാക്കാൻ കഴിഞ്ഞു. തറവാട്ടു സ്വത്തുവിഭജനവുമായി ബന്ധപ്പെട്ടു ഭാഗപത്രങ്ങളുടെയും ധനനിശ്ചയാധാരങ്ങളുടെയും മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലുമുള്ള ഇളവ് അടുത്തകാലത്തുണ്ടായ ഏറ്റവും നല്ലൊരു ജനകീയനടപടിയായി. ഉപഭോക്തൃ ബോധവത്കരണരംഗത്തും ക്രിയാത്മകമായ ഒട്ടേറെ ചുവടുവെപ്പുകളുണ്ടായി.

ഇത്തരത്തിൽ ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃ സംരക്ഷണ-രജിസ്ട്രേഷൻ രംഗത്തെ പുതിയ ചലനങ്ങളുടെയും ചുവടുവയ്പുകളുടെയും ഒരു നഖചിത്രമാണ് തുടർന്നുള്ള ഖണ്ഡികകളിൽ.

## പൊതുവിതരണ ശൃംഖല മാറ്റത്തിന്റെ പാതയിൽ

നിത്യോപയോഗസാധനങ്ങളുടെ വിലവർധനവിനെ ശക്തമായി ചെറുക്കാൻ ഫലപ്രദമായ നടപടികൾ കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ (സപ്ലൈകോ) വഴി സ്വീകരിച്ചു. 13 ഇനം നിത്യോപയോഗസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 50 ശതമാനമോ അതിൽ കൂടുതലോ വിലക്കിഴിവിൽ വിതരണം നടത്തുന്നു. ഇടക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർധനയെ നേരിടാൻ ഈ പദ്ധതികൊണ്ട് ഫലപ്രദമായിക്കഴിഞ്ഞു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ സബ്സിഡി സാധനങ്ങളുടെ വിൽപനയിൽ കഴിഞ്ഞ സാമ്പത്തികവർഷം സപ്ലൈകോ എക്കാലത്തെയും മികച്ച നേട്ടമാണ് കൈവരിച്ചത്.

ക്രമാതീതമായി ഉയരാനാരംഭിച്ച അരിവിലവർധനയ്ക്ക് തടയിടാൻ കഴിഞ്ഞത് സപ്ലൈകോ വഴി നടപ്പാക്കിയ അരിക്കട പദ്ധതിയിലൂടെയാണ്. ഈ പദ്ധതിയിലൂടെ കിലോയ്ക്ക് 16 രൂപ നിരക്കിൽ മട്ട അരിയും പച്ചരിയും, 10 രൂപ നിരക്കിൽ കുറുവ അരിയും, 21 രൂപ നിരക്കിൽ ജയ അരിയും വിതരണം ചെയ്യുന്നു. ശരാശരി വിപണിവിലയേക്കാൾ 50 ശതമാനം വിലക്കുറവിലാണ് ഇത് വിതരണം ചെയ്യുന്നത്.

ഈ സർക്കാർ നിലവിൽ വന്നശേഷം 47 മാവേലിസ്റ്റോറുകൾ

പുതുതായി ആരംഭിച്ചു. നാല് സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകളാക്കുകയും 20 പുതിയ സൂപ്പർമാർക്കറ്റുകളാരംഭിക്കുകയും ചെയ്തു. ഇതിനുപുറമെ മാവേലി മെഡിക്കൽ സ്റ്റോറുകളാരംഭിച്ചു. ഈ സാമ്പത്തികവർഷം 50 മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു.

നെൽക്കർഷകരെ സഹായിക്കുന്നതിനായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന നെല്ലിന് താങ്ങുവില നൽകി കേന്ദ്രഗവൺമെന്റിനുവേണ്ടി നെല്ലെടുക്കുന്ന പദ്ധതി സപ്ലൈകോയാണ് നിർവഹിക്കുന്നത്. 2012-13 സീസണിൽ കേന്ദ്രസർക്കാർ കിലോയ്ക്ക് 11.80 രൂപ താങ്ങുവില പ്രഖ്യാപിച്ചപ്പോൾ സംസ്ഥാന സർക്കാർ, സർക്കർ വിഹിതമായി 4.20 രൂപ കൂടി വർധിപ്പിച്ച് ഇവിടുത്തെ കർഷകർക്ക് 15 രൂപ നൽകിയിരുന്നു. കേന്ദ്രസർക്കാർ ഇത് 13 രൂപയായി 2013-14 സീസണിലേക്ക് ഉയർത്തിയപ്പോൾ സംസ്ഥാന സർക്കാർ ഇത് 17 രൂപയായി വർധിപ്പിച്ച് കർഷകർക്ക് നൽകിവരുന്നു. ഇപ്രകാരം ഏറ്റെടുക്കുന്ന നെല്ല് സപ്ലൈകോയുമായി കരാറുണ്ടാക്കിയിട്ടുള്ള 63 മില്ലുകളെ ഏൽപ്പിച്ച് കുത്തി അരിയാക്കി, കേന്ദ്രവിഹിതമായി റേഷൻ നൽകാൻ അനുവദിക്കുന്ന അരിയുടെ ഭാഗമായി സംസ്ഥാനത്തെ ഏഴു ജില്ലകളിൽ വിതരണം ചെയ്യുന്നു.

സംസ്ഥാനത്ത് പൊതുവിതരണ രംഗത്ത് നിർണായക സ്വാധീനം ചെലുത്തുന്ന സപ്ലൈകോയുടെ വളർച്ച സംസ്ഥാനത്തെ സമാനമായ കോർപറേഷനുകളിൽ നിന്നും വളരെ വ്യത്യസ്തമാണ്. 2009-10 വർഷത്തിൽ 2.28 ലക്ഷം കോടിയായിരുന്നത് 2012-13 ൽ 2.74 ലക്ഷം കോടിയായി ഉയർന്നു. 2012-13 ൽ 135 കോടി രൂപ വിപണിയിടപെടലിനായി സംസ്ഥാന സർക്കാർ അനുവദിച്ചിരുന്നു.

യു.ഡി.എഫ്. സർക്കാർ അധികാരമേറ്റതിന്റെ രണ്ടാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ പൊതുവിതരണ രംഗത്ത് അഭിമാനകരമായ പല നേട്ടങ്ങളും കൈവരിക്കൻ കഴിഞ്ഞു. ഇതിൽ മുഖ്യം ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ അരി നൽകാമെന്ന വാഗ്ദാനം സമയബന്ധിതമായി നടപ്പാക്കിയെന്നതു തന്നെ. 21 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കാനായി എന്നത് ചാരിതാർഥ്യമാണ്. എ.പി.എൽ. കുടുംബങ്ങളിൽ പിന്നാക്കം നിൽക്കുന്നവർക്ക് രണ്ടു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി എല്ലാ തടസങ്ങളെയും അതിജീവിച്ച് വിജയകരമായി തുടരാനാകുന്നു. 42 ലക്ഷത്തിലധികം എ.പി.എൽ. കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിലെ ബി.പി.എൽ. പട്ടികയിൽ പേരുൾപ്പെട്ടിട്ടുണ്ടെങ്കിലും ബി.പി.എൽ കാർഡോ ആനുകൂല്യങ്ങളോ ലഭിക്കാത്ത 12 ലക്ഷത്തോളം കുടുംബങ്ങൾക്ക് ബി.പി.എൽ. നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിനും സർക്കാരിനു കഴിഞ്ഞു.

മതിയായ രേഖകൾ സഹിതം റേഷൻകാർഡിനപേക്ഷിക്കുന്നവർക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ റേഷൻ കാർഡുകൾ നൽകുന്ന പദ്ധതി വിജയകരമായി നടപ്പാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ചരലക്ഷത്തിലധികം റേഷൻ കാർഡുകൾ നൽകി. ഇതിനുപുറമെ യോഗ്യരായ മുപ്പത്തിനാലായിരത്തോളം കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡുകളും നൽകാനായി.

റേഷൻ വിതരണം കുറ്റമറ്റതാക്കുന്നതിനും കൂടുതൽ സുതാര്യമാക്കുന്നതിന്റെയും ഭാഗമായി പഞ്ചായത്തുതലത്തിലും മുനിസിപ്പൽ-കോർപറേഷൻ തലങ്ങളിലും താലൂക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിലും ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് ഇതിനോടകം 673 പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികളാരംഭിച്ചു. ഭക്ഷ്യമന്ത്രി ചെയർമാനായി, സംസ്ഥാനതല ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയും പ്രവർത്തനമാരംഭിച്ചു. പൊതുവിതരണരംഗത്തെ വിജിലൻസും മോണിട്ടറിങ് സംവിധാനം ഏർപ്പെടുത്തുന്നതിനായി വിവിധ തലങ്ങളിൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്.

സപ്ലൈകോ ഔട്ട്ലെറ്റുകളോടനുബന്ധിച്ച് മാവേലി റേഷൻ കടകൾ ആരംഭിക്കാൻ കഴിയുന്നവിധത്തിൽ നിയമഭേദഗതികൾ വരുത്തും.

ഒരു ഘട്ടത്തിൽ പ്രവർത്തനം നിലച്ചുപോയ മാവേലി ഹോട്ടലുകൾ, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ പുനരാരംഭിക്കാൻ നടപടികൾ നടന്നുവരുന്നു.

സംസ്ഥാനത്തെ പൊതുവിതരണരംഗം സമഗ്രമായ മാറ്റത്തിന്റെ പാതയിലാണ്. പൊതുവിതരണ സംവിധാനം പൂർണമായി കംപ്യൂട്ടർവത്കരിക്കുന്നതിനും അർഹത



**പൊതുവിതരണ സംവിധാനം പൂർണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാല ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു**

പ്പെട്ടവർക്ക് അനുവദിക്കപ്പെടുന്ന അളവിലുള്ള ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി തിരിമറിയോ ചോർച്ചയോ കൂടാതെ അവർക്കുതന്നെ എത്തിക്കുകയെന്ന ലക്ഷ്യം നിറവേറുന്നതിനും കേന്ദ്രസർക്കാർ നൽകിയ നിർദേശപ്രകാരം ഇതുമായി ബന്ധപ്പെട്ട സജീവ പ്രവർത്തനങ്ങൾ സംസ്ഥാനത്തും ആരംഭിച്ചുകഴിഞ്ഞു.

ഗുണഭോക്താക്കളുടെ പൂർണവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അടുത്ത ഘട്ടം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് റേഷൻ കടകളിൽ എത്തിക്കുന്നതുവരെയുള്ള വിതരണ പ്രക്രിയ കംപ്യൂട്ടർവത്കരിക്കുന്നതാണ്. റേഷൻ സാധനങ്ങൾ ഗുണഭോക്താവിന് വിതരണം നടത്തുന്നതും, റേഷൻ വാങ്ങുന്നത് യഥാർഥ ഗുണഭോക്താവാണെന്ന് ഉറപ്പുവരുത്തുന്നതിനും അതോടൊപ്പം ഗുണഭോക്താവ് വാങ്ങുന്ന റേഷൻ സാധനങ്ങളുടെ കൃത്യമായ അളവ് രേഖപ്പെടുത്തുന്നതുൾപ്പെടെയുള്ള വിവരങ്ങൾ കംപ്യൂട്ടർവത്കരിച്ച് വിതരണരീതി പൂർണമായി കുറ്റമറ്റതാക്കുന്നതാണ് മൂന്നാം ഘട്ടം. നാലാംഘട്ടത്തിൽ പരാതി പരിഹാരം സുതാര്യമാക്കി റേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുകയാണ്. ഇതെല്ലാം പ്രാവർത്തികമാക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.



**ഈങ്ങാപ്പുഴ മാവേലി സ്റ്റോർ ഉദ്ഘാടനം നിർവഹിച്ച മന്ത്രി അനൂപ് ജേക്കബ് ഉൽപന്നങ്ങൾ പരിശോധിക്കുന്നു**

## സുതാര്യതയോടെ രജിസ്ട്രേഷൻ വകുപ്പ്

സംസ്ഥാനത്തെ ആദ്യകാല വകുപ്പുകളുടെ കൂട്ടത്തിലൊന്നാണ് രജിസ്ട്രേഷൻ വകുപ്പ്. ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട ആധാരങ്ങളുടെ കലർപ്പില്ലായ്മയ്ക്ക് നിരാക്ഷേപമായ തെളിവുണ്ടാക്കുക, ഇടപാടുകൾക്ക് പ്രചരണം നൽകുക, വഞ്ചന (കൃത്രിമം) തടയുക, സ്ഥാവരസ്വത്ത് എന്നനിലയിൽ ഒരു വസ്തു കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ സൗകര്യം നൽകുക, അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക, അസലാധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം നൽകുക തുടങ്ങിയവയാണ് വകുപ്പ് നിർവഹണം നടത്തുന്ന രജിസ്ട്രേഷൻ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പൗരജനങ്ങൾക്ക് ഈ സേവനം പരമാവധി വേഗത്തിലും കുറ്റമറ്റരീതിയിലും കാര്യക്ഷമതയോടെ നൽകപ്പെടുന്നു എന്നുറപ്പാക്കുകയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന കർത്തവ്യം. സർക്കാർ പട്ടയം, ലേലവിക്രയ സാക്ഷിലിഖിതം മുതലായി പ്രത്യേകം വ്യവസ്ഥചെയ്തിട്ടുള്ളവയൊഴിച്ചാൽ, സമ്പത്തിന്റെ, വിശേഷിച്ചും സ്ഥാവരസ്വത്തിന്റെ ഉടമസ്ഥാവകാശം സംശയലേശമെന്യേ തെളിയിക്കാൻ കഴിയുന്നത് രജിസ്ട്രേഷൻ നടപടികളിലൂടെയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 2011 സെപ്റ്റംബർ ഒന്നാം തീയതി, അന്നത്തെ രജിസ്ട്രേഷൻ മന്ത്രി യശഃശരീരനായ ടി.എം. ജേക്കബ് രജിസ്ട്രേഷൻ വകുപ്പിൽ ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾക്കായുള്ള 'ഒപ്പൺ പേൾ' പദ്ധതിക്ക് തുടക്കംകുറിച്ചു.

കേന്ദ്രസർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് പദ്ധതി പ്രകാരം, ഇ-ഗവേണൻസ് പദ്ധതികൾക്ക് ഓപ്പൺ സോഫ്റ്റുവെയർ ഉപയോഗിക്കണമെന്ന മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ സോഫ്റ്റുവെയർ ഓപ്പൺ സാങ്കേതികവിദ്യ വകുപ്പ് വികസിപ്പിച്ചെടുത്തു. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെയാണ് സംസ്ഥാന സർക്കാർ പദ്ധതി നടപ്പിലാക്കുന്നത്.

ഓപ്പൺ പേൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന സെർവർ കംപ്യൂട്ടറിൽ ശേഖരിക്കുക വഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നത് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പാണ്. ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കംപ്യൂട്ടറിലും (സെർവർ) ലഭ്യമാക്കുന്നു. അതുവഴി സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭിക്കുന്നു. മറ്റു സേവനങ്ങൾക്കു പുറമെ ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള അത്യാവശ്യം വിവരങ്ങൾ പൊതുജനങ്ങൾക്ക് വെബ്സൈറ്റിലൂടെ കാണാൻ കഴിയും. ബാങ്കുകൾക്കും മറ്റു ധനകാര്യസ്ഥാപനങ്ങൾക്കും സ്ഥാവരവസ്തുവിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുവാനും വകുപ്പ് ആലോചിക്കുന്നു.

ഈ പദ്ധതിയുടെ പരീക്ഷണഘട്ടം തിരുവനന്തപുരം പേട്ട സബ് രജിസ്ട്രാർ ഓഫീസിൽ 2011 സെപ്റ്റംബർ ഒന്നിന് ആരംഭിക്കുകയും പരീക്ഷണ പരിപാടി വിജയകരമായി പൂർത്തിയാക്കിയതിനുശേഷം തിരുവനന്തപുരത്ത് 12 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വ്യാപിക്കുന്നതിനുള്ള നപടികൾ നടന്നുവരുന്നു.

ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ആധാരം സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റിലൂടെ അറിയുവാനുള്ള സൗകര്യമുണ്ട്. കൂടതെ ആധാരം രജിസ്ട്രേഷനുകൾക്ക് സമയക്രമം പാലിക്കുവാനായി വസ്തുവിവരങ്ങൾ ഓൺലൈനായി

നൽകി ടോക്കൺ എടുക്കുവാനും രജിസ്ട്രേഷൻ നടപടികൾക്കായി ഹാജരാകേണ്ട സ്ഥലവും സമയവും മുൻകൂട്ടി അറിയുവാനുമുള്ള സൗകര്യവുമുണ്ട്.

ഇ-പേമെന്റ് സൗകര്യം പ്രയോജനപ്പെടുത്തി ബാധ്യതാസർട്ടിഫിക്കറ്റുകൾ അപേക്ഷകന് ഓൺലൈനായിത്തന്നെ ലഭ്യമാക്കാവുന്നതാണ്. ഇ-സ്റ്റാമ്പിങ് സംവിധാനമേർപ്പെടുത്തി സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുന്നതിനായി സുതാര്യമായ ബദൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യേണ്ട ഭൂമിയുടെ ന്യായവില വിവരങ്ങൾ അറിയുവാനും വിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി സ്വമേധയാ കണക്കാക്കുന്നതിനുമുള്ള പ്രത്യേക സംവിധാനവും അതിന്റെ പ്രത്യേകതയാണ്. ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും ഇലക്ട്രോണിക്കായിത്തന്നെ എടുക്കുന്നതിനുള്ള സൗകര്യമുള്ളതിനാൽ വ്യാജ ആധാരങ്ങൾ തടയുവാൻ കഴിയുന്നു. കൂടാതെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സെൽഫോണിൽ എസ്.എം.എസ്. ആയി ലഭ്യമാക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

രജിസ്ട്രേഷൻ വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സാമ്പത്തിക വിശകലനം സാധ്യമാക്കുന്നു.

ആധാര രജിസ്ട്രേഷനുകൾ വർധിച്ച സാഹചര്യത്തിൽ സബ് രജിസ്ട്രാർ ഓഫീസിൽ സൂക്ഷിക്കേണ്ട പ്രമാണങ്ങളിലും ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. പ്രസ്തുത രേഖകൾ സൂക്ഷിക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ പരിമിതമായ സൗകര്യങ്ങളാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചുവരുന്ന പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലേക്കു മാററുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിക്കുകയും കേന്ദ്രാവിഷ്കൃത പരിപാടിയായ നാഷണൽ ലാൻഡ് റിക്കോർഡ്സ് മോഡേണൈസേഷൻ (എൻ.എൽ.ആർ.എം.പി.) എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്കു മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡേറ്റായുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകളും ഉടനടി നൽകാവുന്ന തരത്തിലുള്ള സേവനം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഈ പദ്ധതിയുടെ പരീക്ഷണഘട്ടം കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലായിരുന്നു. 2012-13 സാമ്പത്തികവർഷം പദ്ധതി സംസ്ഥാനത്തെ അഞ്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽക്കൂടി നടപ്പാക്കി.

സംഘടനാ രജിസ്ട്രേഷനും പാർട്ണർഷിപ് നിയമപ്രകാരമുള്ള ഫോംസ് രജിസ്ട്രേഷനും കേരള സർക്കാർ സ്ഥാപനമായ സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റി. ഇപ്പോൾ www.egroops.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സംഘടനാ രജിസ്ട്രേഷൻ, പാർട്ണർഷിപ് നിയമപ്രകാരമുള്ള ഫോംസ് രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഇന്റർനെറ്റ് മുഖാന്തിരം സമർപ്പിക്കാവുന്നതാണ്. കൂടാതെ വാർഷിക റിട്ടേണുകളും അനുബന്ധരേഖകളും അപേക്ഷയോടൊപ്പം തന്നെ സമർപ്പിക്കുന്നതിനുള്ള സൗകര്യവും വെബ്സൈറ്റിൽ ലഭ്യമാക്കി. ഈ സംവിധാനം പൂർണതോതിൽ നിലവിൽ വരുന്നതോടെ കേരളത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടനകളുടെയും കൂട്ടുകച്ചവട സ്ഥാപനങ്ങളുടെയും വിശദവിവരങ്ങൾ ഉടനടി അറിയുവാനും കഴിയും.

സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങളിലെ വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിങ് സംവിധാനം കേരള സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സർക്കാർ നടപടികളാരംഭിച്ചു.

ഇ-സ്റ്റാമ്പിങ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി ആധാര രജിസ്ട്രേഷനുകൾ ആവശ്യമെങ്കിൽ കാർഡ് രൂപത്തിലേക്ക് മാറ്റുവാനുള്ള സൗകര്യം ലഭിക്കും. ഇതിനുപുറമെ ആധാരങ്ങൾ കേരളത്തിലെ ഏതു സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കും. ആധാരപ്പകർപ്പുകളും ബാധ്യതാ സർട്ടിഫിക്കറ്റുകളും ജനസേവന കേന്ദ്രങ്ങൾ വഴി നൽകാനാകും. ചിട്ടി രജിസ്ട്രേഷനുകൾ പൂർണമായും ഓൺലൈനാക്കും. ഈ-സ്റ്റാമ്പിങ് സൗകര്യം ബാങ്കുകൾ വഴി ലഭ്യമാക്കും. സബ് രജിസ്ട്രാർ ഓഫീസുകളുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കെല്ലാം ഇന്റർനെറ്റ് ബാങ്കിങ് സൗകര്യമേർപ്പെടുത്താനാകും.

കൂടാതെ ആധാര രജിസ്ട്രേഷനുകളോടൊപ്പം തന്നെ പോക്കുവരവ് നടപടികളും ത്വരിതമാക്കും. മൊബൈൽ ഗവേണൻസ് പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി നിർവഹണം ക്രിയാത്മകമാകും.

ഭാഗപത്രങ്ങളുടെ പരമാവധി രജിസ്ട്രേഷൻ 25,000 രൂപയായി കുറിച്ചു. കുടിശികയായി കിടക്കുന്ന അണ്ടർവാലേഷൻ കേസുകളിൽ തീർപ്പു കൽപിക്കുന്നതിനായി ഒറ്റത്തണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി ഇതിന്റെ പ്രയോജനം 17 ലക്ഷത്തോളം അണ്ടർവാലേഷൻ കേസുകൾക്ക് ലഭിക്കുന്നതാണ്.

ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി അദാലത്തുകളിൽക്കൂടി 80000 അപ്പീലുകളിൽ തീർപ്പുകൽപ്പിച്ചു. അപ്പീൽ പരിഗണിക്കൽ തുടർപ്രക്രിയയാക്കിക്കൊണ്ട് തുടർന്നുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ സംവിധാനവും നടപ്പാക്കി. ■




**ഉപഭോക്തൃ ശാക്തീകരണം - ഏകദിന ശില്പശാലയുടെ ഉദ്ഘാടനം ഭക്ഷ്യ സിവിൽസപ്ലൈസ് മന്ത്രി അനൂപ് ജേക്കബ് നിർവഹിക്കുന്നു**

വികസനവും കരുതലും

2

# ലക്ഷ്യം വൈദ്യുതി സ്വയംപര്യാപ്തത




**ആര്യാടൻ മുഹമ്മദ്**
ഊർജ-ഗതാഗത മന്ത്രി


അനവധി വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ച യു.ഡി.എഫ് സർക്കാർ രണ്ടു വർഷം പിന്നിടുകയാണ്. ഹ്യസ്വമായ കാലയളവാണെങ്കിലും കഴിഞ്ഞ രണ്ടു വർഷം ഊർജ മേഖലയിൽ നിരവധി നേട്ടങ്ങൾക്കു കേരളം സാക്ഷ്യം വഹിച്ചു. ഊർജമേഖല പ്രതിസന്ധിയുടെ കയത്തിലാണെങ്കിലും അതെല്ലാം അതിജീവിച്ച്, ജനതയെ ബുദ്ധിമുട്ടിക്കാതെ പ്രവർത്തനനിരതമാക്കാൻ കഴിഞ്ഞത് ഫലപ്രദമായ എനർജി മാനേജ്മെന്റിലൂടെയാണ്.



വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും തമ്മിലുള്ള അന്തരം ആശങ്കയുണർത്തുംവിധം വർധിക്കുന്ന ഇക്കാലത്ത്, വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമാക്കുന്ന പദ്ധതികൾക്ക് വലിയ പ്രാധാന്യമുണ്ട്. ഇതു മനസ്സിലാക്കിയാണ് റാന്നിയിൽ പെരിനാട്ട് നാലു മെഗാവാട്ടിന്റെയും പീച്ചിയിൽ 1.25 മെഗാവാട്ടിന്റെയും ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തത്.

വൈദ്യുതി ഉത്പാദനത്തിന് പരമ്പരാഗതമാർഗങ്ങൾക്കപ്പുറത്തേക്ക് ചിന്തിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ കാറ്റാടിപ്പാടം വികസിപ്പിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപറേഷനുമായി ചേർന്ന് 200 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ചു. ഇതിന്റെ ആദ്യഘട്ടത്തിൽ കാറ്റിൽ നിന്നും 20 മെഗാവാട്ടിന്റെ വൈദ്യുതി പദ്ധതി ഉടൻ നടപ്പാവും. കൂടാതെ കഞ്ചിക്കോട് കാറ്റിൽ നിന്നും 22 മെഗാവാട്ടിന്റെ വൈദ്യുതി പദ്ധതി ഇനോക്സ് റിന്യൂവബിൾ എനർജി ലിമിറ്റഡ് എന്ന സ്വകാര്യസംരംഭകർ വഴി നടപ്പിലാക്കുവാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടുതൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിലേക്കായി, കാറ്റിന്റെ ശക്തിയും ഗതിയും മറ്റു വിശദവിവരങ്ങളും മനസ്സിലാക്കുവാനായി അഞ്ചു പുതിയ വിൻഡ് മോണിറ്ററിങ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

സർക്കാരിന്റെ രണ്ടാം വാർഷികാഘോഷവേളയിൽ തന്നെ കേരളത്തിന്റെ എൽ.എൻ.ജി. സാധ്യതകളുടെ ചിത്രം വ്യക്തമാകുമെന്നത് വലിയ പ്രതീക്ഷയാണ് നൽകുന്നത്. കായംകുളം താപവൈദ്യുതി നിലയത്തിന്റെ ശേഷി എൽ.എൻ.ജിയിലൂടെ വർധിപ്പിക്കുവാൻ വേണ്ടി ഗ്യാസ് പൈപ്പ് ലൈൻ നിർമിക്കാതെ തന്നെ കായംകുളത്തേക്കു ഗ്യാസ് എത്തിക്കാനുള്ള ബദൽ മാർഗങ്ങൾ പരിഗണനയിലാണ്. ഇതിനുപുറമേ സൗരോർജം, ഓഷൻ തെർമൽ വൈദ്യുതി, ടൈഡൽ വൈദ്യുതി, ബയോമാസിൽ നിന്നുള്ള ഊർജോത്പാദനം തുടങ്ങിയവയിൽ നിന്നുള്ള ഊർജോത്പാദന പദ്ധതികളും സജീവ പരിഗണനയിലാണ്. കൂടാതെ കെ.എസ്.ഇ.ബി. നേരിട്ട് ബ്രഹ്മപുരത്ത് എൽ.എൻ.ജി. ഉപയോഗിച്ച് 400 മെഗാവാട്ട് വൈദ്യുതി പ്രസരണമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ പനങ്ങോട്ട് ഒരു 110 കെ.വി. സബ്സ്റ്റേഷനും അഞ്ചുകുന്നിൽ ഒരു 66 കെ.വി. സബ്സ്റ്റേഷനും നിർമിച്ചു. ഇവയ്ക്കു പുറമെ കരമന, വള്ളിക്കുന്നം, കടയ്ക്കാവൂർ, വണ്ണപുറം, പരവൂർ, വാകത്താനം പേയാട്, കണ്ണനല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമാണം പൂർത്തിയാക്കി. 2012 -2017 കാലയളവിൽ 124 സബ്സ്റ്റേഷനുകളുടെ നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

പള്ളിക്കരയിൽ പവർ ഗ്രിഡ് കോർപറേഷൻ നിർമിച്ച 400 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് വൈദ്യുതി ബോർഡ് പുതുതായി നിർമിച്ച പള്ളിക്കര-ബ്രഹ്മപുരം-കളമശ്ശേരി 220 കെ.വി. ലൈനിലൂടെ വൈദ്യുതി പ്രവഹിപ്പിച്ച് തുടങ്ങിയത് ഒരു നേട്ടമാണ്. കൂടംകുളത്തുനിന്ന് ഇടമൺ വഴി മാടക്കത്തറയിലേക്കുള്ള 400 കെ.വി. ലൈൻ പദ്ധതിയുടെ ഭാഗമായാണ് പള്ളിക്കരയിൽ 400 കെ.വി. സബ്സ്റ്റേഷൻ നിർമിച്ചത്. ഇടുക്കി, ലോവർപെരിയാൽ നിലയങ്ങളിൽ നിന്ന് മാടക്കത്തറയിൽ വൈദ്യുതി എത്തിക്കുന്ന ലൈനിൽ എന്തെങ്കിലും തകരാറുണ്ടായാൽ പുതുതായി കമ്മിഷൻ ചെയ്ത 220 കെ.വി. ലൈൻ വഴി വടക്കൻ കേരളത്തിൽ വൈദ്യുതി എത്തിക്കാനാകും.

ഗുണമേന്മയുള്ള വൈദ്യുതി തടസ്സം കൂടാതെ ലഭ്യമാക്കി ഉപഭോക്തൃസംതൃപ്തി ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തിനായി വിതരണമേഖലയെ തയാറാക്കേണ്ടതുണ്ട്. വിതരണമേഖലയിൽ, ആലപ്പുഴയിലെ ഹരി




**കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ അനെർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്ന റൂഫ് ടോപ്പ് സൗരോർജ്ജ പദ്ധതി കേന്ദ്ര മന്ത്രി ഡോ. ഫറൂക്ക് അബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ്, ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സമീപം.**

പ്പാട്ട് ഒരു പുതിയ ഡിവിഷൻ ആരംഭിച്ചു. ഇതിനു പുറമെ, തിരുവനന്തപുരത്ത് രണ്ടും (പള്ളിക്കൽ, തൊളിക്കോട്), കൊല്ലത്ത് മൂന്നും (ഇടപ്പള്ളിക്കോട്ട, കൊട്ടാരക്കര ഈസ്റ്റ്, പട്ടാഴി), കോട്ടയത്ത് നാലും (പത്തനാട്, കൊല്ലപ്പള്ളി, പെരുവ, പാറത്തോട്), എറണാകുളത്ത് ഒൻപതും (തൃക്കാക്കര വെസ്റ്റ്, വെണ്ണല, ഏരൂർ, തിരുവണ്ണിയൂർ, പനങ്ങാട്, ചേരനല്ലൂർ, മന്നം, നീരിക്കോട്, ഒക്കൽ) പുതിയ ഇലക്ട്രിക്കൽ സെക്ഷനുകൾ രൂപീകരിച്ചു. ഇതിനു പുറമേ, ആലപ്പുഴയിൽ മുതുകുളത്തും ഇടുക്കിയിൽ ആനക്കരയിലും പുറപ്പുഴിയിലും പാലക്കാട് കൂട്ടുപാതയിലും പുതിയ സെക്ഷനുകൾ തുടങ്ങി. വയനാട് ജില്ലയിൽ മുട്ടിൽ സെക്ഷനും കാസർകോട്ട് പെർളയിലും കണ്ണൂരിൽ കാർത്തികപുരത്തും പുതിയ സെക്ഷനുകൾ രൂപീകരിക്കാനായി. മലപ്പുറത്ത് പോരൂർ, കരുവാരക്കുണ്ട്, കുറുലായി, അകമ്പടം, പുത്തനത്താണി സൗത്ത്, താനൂർ ഈസ്റ്റ്, ഇഴവുത്തുരുത്തി, പെരുമ്പടപ്പ് എന്നിവിടങ്ങളിലായി എട്ടു പുതിയ സെക്ഷനുകളും രൂപീകരിച്ചു. മൊത്തം 35 സെക്ഷനുകളാണ് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ തുടങ്ങാനായത്.

**കൂടുതൽ പേർക്ക് വൈദ്യുതി എത്തിക്കുന്നതിലും സർക്കാർ അതീവ ശ്രദ്ധപുലർത്തിയിട്ടുണ്ട്. 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ 774206 പുതിയ കണക്ഷനുകളാണ് നൽകിയത്. ഈ കാലയളവിൽ മൊത്തം 6763 ട്രാൻസ്ഫോർമറുകളും 3712 കിലോമീറ്റർ 11 കെ.വി. ലൈനും സ്ഥാപിച്ച് വിതരണം കൂടുതൽ സുഗമമാക്കാനായി**

ഗ്രാമങ്ങളിൽ വൈദ്യുതീകരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച 'രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന' (ആർ.ജി.ജി.വി.വൈ.) എന്ന പദ്ധതി ഇടുക്കിയിലും വടക്കൻ ജില്ലകളിലും നടപ്പാക്കിവരുന്നതിനു പുറമെ, തെക്കുള്ള ഏഴു ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിൽ നിന്നും 89 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം വാങ്ങുവാനും സാധിച്ചു. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള തെക്കൻ ജില്ലകളിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ ഗ്രാമീണ വൈദ്യുതീകരണ പ്രവൃത്തികൾ പൂർണമായും നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.




**കഞ്ചിക്കോട് 22 മെഗാവാട്ട് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമതിപത്രം വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് ഇനെക്സ് റിന്യൂവബിൾ ലിമിറ്റഡിന് കൈമാറുന്നു. വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സമീപം**

കൂടുതൽ പേർക്ക് വൈദ്യുതി എത്തിക്കുന്നതിലും സർക്കാർ അതീവ ശ്രദ്ധപുലർത്തിയിട്ടുണ്ട്. 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ 774206 പുതിയ കണക്ഷനുകളാണ് നൽകിയത്. ഈ കാലയളവിൽ മൊത്തം 6763 ട്രാൻസ്ഫോർമറുകളും 3712 കിലോമീറ്റർ 11 കെ.വി. ലൈനും സ്ഥാപിച്ച് വിതരണം കൂടുതൽ സുഗമമാക്കാനായത് എടുത്തു പറയത്തക്ക നേട്ടമാണ്.

സംസ്ഥാനത്തെ 84 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ഓൺലൈനായി വൈദ്യുതി ബിൽ അടയ്ക്കാനുള്ള സൗകര്യം ഒരുക്കിയത് അഭിമാനകരമായ നേട്ടമാണ്. കൂടാതെ വൈദ്യുതി തകരാർ സംബന്ധിച്ച പരാതികൾ എസ്.എം.എസ്. വഴി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. പരമാവധി സേവനങ്ങൾ ജനങ്ങൾക്ക് എത്തിക്കുകയാണ് ഇതുവഴി സർക്കാർ ലക്ഷ്യമിട്ടത്.

സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സർക്കാരിന് സമൂഹത്തിൽ അവശതയനുഭവിക്കുന്നവരും സഹായമർഹിക്കുന്നവരുമായ ജനവിഭാഗങ്ങളെ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. ജീവൻരക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ ജീവിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകാനുള്ള തീരുമാനം ഈ പ്രതിബദ്ധതയാണു വെളിവാക്കുന്നത്.

പാരമ്പര്യേതര ഊർജ രംഗത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക വഴി സംസ്ഥാനത്തിന്റെ ഊർജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സാധിച്ചു. സൗരവൈദ്യുത പദ്ധതികൾ നടപ്പാക്കുക, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക, മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുക, സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുക എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ.

10000 കെട്ടിടങ്ങളിൽ ഒരു കിലോവാട്ട് ശേഷിയുള്ള സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ച് ദിവസേന മൂന്നു മുതൽ നാലു യൂണിറ്റ് വൈദ്യുതി അതതു കെട്ടിടങ്ങളിലെ ഊർജാവശ്യങ്ങൾ നിറവേറ്റാനായി നൽകുന്ന പദ്ധതിയാണ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി. ഇതു

പൂർത്തിയാകുമ്പോൾ 10 മെഗാവാട്ട് ശേഷിയുള്ള ഒരു വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് തുല്യമായിരിക്കും. ഉത്പാദനവും ഉപഭോഗവും ഒരിടത്തുതന്നെയാകയാൽ പ്രസരണ നഷ്ടം തീർത്തും ഉണ്ടാകുന്നുമില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ ജനങ്ങളിലേക്കെത്തിക്കുവാനായി എല്ലാ ജില്ലകളിലും ബോധവത്കരണ ക്ലാസ്സുകളും എക്സിബിഷനുകളും നടത്തുകയുണ്ടായി.

ഇതിനുപുറമെ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ജവഹർലാൽ നെഹ്രു നാഷണൽ സോളാർ മിഷൻ (ജെ.എൻ.എൻ.എസ്.എം.) പദ്ധതിയിൽപ്പെടുത്തി, വിവിധ ശേഷികളിലുള്ള 711 കിലോവാട്ട് സോളാർ പവർ പ്ലാന്റുകൾ സംസ്ഥാനത്തിന് അനുവദിച്ചുകിട്ടിയതു നടപ്പിലാക്കിവരികയാണ്. 6.54 കോടി രൂപയുടെ കേന്ദ്രസഹായമുള്ള ഈ പദ്ധതിയുടെ ആകെ ചെലവ് 22 കോടി രൂപയാണ്.

**വൈദ്യുതി ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം കൂടിവരുന്ന ഇക്കാലത്ത് ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. സാമ്പത്തികവളർച്ചയ്ക്കും ജീവിതനിലവാരം ഉയർത്തുന്നതിനും അത്യന്താപേക്ഷിതമാണ് ഊർജം. അതിനാൽ ഊർജം സംരക്ഷിക്കപ്പെടണം. 2013 മാർച്ച് മുതൽ മേയ് വരെയുള്ള സമയത്ത് വൈദ്യുതി ലാഭിക്കാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കാനായി ആസൂത്രണം ചെയ്ത 'ലാഭപ്രഭ', 'നോ ലോഡ് ഷെഡിങ്' എന്നീ പദ്ധതികൾ ഊർജസംരക്ഷണത്തിന്റെ സന്ദേശം ജനങ്ങളിലെത്തിച്ചു.**

സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകൾ സൗരവൈദ്യുതീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ്, തൈക്കാട് ഗവ. ആശുപത്രി, സംസ്ഥാന ആസൂത്രണബോർഡ്, അക്കൗണ്ടന്റ് ജനറലിലന്റെ ഓഫീസ്, അനെർട്ടിന്റെ ഹെഡ് ഓഫീസ് എന്നിവിടങ്ങളിലായി ആകെ 100 കിലോവാട്ട് ശേഷി വരുന്ന സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. 14 മുനിസിപ്പാലിറ്റികളിലായി 1400 സൗരവഴിവിളക്കുകൾ സ്ഥാപിച്ചു വരുന്നു. 14 ജില്ലകളിലായി 28,000 സൗരറാന്തലുകൾ വിതരണം ചെയ്തു തുടങ്ങി.

വൈദ്യുതി ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം കൂടിവരുന്ന ഇക്കാലത്ത് ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. സാമ്പത്തികവളർച്ചയ്ക്കും ജീവിതനിലവാരം ഉയർത്തുന്നതിനും അത്യന്താപേക്ഷിതമാണ് ഊർജം. അതിനാൽ ഊർജം സംരക്ഷിക്കപ്പെടണം. 2013 മാർച്ച് മുതൽ മേയ് വരെയുള്ള സമയത്ത് വൈദ്യുതി ലാഭിക്കാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കാനായി ആസൂത്രണം ചെയ്ത 'ലാഭപ്രഭ', 'നോ ലോഡ് ഷെഡിങ്' എന്നീ പദ്ധതികൾ ഊർജസംരക്ഷണത്തിന്റെ സന്ദേശം ജനങ്ങളിലെത്തിച്ചു. സംസ്ഥാനം നടപ്പാക്കിയ വൈദ്യുതി ഉപഭോഗ സാക്ഷരതായജ്ഞം എന്ന നിലയിൽ ലാഭപ്രഭയ്ക്കു സമൂഹത്തിൽ ചലനമുണ്ടാക്കാൻ കഴിഞ്ഞത് നേട്ടമാണ്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട ഫീഡറുകൾ കേന്ദ്രീകരിച്ച് വൈദ്യുതി ഉപഭോഗം പത്തു ശതമാനം കുറച്ചാൽ ആ ഫീഡർ പ്രദേശത്ത് ലോഡ് ഷെഡിങ് ഒഴിവാക്കുന്ന നോ ലോഡ്ഷെഡിങ് പദ്ധതിയും ജനശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ടിരിക്കുന്നു.

കുട്ടികളുടെ ഇടയിൽ ഊർജസംരക്ഷണ ബോധവത്കരണത്തിനു വേണ്ടിയാണ് 'നാളേക്കിത്തിരി ഊർജം' പരിപാടി. ഇതിന്റെ ഭാഗമായി 'എനർജി സ്മാർട് സ്കൂൾ' എന്ന പരിപാടി ഏകദേശം 1500 സ്കൂളുകളിൽ നടന്നുവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ സി.ബി.എസ്.സി സ്കൂളുകളിലെയും കുട്ടികളെ ഉൾപ്പെടുത്തി എനർജി സ്മാർട് സ്കൂൾ എന്ന ബൃഹത് പരിപാടിക്കും തുടക്കമായിട്ടുണ്ട്. 2012 ലെ രണ്ടാമത്തെ മികച്ച സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിക്കുള്ള നാഷണൽ എനർജി കൺസർവേഷൻ അവാർഡ്, എനർജി മാനേജ്മെന്റ് സെന്ററിന് രാഷ്ട്രപതി സമ്മാനിച്ചത് ഊർജസംരക്ഷണ രംഗത്തെ പ്രവർത്തന മികവിന് അംഗീകാരമാണ്.



സൗരവിളക്കുകളുടെ വിതരണോദ്ഘാടനം വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് നിർവഹിക്കുന്നു

കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഊർജ കാര്യക്ഷമതാ സാധ്യത കൂടുതലാണ്. വ്യവസായ സ്ഥാപനങ്ങളെ ഊർജ കാര്യക്ഷമത കൂട്ടി ഉത്പാദന ചെലവു കുറയ്ക്കുന്നതിനും ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുമായി ഊർജ ആഡിറ്റിങ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വ്യവസായ സ്ഥാപനങ്ങളിൽ ഊർജ മാനേജർമാരെ നിയോഗിക്കുന്നതിനും അവർക്ക് ഊർജസംരക്ഷണ അവബോധം വളർത്തുന്നതിനും നൂതന സാങ്കേതിക പരിജ്ഞാനം നൽകുന്നതിനും ഒരു എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചുവരുന്നു.

വൈദ്യുതി ഉത്പാദനത്തിലും വിതരണത്തിലും ഊർജമേഖലയിലെ പദ്ധതിനിർവഹണത്തിലും ശ്ലാഘനീയമായ പുരോഗതിയാണ് ചുരുങ്ങിയ കാലത്തിനുള്ളിൽ കൈവരിച്ചത്. കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ജനോപകാരപ്രദവും വികസനോ




**തിരുവനന്തപുരം ജില്ലയിലെ റീജിയണൽ സബ്റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം ഗതാഗത-വൈദ്യുതിമന്ത്രി ആര്യാടൻ മുഹമ്മദ് നിർവഹിക്കുന്നു**

ന്മുഖവുമായ പല പദ്ധതികളും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി ഉത്പാദനത്തിലും വിതരണത്തിലുമുള്ള സൗകര്യം വർധിപ്പിക്കൽ, പുതിയ കാര്യാലയങ്ങൾ, ആധുനികവത്കരണ നടപടികൾ, ഊർജസംരക്ഷണം തുടങ്ങി പല കർമപദ്ധതികളും ഈ നേട്ടങ്ങളിൽപ്പെടും. ചെറുകിട ജലവൈദ്യുത പദ്ധതി നയം സർക്കാർ ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. ഊർജ സംരക്ഷണനയം, സൗരോർജനയം, എനർജി കൺസർവേഷൻ ബിൽഡിങ് കോഡ് എന്നീ നയങ്ങളുടെ കരട് രൂപം തയാറാക്കിക്കഴിഞ്ഞു. ഇവ താമസംവിനാ പ്രഖ്യാപിക്കുന്നതാണ്.

എല്ലാവർക്കും ഗുണമേന്മയുള്ള വൈദ്യുതി മിതമായ നിരക്കിൽ ലഭ്യമാക്കുക, ആഭ്യന്തരോത്പാദനം പരമാവധി മെച്ചപ്പെടുത്തുക, പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കുക, പ്രസരണ ലൈനുകളും സബ്സ്റ്റേഷനുകളും ശക്തിപ്പെടുത്തിക്കൊണ്ട് കേന്ദ്രനിലയങ്ങളിലുള്ള വൈദ്യുതി തടസ്സം കൂടാതെ ലഭ്യമാക്കുക, നൂതന സാങ്കേതിവിദ്യകൾ നടപ്പിലാക്കി ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തുക, ഊർജസംരക്ഷണ പരിപാടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക, പാരമ്പര്യേതര ഊർജ പദ്ധതികൾക്ക് പ്രത്യേകിച്ചും സൗരോർജ പദ്ധതികൾക്ക് പ്രാധാന്യം നൽകുക എന്നിവയിലധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് ഊർജവകുപ്പ് കഴിഞ്ഞ രണ്ടു വർഷങ്ങളായി നടപ്പാക്കിയിട്ടുള്ളത്.

## ഗതാഗതം

കേരളത്തിലെ ഗതാഗതമേഖല പ്രശ്നസങ്കീർണമാണ്. വർധിച്ച ജനസാന്ദ്രത, ശ്വാസംമുട്ടിക്കുന്ന വിധത്തിലുള്ള വാഹനബാഹുല്യം, റോഡുകളുടെ അവസ്ഥ, ട്രാഫിക് നിയമലംഘനങ്ങൾ തുടങ്ങി ഒട്ടനവധി വെല്ലുവിളികൾ ഗതാഗതരംഗത്തുണ്ട്. ഇതൊക്കെ ഫലപ്രദമായി കൈകാര്യംചെയ്യണമെങ്കിൽ പല നൂതന പദ്ധതികളും പരിഷ്കാരങ്ങളും നടപ്പാക്കി ഗതാഗതമേഖല സമഗ്രമായി മാറ്റിയെടുക്കേണ്ടതുണ്ട്. പൊതുഗതാഗതം കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുകയെന്നതാണ് ഇവയിൽ പ്രഥമ പരിഗണന അർഹിക്കുന്നത്.

സമ്പൂർണ കംപ്യൂട്ടർവത്കരണത്തിന്റെയും ഇ-ഗവേണൻസിന്റെയും ഭാഗമായി കെ.എസ്.ആർ.ടി.സിയിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം നടപ്പാക്കി. കെ.എസ്.ആർ.ടി.സിയുടെ ഡിപ്പോകൾ, വർക്ക്ഷോപ്പുകൾ, ഹെഡ് ഓഫീസ് എന്നിവ കംപ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്ന നടപടി പൂർത്തിയായിക്കഴിഞ്ഞു.

> മോട്ടോർ വാഹന വകുപ്പിൽ വരുമാനവർധനവിനും മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഇ–പേമെന്റ് സംവിധാനം നടപ്പാക്കി. ടാക്സ്, രജിസ്ട്രേഷൻ ഫീസ്, റോഡ് സേഫ്റ്റി സെസ്, മറ്റ് അനുബന്ധ ചാർജുകൾ/ഫീസുകൾ എന്നിവ ഒടുക്കുന്നതിനാണ് ഇ–പേമെന്റ് സംവിധാനം നടപ്പാക്കിയത്

സ്ത്രീസുരക്ഷ സർക്കാരിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സ്ത്രീശാക്തീകരണ നയത്തിനനുസൃതമായി കെ.എസ്.ആർ.ടി.സി. 46 ബസ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീയാത്രാ പദ്ധതി ആരംഭിച്ചു. ഇതിൽ ഒൻപതു ബസ് സ്റ്റേഷനുകളിൽ ഇത് പൂർണമായി നടപ്പാക്കി. റാന്നിയിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിങ് സെന്റർ ആരംഭിച്ചു. കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് ഒരു ബസ് സ്റ്റേഷനും ഉദ്ഘാടനം ചെയ്തു.

കെ.എസ്.ആർ.ടി.സിയിൽ പെൻഷൻകാർക്കുള്ള പ്രതിമാസ പെൻഷൻ പോലും നൽകുവാൻ ആയാസപ്പെടുന്നത്ര സാമ്പത്തികപരാധീനത നിലവിലുണ്ടെന്നത് വസ്തുതയാണ്. കെ.എസ്.ആർ.ടി.സിയെ സാമ്പത്തികപരാധീനതയിൽ നിന്നും കരകയറ്റുന്നതിനായി എല്ലാ തലങ്ങളിലും വരുമാന വർധനവ് ആവശ്യമാണ്. കെ.എസ്.ആർ.ടി.സിയുടെ നോൺ ഓപ്പറേറ്റിങ് വരുമാനം വർധിപ്പിക്കുന്നതിനായി പ്രധാന ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് വ്യാപാര സമുച്ചയ പദ്ധതിയാരംഭിച്ചു.

മോട്ടോർ വാഹന വകുപ്പിൽ വരുമാന വർധനവിനും മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഇ-പേമെന്റ് സംവിധാനം നടപ്പാക്കി. ടാക്സ്, രജിസ്ട്രേഷൻ ഫീസ്, റോഡ് സേഫ്റ്റി സെസ്, മറ്റ് അനുബന്ധ ചാർജുകൾ/ഫീസുകൾ എന്നിവ ഒടുക്കുന്നതിനാണ് ഇ-പേമെന്റ് സംവിധാനം നടപ്പാക്കിയത്. പൊതുജനങ്ങൾക്ക് ക്യൂവിൽ നിൽക്കാതെ ഏതുസമയത്തും എവിടെനിന്നും ഇടപാടുകൾ നടത്തുവാൻ ഈ സംവിധാനം ഉപകരിക്കും.തിരുവനന്തപുരം ജില്ലയിലാണ് ഈ പദ്ധതി ഇപ്പോൾ പ്രയോഗനത്തിൽ വന്നതെങ്കിലും മറ്റു സ്ഥലങ്ങളിലുള്ള ഓഫീസുകളിലും ഈ സംവിധാനം ഉടൻ തന്നെ വ്യാപിപ്പിക്കുന്നതാണ്.

വാഹനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി കുറ്റമറ്റതും ശാസ്ത്രീയവുമായരീതിയിൽ വാഹനങ്ങൾ പരിശോധിക്കുന്നതിന് കംപ്യൂട്ടറൈസ്ഡ് വാഹനപരിശോധന കേന്ദ്രങ്ങൾ കോഴിക്കോട് ചേവായൂരിലും കണ്ണൂർ ഇളയവൂരിലും സ്ഥാപിച്ചു. റോഡപകടങ്ങൾ കുറ

യ്ക്കുന്നതിനും മലിനീകരണ നിയന്ത്രണത്തിനും നല്ല ഡ്രൈവിങ് രീതികൾ പരിശീലിപ്പിക്കുന്നതിനും ഡ്രൈവർ ടെസ്റ്റിങ് ട്രാക്സ് എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലും സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്.

റോഡ് സുരക്ഷയ്ക്ക് ഈ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നൽകുന്നത്. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും സുരക്ഷിത യാത്രയ്ക്കുമായി നിരീക്ഷണ ക്യാമറകൾ പ്രധാന ട്രാഫിക് ജംഗ്ഷനുകളിൽ സ്ഥാപിച്ച് ട്രാഫിക് നിയമലംഘകരിൽ നിന്നും പിഴ ഈടാക്കുന്ന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കി. ക്യാമറവഴി ലഭിക്കുന്ന ചിത്രങ്ങൾ ഒരു കേന്ദ്ര സെർവറിലേക്ക് അയക്കുകയും അവിടെ നിന്ന് ചെലാനുകൾ തയാറാക്കി നിയമലംഘകർക്ക് നൽകുകയുമാണ് ഇതുവഴി ചെയ്യുന്നത്. ഈ പദ്ധതി എറണാകുളം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ചേർത്തല മതുൽ വൈറ്റിലവരെയുള്ള ഭാഗത്ത് അമിത സ്പീഡ് കണ്ടെത്തുവാനും നിരീക്ഷണത്തിനുമായി ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. വൈറ്റില മുതൽ മണ്ണുത്തിവരെയുള്ള ഭാഗത്ത് ക്യാമറകൾ ഘടിപ്പിക്കുന്ന ജോലികൾ പൂർത്തിയായി വരികയാണ്.

ചെക്ക് പോസ്റ്റുകളിലൂടെയുള്ള അഴിമതി തടയുവാനായി നൂതനമായ സംവിധാനങ്ങൾ ഈ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 19 ചെക് പോസ്റ്റുകളിൽ വേയിങ് ബ്രിഡ്ജുകൾ ഇല്ലാത്തിടത്ത് പോർട്ടബിൾ ഇലക്ട്രോണിക് വേയിങ്



റോഡ് സുരക്ഷാവാരം സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

ബ്രിഡ്ജ് സ്ഥാപിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. അഴിമതി രഹിത ചെക്ക് പോസ്റ്റുകൾ എന്ന ലക്ഷ്യം സാധിക്കുവാൻ ഇലക്ട്രോണിക് വേയിങ് ബ്രിഡ്ജുകൾ ആവശ്യമാണ്. കസർകോട് ജില്ലയിലെ പെരള ചെക്ക്പോസ്റ്റിലും കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക് പോസ്റ്റിലും ഇതു സ്ഥാപിച്ചുകഴിഞ്ഞു.

സേവനാവകാശനിയമം പാസാക്കിയ ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സമയബനധഇതമായും കാര്യക്ഷമമായും ജനങ്ങൾക്ക് സേവനം നൽകേണ്ടതിന് വളരെ പ്രാധാന്യമുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും നിലവിലുള്ള ഓഫീസുകളുടെ ജോലിഭാരം കുറയ്ക്കുന്നതിനുമായി മോട്ടോർ വാഹനവകുപ്പിൽ എട്ടു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കാൻ അനുമതിയായിട്ടുണ്ട്. കുട്ടനാട് (ആലപ്പുഴ), ഉഴവൂർ (കോട്ടയം), ദേവികുളം, ഉടമ്പൻചോല (ഇടുക്കി), ചിറ്റൂർ (പാലക്കാട്), നിലമ്പൂർ (മലപ്പുറം), മാനന്തവാടി, സുൽത്താൻബത്തേരി (വയനാട്), എന്നീ സ്ഥലങ്ങളിലാണ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നത്.




മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവിങ് ട്രെയിനിങ് ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണി അതിവേഗം പൂർത്തിയായി വരുന്നു. ഈ ഇൻസ്റ്റിറ്റ്യൂട്ട് വകുപ്പിന്റെ പതാക നൗക സംരംഭമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഒട്ടനവധി പരിഷ്കാരങ്ങൾ ഗതാഗതരംഗത്ത് നടപ്പാക്കുകയും പൊതുഗതാഗതസംവിധാനം ശക്തിപ്പെടുത്തുകയും പൊതുജനസേവനങ്ങൾ കാര്യക്ഷമമാക്കുകയുമാണ് സർക്കാർ ചെയ്തത്. വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ജനങ്ങൾക്കു നൽകുവാനും പൊതുജനോപകാരപ്രദമായ പല പദ്ധതികൾ ആവിഷ്കാരിക്കാനും ഈ രണ്ടു വർഷത്തെ നേട്ടങ്ങൾ തീർച്ചയായും ഊർജം പകരും. ■

# ലക്ഷ്യബോധത്തോടെ മൂന്നാം വർഷത്തിലേക്ക്



**കെ.സി. ജോസഫ്**
ഗ്രാമവികസന-ആസൂത്രണ-സാംസ്കാരിക മന്ത്രി

യു.ഡി.എഫ് സർക്കാർ മൂന്നാം വർഷത്തിലേക്കു കടന്നിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തു പ്രവർത്തിക്കാൻ ഈ കാലയളവിൽ കഴിഞ്ഞുവെന്ന അഭിമാനം ഞങ്ങൾക്കുണ്ട്. ചെയ്തതിനേക്കാൾ അധികം കാര്യങ്ങൾ ചെയ്യാൻ ബാക്കിയുണ്ടെന്നവസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും ചുരുങ്ങിയ കാലംകൊണ്ട് നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞതിന്റെ സംതൃപ്തിയുണ്ട്.

വികസനത്തിന്റെ എല്ലാ മേഖലകളിലും മാറ്റങ്ങൾ പ്രകടമാണ്. കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനും സമാധാനത്തിനും സർക്കാർ കൈക്കൊണ്ട ക്രിയാത്മക നടപടികളും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഇച്ഛാശക്തിയും ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. സർക്കാർ നടപ്പാക്കിയതും തുടക്കംകുറിച്ചതുമായ വികസനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഗ്രാമവികസനം, ആസൂത്രണം, സാംകാരികം, ക്ഷീരവികസനം, നോർക്ക, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുകളിൽ കഴിഞ്ഞ രണ്ടു വർഷം നടപ്പാക്കിയതും തുടക്കം കുറിച്ചതുമായ പദ്ധതികളുടെ ചുരുങ്ങിയ വിവരങ്ങളാണ് താഴെ പറഞ്ഞിരിക്കുന്നത്.

### ഗ്രാമവികസനം

കഴിഞ്ഞകാലത്തെയപേക്ഷിച്ച് ഗ്രാമീണമേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കാനും ലഭിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കനും കഴിഞ്ഞു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളിൽ കേരളത്തിന് വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് അഞ്ചു വർഷം കൊണ്ട് പദ്ധതി പ്രവർത്തനങ്ങൾക്ക് 1497.18 കോടി രൂപ ചെലവഴിച്ചപ്പോൾ ഈ ഗവൺമെന്റ് രണ്ടു വർഷം കൊണ്ട് 2463.14 കോടി രൂപ ചെലവഴിക്കാൻ സാധിച്ചു. തൊഴിലുറപ്പു പദ്ധതി പ്രകാരം 2010-11 ൽ 421 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 701 കോടിരൂപ ചെലവഴിച്ച സ്ഥാനത്ത് 2011-12 ൽ 633 ലക്ഷം തൊഴിൽ ദിനങ്ങൾക്ക് 1048 കോടി രൂപയും 2012-13 ൽ 833 ലക്ഷം തൊഴിൽ ദിനങ്ങൾക്ക് 1415.14 കോടി രൂപയും ചെലവഴിച്ചു. 90 ദിവസം തൊഴിൽ ചെയ്ത വനിതകളുൾപ്പെടുന്ന 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങളിലെ കുട്ടികളുടെ പഠന ചെലവുകൾക്ക് 1000 രൂപവീതം നൽകിയതിന് സംസ്ഥാന സർക്കാർ മൊത്തം 10.75 കോടി രൂപ ചെലവഴിച്ചു. ഈ വർഷം മുതൽ 100 ദിവസം തൊഴിൽ ചെയ്തവർക്ക് പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തൊഴി




**നബാർഡിന്റെ 31-ാം വാർഷികാഘോഷം മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

ലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെയാകും പദ്ധതി നടപ്പാക്കുക. കൂടാതെ 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് ഓണക്കോടി നൽകാൻ 2013-14 ബജറ്റിൽ 20 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. 3.5 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കേരളത്തിൽ തൊഴിലുറപ്പുമേഖലയിൽ പണിയെടുക്കുന്നവരുടെ മിനിമം കൂലി 164 രൂപയിൽ നിന്നും 180 രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമസഡക് യോജനയിൽ 2011 വരെ വിവിധ ഘട്ടങ്ങളിൽ മുടങ്ങിക്കിടന്ന 375.74 കിലോമീറ്റർ റോഡുകൾ നിർമിക്കുന്നതിന് വേണ്ടിവരുന്ന അധിക ബാധ്യത സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് 151 റോഡുകൾ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു. പുതിയതായി കാസർകോട് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെട്ട 25 കിലോമീറ്റർ ഉൾപ്പെടെ 746 കിലോമീറ്റർ ഗ്രാമീണ റോഡുകൾ (460 കോടി രൂപ ചെലവിൽ) നിർമിക്കാൻ കേന്ദ്ര അനുമതി ലഭിച്ചു. 2011-12 ൽ 47 റോഡുകളുടെ (124.22 കിലോമീറ്റർ) നിർമാണം 49.88 കോടി രൂപ ചെലവിലും 2012-13 ൽ 46 റോഡുകളുടെ (108 കിലോമീറ്റർ) നിർമാണം 51.06 കോടി രൂപ ചെലവിലും പൂർത്തീകരിച്ചു. 612 കിലോമീറ്റർ റോഡുകളുടെ നിർമാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ഇന്ദിരാ ആവാസ് യോജന പ്രകാരം എല്ലാ വിഭാഗം ജനങ്ങൾക്കും വീട് ഒന്നിന് 48,500 രൂപയാണ് ഈ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റായി കേന്ദ്രസർക്കാർ നൽകുന്നത്. കേരളത്തിൽ ഇത് പട്ടികവർദ വിഭാഗത്തിന് 1,25,000 രൂപയും പട്ടികജാതി വിഭാഗത്തിന് 1,00,000 രൂപയും മറ്റു പൊതുവിഭാഗങ്ങൾക്ക് 75,000 രൂപയുമാണു നൽകിയിരുന്നത്. ഇത് 2011 സെപ്റ്റംബർ 15 മുതൽ പട്ടികവർഗ വിഭാഗത്തിന് 2.50 ലക്ഷം രൂപയും പട്ടിക ജാതിക്കാർക്കും പൊതുവിഭാഗങ്ങൾക്കും രണ്ടു ലക്ഷം രൂപയായും വർധിപ്പിച്ചു.

സ്വർണജയന്തി ഗ്രാമ സ്വറോസ്കാർ യോജന പദ്ധതിയിൽ (എസ്.ജി.എസ്.വൈ) 3651 സ്വയംസഹായ സംഘങ്ങൾക്ക് 363.22 ലക്ഷം രൂപ റിവോൾവിങ് ഫണ്ട് സഹായം ലഭ്യമാക്കി. 2011-12 വർഷത്തിൽ ആകെ ലഭ്യമായ 5439.07 ലക്ഷം രൂപയിൽ 5232.61 ലക്ഷം രൂപ ചെലവഴിച്ച് 3112 സ്വയംസഹായ സംഘങ്ങൾക്കും 4299 വ്യക്തിഗത കുടുംബങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായം ലഭ്യമാക്കി.

സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതിയിൽ 241 നീർത്തടങ്ങൾക്കായി 35 പ്രോജക്ടുകളുടെ അനുമതി ലഭിച്ചു. ഇതുവഴി 178711 ഹെക്ടർ സ്ഥലത്ത് 236.04 കോടി രൂപ ചെലവിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളാരംഭിച്ചു.

## ആസൂത്രണം

വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയെങ്കിലും പദ്ധതി നടത്തിപ്പിൽ തിരഞ്ഞെടു




**കാർഷിക-പാരിസ്ഥിതിക ആസൂത്രണത്തിലൂടെ സംസ്ഥാനത്തെ കൃഷി വികസനം സെമിനാർ മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

ക്കപ്പെട്ട പദ്ധതികളെ പലതരത്തിലും നിയന്ത്രിക്കാനുള്ള അധികാരം ഉദ്യോഗസ്ഥർ ഉൾപ്പെട്ട ടാഗ് പോലെയുള്ള സമിതികൾക്കായിരുന്നു. തന്മൂലം പദ്ധതി നടത്തിപ്പിൽ വളരെയേറെ കാലതാമസമുണ്ടാകുന്നുവെന്ന പരാതി വ്യാപകമായിരുന്നു. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ സുതാര്യത നഷ്ടപ്പെടുകയും പലപ്പോഴും അഴിമതിക്ക് വഴിതെളിക്കുകയും ചെയ്തു. ഇതു കണക്കിലെടുത്ത് ടാഗ് നിർത്തലാക്കാനും അധികാരം ജനപ്രതിനിധികൾക്കുതന്നെ കൈമാറാനും സഹായകമായ രീതിയിൽ പദ്ധതി മാർഗരേഖയിൽ മാറ്റംവരുത്തി. ഓരോ പ്രദേശത്തേയും പ്രത്യേകത കണക്കിലെടുത്ത് മേഖലാ വിഭജനത്തിന്റെ ഘടനയിലും മാറ്റം വരുത്തി. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെപ്പോലെ ത്രിതല പഞ്ചായത്തിനും പഞ്ചവത്സര പദ്ധതിയെന്ന ആശയം വിജയകരമായി നടപ്പാക്കി.

കേരളത്തിന്റെ 11 ാം പഞ്ചവത്സര പദ്ധതി അടങ്കലിന്റെ 152 ശതമാനം വർധനയോടെ 1.02 ലക്ഷം കോടി രൂപയുടെ 12 ാം പദ്ധതിക്കും 2013-14 സാമ്പത്തിക വർഷത്തിൽ 17000 കോടി രൂപയുടെ വാർഷിക പദ്ധതിക്കും അംഗീകാരം നേടാൻ സാധിച്ചു. വാർഷിക പദ്ധതിയുടെ വിലയിരുത്തലിനായി ഓൺലൈൻ നിരീക്ഷണ സമ്പ്രദായം പ്ലാൻ സ്പെയ്സ് അവതരിപ്പിച്ചു. ഇതനുസരിച്ച എല്ലാ വകുപ്പുകളുടെയും വാർഷിക പദ്ധതികൾ ഓൺലൈനായി വിലയിരുത്താനും പദ്ധതികൾ ഫലപ്രദമായി വിശകലനം ചെയ്യാനും കഴിയും.

മലയോരവികസന ഏജൻസി യാഥാർഥ്യമാക്കുകയും നബാർഡിന്റെ സഹായത്തോടെ 25 കോടി രൂപയുടെ ഗ്രാമീണ റോഡുകൾക്കും പഴം, പച്ചക്കറി വികസനത്തിനായി 11 കോടി രൂപയുടെ പദ്ധതികൾക്കും പരിസ്ഥിതി സൗഹൃദ കുടിവെള്ളപദ്ധതികൾക്ക് 15 കോടി രൂപയുടെ പദ്ധതികൾക്കും ചെക്ക് ഡാമുകൾ നിർമിക്കുന്നതിനുള്ള 10 കോടി രൂപയുടെ പദ്ധതികൾക്കും അനുമതി നൽകി.

കൈവശാനുഭവ ഭൂമിയുടെ വിസ്തീർണം, വിനിയോഗം, വിത്ത്, വളം, കീടനാശിനികൾ, കൃഷി ഉപകരണങ്ങൾ തുടങ്ങി കാർഷികോപാധികളുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന ഒൻപതാം കാർഷിക സെൻസസ് ഒന്നും രണ്ടും ഘട്ടം സർവേ ജോലികൾ എല്ലാ ജില്ലകളിലും പൂർത്തിയാക്കി. തൃശൂർ മേഖലാ ഓഫീസ് സൗകര്യം പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നീർത്തടാധിഷ്ഠിത കർമപദ്ധതി നടപ്പാക്കി.

സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതി തുക പാഴായിപ്പോകുന്നത് തടയുന്നതിന് 2013-14 ൽ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി ഒരു പുതിയ ബജറ്റിങ് രീതി ആവിഷ്കരിച്ചു. 2012-13 ൽ ആസൂത്രണ പദ്ധതികൾ ഫലപ്രദമായി പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ അടിസ്ഥാനത്തിൽ പുരസ്കാരങ്ങളേർപ്പെടുത്തി. തിരഞ്ഞെടുത്ത മേഖലകളിൽ ദീർഘകാല വികസന പദ്ധതികൾ ആവിഷ്കിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാർവത്രിക വികസനത്തിനായി സംസ്ഥാന പ്ലാനിങ് ബോർഡ് പെഴ്സ്പക്ടീവ് പ്ലാൻ 2030 ന് രൂപം നൽകാനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു.

വർക്കലയുടെ അന്താരാഷ്ട്ര വിനോദസഞ്ചാര തീർഥാടക പ്രാധാന്യം കണക്കിലെടുത്ത് വിഷൻ വർക്കല 2020 എന്ന വീക്ഷണരേഖ തയാറാക്കി. കേന്ദ്രസർക്കാരിന്റെ റൈറ്റ്സ് എന്ന പൊതുമേഖലാ സ്ഥാപനവുമായി വർക്കല മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനുള്ള ധാരാണാപത്രം ഒപ്പിട്ടു. വിഷൻ വർക്കലയുടെ പ്രധാന പദ്ധതിയായ പാപാനാശം ബലിമണ്ഡപത്തിന് 1.43 കോടി മൊത്തം ചെലവു കണക്കാക്കി തിരുവനന്തപുരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ നിർമാണ ചുമതല ഏൽപ്പിച്ചു.

വർക്കലയിൽ സെന്റർ ഫോർ പെർഫോമിങ് ആർട്സ് സ്ഥാപനം ആരംഭിക്കുന്നതിന് 10 കോടി രൂപയുടെ പദ്ധതി കേന്ദ്ര പ്ലാനിങ് കമ്മിഷൻ അംഗീകരിച്ചു. മുഴുവൻ സാമ്പത്തിക യൂണിറ്റുകളുടെയും സ്ഥിതിവിവര കണക്ക് ശേഖരിക്കുകയെന്ന ലക്ഷ്യത്തോടെ സാമ്പത്തിക സെൻസസ് 2013 മെയ് ഒന്നിന് ആരംഭിച്ചു. വിദേശമലയാളികളെ സംബന്ധിക്കുന്ന വിവരങ്ങളും സർവെയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈവശാനുഭവ ഭൂമിയുടെ വിസ്തീർണം, വിനിയോഗം, വിത്ത്, വളം, കീടനാശിനികൾ, കൃഷി ഉപകരണങ്ങൾ തുടങ്ങി കാർഷികോപാധികളുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന ഒൻപതാം കാർഷിക സെൻസസ് ഒന്നും രണ്ടും ഘട്ടം സർവേ ജോലികൾ എല്ലാ ജില്ലകളിലും പൂർത്തിയാക്കി. തൃശൂർ മേഖലാ ഓഫീസ് സൗകര്യം പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നീർത്തടാധിഷ്ഠിത കർമപദ്ധതി നടപ്പാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആസൂത്രണ വികേന്ദ്രീകരണത്തിന് ഉപഗ്രസഹായത്തോടെ വിവരശേഖരണം സാധ്യമാക്കുന്ന ജിയോപോർട്ടൽ സംവിധാനം പൂർത്തീകരിച്ചു.



**വിശ്വമലയാള മഹോത്സവം രാഷ്ട്രപതി പ്രണബ് മുഖർജി ഉദ്ഘാടനം ചെയ്യുന്നു**



**സംസ്ഥാനസർക്കാരിന്റെ സ്വാതി പുരസ്കാരം വി. ദക്ഷിണാമൂർത്തിക്ക് മുഖ്യമന്ത്രി നൽകുന്നു**

## സാംസ്കാരികം

രാഷ്ട്രീയ താത്പര്യങ്ങളുടെയും പാർട്ടി ഫ്രാക്ഷനുകളുടെയും തടവറയിലായിരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് പൂർണ സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള പ്രവർത്തന ശൈലിയാണ് സർക്കാർ കഴിഞ്ഞ രണ്ടു വർഷമായി അനുവർത്തിച്ചുപോരുന്നത്. അതിലൂടെ കേരളത്തിന്റെ സാംസ്കാരിക മേഖലയ്ക്ക് പുതിയ ഉണർവും ദിശാബോധവും നൽകാൻ കഴിഞ്ഞു.

നമ്മുടെ സാംസ്കാരിക പൈതൃകങ്ങളായ ചരിത്ര സ്മാരകങ്ങൾ സംരക്ഷിച്ചു നിലനിർത്തേണ്ടതാവശ്യമാണ്. 14 ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എറണാകുളത്ത് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലും തൃശൂർ ചെമ്പൂക്കാവ് കൊല്ലങ്കോട് ഹൗസിലും പൈതൃകമ്യൂസിയത്തിന്റെ നിർമാണം ആരംഭിച്ചു. തിരുവനന്തപുരത്തും വയനാട്ടിലും മ്യൂസിയങ്ങളുടെ നിർമാണം ഉടൻ ആരംഭിക്കും. തിരുവനന്തപുത്ത് വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസ്മാരകം സ്ഥാപിക്കുന്നതിന് നടപടിയാരംഭിച്ചു. കലാമണ്ഡലത്തെ രംഗകലകളുടെ ദേശീയതലത്തിലുള്ള നോഡൽ ഏജൻസിയായി കേന്ദ്രസർക്കാർ അംഗീകരിച്ചു. യു.ജി.സിയുടെ വിശേഷാൽ പദവിയായ 12 ബി പദവി നേടിയെടുക്കാനും സാധിച്ചു. കലാമണ്ഡലത്തിൽ പഠിക്കുന്ന പട്ടികജാതി/വർഗ വിദ്യാർഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 750 രൂപയിൽ നിന്നും 1500 രൂപയാക്കി.

പാലക്കാട് ജില്ലയിലെ തസ്രാക്കിൽ പ്രശസ്ത സാഹിത്യകാരൻ ഒ.വി. വിജയന്റെ സ്മരണയ്ക്കായി സ്മാരകം നിർമിക്കുന്നതിന് തീരുമാനിക്കുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. സുകുമാർ അഴീക്കോടിന്റെ തൃശൂരിലെ വീടും സ്ഥലവും സ്മാരകമായി നിലനിർത്തുന്നതിന് 51.25 ലക്ഷം രൂപ അനുവദിക്കുകയും പുസ്തക ശേഖരം ഉൾപ്പെടെയുള്ള വസ്തുവകകൾ ഏറ്റെടുക്കുകയും ചെയ്തു. കൂടാതെ കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീറിന് സ്മാരകം, മലബാർ കൾച്ചറൽ വില്ലേജ്, കായംകുളത്ത് പ്രശസ്ത കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മാരകമായി കാർട്ടൂൺ മ്യൂസിയം എന്നിവ സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു.

ചെമ്പൈ സംഗീത കോളേജിനോടനുബന്ധിച്ച് വാദ്യോപകരണങ്ങളുടെയും ക്ഷേത്രകലകളുടെയും പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള ലളിത കലാ അക്കാദമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ കേന്ദ്രങ്ങളിൽ ആർട് ഗ്യാലറികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കോഴിക്കോട് ശിൽപഗ്രാമം പദ്ധതി ആരംഭിച്ചു. കൊടുങ്ങല്ലൂർ നഗരസഭയിൽ പ്രശസ്ത ചിത്രകാരൻ മാധവമേനോന്റെ സ്മരണയ്ക്കായി ആർട് ഗ്യാലറി ആരംഭിച്ചു. യു.ഡി.എഫ് സർക്കാർ അധികാരമേറ്റ് 100 ദിവസത്തിനുള്ളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 141 പുസ്തകങ്ങൾ പുറത്തിറക്കി. കൂടാതെ മഹാന്മാരുടെ ജീവചരിത്ര പരമ്പരയായ അറിവ് നിറവ് പദ്ധതിയിൽ 85 പുസ്തകങ്ങളും ഇന്ത്യൻ ഭാഷകളിൽ ആദ്യമായി സമ്പൂർണ അംബേദ്കർ കൃതികളുടെ 40 വോള്യങ്ങളും സർവവിജ്ഞാനകോശം, പരിസ്ഥിതി വിജ്ഞാനകോശം എന്നിവയുടെ പരിഷ്കരിച്ച പതിപ്പുകളും പ്രസിദ്ധീകരിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 172 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. കംപ്യൂട്ടറിനായി ഭാഷയെ സജ്ജമാക്കാൻ ഇലക്ട്രോണിക് ടെസ്റ്റ് കംപോസിങ്ങിന് ഫോണറ്റിക് സിസ്റ്റം ആവിഷ്കരിക്കാനും യൂണികോട് സിസ്റ്റത്തിൽ മലയാളത്തെ ഉൾപ്പെടുത്താനും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹെറിറ്റേജ് ക്ലബുകൾ വഴി സമാഹരിച്ച പുരാരേഖകൾ ഏറ്റുവാങ്ങി സംരക്ഷിക്കുന്ന പദ്ധതി നടപ്പാക്കി. വാസ്തുവിദ്യാഗുരുകുലത്തെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടാക്കി രൂപപ്പെടുത്തുന്നതിനും അടിസ്ഥാന സൗര്യവികസനം ഒരുക്കുന്നതിനും ആറന്മുളയിൽ നാല് ഏക്കർ സ്ഥലം ലഭ്യമാക്കി മ്യൂസിയം സ്ഥാപിക്കന്ന പണികൾ പുരോഗമിക്കുന്നു. പുരാരേഖാവകുപ്പ് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ സംബന്ധിച്ച മതിലകം രേഖകളുടെ മൊഴിമാറ്റം നടത്തി. പല്ലന കുമാരകോടി ആശാൻ സ്മാരകം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തു. 10 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മലയാളം ശ്രേഷ്ഠഭാഷാപദവിയിലേക്ക് ഉയരുകയാണ്. കേന്ദ്രസർക്കാർ പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ മലയാളം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലയാളത്തിന്റെ ഭാഷാ-സാഹിത്യ-കലാ-സാംസ്കാരിക പാരമ്പര്യങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ 34 വർഷങ്ങൾക്കുശേഷം സംഘടിപ്പിച്ച വിശ്വമലയാള മഹോത്സവത്തിന് കഴിഞ്ഞിട്ടുണ്ട്. ശ്രീനാരായണപഠനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെമ്പഴന്തിയിലെ

സുതാര്യമാക്കുന്നത് ലക്ഷ്യമിട്ട് മൂന്നു കോടി രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ നാഷണൽ മിഷൻ പ്രോട്ടീൻ സപ്ലിമെന്റ് പദ്ധതി പ്രകാരം കോട്ടയം, തൃശൂർ ജില്ലയിൽ ക്ഷീര സംഘങ്ങളുടെ ഓട്ടോമേഷൻ, ബൾബ് കൂളർ, തുടങ്ങിയ ക്ഷീരകർഷകർക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ മൂന്നു കോടി രൂപ ചെലവിൽ ലഭ്യമാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതി പ്രകാരം വിവിധ ജില്ലകളിലെ ക്ഷീരോത്പാദന വർധനവിനുള്ള 14 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ പ്രാഥമിക ക്ഷീരസംഘങ്ങൾ ശാക്തീകരിക്കുന്നതിനും കംപ്യൂട്ടറൈസേഷൻ ഉൾപ്പെടെ ആധുനീകരിക്കുന്നതിന് അനുവദിച്ച അഞ്ചു കോടിയുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഏറ്റവും കൂടുതൽ പാൽ അളക്കുന്ന കർഷകർക്ക് സംസ്ഥാന-മേഖല-ജില്ലാ തലത്തിൽ ഒരു ലക്ഷം, 50000, 30000 ക്രമത്തിൽ ക്യാഷ് അവാർഡ് ഏർപ്പെടുത്തി.

അഞ്ചു വർഷം ക്ഷീരസംഘങ്ങളിൽ പാൽ അളന്ന എല്ലാ കർഷകർക്കും പെൻഷൻ നടപ്പാക്കുകയും നിലവിലെ പെൻഷൻ തുക വർധിപ്പിക്കുകയും ചെയ്തു. കണ്ണൂരിൽ ഒരു ലക്ഷം ലിറ്റർ പാൽ പാസ്ച്ചറൈസ് ചെയ്യാൻ കഴിയുന്ന ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിന് അധിക കേന്ദ്രസഹായമായ 7.5 കോടി രൂപ അനുവദിച്ചു.

## നോർക്ക

തൊഴിൽ തേടിയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ അന്വേഷിച്ചും പിറന്ന നാടും ബന്ധുജനങ്ങളെയും വിട്ട് അന്യദേശങ്ങളിൽ പോയി പണിയെടുക്കാൻ നിർബന്ധിതരായ ജനതയാണ് പ്രവാസികൾ. പ്രവാസികൾ നേടിത്തരുന്ന വിദേശനാണ്യം കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. ഒരു വർഷം 50,000 കോടി രൂപയാണ് അവർ കേരളത്തിലേക്ക് അയക്കുന്നത്. ഇന്ന് ഗൾഫ് നാടുകളിൽ ഏകദേശം 30 ലക്ഷത്തോളം മലയാളികൾ പണിയെടുക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

സൗദി അറേബ്യയിൽ പ്രഖ്യാപിച്ച നിതാഖാത് നിയമം കർശനമാക്കിയത് അവിടെ പണിയെടുക്കുന്ന മലയാളികൾക്ക് ഏറെ ആശങ്ക ഉളവാക്കുന്നകാര്യമാണ്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് ആറു മാസത്തെ പൊതുമാപ്പ് അനുവദിക്കുണമെന്നാണ് സൗദി സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. തുടർന്ന് കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാർ നടത്തിയ ശ്രമങ്ങളുടെ കൂടി ഫലമായി സ്വദേശിവത്കരണ നിയമം നടപ്പാക്കുന്നതിന് സൗദി



താളം ഫെസ്റ്റിവലിന്റെ ഉദ്ഘാടന ചടങ്ങ് മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു

അന്തർദേശീയ പഠന കേന്ദ്രത്തിന്റെ പുതിയ മന്ദിരം പണിപൂർത്തിയാക്കുകയും ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1068 കലാകാരന്മാർക്ക് പുതിയതായി കലാകാര പെൻഷൻ അനുവദിച്ചു. കേരള ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തെ വേളാവൂരിൽ ട്രാവൻകൂർ ഫോക് വില്ലേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. മാപ്പിള കലാ അക്കാദമി രൂപീകരിച്ചു. പാലക്കാട് വാദ്യോപകരണങ്ങളുടെ ഒരു മ്യൂസിയത്തിനു തുടക്കംകുറിച്ചു.

ഇന്ത്യയിലാദ്യമായി പ്രവാസി കലാകാരന്മാർക്കായി കേരള സംഗീതനാടക അക്കാദമി പ്രവാസി കലാരത്ന, പ്രവാസി കലാശ്രീ പുരസ്കാരങ്ങൾ, നടക കലാകാരന്മാർക്കും വാദ്യകലാകാരന്മാർക്കും ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസും ഒരു ലക്ഷം രൂപയുടെ മെഡിക്കൽ ക്ലെയിമും ഏർപ്പെടുത്തി. കൂടാതെ പ്രൊഫഷണൽ അമചർ നാടകങ്ങൾക്ക് സംഗീതനാടക അക്കാദമി ഒരു ലക്ഷം രൂപ സബ്സിഡി നടപ്പാക്കി. തിരുവനന്തുപരം, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽ പ്രതിവാര നാടകമേള ആരംഭിച്ചു. ചെന്നൈ, മുംബൈ, കൽക്കട്ട എന്നവിടങ്ങളിൽ പ്രവാസികൾക്കായി നടക മത്സരം സംഘടിപ്പിച്ചു.

കേന്ദ്ര സർക്കാർ സഹായത്തോടെ 3.50 കോടി ചെലവിൽ നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തെ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നാണയ-നാടൻകലാ മ്യൂസിയമാക്കാൻ നടപടിയാരംഭിച്ചു. തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം അഞ്ചു കോടി രൂപ ചെലവിലും കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം 2.6 കോടി രൂപ ചെലവിലും കേന്ദ്രസഹായത്തോടെ നവീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചു. കൊങ്കണി സാഹിത്യ അക്കാദമി രൂപീകരിച്ചു. എടയ്ക്കൽ ഗുഹയും പത്മനാഭപുരം പാലസും ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം സ്ഥാപിക്കാനും കോട്ടയത്തെ മ്യൂറൽ സ്റ്റിയാക്കാനും നടപടി സ്വീകരിക്കുകയും ചെയ്തു.

## ക്ഷീരവികസനം

കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ മുഖ്യപങ്കുവഹിക്കുന്ന ക്ഷീരമേഖല വളർച്ചയുടെ പാതയിലാണ്. ഉത്പാദകരുടെ ചെലവുമായി ബന്ധപ്പെടുത്തി ന്യായമായ വില പാലിന് ഉറപ്പാക്കിയതോടെ പ്രതിദിനം ഒരു ലക്ഷം ലിറ്റർ പാൽ അധികമായി സംഘങ്ങളിലൂടെ സംഭരിക്കാൻ കഴിഞ്ഞു. പാലുത്പാദനം വർധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന മിൽക് ഷെഡ് വികസന പദ്ധതിയിൽ ഇതിനകം 19 കോടി രൂപ ചെലവഴിച്ചു. ക്ഷീര കർഷകർക്ക് വർഷം മുഴുവൻ കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തി. 6000 ഹെക്ടറിൽ അധികമായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചു. 8000 ക്ഷീരകർഷകർക്ക് അസോള കൃഷിക്ക് ധനസഹായം നൽകി. പുതുതലമുറയെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിന് 39 സ്കൂൾ ഡയറി ക്ലബുകൾ ആരംഭിച്ചു.

ജില്ലകളിലെ ക്ഷീര സംഘങ്ങളിലും ക്ഷീരവികസന ആഫീസുകളിലും ഓട്ടോമേഷൻ ആൻഡ് നെറ്റ്‌വർക്കിങ് സംവിധാനത്തിലൂടെ സംഘങ്ങളുടെ പ്രവർത്തനം, പാൽ സംഭരണം, വിപണനം എന്നിവ




**നോർക്ക റൂട്ട്സിന്റെ ഐ.ഡി. കാർഡ് വിതരണോദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ ഹിക്കുന്നു. മന്ത്രി കെ.സി. ജോസഫ് സമീപം**

സർക്കാർ മൂന്നു മാസത്തെ സാവകാശം അനുവദിച്ചിരിക്കുകയാണ്.

സ്വദേശീവത്കരണം മൂലം നാട്ടിൽ തിരികെയെത്തുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് കേരളത്തിലെ മൂന്നു വിമാനത്താവളങ്ങളിലും ഹെൽപ് ഡസ്കുകൾ ആരംഭിച്ചിട്ടുണ്ട്. നോർക്ക റൂട്സ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനം ലഭ്യമാണ്. ഇതുവഴി ശേഖരിക്കുന്ന വിവരങ്ങൾ മലയാളികളുടെ പുനരധിവാസത്തിനും മറ്റും ഉപകരിക്കും. കൂടാതെ വിദേശ മലയാളികളുടെ കൃത്യമായ കണക്ക് അവർ പണിയെടുക്കുന്ന രാജ്യം എന്നീ വിവരങ്ങൾ ശേഖരിക്കുന്നതിന് നോർക്കയും എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും ചേർന്ന് മെയ് ഒന്നു മുതൽ സമഗ്രമായ ഒരു സർവെ ആരംഭിച്ചിട്ടുണ്ട്. തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി ഈ വർഷം തന്നെ നടപ്പാക്കാനുള്ള ഊർജിത ശ്രമം നടത്തുന്നുണ്ട്. ഈ പനരധിവാസ പദ്ധതിയിൽ പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാരംഭ മൂലധന സബ്സിഡി ലഭ്യമാക്കും.

ഗൾഫ് നാടുകളിലെ ജയിലുകളിൽ നിന്നും മോചിതരായവർക്കും പാസ്പോർട്ടും മറ്റു രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും നാട്ടിലേക്ക് മടങ്ങുന്നതിന് സ്വപ്ന സാഫല്യം പദ്ധതി നടപ്പാക്കി. വിദേശ രാജ്യങ്ങളിലെ സമയക്രമവുമായി താതാത്മ്യപ്പെടുത്തി പ്രവാസികളുടെ സംശയങ്ങൾക്ക് ഏതു സമയത്തും മറുപടി നൽകത്തക്കവിധത്തിൽ കോൾ സെന്റർ നോർക്ക സെന്ററിൽ പ്രവർത്തനമാരംഭിച്ചു. വടക്കൻ ജില്ലകളിലെ അംഗങ്ങളുടെ സൗകര്യാർഥം പ്രവാസി ക്ഷേമ ബോർഡിന്റെ പ്രാദേശിക കേന്ദ്രം കോഴിക്കോട് ആരംഭിച്ചു. വിദേശത്ത് തൊഴിൽ നേടാനാഗ്രഹിക്കുന്ന ഉദ്യോഗാർഥികൾക്ക് ശരിയായ മാർഗനിർദേശം നൽകുന്നതിനും അനുയോജ്യരായ തൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിനുമായി ഒരു ജോബ് പോർട്ടൽ പ്രവർത്തനം തുടങ്ങി.

സാന്ത്വന പദ്ധതിയനുസരിച്ച് പ്രവാസികൾക്കുള്ള പരമാവധി ധനസഹായത്തുക 10,000 രൂപയിൽ നിന്ന് 20,000 രൂപയായി ഉയർത്തി. ചെയർമാൻ ഫണ്ട് ലഭിക്കുന്നതിനുള്ള വരുമാന പരിധി 25,000 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തി. ആശുപത്രി, മരണാനന്തര ചെലവുകൾക്ക് ലഭിക്കുന്ന സഹായം 10,000 രൂപയിൽ നിന്ന് 25,000 ആയി വർധിപ്പിച്ചു. കൂടാതെ അവശതയനുഭവിക്കുന്ന പ്രവാസി മലയാളികൾക്ക് ഹൃദയ, വൃക്ക, അർബുദ അടിയന്തര ശസ്ത്രക്രിയകൾക്ക് സാന്ത്വന പദ്ധതിയിലെ ധനസഹായം 50,000 രൂപയായി വർധിപ്പിച്ചു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പ്രവാസി കേരളീയർക്കും ഈ പദ്ധതി ബാധകമാക്കി.

പ്രവാസി കേരളീയ വെൽഫെയർ ഫണ്ടിലെ നിലവിലുള്ള ഒരു അംഗം രോഗത്താലോ അപകടത്താലോ വിദേശത്തു വെച്ച് മരണമടഞ്ഞാൽ 50,000 രൂപയും മടങ്ങിയെത്തിയ ശേഷം മരണമടഞ്ഞാൽ 30,000 രൂപയും ഇന്ത്യയിലുള്ള ആൾ മരണമടഞ്ഞാൽ 25,000 രൂപയും ആശ്രിതർക്ക് ധനസഹായമായി ലഭിക്കും.

നോർക്കയുടെ വിവധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് വിവരങ്ങളും നിർദേശങ്ങളും നൽകാനായി തിരുവനന്തപുരത്തെ നോർക്ക റൂട്ട്സ് ആസ്ഥാനത്ത് 12 മണിക്കൂർ പ്രവർത്തിക്കുന്ന കോൾസെന്റർ ആരംഭിച്ചു. വകുപ്പിന്റെ സേവനം കൂടുതൽ സൗകര്യപ്രദവും പ്രാപ്യവുമാക്കാൻ കണ്ണൂർ, കോട്ടയം, തൃശൂർ ജില്ലാ ആസ്ഥാനങ്ങളിൽ ഓഫീസുകൾ തുറന്നു. മറ്റു സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികളെ സഹായിക്കാനായി ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചു. ബഹ്റൈനിലെ മലയാളികൾക്ക് സേവനങ്ങൾ നൽകുന്നതിനായി ഒരു ഹെൽപ് ഡെസ്ക് തുറന്നു.

## ഇൻഫർമേഷൻ – പബ്ലിക് റിലേഷൻസ്

ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവയ്ക്ക് പരിഹാരം കാണുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നിർണായക പങ്കാണ് വഹിക്കുന്നത്. മാധ്യമ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് സർക്കാരിനും ജനങ്ങൾക്കും ഗുണകരമായ പ്രവർത്തനങ്ങളാണ് വകുപ്പിലൂടെ നടപ്പാക്കിവരുന്നത്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ കോട്ടയത്ത് പ്രവർത്തനമാരംഭിച്ചു. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള സാംസ്കാരിക സമുച്ചയമായി ടാഗോർ തിയേറ്ററിനെ മാറ്റാനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം നവീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ന്യൂസ് ഗ്രിഡ് പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ബ്ലോക്കിലും വെബ് അധിഷ്ഠിത വാർത്താ വിതരണ സംവിധാനത്തിനായി മനുഷ്യവിഭവശേഷി പുറം സേവനത്തിലൂടെ ലഭ്യമാക്കുന്ന പദ്ധതി തുടങ്ങി. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വീഡിയോവോൾ നെറ്റ്വർക്ക് സ്ഥാപിക്കാനുള്ള നടപടിയാരംഭിച്ചു. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പത്രപ്രവർത്തകരുടെ പെൻഷൻ 4000 രൂപയിൽ നിന്നും 7000 രൂപയാക്കി വർധിപ്പിച്ചു.

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര പരിപാടിയായ സുതാര്യകേരളം പുതിയ രൂപത്തിലും ഭാവത്തിലും 2011 ആഗസ്റ്റ് 26 മുതൽ സംപ്രേഷണം ആരംഭിച്ചു. ദിനപത്രങ്ങളുടെ ഡിജിറ്റൽ ആർക്കൈവ്സ് പ്രവർത്തനം തുടങ്ങി. പത്രപ്രവർത്തകർക്കുള്ള പെൻഷൻ ബാങ്ക് മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടിയായി.

യു.ഡി.എഫ് സർക്കാരിന് കഴിഞ്ഞ രണ്ടു കൊല്ലം കൊണ്ട് സമസ്ത മേഖലകളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുവാനുള്ള നിശ്ചയദാർഢ്യമാണ് ഇതു സാധ്യമാക്കിയത്. കേരളത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർഥ്യമാക്കാനും നഷ്ടപ്പെട്ട അവസരങ്ങൾ തിരിച്ചുപിടിക്കാനും ഇനിയും ഒരുപാടു ദൂരം സഞ്ചരിക്കേണ്ടതുണ്ട്. ഒത്തൊരുമയോടെ നമുക്ക് അതിനുവേണ്ടി പരിശ്രമിക്കാം. ■

വികസനവും കരുതലും 2

# ആധുനിക വീക്ഷണത്തോടെ വിദ്യാഭ്യാസ മേഖല




**പി.കെ. അബ്ദു റബ്ബ്**
വിദ്യാഭ്യാസ മന്ത്രി


കേരളത്തിലെ വിദ്യാർഥികളും വിദ്യാഭ്യാസരംഗവവും അതിവേഗം ലോകോത്തര നിലവാരത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുകയാണ്. വാർത്താവിനിമയരംഗത്തുണ്ടായ വിപ്ളവം മൂലം ലോകത്തിലെ ഏത് അറിവും പുരോഗതിയും തത്സമയം അറിയാനുള്ള ശേഷി ലോകം നേടിയപ്പോൾ, നമ്മുടേതുപോലുള്ള ഒരു സംസ്ഥാനത്തിന് അതിൽ പങ്കെടുത്ത് വിജയം വരിച്ച് ലോകത്തിനു മുമ്പിൽ അഭിമാനത്തോടെ നിൽക്കാതിരിക്കാൻ കഴിയില്ല. വിദ്യാഭ്യാസരംഗത്ത് ഏതു മാർഗം അവലംബിച്ചാലാണ് മുന്നേറാൻ കഴിയുന്നതെന്നു പഠിക്കാനും മനസ്സിലാക്കാനും അതുകൊണ്ടുതന്നെ നാം ശ്രദ്ധിച്ചു. വിദ്യാഭ്യാസരംഗത്തിന്റെ കരുത്താണ് കേരളത്തിന്റെ ശക്തിയും സമ്പത്തും എന്ന നിലവന്നത് അത്തരം കാഴ്ചപ്പാടിലൂന്നിയ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞതുമൂലമാണ്. പ്രാഥമിക വിദ്യാഭ്യാസതലം മുതൽ ഉന്നത വിദ്യാഭ്യാസ ശ്രേണിവരെ ഓരോ ഘട്ടത്തിലും സൂക്ഷ്മമായ പരിരക്ഷണ വ്യഗ്രതയോടെ സർക്കാർ ഇടപെട്ടതുകൊണ്ടുണ്ടായ നേട്ടത്തിനു പകരംവെക്കാവു



**മലയാള സർവകലാശാല ഉദ്ഘാടനം തുഞ്ചൻപറമ്പിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു**

ന്നതൊന്നുമില്ല. അത്രമേൽ പ്രതിബദ്ധതയോടെയാണ് വിദ്യാഭ്യാസരംഗത്തെ കാത്തുസൂക്ഷിക്കാനും വളർത്തിയെടുക്കാനും സർക്കാർ വ്യഗ്രതകാട്ടുന്നത്. പരിരക്ഷണത്തിന്റെ സ്നേഹസ്പർശം കേരളത്തിലെ ഓരോ വീടുകളിലും കടന്നു ചെന്നു എന്നതും ശുഭോദർക്കമാണ്.

ഈ ആമുഖത്തെ സാധൂകരിക്കാൻ, വരുംതലമുറയുടെ സുഗമമായ ഭാവി ഉറപ്പുവരുത്താൻ കഴിഞ്ഞ ഒരു വർഷം വിദ്യാഭ്യാസവകുപ്പു ചെയ്ത കാര്യങ്ങളിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.




**അക്ഷയ വിദ്യാലയം സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദു റബ്ബ് നിർവഹിക്കുന്നു.**

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സംരക്ഷണത്തിനും നവോത്ഥാനത്തിനും മാതൃഭാഷയ്ക്കുമാത്രമായി ഒരു സർവകലാശാല വേണമെന്ന കേരളീയരുടെ ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. മലയാളിയുടെ ഹൃദയ നൈർമല്യവും മലയാള ഭാഷയുടെ ആത്മപ്രകാശനവും സംരക്ഷിച്ചു നിർത്താൻ മലയാളക്കരയ്ക്ക് അഭിമാനമായി തിരൂരിൽ, ആധുനിക മലയാളഭാഷയുടെ അഭിവന്ദ്യ പിതാവിന്റെ പേരിൽ 'തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല' സ്ഥാപിച്ചു. മലയാളം നേരിടുന്ന വെല്ലുവിളികളെ അതിജയിക്കാൻ വേണ്ടുന്ന ശക്തിയും സംവിധാനവും ഒരുക്കിക്കൊണ്ടാണ് ഈ മഹാപാഠശാല സ്ഥാപിതമാകുന്നത്. മലയാളത്തിന്റെ ഭാവി ഉത്കണ്ഠയോടെ നോക്കിക്കണ്ടവർക്ക് മറുപടിയാണ് ഈ സർവകലാശാല. ഭാഷയുടെ ദൈനംദിന വ്യവഹാരങ്ങൾക്കപ്പുറത്തേക്ക് പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും വ്യാകരണത്തിന്റെയും ദർശനങ്ങളുടെയും വിപുലമായ ഭൂമിക ലോകത്തിനു മുമ്പിൽ മലയാളത്തിനുവേണ്ടി തുറന്നിടാൻ കേരളത്തിനു കഴിഞ്ഞു എന്നത് മലയാളിയുടെ എക്കാലത്തെയും ആത്മബോധത്തിന് ആഹ്ലാദം പകരുന്ന സംഗതിയായി തുടരുകതന്നെ ചെയ്യും.



ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ കാംപസ് കേരളത്തിൽ ആരംഭിച്ചു എന്നത് നേട്ടത്തിന്റെ പട്ടികയിലെ വിലപ്പെട്ട സംഭാവനതന്നെയാണ്. മറുനാട്ടിലെ ഒരു ഭാഷ അതിന്റെ ശരിയായ അർഥത്തിൽ മലയാളിക്ക് വശമാക്കാനും അതു സംബന്ധിച്ച തൊഴിലവസരങ്ങളെ ഫലപ്രദമായി ഉപയോഗിക്കാനും ഈ ക്യാംപസിലൂടെ കഴിയും. 'മറുനാടൻ ഭാഷ' പഠനത്തിൽ കേരളത്തിലെ വിദ്യാർഥികൾ ഇതുവരെ ഇതര സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. അതിന് ഒരു പരിധിവരെയെങ്കിലും ഇത് പരിഹാരമാകും. ഇംഗ്ലീഷ്, അറബി, ഉർദു, സ്പാനിഷ്, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയ ഭാഷകളിൽ നേടുന്ന പ്രാവീണ്യം ആ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് സഹായകമാകും. മാത്രമല്ല ഇതര സംസ്ഥാനങ്ങളിലെ വിദ്യാർഥികൾ വിദ്യാഭ്യാസ നേട്ടത്തിനായി ഇവിടേക്കു കടന്നുവരും. അപ്രകാരം കേരളം വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധാകേന്ദ്രമാകും.

ഭാഷയും സാഹിത്യവും പോലെ തന്നെ നാടിന്റെ ജീവനാഡിയായി വർത്തിക്കുന്ന മറ്റൊരു രംഗമാണ് സാങ്കേതിക മേഖല. സാങ്കേതികവിദ്യാ പരിശീലനവുമായി ബന്ധപ്പെട്ട് നാം ഇനിയും ഒരുപാട് ഉയരങ്ങളിൽ എത്താനുണ്ട്. അതു മനസ്സിലാക്കി ഒരു സാങ്കേതിക സർവകലാശാല ഇദംപ്രഥമായി കേരളത്തിൽ ആരംഭിക്കാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കൂരയ്ക്കു കീഴിൽ കൊണ്ടുവരാനും തൊഴിൽപരമായി നമ്മുടെ തലമുറയെ വിദഗ്ധ പരിശീലനം നേടിയവരാക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണിത്.

സാങ്കേതികവിദ്യാഭ്യാസരംഗത്ത് സർക്കാർ നൽകിവരുന്ന ശ്രദ്ധ പ്രതിഫലിപ്പിച്ചിരിക്കുന്ന രംഗങ്ങൾ അനവധിയാണ്. സംസ്ഥാനത്തെ 23 പോളിടെക്നിക്കുകളിലായി എൻജിനീയറിങ് ഡിപ്ലോമ പഠനത്തിന് സായാഹ്ന പഠനസൗകര്യം ഏർപ്പെടുത്തി. ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (എ.ഐ.സി.ടി.ഇ.) മേഖലാ ഓഫീസ് തിരുവനന്തപുരത്ത് സ്ഥാപിച്ചതും ഈ രംഗത്തെ ഉണർവിനു മുമ്പെങ്ങുമില്ലാത്തവിധം കാര




സ്കിൽ ഡവലപ്മെന്റ് പ്രോജക്ടിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

ണമായിട്ടുണ്ട്. തൊഴിലും ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിക്കുന്ന ബോധനരീതി കേരളീയർക്ക് മുമ്പ് പരിചിതമായിരുന്നില്ല.

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ മികവിന്റെ പാതയിലാണ്. കൃത്യതയോടെയും ലക്ഷ്യനിർണയത്തോടെയുമുള്ള പഠനം എല്ലായിടവും നടക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. സർക്കാർവക ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഈ വർഷം 55 പുതിയ ബിരുദബിരുദാനന്തര കോഴ്സുകൾ ആരംഭിച്ച് ഈ രംഗത്തെ പുഷ്ടിപ്പെടുത്തി. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ അറിവ് ആയുധമാക്കാൻ വിദ്യാർഥികൾക്കു നൽകിയ പരിഗണനയുടെ ഫലംകൂടിയാണിത്. ഇതോടൊപ്പം തന്നെ കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിനു സ്വീകരിച്ച നടപടിയും ഈ രംഗത്തെ നേട്ടമായി. വിദ്യാഭ്യാസവകുപ്പ് ആരംഭിച്ച നവീനമായ പദ്ധതിയാണ് സ്കിൽ അക്വിസിഷൻ പ്രോഗ്രാം. പഠന വിഷയത്തോടൊപ്പം തന്നെ അഭിരുചിയുള്ള മറ്റൊരു വിഷയത്തിൽ അംഗീകാരമുള്ള പഠനവും സർട്ടിഫിക്കറ്റും നേടാനുള്ള അവസരമൊരുക്കുകയാണ് ഈ പദ്ധതിയിലൂടെ. തിരഞ്ഞെടുക്കപ്പെട്ട കോളേജുകൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ സ്കൂളുകളിലാണ് ഇത് ആദ്യഘട്ടത്തിൽ നടപ്പാക്കിത്തുടങ്ങിയിട്ടുള്ളത്.

## അനധ്യാപക വിദ്യാഭ്യാസ പാക്കേജ്

അംഗീകാരമില്ലാതെ, തൊഴിൽ അനിശ്ചിതത്വത്തിലായി ബുദ്ധിമുട്ടിയിരുന്ന പതിനായിരക്കണക്കിന് അധ്യാപകർക്ക് നിയമനാംഗീകാരം നൽകി വിദ്യാഭ്യാസരംഗത്തെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയ പദ്ധതിയാണ് വിദ്യാഭ്യാസ പാക്കേജ്. അധ്യാപകർക്ക് സർക്കാർ നൽകിയ ഈ പരിഗണന ഇത്തരത്തിൽ അംഗീകാരം ലഭിക്കാതിരുന്ന അനധ്യാപക ജീവനക്കാർക്കും നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത വാഗ്ദാനം പാലിച്ചുകൊണ്ട് അനധ്യാപകർക്കും പാക്കേജ് പ്രഖ്യാപിച്ചു. ആദ്യഘട്ടമായി 182 അനധ്യാപക ജീവനക്കാർക്ക് അംഗീകാരം നൽകി ജോലി സ്ഥിരത ഉറപ്പാക്കി.

## പ്രീ-പ്രൈമറി സംരക്ഷണം

പ്രീ-പ്രൈമറി മേഖലയെ സർക്കാർ അതീവ താത്പര്യത്തോടും അനുഭാവത്തോടുമാണ് പരിഗണിക്കുന്നത്. ചെറിയ കുട്ടികളുടെ പരിരക്ഷയും പഠനവുമാണ് ഇത്തരം സ്കൂളുകളിൽ നടത്തിവരുന്നത്.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഓരോന്നിനെയും താത്പര്യത്തോടെയാണ് സർക്കാർ പരിഗണിച്ചത്. 36 യു.പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കാൻ കഴിഞ്ഞത് അതിനാലാണ്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിലൂടെയാണ് ഇത് പ്രാവർത്തികമാക്കിയത്. 16 യു.പി. സ്കൂളുകളെക്കൂടി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി പൂർത്തിയായി വരികയുമാണ്

വളരെ വർഷങ്ങളായി ആരും പരിഗണിക്കാത്ത അവസ്ഥയിൽ പ്രീ-പ്രൈമറികളിൽ സേവനം അനുഷ്ഠിച്ചുവരുന്ന അധ്യാപകരും ആയമാരും അവരുടെ പ്രതിഫലം പ്രതിമാസം 5000, 3500 രൂപ ക്രമത്തിൽ ഉയർത്തിയിട്ടുണ്ട്. ഈ രംഗത്തെ ദൃഢമാക്കാൻ മറ്റുചില പദ്ധതികൾ കൂടി സർക്കാർ ആലോചിക്കുന്നുണ്ട്.

ഗവൺമെന്റ് സ്കൂളുകളിലെ എ.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള വിദ്യാർഥികൾക്ക് സൗജന്യ യൂണിഫോം നൽകി. ഈ ആനുകൂല്യ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും ലഭ്യമാക്കുന്നത് ഗൗരവത്തോടെ പരിഗണിച്ചുവരികയാണ്.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഓരോന്നിനെയും താത്പര്യത്തോടെയാണ് സർക്കാർ പരിഗണിച്ചത്. 36 യു.പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കാൻ കഴിഞ്ഞത് അതിനാലാണ്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിലൂടെയാണ് ഇത് പ്രാവർത്തികമാക്കിയത്. 16 യു.പി. സ്കൂളുകളെക്കൂടി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി പൂർത്തിയായി വരികയുമാണ്.

ഹയർ സെക്കൻഡറിയിൽ 582 പുതിയ ബാച്ചുകൾ അനുവദിച്ചുകൊണ്ട് 33,000 പ്ലസ്ടു വിദ്യാർഥികൾക്ക് അധികമായി പഠന സൗകര്യം സൃഷ്ടിക്കാൻ കഴിഞ്ഞത് അഭിമാനത്തോടെ പറയാൻ കഴിയുന്ന മറ്റൊരു നേട്ടമാണ്.

ഹയർ സെക്കൻഡറിയുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിൽ മുന്തിയ പരിഗണനയാണ് നൽകിയത്. ലൈബ്രറി നവീകരിക്കുകയും കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കാനുള്ള നടപടി കൊണ്ടുവരികയും ചെയ്തു. ലബോറട്ടറി

സൗകര്യം മെച്ചപ്പെടുത്തുന്നതിന് കംപ്യൂട്ടർ ഉൾപ്പെടുന്ന കൂടുതൽ പഠനോപകരണങ്ങൾ ലഭ്യമാക്കി. കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, കൂടുതൽ മൂത്രപ്പുരകൾ സജ്ജമാക്കി.

ഹയർ സെക്കൻഡറി രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ പ്രൊഫ. പി.ഒ.ജി. ലബ്ബയെ ചെയർമാനാക്കി കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതു നടപ്പാക്കാൻ ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞു വരികയാണ്.

പാഠപുസ്തകങ്ങൾ കിട്ടാക്കനിയായിരുന്ന ഒരു കാലം കേരളത്തിൽ തുടച്ചുമാറ്റപ്പെട്ടു, അധ്യയനവർഷം ആരംഭിക്കും മുമ്പേ, പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈകളിലെത്തിക്കാൻ കഴിഞ്ഞു എന്നത് ചരിത്രപരമായ നേട്ടം തന്നെയാണ്. സ്കൂൾ ഉച്ചഭക്ഷണം അർഹതയുള്ള എല്ലാവർക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തി കൂടുതൽ പേർക്ക് മികച്ച രീതിയിൽ ലഭ്യമാക്കി.

വിദ്യാർഥികളുടെ അച്ചടക്കവും മികവും പ്രകടമാക്കാനും രാഷ്ട്രധാരയിലെ മുൻനിരക്കാരാക്കാനും ഉദ്ദേശിച്ച് നിരവധി പുതിയ പദ്ധതികൾ നാഷണൽ സർവീസ് സ്കീം നടപ്പാക്കുകയുണ്ടായി. സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെ പ്രവർത്തനവും പരക്കെ അംഗീകരിക്കപ്പെട്ടു. അതേ മാതൃകയിൽ മറ്റു സംസ്ഥാനങ്ങളിൽ കുട്ടിപൊലീസ് സേന രൂപംകൊണ്ടതു നമുക്കുള്ള അംഗീകാരമാണ്. സംസ്ഥാനത്തിന്റെ വായനാ-ഗവേഷണ-പഠന രംഗത്തെ പരിപോഷിപ്പിക്കുന്നതിന് ലൈബ്രറിയുടെ വികസനവും സർക്കാർ പ്രാധാന്യത്തോടെ കണ്ടു. സാംസ്കാരിക-സാഹിത്യ രംഗത്ത് അത് ആനന്ദവും ആശാസ്യവുമായ ചലനങ്ങൾ സൃഷ്ടിച്ചുവരികയാണ്.

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും സർക്കാർ ശ്രദ്ധ വെക്കുന്നു.



സിവിൽസർവീസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഹരിത വി. കുമാറിനെ വിദ്യാഭ്യാസ മന്ത്രി അഭിനന്ദിക്കുന്നു

ഇത്തരം, പരിഗണന അർഹിക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഡോ. ജയരാജിനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ ശ്രദ്ധിച്ചു വരികയാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അധ്യാപകർക്കായി നാലു സ്ഥലങ്ങളിൽ പരിശീലന കേന്ദ്രം ആരംഭിക്കുകയും ചെയ്തു.

പരിഗണിക്കപ്പെടാതെ പോയ ഒരു രംഗവുമില്ല. സ്വാതിതിരുനാൾ സംഗീതകോളേജിൽ പുതിയ റിക്കോർഡിങ് സ്റ്റുഡിയോ സ്ഥാപിച്ചതുൾപ്പെടെ മഹനീയമായ അനവധി നേട്ടങ്ങളാണ് വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കിയത്. വിദ്യാർഥി-അധ്യാപക സമൂഹത്തിന്റെ കരുത്തും കാര്യക്ഷമതയും ഉറപ്പുവരുത്താൻ ആവിഷ്കരിച്ച എല്ലാ പദ്ധതികളും വിജയത്തിലെത്തിക്കാനായി.

479850 വിദ്യാർഥികൾ എഴുതിയ എസ്.എസ്.എൽ.സി പരീക്ഷയുടെ ഫലം റെക്കോഡ് സമയത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞു. നിരവധി കാര്യങ്ങളിൽ മുന്നേറ്റം നടത്തി സംസ്ഥാന വിദ്യാഭ്യാസ രംഗത്തിന് ഉദാത്ത മാതൃകയാകാൻ കഴിഞ്ഞുവെന്നത് സംസ്ഥാനത്തിനാകെ അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്.

കേരളം വിദ്യാഭ്യാസ വിഷയത്തിൽ ലോകത്തിന് ഒരു മാതൃകയാകണമെന്നാണ് താത്പര്യം. അതിനുള്ള പരിശ്രമമാണ് നടക്കുന്നത്. അതിൽ നമ്മുടെ സംസ്ഥാനത്തിന്റെ സുഗമമായ ഭാവിയിൽ താത്പര്യമുള്ള എല്ലാവരും സഹകരിച്ചുവരുന്നു എന്നത് സന്തോഷകരമാണ്. ■



സംസ്ഥാന സ്കൂൾ യുവജനോത്സവം തിരൂരിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു

# ജാഗ്രതയോടെയുള്ള ക്രമസമാധാനപാലനം



**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
ആഭ്യന്തര-വിജിലൻസ് മന്ത്രി

ഏതൊരു ജനതയുടെയും ഐശ്വര്യത്തിനും പുരോഗതിക്കും നിലനിൽപ്പിനും അവശ്യം വേണ്ടത് സമാധാനത്തോടെ ജീവിക്കാനുള്ള അടിസ്ഥാന സാഹചര്യമാണ്. ക്രമസമാധാനപാലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറ്റവും മുൻനിരയിലാണ്. ശ്രദ്ധേയമായ പുരോഗതിയാണ് ഇക്കാര്യത്തിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. ഇവിടെ കുറ്റകൃത്യങ്ങൾ നടക്കുന്നില്ലെന്നോ എല്ലാം പൂർണ ഭദ്രമാണെന്നോ അതിനാൽ നാം ജാഗ്രത പാലിക്കേണ്ടതില്ലെന്നോ ഇതുകൊണ്ട് അർഥമാക്കുന്നില്ല. മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി പൊലീസിന്റെ പ്രവർത്തനത്തിലും സമീപനത്തിലും ആവശ്യമായ മാറ്റം വരേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്. എങ്കിലും പൊതുവെയുള്ള സ്ഥിതിയനുസരിച്ച് കേരളത്തിൽ മെച്ചപ്പെട്ട ക്രമസമാധാനനിലയാണ് നിലവിലുള്ളതെന്നാണ് വിവിധ സർവേകളിൽ നിന്നും വ്യക്തമാകുന്നത്. സർക്കാരിന്റെയും കേരള പൊലീസിന്റെയും ജാഗ്രതയുള്ള പ്രവർത്തനങ്ങൾ വഴിയാണ് നമുക്ക് ഈ നേട്ടം ആർജിക്കാനായത്. ക്രമസമാധാനപാലനം, കുറ്റാന്വേഷണം, ജാഗ്രതാപ്രവർത്തനം, ഗതാഗത നിയന്ത്രണം, അഴിമതി തടയാനുള്ള പ്രവർത്തനങ്ങൾ, ജനസൗഹൃദ പൊലീസ് സംവിധാനം എന്നീ മേഖലകളിലാണ് പൊലീസിന്റെ പ്രവർത്തനത്തിൽ മുഖ്യമായും ഊന്നൽ നൽകിയിട്ടുള്ളത്. ജനശ്രദ്ധയാകർഷിച്ച ഒട്ടനവധി കേസുകളിൽ തികച്ചും പ്രൊഫഷണലും കാര്യക്ഷമവുമായ അന്വേഷണം വഴി ഒട്ടും കാലതാമസം ഇല്ലാതെ തന്നെ കുറ്റവാളികളെ കണ്ടെത്താനും അവരെ നിയമത്തിന്റെ മുമ്പിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ട്.

പൊതുജന സഹകരണത്തോടെ നടപ്പാക്കുന്ന ജനമൈത്രി സുരക്ഷാ പദ്ധതി 100 പൊലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തി. ഇതിൽ 50 സ്റ്റേഷനുകൾ ഗിരിവർഗമേഖലയിലാണ്. നിയമസമാധാനം കാത്തുസൂക്ഷിക്കുന്നതിൽ പൊതുജനങ്ങളടെ സഹായവും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളും കൂട്ടായ ചിന്തയും ഏറെ ഉപകാരപ്രദമാണ്. കേരളത്തിൽ ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതി പൊതുവെ സ്വീകാര്യമായ ഒരു മാതൃകയായി അംഗീകരിക്കപ്പെടുന്നു.

സംസ്ഥാനത്ത് 247 സ്കൂളുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി വഴി പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് പരിശീലനം നൽകിവരുന്നു. അച്ചടക്കം, സാമൂഹിക സേവനം, ഗതാഗത നിയന്ത്രണം, സൗഹാർദം, മയക്കുമരുന്നുകളുടെ ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണം, സ്കൂളുകൾക്ക് സമീപമുള്ള ചെറുകിട കച്ചവടക്കാർ, വാഹന ഡ്രൈവർമാർ തുടങ്ങി പൊതുജനങ്ങൾ ഏറെ ഇടപഴകുന്നവരുമായി സഹകരിച്ച് സമൂഹത്തിന്റെയും കുട്ടികളുടെയും സുരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾക്കും ഈ സേന



**പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ നടന്ന പോലീസ് സേനാംഗങ്ങളുടെ പാസിങ് ഔട്ട് പരേഡിൽ ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സല്യൂട്ട് സ്വീകരിക്കുന്നു**

മുൻകയ്യെടുക്കുന്നു. പരിശീലനവും സേവനസന്നദ്ധതയും അച്ചടക്കവുമുള്ള ഒരു പുതിയ തലമുറയെ വളർത്തിക്കൊണ്ടുവരുന്നതിന് ഈ സംരംഭം ഏറെ ഉപകാരപ്രദമാകും.

## സേവനാവകാശ നിയമം

വിവരാവകാശം പോലെതന്നെ പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ ഒരു നിയമമാണ് സേവനാവകാശം. സേവനാവകാശ നിയമം ആദ്യം പ്രാവർത്തികമാക്കിയത് പൊലീസ് വകുപ്പാണ്. പൊലീസ് വകുപ്പ് നൽകുന്ന 14 സേവനങ്ങൾ ആദ്യമായി സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നു. മൈക്ക് പ്രവർത്തിപ്പിക്കാനുള്ള അനുമതി, ഘോഷയാത്രയ്ക്കുള്ള അനുമതി, പാസ്പോർട്ട് സംബന്ധിച്ച അന്വേഷണം, പൊലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേലുള്ള അന്വേഷണം, പരാതി സ്വീകരിച്ച് രസീത് നൽകൽ, പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസ്, ജോലി സംബന്ധമായ വെരിഫിക്കേഷൻ, വിദേശികളുടെ രജിസ്ട്രേഷൻ, കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തികരിച്ച് തിരികെ നൽകൽ, സമൻസുകൾ നൽകുന്നതും വാറന്റുകൾ നടപ്പാക്കുന്നതും, പട്ടികജാതി-വർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയാണ് സേവനാവകാശത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്.




**കേരള പോലീസിൽ സേവനാവകാശം നടപ്പാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.എസ്. ശിവകുമാർ എന്നിവർ സമീപം**



സംസ്ഥാനത്തെ ആദ്യ വനിതാ തുറന്ന ജയിൽ ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

## വനിതാ സുരക്ഷയ്ക്കായി നിയമനിർമാണം

ഇന്ത്യയിൽ സമീപകാലത്ത് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് വനിതകളുടെ സുരക്ഷ. വനിതകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയാനും അവരുടെ അന്തസ്സിന് ക്ഷതമേൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുമായി നിയമസഭയിൽ വനിതാസുരക്ഷാ ബില്ല് അവതരിപ്പിച്ചു. സഭാംഗങ്ങളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം കണക്കിലെടുത്ത് കൂടുതൽ ചർച്ചയ്ക്കും പരിഷ്കരണത്തിനുമായി ബില്ല് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു നൽകിയിരിക്കുകയാണ്. അഭിപ്രായ സമാഹരണത്തിനും ചർച്ചയ്ക്കും ശേഷം പഴുതുകളില്ലാത്തവിധം ശക്തമായ നിയമം കൊണ്ടുവരാനും വനിതകളുടെ സുരക്ഷ ഉറപ്പാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്.

വനിതകളുടെ പരാതികൾ കേൾക്കുന്നതിനും അവയ്ക്കു പരിഹാരം കണ്ടെത്തുന്നതിനുമായി പൊലീസ് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്ക്കുകൾ ആരംഭിച്ചു. വനിതാ പൊലീസുകാരാണ് ഈ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നത്. തന്മൂലം സ്ത്രീകൾക്ക ഭസാശങ്കയും സങ്കോചവുമില്ലാതെ ഈ ഹെൽപ് ഡെസ്ക്കുകളിൽ പരാതി നൽകാനും അവയ്ക്കു പരിഹാരം കണ്ടെത്താനും കഴിയും.

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ

വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് ബോധവത്കരണ പരിപാടികളും കർശന പരിശോധനയും നടത്തുന്നതിന് കൂടുതൽ കർമപദ്ധതികൾ നടപ്പാക്കി. മദ്യപിച്ചു വാഹനം ഓടിക്കുന്നവരെ കണ്ടെത്താനായി കൂടുതൽ ആൽക്കോ മീറ്ററുകൾ സേനയ്ക്കു നൽകി. ബോധവത്കരണ പ്രവർത്തനങ്ങൾക്കായി സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെയും സന്നദ്ധ സംഘടനകളുടെയും സേവനം ഉപയോഗപ്പെടുത്തി. റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങൾക്കായി കോർപറേഷൻ മുനിസിപ്പാലിറ്റി, പഞ്ചായത്തു തലത്തിൽ ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ രൂപീകരിച്ചു. പ്രധാന ട്രാഫിക് ജംഗ്ഷനുകളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലുമായി 600 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. ട്രാഫിക് നിയമം ലംഘിക്കുന്നവരെ തത്സമയം തന്നെ കണ്ടെത്താനും പിഴയിടാനുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഓട്ടോമാറ്റിക് ചെലാൻ ജനറേറ്റിങ് സംവിധാനമേർപ്പെടുത്തി. ഹൈവേകളിൽ അമിതവേഗത്തിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്താൻ 100 സ്പീഡ് ചെക്കിങ് ക്യാമറകൾ സ്ഥാപിച്ചു.

## ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ്

കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് 100 സ്റ്റേഷനുകളിൽ ആധുനിക കംപ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനമേർപ്പെടുത്തി. കുറ്റകൃത്യങ്ങൾ, കുറ്റവാളികൾ, അവരുടെ വിരലടയാളം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ കംപ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചുകൊണ്ട് എത്രയും വേഗം കുറ്റവാളികളെ കണ്ടെത്താനും അവരെ



പോലീസിന്റെ കൃത്യനിർവഹണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി നടപ്പാക്കുന്ന ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ് നെറ്റ്‌വർക്ക് ആൻഡ് സിസ്റ്റത്തിന്റെ (സി.സി.ടി.എൻ.എസ്.) ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സമീപം

നിയമത്തിന്റെ മുമ്പിലെത്തിക്കാനുമാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. കുറ്റകൃത്യങ്ങൾ തടയാൻ ഒൻപതു ജില്ലകളിൽ ഇലക്ട്രോണിക് ബീറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അരുവിക്കര, മരട്, മാരായമുട്ടം കൊച്ചി (ഇൻഫോ പാർക്ക്), കാടാമ്പുഴ, അയിരൂർ, പൂക്കോട്ടുപാടം, കല്ലടിക്കോട് എന്നിവിടങ്ങളിൽ പുതിയ പൊലീസ് സ്റ്റേഷൻ അനുവദിച്ചു. രണ്ടു വർഷത്തിനുള്ളിൽ 3381 പേർക്ക് പൊലീസ് സേനയിൽ നിയമനം നൽകി. ഓരോ വർഷവും 2500 പേർക്കുവീതം നിയമം നൽകാനും പൊലീസ് സേനയുടെ സംഖ്യാബലം ജനസംഖ്യാനുപാതികമായി വർധിപ്പിക്കാനുമാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നത്. പൊലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ 403 പുതിയ വാഹനങ്ങൾകൂടി വാങ്ങാൻ നടപടിയായി. ഇതിനായി 25 കോടി രൂപയാണ് വിനിയോഗിക്കുന്നത്.

## കമ്മിഷണറേറ്റ് സംവിധാനം

മെഗാസിറ്റി പദ്ധതിയനുസരിച്ച് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കൂടുതൽ അധികാരങ്ങളോടെ കമ്മിഷണറേറ്റ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമായി. ക്രമസമാധാനപാലനത്തിനും കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും പൊലീസ് സംവിധാനത്തെ കൂടുതൽ ശക്തമാക്കാനുമാണ് ഈ നടപടി. പൊലീസിലേക്കുള്ള പരാതികൾ ഓൺലൈനായി സ്വീകരിക്കാനും സംവിധാനമായി. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ പോലുള്ള സ്ഥാപനങ്ങൾ വഴിയും പരാതികൾ ഓൺലൈനായി നൽകാൻ കഴിയും.

## ദുരന്ത നിവാരണസേന

ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിന് പൊലീസ് സേന ഏതു സമയത്തും സേവനസജ്ജമായെത്തുന്നു. ദുരന്തനിവാരണ രക്ഷാപ്രവർത്തനങ്ങൾക്കു പ്രത്യേക പരിശീലനം ലഭിച്ച 300 അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന ദുരന്തനിവാരണസേന രൂപീകരിച്ചു. ആധുനിക പരിശീലനം നേടിയ കമാണ്ടോകളെ ഉൾപ്പെടുത്തി 'തണ്ടർ ബോൾട്സ്' എന്ന സുരക്ഷാ വിഭാഗം ആരംഭിച്ചു. വ്യക്തികളുടെ സുരക്ഷയ്ക്കും തീവ്രവാദി ആക്രമങ്ങൾക്കുമെതിരെ ജാഗ്രതയോടെ പ്രവർത്തിക്കാൻ സദാസേവനസജ്ജമായ ഒരു വിഭാഗമാണിത്. സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ (സി.ഐ.എസ്.എഫ്) മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് ആരംഭിക്കുവാൻ സർക്കാർ തീരുമാനമായി. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ബാങ്കുകൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സുരക്ഷയ്ക്ക്, പ്രതിഫലം വാങ്ങിക്കൊണ്ട്, പരിശീലനം ലഭിച്ച സേനയുടെ സേവനം നൽകുന്ന പദ്ധതിയാണിത്. തീരദേശ സംരക്ഷണത്തിന് 10 പൊലീസ് സ്റ്റേഷനുകൾ കൂടി ആരംഭിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശ മേഖലയിലെ ആളുകളുടെ സംരക്ഷണം, കടലിലെ രക്ഷാപ്രവർത്തനം എന്നിവയ്ക്ക് വേഗത്തിൽ നടപടി സ്വീകരിക്കാനും ആശയവിനിമയം നടത്താനും ഈ സംവിധാനം ഉപകരിക്കും.



ദേശീയ കായിക മത്സരത്തിൽ വിജയിച്ച പോലീസ് കായിക പ്രതിഭകളെ ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അനുമോദിക്കുന്നു

ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിന് പൊലീസ് സേന ഏതു സമയത്തും സേവനസജ്ജമായെത്തുന്നു. ദുരന്തനിവാരണ രക്ഷാപ്രവർത്തനങ്ങൾക്കു പ്രത്യേക പരിശീലനം ലഭിച്ച 300 അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന ദുരന്തനിവാരണസേന രൂപീകരിച്ചു. ആധുനിക പരിശീലനം നേടിയ കമാണ്ടോകളെ ഉൾപ്പെടുത്തി 'തണ്ടർ ബോൾട്സ്" എന്ന സുരക്ഷാ വിഭാഗം ആരംഭിച്ചു.

## സേനാംഗങ്ങൾക്ക് കാന്റീൻ

പൊലീസ് സേനാംഗങ്ങൾക്കു മിതമായ വിലയിൽ കാന്റീൻ സാധനങ്ങൾ നൽകുന്നതിന് എല്ലാ ജില്ലകളിലും കാന്റീൻ ആരംഭിച്ചു. ഗുണമേന്മയുള്ള സാധനങ്ങൾ വിലയിളവോടെ സേനാംഗങ്ങൾക്കു ലഭിക്കുന്നത് അവരുടെ കുടുംബഭദ്രതയ്ക്കും ജീവിതച്ചെലവുകൾ കുറച്ചുകൊണ്ടുവരുന്നതിനും ഏറെ ഉപകാരപ്രദമാകും. പ്രമോഷൻ സാധ്യത കുറഞ്ഞ താഴ്ന്ന ഗ്രേഡിലുള്ള ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നൽകാനായി സർക്കാർ പ്രത്യേക പരിഗണന നൽകി. ഇതിന്റെ ഫലമായി 25000 പേർക്കു കൂടി പ്രമോഷൻ സാധ്യത ലഭിക്കുന്നു.

## ശബരിമല തീർഥാടകർക്കായി വെർച്വൽ ക്യൂ സംവധാനം

ശബരിമല ദർശനം സുഗമമാക്കാനും തിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുമായി സംസ്ഥാന പൊലീസ് ഏർപ്പെടുത്തിയ വെർച്വൽ ക്യൂ സംവിധാനം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള തീർഥാടകർക്കും ഇതര കേന്ദ്രങ്ങളിൽ നിന്നു വരുന്നവർക്കും മുൻകൂട്ടിത്തന്നെ ദർശന സമയം നിർണയിച്ചു കിട്ടാൻ ഈ സംവിധാനം ഏറെ ഉപകാരപ്രദമായി. നൂതനാശയാവിഷ്കാരത്തിനുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം നേടാനും ഈ സംവിധാനത്തിനായി. ■

# സേവന സന്നദ്ധമായി ജനപക്ഷത്ത്



■ അടൂർ പ്രകാശ്
റവന്യൂ മന്ത്രി

ജനങ്ങളുമായി അഭേദ്യബന്ധം പുലർത്തിവരുന്ന പ്രധാന ഭരണ വിഭാഗമാണ് റവന്യൂ വകുപ്പ്. 1979 ലാണ് ഈ വകുപ്പ് രൂപീകരിച്ചത്. ഭൂമിസംബന്ധമായ സേവനങ്ങൾക്കൊപ്പം ഇതര ക്ഷേമപ്രവർത്തനങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് റവന്യൂ വകുപ്പാണ്. ജനസംഖ്യാ വർധനവ് ഭൂമിയിലുള്ള ആവശ്യം ക്രമാതീതമാക്കിയിട്ടുണ്ട്. ലോകജനസംഖ്യ 700 കോടിയിലധികമാണ്. ആഗോളതലത്തിൽ ഒരു ചതുരശ്രകിലോമീറ്ററിൽ ശരാശരി 55 പേർ ജീവിക്കുന്നു. ഇന്ത്യയിൽ ഇത് 378 പേരാണ്. കേരളത്തിൽ ഇത് 860 പേരാണ്. ഇത് ആഗോള ശരാശരിയുടെയും 15 ഇരട്ടിയലധികം വരും. ഭൂവിനിയോഗത്തിലും ഭരണ നിർവഹണത്തിലും ആധുനിക സാങ്കേതികവിദ്യകൾ വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. ഭൂവിനിയോഗം, ദുരന്തനിവാരണം, എന്നീ മേഖലകളിൽ ഭാരിച്ച ഉത്തരവാദിത്വമാണ് റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നത്. ജനസൗഹൃദപരമായി കാര്യക്ഷമതയോടെയും സമയബന്ധിതമായും കാര്യനിർവഹണത്തിന് റവന്യൂ വകുപ്പിനെ പ്രാപ്തമാക്കേണ്ടതുണ്ട്. ആയതിന് ജീവനക്കാരുടെ സമ്പൂർണ സഹകരണം ആവശ്യമാണ്. ഇതിന്റെ ആദ്യ ചുവടുവയ്പാണ് റവന്യൂ ദിനാചരണം. കേരളത്തിലെ ഭൂമിയുടെ അളവു തിട്ടപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നാഴികക്കല്ലായത് 1886 ഫെബ്രുവരി 24 ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷനാണ്. ആ ദിനത്തിന്റെ സ്മരണാർഥം എല്ലാ വർഷവും ഫെബ്രുവരി 24 റവന്യൂ ദിനമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. റവന്യൂ ദിനത്തിൽ ഈ വകുപ്പിലെ വിവിധ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങൾക്കു മികച്ച സേവനം നൽകിയ ഉദ്യോഗസ്ഥരെ കണ്ടെത്തി പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇക്കൊല്ലം ഫെബ്രുവരി 24 നാണ് സംസ്ഥാന ചരിത്രത്തിൽ ആദ്യമായി റവന്യൂ ദിനം ആചരിക്കുന്നത്. വിവിധ ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസ് തുടങ്ങി താലൂക്ക് ഓഫീസ്, ആർ.ഡി.ഒ. ഓഫീസ്, കളക്ട്രേറ്റ് എന്നിവയുമായി ബന്ധപ്പെടാത്ത പൊതുസമൂഹം തുലോം കുറവാണ്. 18000 ൽ അധികം ജീവനക്കാർ ജോലിനോക്കുന്ന ബൃഹത്തായ വകുപ്പാണ് റവന്യൂ. വളരെയധികം വകുപ്പുകളുടെ മാതാവെന്ന വിളിപ്പേരും ഈ വകുപ്പിനുണ്ട്. വകുപ്പ് നേരിട്ടു നടത്തുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ കൂടാതെ ഇതര വകുപ്പുകൾ നടത്തുന്ന വികസന പ്രവർത്തനങ്ങളിലും ഈ വകുപ്പിന് കാതലായ പ്രാധാന്യമുണ്ട്. അടിസ്ഥാന സൗകര്യവികസനം ജനക്ഷേമകരമായ സേവനങ്ങൾ എന്നിവയിൽ റവന്യൂ വകുപ്പ് ഒട്ടനവധി പദ്ധതികൾ നടപ്പാക്കിവരുന്നു.



പൊതുമുതൽ/ഭൂസംരക്ഷണ മേഖലയിലെ നൂതന ആശയങ്ങൾ എന്ന വിഷയത്തിൽ നടന്ന ശില്പശാല റവന്യൂ മന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

## ഭൂരഹിതരില്ലാത്ത കേരളം 2015

സ്വന്തമായി ഒരുതുണ്ടു ഭൂമി ഉണ്ടാകുകയെന്നത് ഇന്നും സ്വപ്നമായി അവശേഷിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ട്. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തുന്നതിനും കേരളത്തിലെ ജനങ്ങളുടെ ജീവിതസാഹചര്യം ഉയർത്തുന്നതിനും വേണ്ടി റവന്യൂ വകുപ്പിൽ നടപ്പാക്കുന്ന സ്വപ്നപദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം 2015. വർധിച്ച ജനസാന്ദ്രതയും അടിക്കടി ഉയരുന്ന ഭൂമിയുടെ വിലയും മൂലം സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും അതുവഴി സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭൂരഹിതില്ലാത്ത കേരളം പദ്ധതിയിൽ രണ്ടര ലക്ഷത്തോളം കുടുംബങ്ങളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്കായി ഭൂമി കണ്ടെത്തലും തരംതിരിക്കലും ത്വരിതഗതിയിൽ നടന്നുവരികയാണ്. 2011 മെയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 34072 ഭൂരഹിതർക്ക് പട്ടയം നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പ് ആധുനികവത്കരണം

റവന്യൂ വകുപ്പിന്റെ കാര്യശേഷി വർധിപ്പിക്കുന്നതിനും കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനുമായി ഐടി അധിഷ്ഠിതമായ ഓൺലൈൻ സംവിധാനങ്ങൾ നടപ്പാക്കിവരുന്നു. പാലക്കാട് കണ്ണൂർ, കോട്ടയം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ നടപ്പാക്കിയ ഇ-ഡിസ്ട്രിക് പദ്ധതിയിലൂടെ 1244263 പേർക്ക് ഇ-സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. പോക്കുവരവ് പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനായി വില്ലേജ് ഓഫീസുകളെ സബ് രജിസ്ട്രാർ ഓഫീസുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് റവ്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിന് (ആർ.ഇ.എൽ.ഐ.എസ്.) രൂപം നൽകുകയും ഓൺലൈൻ പോക്കുവരവ് സമ്പ്രദായത്തിന് തുടക്കംകുറിക്കുകയും ചെയ്തു. 17 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ഓൺലൈൻ പോക്കുവരവ് സംവിധാനം റീസർവെ കഴിഞ്ഞ 500 ൽപ്പരം വില്ലേജുകളിലേക്കു കൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒരു പഞ്ചായത്തിന് ഒരു വില്ലേജ്

സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും വില്ലേജുകൾ ഇല്ലാത്ത സ്ഥിതിവിശേഷമുണ്ട്. ഇത് സാധാരണക്കാരായ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇത് ഒഴിവാക്കാനായി ഒരു പഞ്ചായത്തിന് ഒരു വില്ലേജെന്ന നയം സർക്കാർ രൂപീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകൾ നിലവലില്ലാത്ത സംസ്ഥാനത്തെ 31 പഞ്ചായത്തുകളിൽ പുതിയ വില്ലേജുകൾ രൂപീകരണം പൂർത്തിയായിവരുന്നുണ്ട്.

## സ്മാർട്ടാകുന്ന വില്ലേജ് ഓഫീസുകൾ

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്നു വേഗത്തിലും ആധുനിക രീതിയിലും ഉത്തരവാദിത്വത്തോടെയും സുതാര്യമായും സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടെയാണ് സ്മാർട്ട് റവന്യൂ ഓഫീസ് എന്ന പദ്ധതിയാവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏതുസമയത്തും എവിടെവെച്ചും ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നീ പദ്ധതികൾ അവലംബിച്ച് 23 ഇനം സർട്ടിഫിക്കറ്റുകളും നികുതി, ആശ്വാസ പദ്ധതി, ഭൂവിനിമയം എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളും സ്മാർട്ട് വില്ലേജുകൾ വഴി സമയബന്ധിതമായി ജനങ്ങളിലേക്കെത്തിക്കാൻ സാധിക്കും. തിരഞ്ഞെടുക്കപ്പെടുന്ന 33 വില്ലേജുകളിലാണ് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് വില്ലേജുകൾ ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്.

## ജനക്ഷേമവും വികസനവും

വിവിധ ക്ഷേമ സമാശ്വാസ പദ്ധതികളിലായി 1348 കോടി രൂപയിലധികം ധനസഹായം നടപ്പുസാമ്പത്തികവർഷം നൽകിയിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമപരിപാടി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി, വിവിധ ജില്ലകളിൽ നടന്ന ഫയൽ തീർപ്പാക്കൽ അദാലത്തുകൾ എന്നിവയി



കണ്ണൂർ ജില്ലയിൽ പട്ടയവിതരണം നിർവഹിക്കുന്ന മന്ത്രി അടൂർ പ്രകാശ്

ലൂടെ വിവിധ വിഷയങ്ങളിൽ പരിഹരിക്കാതെകിടന്ന 869233 പരാതികൾ പരിഹരിച്ചു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ 475.1220 ഹെക്ടർ ഭൂമി നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി വകുപ്പ് ഏറ്റെടുത്തു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും വരൾച്ചയിലും വെള്ളപ്പൊക്കത്തിലും ജനങ്ങൾക്കാശ്വാസമായി വകുപ്പ് പ്രവർത്തിക്കുന്നു. വിവിധയിനങ്ങളിലായി 10615827 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ 989.21 കോടി രൂപ സംസ്ഥാന ഖജനാവിലേക്കു മുതൽക്കൂട്ടാനും വകുപ്പിന് ഈ കലയളവിൽ കഴിഞ്ഞിട്ടുണ്ട്. സർവെ വകുപ്പിൽ പൈലറ്റ് പ്രൊജക്ട് പ്രകാരം റീസർവെ ആരംഭിച്ച 24 വില്ലേജുകളിൽ 21 വില്ലേജുകളുടെയും ഫീൽഡ് ജോലികൾ പൂർത്തിയാക്കി. റീസർവെയുമായി ബന്ധപ്പെട്ട് 309336 പരാതികൾ ലഭിച്ചതിൽ 231676 എണ്ണത്തിന് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞു. 2004 ഡിസംബർ 26 ന് ഉണ്ടായ സുനാമി കരുനാഗപ്പള്ളി, കണ്ണൂർ ചാലയിലെ ടാങ്കർ ദുരന്തങ്ങൾ, കാലവർഷ കെടുതികൾ, ഉരുൾപൊട്ടലുകൾ എന്നീ ദുരന്തമുഖങ്ങളിലെല്ലാം ഓടിയെത്തി ആശ്വാസമെത്തിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചത് റവന്യൂ ജീവനക്കാരാണ്. രാത്രിയെന്നോ പകലെന്നോ നോക്കാതെ ചുരുങ്ങിയ ഭൗതിക സാഹചര്യങ്ങളിൽ ജോലിചെയ്യുന്ന ഇവരുടെ നന്മകൾ നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. കേരളത്തിലെ എല്ലാ പൗരന്മാരുടെയും ഭൗതിക ജീവിതസാഹചര്യങ്ങൾ ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും സേവനമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും റവന്യൂ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. അതോടൊപ്പം നമ്മുടെ നാടിന്റെ പരിസ്ഥിതി, കാർഷികോത്പാദനം, ജലസ്രോതസ്സിന്റെ സംരക്ഷണം എന്നീ കാര്യങ്ങളിലും അതീവ ശ്രദ്ധയോടെ വകുപ്പിന് പ്രവർത്തിക്കേണ്ടതുണ്ട്.

## പുതിയ പദ്ധതികൾ

സംസ്ഥാനത്തെ ഓരോ പൗരനും റവന്യൂ ഓഫീസിൽ നിന്നു ലഭിക്കുന്നതും ലഭിക്കേണ്ടതുമായ സേവനങ്ങൾ സംബന്ധിച്ചും അവയുടെ മാനദണ്ഡങ്ങളും ഹാജരാക്കേണ്ട രേഖകളും എന്നിവ സംബന്ധിച്ച അറിയിപ്പുകളും റവന്യൂ ഓഫീസുകളൽ പ്രദർശിപ്പിക്കും. 2015 ഓഗസ്റ്റോടെ കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റും. റവന്യൂ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ജീവനക്കാരെ ബോധവത്കരിക്കും. യഥാസമയം ജനങ്ങൾക്ക് സേവനം ലഭിക്കുന്നുണ്ടോയെന്നു പരിശോധിക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തും. ദുരന്തങ്ങളെ ലഘൂകരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നിവവഴി നടപടികൾ സ്വീകരിക്കും. അനധികൃത കയ്യേറ്റത്തിൽനിന്നും സർക്കാർ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള ഊർജിത നടപടി സ്വീകരിക്കും. കോടതികളിൽ തീർപ്പാക്കാതെകിടക്കുന്ന മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കി പരമാവധി മിച്ചഭൂമി ഏറ്റെടുക്കും. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനായി ഓൺലൈൻ പോക്കുവരവ് ഇപ്പോൾ 17 വില്ലേജുകളിൽ നടപ്പാക്കിക്കഴിഞ്ഞു. റീസർവെ കഴിഞ്ഞ 500 ൽപ്പരം വില്ലേജുകളിലേക്കുകൂടി ഇതു വ്യാപിപ്പിക്കും. കേരളത്തെ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തും. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും 2013 ലെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കും. 33 വില്ലേജുകളെ സ്മാർട്ട് വില്ലേജുകളായി പ്രഖ്യാപിക്കും. റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് 12 പുതിയ താലൂക്കുകൾ തുടങ്ങുന്നതിന് ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്.

> 2004 ഡിസംബർ 26ന് ഉണ്ടായ സുനാമി കരുനാഗപ്പള്ളി, കണ്ണൂർ ചാലയിലെ ടാങ്കർ ദുരന്തങ്ങൾ, കാലവർഷ കെടുതികൾ, ഉരുൾപൊട്ടലുകൾ എന്നീ ദുരന്തമുഖങ്ങളിലെല്ലാം ഓടിയെത്തി ആശ്വാസമെത്തിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചത് റവന്യൂ ജീവനക്കാരാണ്.

## കയർ

പരമ്പരാഗത തൊഴിൽ മേഖലയിൽ നൂതനമായ പദ്ധതികളിലൂടെ ഉണർവേകാൻ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾകൊണ്ടു സാധിച്ചു.

കയർ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർധിപ്പിച്ചു. 2011-12 പ്ലാൻ വിഹിതം 9005.01 ലക്ഷം രൂപയായും 2012-13 ൽ പ്ലാൻ വിഹിതം 9005.01 ലക്ഷം രൂപയായും, 2012-13 ൽ പ്ലാൻ വിഹിതം 10470 ലക്ഷം രൂപയായും 2013-14 ൽ 11637 രൂപയായും വർധിപ്പിച്ചു.

കയർ തൊഴിലാളി ബോർഡു വഴിയുള്ള പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ നൽകാൻ 2012-13 വർഷം വകയിരുത്തി ചെലവാക്കിയ 32 കോടി രൂപ കണക്കാക്കിയാൽ 2012-13ൽ കയർ മേഖലയിൽ നേരിട്ട് ലഭിച്ച തുകയിൽ ചെലവഴിച്ച തുക 13438.39 ലക്ഷം രൂപയാണ്. ഇതു കണക്കിലെടുക്കുമ്പോൾ 2011-12, 2012-13 വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി കയർ വകുപ്പിന്റെ ബജറ്റിൽ വകയിരുത്തി വിനിയോഗിച്ചത് 22435.89 ലക്ഷം രൂപയാണ്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നും ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം 2011-12 വർഷം 5,50,60,000 രൂപയും 2012-13 വർഷം 23 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

കയർപിരി മേഖലയിൽ തൊഴിലാളിക




**കയർ കേരള ഫെസ്റ്റിവലിന്റെ ഉദ്ഘാടന വേദിയിൽ**

ളുടെ കൂലി 150 രൂപയിൽ നിന്നും 210 രൂപയായി വർധിപ്പിച്ച് ശരാശരി 110-120 രൂപ സർക്കാർ തന്നെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. സീഫൈബറിങ് മേഖലയിലും അനുബന്ധ മേഖലകളിലും കൂടി ഈ വർധനവ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കയർപിരി, ചെറുകിട ഉത്പാദക, ഡീഫൈബറിങ് സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധന പരിധി അഞ്ചു ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായും മാറ്റ്സ് ആൻഡ് മാറ്റിങ്സ് സഹകരണ സംഘങ്ങൾക്ക് ഇത് 7.5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും വർധിപ്പിച്ചു നൽകി. 2011-12 സാമ്പത്തിക വർഷം ഈയിനത്തിൽ 388 സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13 ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും ഉൾപ്പെടെ ആകെ 18,51,66,054 രൂപ നൽകി (440 സംഘങ്ങൾക്ക്) കൂടാതെ പുനരുദ്ധാരണ പദ്ധതി പ്രകാരം തന്നെ 2011-12 വർഷം നാല് സംഘങ്ങൾക്ക് 4,81,200 രൂപയും 2012-13 വർഷം ആറു സംഘങ്ങൾക്ക് 7,55,000 രൂപയും സ്ഥിരമൂലധനമായും നൽകി.

തൊണ്ടുസംഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുണ്ടായ തൊണ്ടുസംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ തൊണ്ടുസംഭരിക്കുന്നതിന് തൊണ്ടുസംഭരണ കൺസോർഷ്യങ്ങൾക്കു നൽകിവരുന്ന അഞ്ച് ലക്ഷം റിവോൾവിങ് ഫണ്ട്, കടത്തുകൂലിയുടെ 50 ശതമാനം ഗ്രാന്റ് എന്നിവ തുടർന്നും നൽകും.

ഉത്പന്നമേഖലയിൽ ഡിപ്പോ സമ്പ്രദായം ഒഴിവാക്കി തൊഴിലാളികൾക്ക് നിശ്ചയിച്ച കൂലി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തി. കയർ കോർപറേഷൻ മുഖാന്തിരം നടപ്പാക്കിവരുന്ന ക്രയവില സ്ഥിരതാപദ്ധതി (പി.പി.എസ്.എസ്.) പ്രകാരം കയർ കോർപറേഷന് 2011-12 ൽ 10,03,20,000 രൂപയും 2012-13 ൽ 18,39,60,000 രൂപയും ഉൾപ്പെടെ 28,42,80,000 രൂപ അനുവദിച്ചു.

ചെറുകിട ഉത്പാദക സഹകരണ സംഘങ്ങൾക്ക് ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം മൂന്നു ശതമാനം ഇൻസെന്റീവും മൂന്നു വർഷത്തെ വിറ്റുവരവിന്റെ ശരാശരിയുടെ അഞ്ചു ശതമാനം എം.ഡി.എ. ആയും നൽകി.

കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയായി വർധിപ്പിച്ചു. 2011 ൽ തുടക്കം കുറിച്ച കയറിന്റെയും പ്രകൃതിദത്തനാരുകളുടെയും അന്താരാഷ്ട്രമേളയായ 'കയർ കേരള' 2012 ലും 2013 ലും സംഘടിപ്പിച്ചു. ഇതുവഴി കയർമേഖലയിൽ ആഭ്യന്തര സ്വദേശവിപണി ശക്തമാക്കാൻ സാധിച്ചു. കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കോർപറേഷൻ, ഫോമിൽ, കയർ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കയർഫെഡ് എന്നിവയ്ക്ക് വിദേശ മാർക്കറ്റിൽ തങ്ങളുടെ സാന്നിധ്യം തെളിയിക്കാനും ഈ കയർകേരള ഉപകരിച്ചു. കയർ കേരള 2013 ൽ 30 രാജ്യങ്ങളിൽ നിന്നായി 151 പ്രതിനിധികൾ പങ്കെടുത്തു. വിദേശ വിപണി നാമമാത്രമായിരുന്നതിൽ നിന്നും കയർ കോർപറേഷന്റെ കയറ്റുമതി 2012-13 വർഷം 117 ലക്ഷം രൂപയായും കയർഫെഡിന്റേത് 2011-12 വർഷം 30.39 ലക്ഷം രൂപയായും 2012-13 വർഷം 150.52 ലക്ഷം രൂപയായും വർധിച്ചു. ഫോമില്ലിന്റെ കയറ്റുമതി 2011-12 ൽ 26 ലക്ഷം രൂപയും 2012-13 ൽ 97.79 ലക്ഷം രൂപയുമാണ്.



കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ഉദ്ഘാടനം മന്ത്രി അടൂർ പ്രകാശ് നിർവഹിക്കുന്നു

വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കയർ ജിയോടെക്സ്റ്റൈൽസ് വിപണനം ശക്തമാക്കി. കയർഫെഡിന്റെ ജിയോടെക്സ്റ്റൈൽസിന്റെ വിപണനം 2010-11 ലെ 64.56 ലക്ഷം രൂപയിൽ നിന്നും 2011-12 ൽ 136.90 ലക്ഷം രൂപയായും 2012-13 ൽ 269.90 ലക്ഷം രൂപയായും വർധിപ്പിച്ചു. കയർ കോർപറേഷന് ഇത് 2010-11 വർഷം 177 ലക്ഷം രൂപയായിരുന്നത് 2011-12 വർഷം 300 ലക്ഷം രൂപയായും 2012-13 വർഷത്തിൽ 500 ലക്ഷം രൂപയായും വർധിച്ചു. ഫോമില്ലിന് 2010-11 വർഷം 35.7 ലക്ഷം രൂപയും 2011-12 വർഷം 11.76 ലക്ഷം രൂപയും 2012-13 വർഷം 28.87 ലക്ഷം രൂപയുമാണ് ജിയോടെക്സ്റ്റൈൽസ് വിപണനം.

കയർമേഖലയിലെ തൊഴിലാളികൾ ഭൂരിഭാഗവും സ്ത്രീകളാണ്. സ്ത്രീകൾ കൂടുതലായി ജോലിയെടുക്കുന്ന കയർ മേഖല സംഘങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി 2011-12 ൽ 54 സഹകരണ സംഘങ്ങൾക്ക് 1,27,50,175 രൂപയായും 2012-13 ൽ 58 സഹകരണ സംഘങ്ങൾക്ക് 2,07,59,149 രൂപയും അനുവദിച്ചു.

പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കയർ സംഭരിച്ച് വിപണനം ശക്തമാക്കുന്നതിന്റെ ഭാഗമായി കയർഫെഡിന് 2011-12 ൽ 2,03,74,714 രൂപയും 2012-13 ൽ അഞ്ചു കോടി രൂപയും പ്രവർത്തന മൂലധനഗ്രാന്റ് ബജറ്റ് പ്രൊവിഷനിൽ നിന്നും അനുവദിച്ചു. മാത്രമല്ല, കയർഫെഡ് സംസ്ഥാന സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പാകുടിശികയുമായി ബന്ധപ്പെട്ടുള്ള ജപ്തിയിൽ നിന്ന് ഒഴിവാക്കി സഹകരണ ബാങ്കിന് സർക്കാർ ഫണ്ടിൽ നിന്നും 17.53 കോടി രൂപ അനുവദിച്ചു.

കണ്ണൂർ, കോഴിക്കോട്, പൊന്നാനി പ്രോജക്ട് ഏരിയ ഉൾപ്പെടുന്ന മലബാർ മേഖലയിൽ കയർ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരമായി അവ ശക്തിപ്പെടുത്തുന്നതിന് ഒരു "മലബാർ കയർ റീവാംബിങ് പദ്ധതി"ക്ക് സർക്കാർ അംഗീകാരം നൽകി. 490.00 ലക്ഷം രൂപ കയർഫെഡിന് പദ്ധതി നടപ്പാക്കാൻ സർക്കാർ ഗ്രാന്റായി നൽകി. 24 കയർ സഹകരണ സംഘങ്ങളിലൂടെ ഈ പദ്ധതി നടപ്പാക്കും.

കയർ മേഖലയിലെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കയർമേഖലയിൽ കരകൗശല ഉത്പന്നങ്ങൾ, സൊവനീറുകൾ ഇവ ഉത്പാദിപ്പിക്കുവാൻ പരിശീലന പരിപാടികൾ നടത്തി. നിർമാണമേഖല ഉൾപ്പെടെ കയറിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റീരിയൽ ഡിസൈനുമായി (ഐ.ഐ.ഐ.ഡി) യോജിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ■

2 വികസനവും കരുതലും

# ജലസ്വാശ്രയത്വം സാധ്യമാണ്




**പി.ജെ.ജോസഫ്**
ജലവിഭവ മന്ത്രി


മഴയുടെ കുളിരും സുഖവും അനുഭവിക്കാൻ വിദേശികൾ ആഴ്ചകളോളം വന്നു താമസിക്കുന്ന നാടാണു കേരളം. ഇടവപ്പാതിയും തുലാമഴയും, ചുട്ടുപൊള്ളി പനിച്ചു കിടക്കുന്ന മണ്ണിലേക്ക് അവിചാരിതമായി പെയ്തു വീഴുന്ന വേനൽ മഴയും..... 44 നദികളും തടാകങ്ങളും തണ്ണീർത്തടങ്ങളും മറ്റനേകം തോടുകളും അരുവികളും എന്നു വേണ്ട, ജലസമ്പന്നതയ്ക്കും ഹരിത സമൃദ്ധിക്കും പേരുകേട്ട നാട്. ഇത് ഒരുവശം. മറുവശത്ത് ഭൂമിയുടെ ജലസംഭരണികളായ പാടങ്ങൾ നികത്തി, കിണറുകൾ വറ്റി, കുളങ്ങൾ തൂർന്ന്, നദികൾ മണൽക്കുഴികളായി, നഗരങ്ങളും ഗ്രാമങ്ങളും ഒരു പോലെ കുടിവെള്ളത്തിനായി പരക്കം പായുന്ന കാഴ്ചകൾ എങ്ങും..... ഈ വൈരുദ്ധ്യങ്ങൾക്കിടയിൽ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുക എന്ന വെല്ലുവിളിയാണ് യു.ഡി.എഫ് സർക്കാർ രണ്ടു വർഷം മുമ്പ് ഏറ്റെടുത്തത്. ആ കടമ നിറവേറ്റുകയാണ് ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ.

കൂടുതൽ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാനായതും പദ്ധതികൾ വിപുലപ്പെടുത്തിയതും ദുർബലമായിരുന്ന ജല വിതരണത്തെ ശക്തിപ്പെടുത്തിയതും കണക്കിലെടുത്ത് ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ ഏജൻസി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് 100 കോടി രൂപ അധിക സഹായമായി അനുവദിച്ചത് എടുത്തുപറയേണ്ടതാണ്. 245 കോടി രൂപ ചെലവു വരുന്ന പദ്ധതികൾക്ക് കഴിഞ്ഞ വർഷം അംഗീകാരം നല്കാനായി. കടുത്ത വരൾച്ചയെ നേരിടുന്നതിന് വാട്ടർ അതോറിറ്റിയുടെ പമ്പുകൾക്കു സമീപം താല്കാലിക തടയണകൾ നിർമിക്കുന്നതിനും കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും 57 കോടി രൂപയും കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനും തകർന്നു കിടന്നവ നന്നാക്കുന്നതിനും ഭൂജല വകുപ്പിനു 13 കോടി രൂപയും ജല സംരക്ഷണത്തിനായി ചെക്ക് ഡാമുകൾ അടക്കമുള്ളവ നിർമിക്കാൻ ജലസേചന വകുപ്പിന് 22 കോടി രൂപയും അനുവദിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും കഴിഞ്ഞു. വരൾച്ച കണക്കിലെടുത്ത് കുടിവെള്ള വിതരണം നടത്താൻ പഞ്ചായത്തുകൾക്ക് അഞ്ച് ലക്ഷം രൂപ ചെലവഴിക്കാനും അനുമതി നല്കി.

കുടിവെള്ള വിതരണ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ യു.ഡി.എഫ് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനുള്ള പഴക്കമേറിയ പ്രധാന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് തുടക്കം കുറിയ്ക്കാനായി. തിരുവനന്തപുരം നഗരത്തിൽ പൈപ്പു മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ജൂൺമാസത്തിനുള്ളിൽ പൂർത്തിയാക്കാനാകും. മറ്റിടങ്ങളിലും പഴക്കമേറിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കും. 'എല്ലാവർക്കും കുടിവെള്ളം എല്ലായ്പ്പോഴും' എന്നതു യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളാണ് യു.ഡി.എഫ്



പട്ടുവം ശുദ്ധജലവിതരണപദ്ധതിയുടെ ഉദ്ഘാടനം പി.ജെ. ജോസഫ് നിർവഹിക്കുന്നു

## പുതിയ പദ്ധതികൾ

RIDF-XVII -ൽ ഉൾപ്പെടുത്തി 2012-13 ൽ ഏകദേശം 206.39 കോടി രൂപ മതിപ്പു ചെലവു വരുന്ന ഒമ്പത് കുടിവെള്ള പദ്ധതികൾക്കും 10 കോടി രൂപക്ക് എൻഡോസൾഫാൻ പാക്കേജിലുൾപ്പെടുത്തി ഒരു പദ്ധതിക്കും നബാർഡ് ധനസഹായത്തിനു വേണ്ടി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയ്ക്കുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

## സാർക്ക് (സ്പെഷ്യൽ അസിസ്റ്റന്റ്സ് എഗൻസ്റ്റ് റിസെഷൻ ഇൻ കേരള)

സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ, മാന്ദ്യവിരുദ്ധ പദ്ധതിയായ സാർക്കിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 13 നഗരശുദ്ധജലവിതരണ പദ്ധതികളുടെ പണി നടപ്പാക്കി വരുന്നു.

കൂടാതെ പാറശ്ശാലയ്ക്കും സമീപ പ്രദേശങ്ങൾക്കും മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള 136.40 കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയും, കുമരകം തിരുവാർപ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനു വേണ്ടി 24.05 കോടി രൂപയുടെ പദ്ധതിയും നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

മലബാർ മേഖലയിൽ നിലവിലുള്ള ആറ് ശുദ്ധജലവിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ അവസാനഘട്ടത്തിലാണ്. മഞ്ചേരി, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാസർകോട് എന്നീ ആറ് ജലവിതരണ പദ്ധതികളുടെ പഴകിയതും, കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 168.88 കോടി രൂപയുടെ പദ്ധതികളിൽ മഞ്ചേരി, കണ്ണൂർ പദ്ധതികൾ അവസാന ഘട്ടത്തിലാണ്. ശേഷിക്കുന്ന പദ്ധതികൾ ഈ വർഷം പൂർത്തിയാക്കും.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നബാർഡ് (സ്പാൻ) പദ്ധതികളിൽ നടപ്പാക്കിയതു പോലെയുള്ള ഫാസ്റ്റ് ട്രാക്ക് രീതി സ്വീകരിച്ചു വരുന്നു. പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു.

മണലൂർ കാരമുക്ക് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ - 541 ലക്ഷം രൂപ, ബേലൂരും സമീപ വില്ലേജുകൾക്കുമുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി - 1700 ലക്ഷം രൂപ, കൊണ്ടോട്ടി നെടിയിരുപ്പ് വില്ലേജുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി മെച്ചപ്പെടുത്തൽ - 1300 ലക്ഷം രൂപ, മുന്നിയൂർ,

സർക്കാർ നടത്തുന്നത്. ജലവിതരണരംഗം സ്വകാര്യവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നില്ല. കുടിവെള്ള വിതരണത്തിനാണ് വകുപ്പ് പ്രഥമ പരിഗണന നല്കുന്നത്.

## കേരള വാട്ടർ അതോറിറ്റി

നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ജൈക്ക, എ.ആർ.പി മുതലായവയിൽ ഉൾപ്പെടുത്തി 230-ഓളം ശുദ്ധജലവിതരണ പദ്ധതികളുടെ നിർമാണ പ്രവൃത്തികളാണ് കേരള വാട്ടർ അതോറിറ്റിയിൽ നടന്നു വരുന്നത്. ഇതിൽ 104 എണ്ണം ഈ സാമ്പത്തിക വർഷം (2013 -14) പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയൽ ഉൾപ്പെടുത്തി ഈ വർഷം 28 കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നല്കി.

## ജിക്കയുടെ സഹായത്തോടെയുള്ള പദ്ധതികൾ

ജിക്കയുടെ സഹായത്തോടെ ചേർത്തല, തിരുവനന്തപുരം, കോഴിക്കോട്, മീനാട്, പട്ടുവം എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുവാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. ഇതിൽ ചേർത്തലയും പട്ടുവവും കമ്മീഷൻ ചെയ്തു കഴിഞ്ഞു. തിരുവനന്തപുരം പദ്ധതിയും മീനാട് പദ്ധതിയും ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ ഈ വർഷം തന്നെ പൂർണമായും കമ്മീഷൻ ചെയ്യും. കോഴിക്കോട് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ (ARWS സ്കീംസ്)

കേന്ദ്രസഹായത്തോടെ ഗ്രാമീണ മേഖലയിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നത് നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിലൂടെയാണ്. 2009-10 മുതൽ പദ്ധതി വിഹിതം കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കണം. ഈ പദ്ധതിയിൽ ഇപ്പോൾ 153 പദ്ധതികൾ നടപ്പാക്കി വരുന്നു. ഈ വർഷം 24564.77 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് തുകയും ബാങ്ക് പലിശയും ചേർത്ത് 26224.09 ലക്ഷം രൂപയിൽ 23889.37 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വർഷം നീക്കിവെച്ച തുക ചെലവാക്കിയ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിക്ക് 99.70 കോടി രൂപ അധികഫണ്ടായി ലഭിച്ചിട്ടുണ്ട്.

## ടെക്നോളജി മിഷൻ

ജലഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കായി കേന്ദ്ര സഹായത്തോടെയുള്ള ആറ് പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. ഇതിൽ പത്തനാപുരം കുടിവെള്ള പദ്ധതി വിതരണ ശൃംഖല ഒഴിച്ചുള്ള ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## നബാർഡ് സഹായത്തോടെയുള്ള (സ്പാൻ RIDF-XIV) പദ്ധതികൾ

36 പദ്ധതികളാണ് ഇതിൽ ഏറ്റെടുത്തിരിക്കുന്നത്. 18 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇതിൽ 17 പദ്ധതികൾ ഈ സാമ്പത്തികവർഷവും ശേഷിക്കുന്ന ഒരെണ്ണം അടുത്ത സാമ്പത്തിക വർഷവും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാലപ്പഴക്കം വന്ന പമ്പുകളും മോട്ടോറുകളും മാറ്റാനുള്ള 34.1 കോടി രൂപയുടെ പദ്ധതി (RIDF-XIV) യിൽ ഉൾപ്പെടുത്തി ദർഘാസുകൾ ക്ഷണിച്ചു കഴിഞ്ഞു. പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ഈ സാമ്പത്തിക വർഷം തന്നെ ഇവ പൂർത്തിയാക്കും.

തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ - 158 ലക്ഷം രൂപ, തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തിലേയ്ക്കുള്ള ശുദ്ധജല പദ്ധതി മെച്ചപ്പെടുത്തൽ - 82.50 ലക്ഷം രൂപ എന്നീ അഞ്ച് പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ, ശബരിമലയിൽ അഞ്ച് കോടി മുതൽ മുടക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ ആരംഭഘട്ടത്തിലാണ്. 53 കോടി രൂപയുടെ എരുമേലി ശുദ്ധജലവിതരണ പദ്ധതി പുരോഗമിച്ചു വരുന്നു. 1.8 കോടി രൂപയ്ക്കുള്ള മലബാർ ക്യാൻസർ സെന്റർ ശുദ്ധജലവിതരണ പദ്ധതിയ്ക്കായി പുതിയ പ്രൊപ്പോസൽ തയാറാക്കിയിട്ടുണ്ട്. വിതുര - തൊളിക്കോട് ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി 24 കോടി രൂപയ്ക്കുള്ള പദ്ധതിയും, കിളിമാനൂർ - പഴയകുന്നുമ്മേൽ ശുദ്ധജലവിതരണ പദ്ധതിയ്ക്കായി 31 കോടി രൂപയുടെ പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. തൃപ്പൂണിത്തുറയിൽ വിപുലമായ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞവ കൂടാതെ, രണ്ട് ജെ.എൻ. എൻ.യു.ആർ.എം. പദ്ധതികളും, 13 യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതികളും നിർമ്മാണത്തിലിരിക്കുന്നവയിൽ ഉൾപ്പെടുന്നു.

### v സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്

ആലുവയിലെ മരടിൽ സ്ഥാപിക്കുന്ന സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനായുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ഇതിന്റെ അപ്ഗ്രഡേഷനു വേണ്ടിയുള്ള പദ്ധതികൾ നടക്കുന്നു.

### v ജലഗുണനിലവാര പരിശോധനാ ലാബോറട്ടറികൾ

എൻ.ആർ.ഡി.ഡബ്ല്യൂ.പി. (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം) യുടെ പുതുക്കിയ ഗൈഡ്‌ലൈൻ പ്രകാരം 14 ജില്ലകളിലും പുതിയ സബ്-ഡിവിഷൻ തലത്തിലുള്ള ലബോറട്ടികൾ സ്ഥാപിക്കുവാനുള്ള പ്രവർത്തികൾ നടന്നു വരികയാണ്.

### v സംസ്ഥാന വ്യാപകമായി കമ്പ്യൂട്ടർവത്കരണം

കേന്ദ്രീകൃത ബില്ലിങ് സിസ്റ്റം (അബാക്കസ്) വാട്ടർ അതോറിറ്റി റവന്യൂ ഓഫീസുകളിൽ പ്രാവർത്തികമാക്കാനായി ഇ-അബാക്കസ് (Enhanced Abacus) സിസ്റ്റം വികസിപ്പിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ മറ്റു വരുമാന സ്രോതസ്സുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെള്ളക്കര ബില്ലിങ്, ടാങ്കർ ലോറി വഴിയുള്ള കുടിവെള്ള വിതരണം മുതലായവയുടെ കമ്പ്യൂട്ടർവത്കരണം, കൂടാതെ സ്പോട്ട് ബില്ലിങ് മെഷീൻസ്, ഇ-പെയ്മെന്റ് എന്നിവ സാദ്ധ്യമാക്കുവാൻ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ എല്ലാ വാട്ടർ അതോറിറ്റി ഓഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ട് കേരളാ ഗവമെന്റിന്റെ ഡാറ്റാ സെന്ററും കമ്മ്യൂണിക്കേഷൻ സംവിധാനവും മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സമ്പൂർണ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ശൃംഖലയുടെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

അക്ഷയ സെന്ററുകൾ, പോസ്റ്റ് ഓഫീസുകൾ, ഫെഡറൽബാങ്ക്, ഫ്രണ്ട്സ് സെന്റർ എന്നിവ വഴി ഓൺലൈൻ ആയി വാട്ടർ ചാർജ് അടയ്ക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി സർക്കിൾ ഓഫീസുകളിലും, റീജിയണൽ ഓഫീസുകളിലും വീഡിയോ കോഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തി.

v ഊർജ്ജ സംരക്ഷണ നടപടികളും ഉപയോഗയോഗ്യമല്ലാത്ത പമ്പുകൾ, മോട്ടോറുകൾ മറ്റ് വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും ഒരു ഉയർന്ന വൈദ്യുത ഉപഭോക്താവായ വാട്ടർ അതോറിറ്റിയുടെ ഊർജ്ജ ചെലവ് കുറയ്ക്കുന്നതിനായി വൈദ്യുത ഉപകരണങ്ങളുടെ സമയോചിത പരിപാലനവും മറ്റ് ഊർജ്ജ സംരക്ഷണ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

### v ഇ-ടെൻഡറിങ്

ടെൻഡർ നടപടികളിലെ ഇടപെടലുകൾ ഒഴിവാക്കി സുതാര്യത കൈവരിക്കുവാൻ ടെൻഡറുകൾ ഇ-ടെൻഡറിങ് ചെയ്തു വരുന്നു.

കടലോരപ്രദേശങ്ങളിലും കുട്ടനാട്ടിലും സമുദ്രജലം ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി ഉപ്പു വേർതിരിച്ച് കുടിവെള്ളമാക്കി മാറ്റുന്ന നൂതന സാങ്കേതിക വിദ്യയുടെ ആവശ്യകത വർദ്ധിക്കുകയാണ്. അനുയോജ്യ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നൂതന ജലവിതരണ പദ്ധതിക്കായി അഞ്ച് കോടി രൂപ വീതമുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ഈ മൂന്ന് പദ്ധതിയിൽ ഒന്ന് കുട്ടനാട്ടിലും തൃശൂർ ജില്ലകളിലെ തീരപ്രദേശങ്ങളിലും തെക്കൻ കേരളത്തിലെ തീരപ്രദേശങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കൊച്ചി കുമ്പളങ്ങി പഞ്ചായത്തിൽ നൂതന സാങ്കേതിക വിദ്യ പൈലറ്റ് പ്രോജക്ട്

v എം.എ .ഡി. ഉപ്പുവെള്ള ശുദ്ധീകരണവും ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനവും നൂതന സാങ്കേതിക വിദ്യ ശുദ്ധജലവിതരണ മേഖലയിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഐ.ഐ.റ്റി. മദ്രാസിന്റെ സാങ്കേതിക സഹായത്തോടെ പദ്ധതി രൂപകൽപ്പന ചെയ്തു വരുന്നു.

### നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്

എം.എ .എ. - എ.ഡി.എഫ് പദ്ധതി പ്രകാരം 5.615 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നടപ്പാക്കുവാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 19.6236 കോടി രൂപയ്ക്കുള്ള വിവിധ പദ്ധതികൾ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.



ജലസേചന വകുപ്പിലെ ഇ-ടെൻഡറിങ് സംവിധാനം മന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

## 2013-14ലെ പദ്ധതികൾ

### ഡീ-സാലിനേഷൻ പ്ലാന്റ്

കടലോര പ്രദേശങ്ങളിലും കുട്ടനാട്ടിലും നടപ്പിലാക്കുന്ന സമുദ്ര ജലത്തിൽ നിന്നു ഉപ്പ് വേർതിരിച്ച് കുടിവെള്ളമാക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന പദ്ധതി

### പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ

കൂടെക്കൂടെയുണ്ടാകുന്ന പൈപ്പു പൊട്ടൽ കാരണം പൊതുജനങ്ങൾക്ക് ശുദ്ധ

ജലം നല്കുന്നതിനുണ്ടാകുന്ന തടസമാണ് ജല അതോറിറ്റി നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. നഗര ഗ്രാമീണ ജലവിതരണ പദ്ധതികളുടെ പൈപ്പ് മാറ്റിയിടുന്നതിനും പുനരുദ്ധരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ഈ പദ്ധതിക്കായി 2013-14- 9000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം, കോവളം എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു സമഗ്ര കുടിവെള്ള പദ്ധതിക്കായി 2 കോടി രൂപ 2013-14 ൽ വകയിരുത്തിയിട്ടുണ്ട്. എറണാകുളത്ത് സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള വികസന പദ്ധതികൾ കണക്കിലെടുത്ത് 1000 കോടി രൂപയുടെ ജൈക്ക സഹായത്തോടെ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 2000 എം.എ.ഡി. ശുദ്ധജലവിതരണം നടത്താനാകും. അതുപോലെ തൃശൂരിൽ 50 എം.എ .ഡി. ജലം കൂടി വിതരണ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 25 കോടി രൂപയാണ് സംസ്ഥാന വിഹിതമായി വകയിരുത്തിയത്. ഇപ്പോൾ നടന്നുവരുന്ന കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതോടൊപ്പം മഴവെള്ള സംഭരണ പദ്ധതി കൂടി നടപ്പാക്കി വൈപ്പിനിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.

## ജലസേചനം

നബാർഡിൽ ഉൾപ്പെടുത്തി 78 പദ്ധതികളാണ് ജലസേചന വകുപ്പിൽ നടപ്പാക്കി വരുന്നത്. ഇതിൽ 19 എണ്ണം പൂർത്തിയാക്കി കഴിഞ്ഞു. 10718 ഹെക്ടർ പ്രദേശം ജലസേചന സൗകര്യം ഒരുക്കുവാൻ ഇതുമൂലം കഴിഞ്ഞു. നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി 125 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കാനായി. ഒരു വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തു. ദേശീയ ജലപാതയുടെ നിർമാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. വടകര - മാഹി കനാലിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായി.

കാവേരി ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം കേരളത്തിന് കബനി, ഭവാനി, പാമ്പാർ ബേസിനുകളിൽ ലഭ്യമാകുന്ന 30 റ്റി.എം.സി വെള്ളം പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ത്വരിതപ്പെടുത്തുന്നതാണ്. പാമ്പാർ ബേസിനിൽ ഡാം നിർമിക്കുന്നതിന് 25 കോടി രൂപയുടെ ഭരണാനുമതി നല്കി. ഭവാനി ബേസിനിൽ ലഭ്യമായ ജലം ഉപയോഗപ്പെടുത്തുന്നതിന് അട്ടപ്പാടിയിലും അണക്കെട്ട് നിർമിക്കുന്നതാണ്. കബനി ബേസിനിലും ഡാമുകൾ നിർമിക്കാൻ ശ്രമം തുടരുന്നതാണ്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുളങ്ങൾ നിർമിക്കുന്നതിന് 50 കോടി രൂപയുടേയും പുലിമുട്ടുകളുടെ നിർമാണത്തിനായി 65 കോടി രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം അനുമതി നൽകിയ 103 കുളങ്ങളുടെ നിർമാണത്തിൽ 48 എണ്ണവും പൂർത്തിയാക്കാനായി.

ജലവിഭവ വകുപ്പിന്റെ ഡാമുകളോടനുബന്ധിച്ച് വിവിധ ടൂറിസം പദ്ധതികൾ നടപ്പാക്കുകയാണ്. മലങ്കര, കാരാപ്പുഴ എന്നിവിടങ്ങളിൽ ഇതിന്റെ നിർമ്മാണ പ്രവർത്തികൾ ഈ വർഷം ആരംഭിക്കും. 700-ാളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള ബൃഹത് പദ്ധതിയും ജലസേചനവകുപ്പ് തയാറാക്കി വരുകയാണ്.

മുല്ലപ്പെരിയാർ കേസ് അവസാനഘട്ടത്തിലാണ്. പുതിയ ഡാം പണിയാൻ അനുമതി ലഭിക്കുമെന്നാണ് കരുതുന്നത്. ഇതിനുള്ള നടപടികളും സർക്കാർ കൈകൊണ്ട് വരികയാണ്.

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട വിവിധ പ്രവർത്തികൾ പുരോഗതിയിലാണ്. എ. സി കനാൽ വിപുലീകരിക്കുന്നതിനും കായൽ നിലങ്ങളായ സി & ഡി ബ്ലോക്ക് റാണി - ചിത്തിര എന്നിവയ്ക്കിടയിലുള്ള ജലനിർഗമനം വേഗത്തിലാക്കി വെള്ളപ്പൊക്കത്തിന് നിയന്ത്രണം വരുത്താനും തണ്ണീർമുക്കം ബണ്ടിന്റേയും തോട്ടപ്പള്ളി സ്പിൽവേയുടേയും കാര്യശേഷി വർദ്ധിപ്പിക്കാനും നടപടി കൈക്കൊണ്ടുവരികയാണ്.

## കാഡ

കേരളത്തിലെ പതിനെട്ട് ജലസേചന പദ്ധതികളാണ് കമാന്റ് ഏരിയ വികസന പരിപാടിയുടെ കീഴിൽ സമഗ്ര വികസനത്തിനായി ഏറ്റെടുത്തത്.

ഇതിൽ 14 പദ്ധതികളിൽ (മലമ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, ചിറ്റൂർപുഴ, പീച്ചി, വാഴാനി, ചിരക്കുഴി, ചാലക്കുടി നെയ്യാർ, കുറ്റിയാടി പെരിയാർ വാലി, പമ്പ) കാഡാ പ്രോഗ്രാം അവസാനിപ്പിച്ചിരിക്കുകയാണ്. കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട, മൂവാറ്റുപുഴ എന്നീ പദ്ധതികളിൽ പ്രോഗ്രാം ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കാഞ്ഞിരപ്പുഴ:- 6845ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം 117.621 ലക്ഷം രൂപ ചെലവഴിച്ച് 160 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ചാനൽ, കർഷക പരിശീലനം (8എണ്ണം) ഡെമോൺസ്ട്രേഷൻ (34 ഹെക്ടർ), ഇവാല്യൂവേഷൻ എന്നിവയും നടപ്പിലാക്കി. ഈ വർഷം 590 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം ഒരുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പഴശ്ശി :- 1362 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. ഫീൽഡ് ഡ്രെയിൻ 230 ഹെക്ടർ, കർഷക പരിശീലനം 8 എണ്ണം, ഡെമോൺസ്ട്രേഷൻ 18 ഹെക്ടർ, ഇവാല്യുവേഷൻ എന്നിവ നടപ്പാക്കി. 2013-14 വർഷത്തിൽ 2440 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം.

കല്ലട :- 385 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്താനായി കഴിഞ്ഞ സാമ്പത്തിക വർഷം 241.535 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 1079 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിൻ, കർഷക പരിശീലനങ്ങൾ (10 എണ്ണം), ഡെമോൺസ്ട്രേഷൻ 13.2 ഹെക്ടർ, ഇവാല്യുവേഷൻ എന്നിവ നടപ്പാക്കി. ഈ വർഷം 2040 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കുന്നുണ്ട്.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി:- മൂവാറ്റുപുഴ വാലി പദ്ധതിക്ക് കേന്ദ്രാനുമതിയും സംസ്ഥാന സർക്കാരിന്റെ 67 കോടി

രൂപയ്ക്കുളള ഭരണാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2012 മുതൽ കാഡ പ്രവർത്തനങ്ങൾ ആരംഭിച്ചു. എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ 19237 ഹെക്ടർ പ്രദേശത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം 215 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 3500 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം.

## ഭൂജല വകുപ്പ്

വരൾച്ചയെ നേരിടാനായി മുൻകാലങ്ങളെ അപേക്ഷിച്ച് വകുപ്പിന് ആവശ്യമായ സാമ്പത്തിക സഹായം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർക്കാർ അനുവദിക്കുകയും ഇത് ഫലപ്രദമായി വിനിയോഗിക്കുവാനുള്ള നടപടികൾ നടത്തിവരികയുമാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കി വരൾച്ചയെ ഫലപ്രദമായി നേരിടാൻ വകുപ്പിനു കഴിഞ്ഞു. ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ അടിയന്തര ആശ്വാസത്തിനായി കുഴൽ കിണർ കുഴിച്ച് ഹാൻഡ് പമ്പുകൾ ഘടിപ്പിക്കുന്ന പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകുകയാണ് ചെയ്തത്.

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ 225 കുഴൽ കിണറുകൾ കുഴിക്കുകയും 16 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കുകയും 115 ഹാൻഡ് പമ്പ് ഘടിപ്പിച്ച പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. ഇതു കൂടാതെ സംസ്ഥാനത്തുടനീളം കേടായി കിടന്ന 1200 ഹാൻഡ് പമ്പുകൾ പ്രവർത്തനക്ഷമമാക്കി കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞു. നാല് കോടി രൂപ ഈ ചുരുങ്ങിയ കാലയളവിൽ വിനിയോഗിക്കുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

## അമിത ചൂഷിത ബ്ലോക്കിൽ ഫലപ്രദമായി ഭൂജല വിനിയോഗ പദ്ധതി

2008-09 ലെ ഭൂജലവിഭവ ശേഷിയെ കുറിച്ചുള്ള പഠനത്തിൽ തരംതിരിച്ച ഏക അമിത ചൂഷിത ബ്ലോക്കാണ് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്. 2004 ലെ കണക്ക് പ്രകാരം ഉണ്ടായിരുന്ന അഞ്ച് അമിതചൂഷിത ബ്ലോക്കുകളിലും ചിറ്റൂർ ഉൾപ്പെട്ടിരുന്നു. കാർഷിക ആവശ്യത്തിനായി ഭൂജലത്തെ മാത്രം ആശ്രയിക്കുന്നതും അതിനായി അമിതമായി ഭൂജലം ചൂഷണം ചെയ്യുന്നതും, പാലക്കാട് ജില്ലയുടെ ഭൂപ്രത്യേകതകളും ചിറ്റൂർ ബ്ലോക്കിന്റെ ഭൂജല സന്തുലിതാവസ്ഥയെ തകർക്കുന്നു. ചിറ്റൂർ ബ്ലോക്കിൽ നീർത്തടാധിഷ്ഠിത സമഗ്ര ഭൂജല വിനിയോഗ പോഷണ പദ്ധതി പ്രാവർത്തികമാക്കാനുള്ള പ്രാഥമിക പഠനം ആരംഭിച്ചുകഴിഞ്ഞു. പ്രാഥമിക പഠന റിപ്പോർട്ട് ഉടനെ തന്നെ പ്രസിദ്ധീകരിക്കാനുള്ള തയാറെടുപ്പിലാണ് വകുപ്പ്.

ഇതിൽ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള അടിയണകളുടെയും, തടയണകളുടെയും സ്ഥാനനിർണ്ണയവും സാധ്യത പഠനങ്ങളും അവസാന ഘട്ടത്തിലാണ്.

## ഭൂജല പര്യവേഷണവും വികസനവും

ഈ പദ്ധതിയിൻ കീഴിൽ ഹൈഡ്രോജിയോളജിക്കൽ-ജിയോഫിസിക്കൽ, റിമോട്ട് സെൻസിങ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിവിധതരം കിണറുകളുടെ സ്ഥാനനിർണ്ണയവും വിവിധ തരം കുഴൽ കിണറുകളുടെ നിർമാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു. സംസ്ഥാനത്തിന്റെ ഭൂജലവിഭവ ശേഷി തിട്ടപ്പെടുത്തൽ, കുഴൽ കിണർ നിർമാണത്തിനു വേണ്ട വിവിധ തരം യന്ത്ര സാമഗ്രികളുടെയും ഭൂജല പര്യവേഷണത്തിനും ഭൂജല ഗുണനിലവാരം നിർണയിക്കുന്നതിനും ഉതകുന്ന വിവിധ തരം ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കുകയും ഈ പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്യുന്നു. കൂടാതെ സംസ്ഥാനത്തെ ഭൂജലത്തിന്റെ ഗുണനിലവാര നിർണയവും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുന്നു. മാത്രമല്ല വിവിധതരം ഹൈഡ്രോജിയോളജിക്കൽ റിപ്പോർട്ടുകൾ, ഭൂജല നിരപ്പിന്റെയും ഗുണനിലവാരത്തിന്റെയും ഡാറ്റാ ശേഖരണവും, മറ്റ് സർക്കാർ, അർദ്ധ സർക്കാർ, ജില്ലാഭരണകൂടങ്ങൾ തുടങ്ങിയവയ്ക്ക് ഭൂജല സമ്പത്തിന്റെ ക്രമമായ വിനിയോഗത്തിനുള്ള സാങ്കേതിക ഉപദേശം നൽകുക തുടങ്ങിയവും ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നു. കുഴൽ കിണറുകളിൽ പമ്പ് ഘടിപ്പിക്കൽ, അതിന്റെ അറ്റകുറ്റപ്പണികൾ നടപ്പാക്കുക തുടങ്ങിയവയും ഈ പദ്ധതിയിൻ കീഴിൽ ലക്ഷ്യമിടുന്നു.

## രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

സംസ്ഥാനത്ത് പൂർണമായോ, ഭാഗികമായോ ശുദ്ധജല വിതരണം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ഭൂജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ശുദ്ധജലം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമിച്ച് ജലലഭ്യതയുടെ അടിസ്ഥാനത്തിൽ കൈപ്പമ്പുകൾ ഘടിപ്പിച്ചോ വൈദ്യുത പമ്പുകൾ ഘടിപ്പിച്ചോ, ഉള്ള ചെറുകിട ജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് തുടർ നടത്തിപ്പിനായി കൈമാറുകയും ചെയ്യുന്നു.

## ജലനിധി

കേരളം നേരിടുന്ന ശുദ്ധജലക്ഷാമത്തിന് ഒരു ശാശ്വത പരിഹാരമായി ശുദ്ധജലം - ശുചിത്വം - പരിസ്ഥിതി എന്നീ ഘടകങ്ങളെ സമഗ്രമായി സമന്വയിപ്പിച്ച് കേരളത്തിലെ വർദ്ധിച്ചു വരുന്ന ശുദ്ധജല ആവശ്യകത പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേരള സർക്കാർ ജനപങ്കാളിത്തത്തോടെ ജലനിധി പദ്ധതിക്ക് തുടക്കമിട്ടത്. സ്വാശ്രയ ഗുണഭോക്തൃ സംഘങ്ങളിലൂടെ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി. സാധാരണ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക എന്നതായിരുന്നു പദ്ധതിയുടെ ധാർമിക ലക്ഷ്യം.

കേരളത്തിലെ 112 ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനത്തിലൂടെ, പദ്ധതി ലക്ഷ്യമായ 2500 സ്കീമുകൾ എന്നത് കടന്ന്, 3710 സ്കീമുകൾ ജലനിധി കമ്മീഷൻ ചെയ്തു. ഇതിലൂടെ 1.88 ലക്ഷം കുടുംബങ്ങൾക്കും, 11.11 ലക്ഷം ഗുണഭോക്താക്കൾക്കും ശുദ്ധജലം ലഭിച്ചു. ഗ്രാമീണ മേഖലയിൽ, 92,217 ശുചിത്വ സംവിധാനങ്ങൾ, 89,319 പരിസ്ഥിതി സംരക്ഷണ സംവിധാനങ്ങൾ, നാലായിരത്തിലധികം ഗുണഭോക്തൃസംഘങ്ങൾ, അൻപതോളം സഹായസംഘടനകൾ, 1013 ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ പ്രത്യേക ഭൂജല സംവർദ്ധന പരിപാടികൾ, 13,304 മഴവെള്ള സംഭ




**മഴവെള്ള സംഭരണം-ഭൂജല പരിപോഷണപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ മന്ത്രി പി.ജെ. ജോസഫ് നിർവഹിക്കുന്നു**

രണികൾ, 95 പ്രാദേശിക കുടിവെള്ള പദ്ധതികളും 251 ഏക പഞ്ചായത്ത് സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ ജലനിധിയുടെ നേട്ടങ്ങളാണ്. 100% സമ്പൂർണ്ണ ശുചിത്വ ഗ്രാമങ്ങൾക്കുള്ള നിർമൽ പുരസ്കാർ 85 ജലനിധി പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുണ്ട്.

ജലനിധി 112 ഗ്രാമപഞ്ചായത്തുകളിൽ നേടിയ സുസ്ഥിര വിജയം മറ്റു ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കുക, ശുചിത്വം - പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ സമ്പൂർണ ശുചിത്വ മിഷൻ പോലുള്ള ഏജൻസികളെ ഉൾപ്പെടുത്തുക, മലയോര പ്രദേശം, തീരദേശം, ദുർബ്ബല ജനവിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം, പട്ടികവർഗ്ഗ അധിവാസ മേഖലകൾക്ക് പ്രത്യേക പദ്ധതികൾ, പദ്ധതിയുടെ ഉടമസ്ഥതയിലും തുടർനടത്തിപ്പിലും ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പ്രാധന്യം, ഗുണഭോക്തൃ സമിതി-സംഘങ്ങൾ (ബി.ജി ഫെഡറേഷൻ) രൂപീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക, ജലഗുണനിലവാരം - ഭൂജലപരിപോഷണം എന്നിവയ്ക്ക് പ്രത്യേക പരിപാടികൾ എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

ഈ നയപരിപാടികളുടെ അടിസ്ഥാനത്തിൽ ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനമേഖലകൾ നിശ്ചയിക്കുകയും, പഠനങ്ങളും അവലോകനങ്ങളും നടത്തി പദ്ധതി രേഖകൾ തയാറാക്കുകയും ചെയ്തു.

കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു)

ജലശ്രീ ക്ലബ്ബുകളും ജല സൗഹൃദ വിദ്യാലയങ്ങളും

സംസ്ഥാനത്ത് പുതിയൊരു ജലവിനിയോഗ സംരക്ഷണ സംസ്ക്കാരം രൂപപ്പെടുത്തുന്നതിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചു. മഴവെള്ള സംഭരണം ഭൂജല പരിപോഷണം, ജലഗുണനിലവാര പരിശോധന എന്നീ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിൽ നിന്നും കുടുംബങ്ങളിലേക്കും, കുടുംബങ്ങളിൽ നിന്ന് സമൂഹത്തിലേക്കും അതുവഴി രാഷ്ട്രത്തിലേക്കും പുതിയൊരു ജലസംസ്കാരം വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തൊട്ടാകെ 500 സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് മൂവായിരത്തോളം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നല്കി.

## ജലകർമസേന

സംസ്ഥാനം നേരിടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി 100 പേരുടെജലകർമസേന രൂപീകരിച്ചു. വരൾച്ചയെ പ്രതിരോധിക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള കർമസേനാ അംഗങ്ങൾക്ക് പരിശീലനം നല്കി.



ജലഗുണനിലവാര പരിശോധനാ പരിശീലനവും സൗജന്യ ഫീൽഡ് ടെസ്റ്റ് കിറ്റ് വിതരണവും: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി.ജെ. ജോസഫ് നിർവഹിക്കുന്നു.

സൗജന്യ ജലഗുണനിലവാര പരിശോധന സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കുടിവെള്ള സ്രോതസ്സുകൾ സൗജന്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വരുന്നു. എൻ.ആർ.എച്ച്.എം.ന്റെ സഹകരണത്തോടെ ആശാപ്രവർത്തകർ മുഖേനയാണ് ജലഗുണനിലവാരപരിശോധന നടത്തുന്നത്.

## മഴവെള്ള സംഭരണികളുടെ നിർമാണം

ഇടുക്കി, കോട്ടയം, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലായി 1010 മഴവെള്ള സംഭരണികൾ മഴകേന്ദ്രം മുഖേന പൂർത്തീകരിച്ച് വരുന്നു. കൂടാതെ രണ്ടായിരത്തോളം മഴവെള്ള സംഭരണികൾ നിർമിക്കാനും നടപടിയായിട്ടുണ്ട്. ഇവയുടെ പരിപാലനത്തിലും ഗുണഭോക്താക്കൾക്ക് പരിശീലനം നല്കി. സർക്കാർ സബ്സിഡി അനുവദിച്ചാണ് പതിനായിരം ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമിച്ച് നല്കുന്നത്.

മഴവെള്ളം സംഭരിക്കുന്നതിനും, ഭൂജലപരിപോഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ വ്യാപകമായ പരിശീലനം നല്കി.

## ഹരിതശാലാ ലാബുകൾ

കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തി മികച്ച ജലവിനിയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ ഹരിതശാലാ ലാബുകൾ എന്ന പേരിൽ സൗജന്യ ജലഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കി.

ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പാക്കിയ 750 സമിതികളുടെ സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 112 ഗ്രാമപഞ്ചായത്തുകളിനായാണ് പദ്ധതി നടപ്പാക്കിയത്.

## ജലസംരക്ഷണ കൂട്ടായ്മകൾ

ശുദ്ധജലം സംരക്ഷിച്ച് കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജലസംരക്ഷണ കൂട്ടായ്മകൾ സംഘടിപ്പിച്ചു. പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡ് ഷോ - മാരത്തൺറാലികൾ, വിദ്യാർത്ഥി റാലികൾ, വിവിധ മത്സരങ്ങൾ എന്നിവയയും സംഘടിപ്പിച്ചു.

## ബഹുജന വിദ്യാഭ്യാസ പ്രചരണ പ്രവർത്തനങ്ങൾ

ജലസംരക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധബഹുജന വിദ്യാഭ്യാസ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പോസ്റ്ററുകൾ, ബുക്ക്ലെറ്റുകൾ, ബ്രോഷറുകൾ, സ്റ്റിക്കറുകൾ, ടേബിൾ കലണ്ടർ, വാർത്താപത്രിക, ഇ-ബുള്ളറ്റിൻ, വീഡിയോ പരസ്യചിത്രം, മഴഗീതങ്ങൾ, പ്രചരണ ബോർഡുകൾ, വിവിധ പുസ്തകങ്ങൾ എന്നിവ തയാറാക്കി വിതരണം ചെയ്തു.

കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ജലവിഭവവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വരൾച്ചയെ നേരിടാൻ ശക്തമായ നടപടികൾ കൈക്കൊണ്ടും ജലസ്രോതസ്സുകൾ പരമാവധി സംരക്ഷിച്ചും, കുടിവെള്ള വിതരണം മെച്ചപ്പെടുത്തിയും, ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്യുന്ന പുതിയൊരു ജലസംസ്കാരം വളർത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ജലസ്വാശ്രയത്വം സാധ്യമാണ്; പ്രത്യാശയോടെയാണ് മൂന്നാം വർഷത്തിലേക്ക് സർക്കാർ നീങ്ങുന്നത്. ■




# ജനകീയ വിനോദസഞ്ചാരം



■ **എ.പി. അനിൽകുമാർ**
പട്ടികജാതി-പിന്നാക്ക സമുദായക്ഷേമ ടൂറിസം മന്ത്രി

വിനോദഞ്ചാരമേഖല സമ്പന്ന വിഭാഗവുമായി ബന്ധപ്പെട്ട പ്രക്രിയയാണെന്നും സാധാരണക്കാരന് അതിൽ പ്രത്യേകിച്ച് പങ്കാളിത്തമൊന്നുമില്ലെന്നുമുള്ള സാമാന്യധാരണയെ തിരുത്താനുള്ള ബോധപൂർവമായ ശ്രമമാണ് യു.ഡി.എഫ്. സർക്കാർ തുടർന്നുപോരുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും വിനോദസഞ്ചാരത്തിന്റെ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെടാൻ അവസരമുണ്ടെന്ന് ഇപ്പോൾ ബോധ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ടൂറിസത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിന്റെ സമസ്തമേഖലയിലും ചെന്നെത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് പുതിയ ടൂറിസം നയത്തിന് രൂപം നൽകിയതും തുടർന്നുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നതും. ജനകീയ ടൂറിസം പദ്ധതിക്ക് ഈ വർഷത്തെ ബജറ്റിലും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തല പ്രവർത്തനങ്ങൾക്കായി മൂന്നു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത് എടുത്തു പറയാവുന്ന നേട്ടമാണ്.

ഓരോ വർഷവും വിനോദസഞ്ചാരികളുടെ വരവിലും അവരിൽ നിന്ന് സംസ്ഥാനത്തു ലഭിക്കുന്ന വരുമാനത്തിലും അനുക്രമമായ വളർച്ച രേഖപ്പെടുത്തുന്നു എന്നത് ആശാവഹമായ സൂചനയാണ്.



2011–12 ൽ 7,32,985 വിദേശികളും 93,81,455 ആഭ്യന്തര ടൂറിസ്റ്റുകളുമുൾപ്പെടെ 1,01,14,440 വിനോദസഞ്ചാരികൾ കേരളത്തിലെത്തിയപ്പോൾ കഴിഞ്ഞ വർഷം അത് 7,89,698 വിദേശികളും 1,00,76,854 ആഭ്യന്തര ടൂറിസ്റ്റുകളുമുൾപ്പെടെ 1,08,66,552 പേർ കേരളം സന്ദർശിച്ചു. ഗണ്യമായ വർധന രേഖപ്പെടുത്തി യഥാക്രമം 19037 കോടിയും 21125 കോടിയുമാണ് വരുമാനം. ഇതിൽ 4221.99 കോടിയും 4548.66 കോടിയും വിദേശനാണ്യ വരുമാനമാണ്. ഇത് സംസ്ഥാന ജി.ഡി.പിയുടെ ഒൻപതു ശതമാനമെന്നത് ശ്രദ്ധേയമാണ്.



വർക്കല പാപനാശം കടപ്പുറത്ത് ബലിമണ്ഡപം ശിലാസ്ഥാപനം ടൂറിസം മന്ത്രി എ.പി. അനിൽകുമാർ നിർവഹിക്കുന്നു.

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞ മികച്ച ടൂറിസം ബ്രാന്റായി 'ദൈവത്തിന്റെ സ്വന്തം നാട്' ഇതിനകം മാറിക്കഴിഞ്ഞു. മികച്ച 10 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നായി നാഷണൽ ജിയോഗ്രഫിക്കൽ ട്രാവലർ കേരളത്തെ അവതരിപ്പിച്ചിട്ടുണ്ട്. മാസ് ടൂറിസത്തിൽ നിന്ന് ക്വാളിറ്റി ടൂറിസത്തിലേക്ക് ആത്മവിശ്വാസത്തോടെ ചുവടുവെക്കാൻ സംസ്ഥാനത്തിന് പിന്തുണയായതും ആഗോളതലത്തിൽ ലഭിച്ച അംഗീകാരങ്ങളാണ്.

ടൂറിസം സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ ശക്തമായ രാസത്വരകമായി മാറണമെങ്കിൽ നമ്മുടെ നൈസർഗിക സമ്പത്തിനെ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ നമ്മൾ ഒരുക്കേണ്ടതുണ്ട്. ടൂറിസം വികസനത്തിൽ സർക്കാരിന്റെ ദൗത്യവും ഇതുതന്നെയാണ്. ഈ പ്രധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു നയസമീപനമാണ് ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ തന്നെ, ടൂറിസം മേഖലയിലെ പശ്ചാത്തല വികസനത്തിനായി 300 കോടി രൂപയാണ് ചെലവഴിച്ചത്. മുൻ സർക്കാർ അഞ്ചു വർഷം കൊണ്ട് 500 കോടി ഈ മേഖലയിൽ ചെലവഴിച്ച സ്ഥാനത്ത് ഈ സർക്കാർ ഒരു വർഷം 300 കോടി രൂപ ചെലവഴിച്ചതെന്ന വസ്തുത സ്മരണീയമാണ്.



## സീപ്ലെയിൻ

അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിലും പുതിയ ടൂറിസം പ്രോജക്ടുകളുടെ അവതരണത്തിലും കേരളം എക്കാലവും മറ്റുള്ളവർക്കു മാതൃകയാണ്. കായൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി നമ്മൾ അവതരിപ്പിച്ച 'ഹൗസ് ബോട്ടുകൾ' ഇന്ന് ആഗോള ടൂറിസം വിപണിയിൽ 'മെഗാഹിറ്റാ'യി മാറിയിരിക്കുന്നു. ഈ നേട്ടത്തിന്റെ ചുവടുപിടിച്ച് പുതുമകൾ തേടിയതിന്റെ ഫലമായാണ് ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തിന് 'സീപ്ലെയിൻ' പദ്ധതി പ്രഖ്യാപിച്ചത്. സംസ്ഥാനത്തിന്റെ സമൃദ്ധമായ ജലസമ്പത്തുതന്നെയാണ് ഇത്തരമൊരു പ്രഖ്യാപനത്തിനു കരുത്തു പകരുന്നത്. സർക്കാരിന്റെ രണ്ടാം വാർഷികമാകുമ്പോഴേക്കും ആ പ്രഖ്യാപനം യാഥാർഥ്യമായിരിക്കുകയാണ്. അങ്ങനെ രാജ്യത്ത് ആദ്യമായി ടൂറിസം മേഖലയിൽ സീപ്ലെയിൻ സർവീസിന് കേരളം തുടക്കം കുറിക്കുന്നു.

കൊല്ലം (അഷ്ടമുടി), പുന്നമട, തണ്ണീർമുക്കം, ബോൾഗാട്ടി (കൊച്ചി) കോട്ടപ്പുറം തുടങ്ങി ആദ്യഘട്ടത്തിൽ എട്ടു ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് സീപ്ലെയിൻ സർവീസ് അരംഭിക്കുന്നത്. ഓപ്പൺ സ്കൈ സിസ്റ്റത്തിൽ തുടങ്ങുന്ന സർവീസിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും സുരക്ഷാ പരിശോധനകളുമാണ് സർക്കാർ സജ്ജമാക്കുക. ഇതിനായി വാട്ടർഡ്രോമുകൾ പൂർത്തിയായിവരുന്നു. മറ്റു യാത്രാ വിമാനങ്ങൾപോലെ ഏറെ ഉയരത്തിൽ പറക്കുന്നവയല്ല സീപ്ലെയിൻ എന്നുള്ളതുകൊണ്ട് പ്രകൃതിസൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള യാത്ര വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ടതാവും. പ്രഥമഘട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ മൂന്നാറും തേക്കടിയും സീപ്ലെയിൻ സർവീസിന്റെ ശൃംഖലയിൽപ്പെടുത്തും. ഇതിനായി 10 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തി.

സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളിൽ ചെറിയൊരംശം മാത്രമാണ് നാമിനിയും പ്രയോജനപ്പെടുത്തിയിട്ടുള്ളത്. അക്വാ ടൂറിസം മേഖലയിലും അഡ്വഞ്ചർ ടൂറിസം മേഖലയിലും നമുക്കു വളരെയേറെ സാധ്യതകളാണുള്ളത്. മന്ദ്യത്തിന്റെ സാഹചര്യത്തിൽപോലും കഴിഞ്ഞ രണ്ടു വർഷം കൊണ്ട് രണ്ടു കോടിയിൽപ്പരം ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞു. 40,000 കോടി രൂപയാണ് രണ്ടു വർഷങ്ങളിലായി നമുക്ക് ടൂറിസത്തിൽ നിന്നുള്ള വരുമാനം. അക്വാ ടൂറിസം, ഹിൽടോപ്–എക്കോ–അഡ്വഞ്ചർ ടൂറിസങ്ങൾ, പിൽഗ്രീം, ഹെറിറ്റേജ് ഹെൽത്ത് (ആയുർവേദം), സാംസ്കാരിക, ബീച്ച്, ഷോപ്പിങ് ടൂറിസങ്ങൾ തുടങ്ങിയുള്ള എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന്റെ നെടുംതൂണായി മാറാൻ ടൂറിസത്തിനു കഴിയുമെന്നതിൽ സംശയമില്ല.

സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താനുള്ള പശ്ചാത്തല സൗകര്യവികസനം സർക്കാർ മേഖലയിൽ മാത്രമായാൽ ഒരുപക്ഷെ, പതിറ്റാണ്ടുകൾക്കപ്പുറവും നമ്മുടെ ലക്ഷ്യം പൂർണമായി സാക്ഷാത്കരിക്കാൻ കഴിഞ്ഞെന്നു വരില്ല. പ്രത്യേകിച്ചും




കേരളത്തിനുപിന്നാലെ ടൂറിസം രംഗത്തേക്കു കടന്ന ഇന്ത്യയിലെ തന്നെ മറ്റു പല സംസ്ഥാനങ്ങളും രാഷ്ട്രീയരംഗം ശാന്തമായിക്കഴിഞ്ഞ ശ്രീലങ്കയും കേരളവുമായി കടുത്ത മത്സരത്തിലേർപ്പെട്ടിരിക്കെ സമയബന്ധിതമായി നമ്മുടെ പദ്ധതികൾ പൂർത്തിയാക്കി മത്സരസജ്ജരാകാതിരുന്നാൽ അവസരങ്ങൾ നഷ്ടപ്പെടുത്തുകയാവും ഫലം

ഈ സാഹചര്യം മുന്നിൽകണ്ടാണ് പദ്ധതി നിർവഹണത്തിന് വിവിധ വകുപ്പുകളുടെ കൂട്ടായ്മയും സഹകരണവും ഉറപ്പാക്കുന്നതിനായി ടൂറിസം വികസനത്തിനായി ഒരു മന്ത്രിസഭാ സമിതിക്കു രൂപം നൽകിയത്. മുഖ്യമന്ത്രി അധ്യക്ഷനും ടൂറിസം മന്ത്രി ഉപാധ്യക്ഷനും, റവന്യൂ, ധനം, വനം, സാംസ്കാരികം, പഞ്ചായത്തും സാമൂഹികക്ഷേമവും, പൊതുമരാമത്ത്, ജലവിഭവം, നഗരകാര്യം എന്നീ വകുപ്പുകളുടെ മന്ത്രിമാർ അംഗങ്ങളുമായി രൂപീകരിച്ച മന്ത്രിസഭാ സമിതി ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ശക്തിപകരുമെന്നതിൽ സംശയം വേണ്ട.

ഇതോടൊപ്പം ടൂറിസം പദ്ധതി ആസൂത്രണത്തിനും നിർവഹണത്തിനും ദിശാബോധം നൽകാനും പ്രായോഗിക സമീപനം കൈവരുത്താനുമായി ഒരു സംസ്ഥാനതല ടൂറിസം ഉപദേശക സമിതിക്കും രൂപം നൽകുകയുണ്ടായി. ടൂറിസം വ്യവസായത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന പ്രഗത്ഭമതികളായ 19 പേരാണ് ഉപദേശകസമിതിയിലെ അംഗങ്ങൾ.

മേൽപ്പറഞ്ഞ രണ്ട് ഉന്നതതല സമിതികളും ഈ സർക്കാർ രൂപം നൽകിയ പുതിയ ടൂറിസം നയത്തിന്റെ ഭാഗമായി യാഥാർഥ്യമാക്കിയവയാണ്. പൊതുമേഖലയെന്നപോലെ, സ്വകാര്യമേഖലയേയും ശക്തിപ്പെടുത്താനുള്ള നിർദേശങ്ങൾ അടങ്ങുന്നതാണ് പുതിയ ടൂറിസം നയം. 10 കോടിയിൽപ്പരം മുതൽമുടക്കുള്ള സ്വകാര്യ ടൂറിസം പദ്ധതികൾക്ക് അനുമതി നൽകുന്നതിന് ഗ്രീൻ ചാനൽ സംവിധാനം ഉൾപ്പെടെ സ്വകാര്യ സംരംഭകർക്ക അവശ്യംവേണ്ട പ്രോത്സാഹനം ഉറപ്പാക്കാനും, ഹോംസ്റ്റേ, ആയുർവേദ ചികിത്സ, ഹൗസ്ബോട്ട് എന്നിവയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതും ആരോഗ്യകരവുമാകുന്നതിനുള്ള നിർദേശങ്ങളും പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൂറിസം കൂടുതൽ ജനകീയമാക്കുന്നതിലേക്കായി ഉത്തരവാദ ടൂറിസം പദ്ധതി വ്യാപകമാക്കാനുള്ള നടപടി ഈ സർക്കാർ ഊർജിതമാക്കിയിട്ടുണ്ട്. ടൂറിസ്റ്റു കേന്ദ്രത്തോടു ചേർന്നുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം വികസനത്തിനാണ് ഉത്തരവാദടൂറിസം പദ്ധതി ഊന്നൽ നൽകുന്നത്. പ്രാരംഭഘട്ടത്തിൽ നിർവഹണത്തിലുണ്ടായ പാളിച്ചകൾ പരിഹരിച്ച്, കുമരകം, കോവളം, തേക്കടി, വൈത്തിരി എന്നിവയ്ക്കു പുറമെ കുമ്പളങ്ങി, അമ്പലവയൽ, ബേക്കൽ തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഉത്തരവാദടൂറിസം പദ്ധതി നടപ്പാക്കി. രണ്ടാം ഘട്ടമായി മറ്റു ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇതു നടപ്പാക്കാനുള്ള നടപടികൾ തുടരുന്നു. ഇതിനു പുറമെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനായി പ്രമുഖ ടൂറിസ്റ്റു കേന്ദ്രങ്ങളിലെല്ലാം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും സംഘടിപ്പിച്ചിട്ടുണ്ട്.

മാലിന്യനിർമാർജനവും ശുചിത്വപരിപാലനവുമാണ് ടൂറിസം മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് നിരോധനം ഇതിൽ മുഖ്യയിനമാണ്. സുപ്രധാന അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് പ്ലാസ്റ്റിക് നിരോധനവും മാലിന്യനിർമാർജന പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. ഘട്ടംഘട്ടമായി എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇതു നടപ്പാക്കുകയാണ് ലക്ഷ്യം. ഇതിനായി ക്ലീൻ കേരള കാമ്പെയിൻ സംഘടിപ്പിച്ചു. ഹൗസ് ബോട്ടുകളുടെ കേന്ദ്രമായ കുട്ടനാടൻ മേഖലയിലെ മാലിന്യപ്രശ്നം പരിഹരിക്കാനായി കുമരകത്ത് ആധുനിക മാലിന്യ പ്ലാന്റ് സ്ഥാപിച്ചു. വർക്കല, മൂന്നാർ, ദേവികുളം, കുമ്പളങ്ങി, വൈത്തിരി എന്നിവിടങ്ങളും നവീനരീതിയിലുള്ള പ്ലാന്റുകൾ സ്ഥാപിച്ചു.

വിപണനത്തിന് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പരസ്യത്തിനുള്ള ഭീമമായ ചെലവു വെട്ടിക്കുറയ്ക്കാനുള്ള തീവ്രശ്രമം സർക്കാർ ഭാഗത്തുനിന്ന് തുടങ്ങിയിട്ടുണ്ട്. വിവിധ ഇന്ത്യൻ ഭാഷകളിലും ചില യൂറോപ്യൻ ഭാഷകളിലും ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിന് പരിഭാഷകൾ സൃഷ്ടിച്ചു. യുട്യൂബ് പോലുള്ള സോഷ്യൽ മീഡിയകളും ഫലപ്രദമായി വിപണനത്തിനുപയോഗിച്ചുവരുന്നു ഗൂഗിൾ സെർച്ചിൽ താജ്മഹലിനെ പിന്തള്ളി കേരളാ ടൂറിസം ഒന്നാമതെത്തിയത് അഭിമാനാർഹമായ നേട്ടമായി. ആയുർവേദ, ജൈവവൈവിധ്യമേഖലയായി യുനെസ്കോ പ്രഖ്യാപിച്ച പശ്ചിമഘട്ടം എന്നിവ ഫലപ്രദമായ വിപണനോത്പന്നങ്ങളായി ഉപയോഗിച്ചു. ഓൾ സീസൺ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന നിലയ്ക്കാണ് വിപണനതന്ത്രം മെനയുന്നത്. ഗൾഫ് മേഖലയിലും ആസ്ട്രേലിയയിലും റഷ്യയിലും ഇദംപ്രഥമമായി മേളകളിൽ പങ്കാളിത്തവും റോഡ്ഷോകളും വിജയകരമായി സംഘടിപ്പിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ദേശിയവും അന്തർദേശീയവുമായ രണ്ടു ഡസനോളം പുരസ്കാരങ്ങൾ കേരളാ ടൂറിസം കരസ്ഥമാക്കിയെന്നതും വലിയ നേട്ടം തന്നെയാണ്.

ടൂറിസം വികസനത്തിൽ പ്രാദേശികമായ സന്തുലനം അനിവാര്യമാണെന്നു



**ജി.കെ.എസ്.എഫ്, വി.ജെ.ടി. ഹാളിൽ ആരംഭിച്ച മെഗാ ട്രേഡ് ഫെയർ മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

തിരിച്ചറിഞ്ഞുകൊണ്ട്, മലബാർ മേഖലയുടെ ടൂറിസം വികസനത്തിന് പ്രത്യേക ഊന്നൽ നൽകി. ഈസ്റ്റേൺ ടൂറിസം കോറിഡോർ, നോർത്തേൺ റീജിയണൽ ടൂറിസം സർക്യൂട്ട് എന്നിവ ഇതിന്റെ ഭാഗമായി രൂപപ്പെടുത്തിയ പദ്ധതികളാണ്. 72 കോടിയുടെ ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതി കേന്ദ്രസർക്കാർ അംഗീകരിക്കുകയും പ്രഥമ ഘട്ടമായി 50 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നിർമാണ പ്രവർത്തനം ഈ വർഷം തുടങ്ങും. സമാനമായ മെഗാ ടൂറിസം പ്രോജക്ട് വയനാടിനുവേണ്ടിയും തയാറാക്കിവരുന്നു. പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, ഫോർട്ട് കൊച്ചി, കുമരകം, തേക്കടി എന്നിവയ്ക്കുവേണ്ടി 30 വർഷത്തെ വികസനാവശ്യകത മുൻകൂട്ടി കണ്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയാറാക്കിവരുന്നു. ഈ നിലയിൽ കേരള ടൂറിസം സാധ്യമായ ഊർജം സംഭരിച്ചുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയ മുന്നേറ്റത്തിന് തുടക്കംകുറിച്ചുകഴിഞ്ഞിരിക്കുന്നു.

### പട്ടികജാതിക്ഷേമം

ഫണ്ടു വിനിയോഗത്തിൽ കഴിഞ്ഞ രണ്ടു വർഷവും മികച്ച നേട്ടമാണ് പട്ടികജാതി വികസനവകുപ്പു കൈവരിച്ചത്. 2011-12 ൽ ഇത് 94.93 ശതമാനം ആയിരുന്നെങ്കിൽ 2012-13 ൽ 99.93 ശതമാനം വിനിയോഗിച്ചുകൊണ്ട് ചരിത്രനേട്ടം കൈവരിച്ചു.

സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന പ്രർത്തനങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ട് ഇക്കഴിഞ്ഞ ജനുവരി 14ന് പാലക്കാട്ട് അതിന്റെ ശിലാസ്ഥാപനം നടത്തിയെന്നത് പട്ടികജാതി വികസനവകുപ്പിന്റെ ചരിത്രനേട്ടമാണ്. നൂറ്റാണ്ടുകളോളം തിരസ്കൃതസമൂഹങ്ങളായി കഴിഞ്ഞിരുന്ന പട്ടികജാതി പിന്നാക്ക സമുദായങ്ങളുടെ മോചനമന്ത്രമാണ് വിദ്യാഭ്യാസം. മെച്ചപ്പെട്ട വിദ്യാഭ്യാസം സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റത്തിന് സഹായകമാകും. ഈ കാഴ്ചപ്പാടാണ് പട്ടികവിഭാഗങ്ങൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളും അവസരങ്ങളും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തിലേക്കു സർക്കാരിനെ നയിച്ചത്. ഇതിന്റെ മഹത്തായ സാക്ഷാത്കാരങ്ങളിലൊന്നാണ് നിർദിഷ്ട മെഡിക്കൽ കോളേജ്.

ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് കേന്ദ്ര

**നൂറ്റാണ്ടുകളോളം തിരസ്കൃതസമൂഹങ്ങളായി കഴിഞ്ഞിരുന്ന പട്ടികജാതി പിന്നാക്ക സമുദായങ്ങളുടെ മോചനമന്ത്രമാണ് വിദ്യാഭ്യാസം. മെച്ചപ്പെട്ട വിദ്യാഭ്യാസം സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റത്തിന് സഹായകമാകും. ഈ കാഴ്ചപ്പാടാണ് പട്ടികവിഭാഗങ്ങൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളും അവസരങ്ങളും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തിലേക്കു സർക്കാരിനെ നയിച്ചത്. ഇതിന്റെ മഹത്തായ സാക്ഷാത്കാരങ്ങളിലൊന്നാണ് നിർദിഷ്ട മെഡിക്കൽ കോളേജ്**

സർക്കാരിന്റെ സഹായത്തോടെ പുതിയ സ്കോളർഷിപ്പു പദ്ധതിക്കു തുടക്കംകുറിച്ചു. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർഥികൾക്കു പ്രതിമാസം 300 രൂപ വീതവും മറ്റുള്ളവർക്ക് 150 രൂപ വീതവും സ്കോളർഷിപ്പു ലഭിക്കും. ഒരു വർഷം 10 മാസമാണ് ഇതു ലഭിക്കുക. ഇതുകൂടാതെ വാർഷിക പുസ്തക ഗ്രാന്റായി യഥാക്രമം 1000, 750 രൂപ വീതവും ലഭിക്കും. ഒരു വർഷം ഹോസ്റ്റൽ വിദ്യാർഥികൾക്ക് മൊത്തം 4500 രൂപയും മറ്റു വിദ്യാർഥികൾക്ക് 2250 രൂപയുമാണ് ലഭിക്കുക. അംഗീകൃത അൺ എയ്ഡഡ് സ്വകാര്യസ്കൂളുകളിലെ പട്ടികജാതി വികലാംഗ വിദ്യാർഥികൾക്കും ഇതിനർഹതയുണ്ട്. ഒരു ലക്ഷത്തിലധികം പട്ടികജാതി വിദ്യാർഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

കൂടാതെ വിദ്യാർഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി എന്നിവയിൽ 120 ശതമാനം വരെ വർധന വരുത്തി. പത്താംതരത്തിൽ ബി പ്ലസും അതിനുമേൽ ഗ്രേഡും വാങ്ങി വിജയിച്ചപട്ടികജാതി വിദ്യാർഥികൾക്കായി ഹയർ സെക്കൻഡറി പഠനത്തോടൊപ്പം പ്രവേശനപരീക്ഷകൾക്ക് തയാറെടുക്കുന്നതിനുള്ള വിദഗ്ധ പരിശീലന പരിപാടിക്കും രൂപം നൽകി. 704 വിദ്യാർഥികൾക്ക് ഇതു പ്രയോജനപ്പെട്ടു. ഹൈസ്കൂൾ തലത്തിലെത്തുന്ന വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സൗജന്യ സൈക്കിൾ വിതരണ പദ്ധതി നടപ്പാക്കി. 51,965 വിദ്യാർഥികൾക്കാണ് സൈക്കിൾ നൽകിയത്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന (മെഡിക്കൽ, എൻജിനീയറിങ്) പട്ടികജാതി വിദ്യാർഥികൾക്കായി സൗജന്യ ലാപ്ടോപ്പ് വിതരണ പദ്ധതിക്കു രൂപം നൽകി. 3750 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഹോസ്റ്റലുകളിൽ ലൈബ്രറി, കളർ ടെലി



**പാലക്കാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനത്തിനെത്തിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയേയും മന്ത്രി എ.പി. അനിൽകുമാറിനെയും സ്വീകരിക്കുന്നു**



**ബി.എ. പരീക്ഷയിൽ ഒന്നാം റാങ്കുനേടിയ വെള്ളയമ്പലം മെട്രിക് ഹോസ്റ്റലിലെ അന്തേവാസി ജി. മഹേന്ദ്രന് മന്ത്രി എ.പി. അനിൽകുമാർ പാരിതോഷികം നൽകുന്നു**

വിഷൻ, കംപ്യൂട്ടർ പരിശീലനം തുടങ്ങിയവ ഏർപ്പെടുത്തി. പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് 1300 രൂപയിൽ നിന്ന് 1750 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വിദ്യാർഥികൾക്ക് 1500 ൽ നിന്ന് 2000 രൂപയായും ഉയർത്തി. ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 1.22 കോടി രൂപ അധികമായി വകയിരുത്തി. മൂന്നു വർഷത്തിലൊരിക്കലാണ് ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും വർധിപ്പിക്കാൻ വ്യവസ്ഥയുള്ളതെങ്കിലും കഴിഞ്ഞ വർഷം വരുത്തിയ വർധന അപര്യാപ്തമാണെന്ന ബോധ്യത്താൽ അതു പുനഃപരിശോധിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ ഒരു കമ്യൂണിറ്റി കോളേജ്, കുഴൽമന്ദത്ത് പുതിയ മോഡൽ റസിഡെൻഷ്യൽ സ്കൂളും സ്ഥാപിച്ചതു വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങളാണ്.

വിദ്യാർഥികൾക്കും യുവാക്കൾക്കുമായി പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഏർപ്പെടുത്തിയ വിജ്ഞാൻവാടി പദ്ധതി ഇപ്പോൾ വ്യാപകമാക്കിവരുന്നു. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കംപ്യൂട്ടർ, ലൈബ്രറി, വായനമുറി എന്നിവയുൾപ്പെടുന്ന പദ്ധതിയാണ് വിജ്ഞാൻവാടി. ആനുകാലിക വിജ്ഞാന സമ്പാദനത്തോടൊപ്പം തൊഴിലന്വേഷകർക്ക് ഓൺ ലൈനായി അപേക്ഷകൾ സമർപ്പിക്കാനും വിജ്ഞാൻവാടി സഹായകമായിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഇതു സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകാനുള്ള പദ്ധതി പ്രഥമ പരിഗണന അർഹിക്കുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിതരായ പട്ടികജാതിക്കാർക്കു വീടുവെക്കുന്നതിനുള്ള ഭൂമി വാങ്ങാനായി വകുപ്പുതലത്തിൽ നൽകിവന്നിരുന്ന ധനസഹായം പ്രായോഗിക സമീപനത്തിലൂന്നിയതായിരുന്നില്ല. പഞ്ചായത്തുതലത്തിൽ 75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 90,000 രൂപയും കോർപറേഷനുകളിൽ ഒരു ലക്ഷം രൂപയുമാണ് നൽകിവരുന്നത്. ഈ തുക ഉപയോഗിച്ച് കുറഞ്ഞത് മൂന്നു സെന്റ് ഭൂമി വാങ്ങണമെന്നാണു വ്യവസ്ഥ. കേരളത്തിലെ ജനസാന്ദ്രതയും ഭൂദൗർലഭ്യവും മൂലം ഭൂമി വിലയിലുണ്ടായ ക്രമാതീതമതായ വർധന കാരണം തുക തികച്ചും അപര്യാപ്തമാണെന്നു പറയേണ്ടതില്ല. ഈ സാഹചര്യത്തിലാണ് തുക ഇരട്ടിയാക്കി വർധിപ്പിച്ചത്. ഈ വർധനയിലൂടെ യഥാക്രമം 1,50,000 രൂപ, 1,75,000 രൂപ, രണ്ടു ലക്ഷം രൂപ എന്ന ക്രമത്തിൽ നൽകാൻ ഉത്തരവു നൽകി. വീടു വെക്കാനുള്ള ധനസഹായമാകട്ടെ, ഒരു ലക്ഷം എന്നത് രണ്ടു ലക്ഷമാക്കി ഉയർത്തിക്കൊണ്ട് പ്രായോഗിക സമീപനം കൈക്കൊണ്ടു. ഇതുവരെ ഭൂമി വാങ്ങാൻ 15,963 കുടുംബാംഗങ്ങൾക്കും വീടു നിർമിക്കാൻ 10,676 കുടുംബങ്ങൾക്കും വർധിപ്പിച്ച നിരക്കിലുള്ള ധനസഹായം നൽകി. ഇതിൽ 2879 വീടുകൾ പൂർത്തിയായിക്കഴിഞ്ഞു.

മുൻവർഷങ്ങളിൽ വീടിനുള്ള ധനസഹായം അനുവദിക്കുകയും എല്ലാ ഗഡുക്കളും കൈപ്പറ്റാതിരിക്കുകയും ചെയ്തവർക്ക് ശേഷിച്ച ഗഡുക്കൾ വർധിപ്പിച്ച നിരക്കിൽ ൽകാൻ സർക്കാർ തീരുമാനിക്കുകയും ഇപ്രകാരം 9425 കുടുംബങ്ങൾക്ക് പുതുക്കിയ തുക അനുവദിക്കുകയും ചെയ്തു. ഇതിൽ 7322 വീടുകൾ പൂർത്തിയായിക്കഴിഞ്ഞു.

പാവപ്പെട്ട പട്ടികജാതിക്കാർക്ക് നൽകിവരുന്ന ചികിത്സാധനസഹായം, വിവാഹ ധനസഹായം, മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായം എന്നിവയിലും കാലോചിതമായ മാറ്റങ്ങൾവരുത്തുകയുണ്ടായി. ചികിത്സാധനസഹായം പരമാവധി 25,000 രൂപ എന്നത് ഒരു ലക്ഷം രൂപയായി ഉയർത്തി. 25,000 ൽ പരം പേർക്ക് ധനസഹായം അനുവദിച്ചതിൽ 16435 പേർക്ക് ഇതിനകം വിതരണം ചെയ്തു. പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും 20,000 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തി. കൂടാതെ ഇവയ്ക്ക് അർഹ



**പട്ടികജാതി പട്ടികവർശക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി വിജിലൻസ് മോണിറ്ററിങ് കമ്മിറ്റി മീറ്റിങ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നപ്പോൾ. മന്ത്രി എ.പി. അനിൽകുമാർ സമീപം**

രാകുന്നവരുടെ വരുമാന പരിധി 25,000 രൂപ യായിരുന്നത് 50,000 രൂപയാക്കി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. 13311 പേർക്കാണ് വിവാഹധനസഹായം ഇതിനകം നൽകിയത്. പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്നവരുടെ ആരോഗ്യപരിപാലനത്തിനായി തിരഞ്ഞെടുത്ത 29 സങ്കേതങ്ങളിൽ ഹോമിയോ ഡിസ്പെൻസറികൾസ്ഥാപിച്ചു. 25,000 പട്ടികജാതി കുടുംബങ്ങൾക്ക്, മെച്ചപ്പെട്ട കക്കൂസുകൾ നിർമിക്കുവാൻ 25,000 രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയും ഈ വർഷം തുടക്കംകുറിക്കാനായി.

പട്ടികജാതി യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായ പദ്ധതിയുടെ പട്ടികയിൽ പശു വളർത്തൽ, നേഴ്സറി (ഗാർഡനിങ്), ഐസ്ക്രീം/കോഫി വെന്റിങ് എന്നിവ കൂടി ഉൾപ്പെടുത്തി. 5341 യുവാക്കൾക്കായി 3.22 കോടി രൂപ സ്വയം തൊഴിൽ സബ്സിഡിയായി വിതരണം ചെയ്തു. പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിനുള്ള വായ്പ മൂന്നു ലക്ഷം രൂപയായി ഉയർത്തി. പട്ടികജാതി എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ധനസഹായം പരമാവധി 20,000 എന്നത് 50,000 രൂപയാക്കി വർധിപ്പിച്ചു. എസ്.സി./എസ്.ടി. വികസന കോർപറേഷനിൽ നിന്നുള്ള 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചു. 48 പേർക്കായി 18.60 ലക്ഷം രൂപ ഈ നിലയിൽ എഴുതിത്തള്ളി. സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകളും എഴുതിത്തള്ളുന്നതിന് ഫണ്ട് കൈമാറി. 25,000 നു മേലുള്ള വായ്പകൾ പിഴപ്പലിശയും 50 ശതമാനം പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. 60 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. പലിശയിനത്തിൽ 6.79 ലക്ഷം രൂപ എഴുതിത്തള്ളി. കോർപറേഷൻ വിവിധ വായ്പാ പദ്ധതികളിലായി 6622 പേർക്കായി 50 കോടി രൂപ വിതരണം ചെയ്തു.

നടപ്പുവർഷം പുതുതായി തുടക്കമിട്ട പദ്ധതികളിൽ ഏറെ അഭിമാനപൂർവം മുന്നോട്ടുവെക്കുന്ന ഒന്നാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി. 50 ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 436 പട്ടികജാതി സങ്കേതങ്ങൾ സംസ്ഥാനത്തുള്ളതായി കിലയുടെ പഠനത്തിൽ വ്യക്തമായിട്ടുണ്ട്. ഈ സങ്കേതങ്ങളിൽ ഘട്ടംഘട്ടമായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവികസനവും വരുമാന സ്രോതസ്സുകളും സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പ്രഥമ ഘട്ടമെന്ന നിലയിൽ ഈ വർഷം 120 സങ്കേതങ്ങൾ ഈ പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾക്കു തുടക്കം കുറിച്ചു. എം.എൽ.എമാരും എം.പിമാരും തങ്ങളുടെ മണ്ഡലപരിധിയിൽ നിന്നും തിരഞ്ഞെടുത്ത ഒരു സങ്കേതത്തിലാണ് വികസനം യാഥാർഥ്യമാക്കുക. ഇങ്ങനെ തിരഞ്ഞെടുത്ത പട്ടികജാതി സങ്കേതങ്ങൾ ഓരോന്നിലും പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് ഗതാഗതസൗകര്യം, ആവശ്യമെങ്കിൽ വീടുകളുടെ നവീകരണം, ശുദ്ധജലം, വൈദ്യുതി, ശുചിത്വസംവിധാനങ്ങൾ, സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള വരുമനദായക സംരംഭങ്ങൾ, ആരോഗ്യ പരിപാലന സൗകര്യം, ഗർഭിണികളുടെയും ശിശുക്കളുടെയും പരിരക്ഷണം, വയോജന പരിപാലനം തുടങ്ങി സമഗ്രമായ പദ്ധതികളാണ് നടപ്പാക്കുക. നാലു വർഷം കൊണ്ട് 436 സങ്കേതങ്ങളിലും ഈ പദ്ധതി നടപ്പാക്കാനാണു തീരുമാനിച്ചിട്ടുള്ളത്.

## പിന്നാക്കക്ഷേമം

സാമൂഹികനീതി എല്ലാവർക്കും ലഭ്യമാക്കാനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യവും പ്രതിബദ്ധതയുമാണ് പിന്നാക്ക വികസനവകുപ്പ് രൂപീകരിക്കുന്നതിലൂടെ സാധ്യമായത്. വകുപ്പു രൂപീകരണം പൂർത്തിയായ ഉടൻ തന്നെ പിന്നാക്ക വിഭാഗങ്ങളിലെ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ഏറ്റെടുക്കുകയും പരിമിതികൾക്കുള്ളിൽ നിന്നുപോലും 50.25 കോടി രൂപ അതിനായി കണ്ടെത്തുന്നതിനും വകുപ്പിനു കഴിഞ്ഞു. ഇതോടൊപ്പം തന്നെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഉയർത്തുകയും കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 40 കോടി രൂപ അതിലേക്കു കേന്ദ്രത്തിൽ നിന്നു നേടിയെടുക്കുകയും ചെയ്തു. 2012-13 ൽ ഒന്നു മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു.

പിന്നാക്കവിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നു നിയമബിരുദം നേടിയ യുവാക്കൾക്ക് പ്രാക്ടീസ് ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്കും തുടക്കംകുറിച്ചു.

പരമ്പരാഗതമായി മൺപാത്രനിർമാണത്തിലേർപ്പെട്ടിരിക്കുന്ന വിഭാഗങ്ങളുടെ ഉത്പാദനക്ഷമതയും അതുവഴി വരുമാനവും വർധിപ്പിക്കുന്നതിനായി ആധുനിക യന്ത്രസാമഗ്രികൾ സ്വന്തമാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനും പദ്ധതി തയാറാക്കി. ഒരു കോടി രൂപ ഇതിലേക്ക് അനുവദിക്കാനും തീരുമാനിച്ചു.

കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 63079 പേർക്കായി 349 കോടി രൂപയുടെ വായ്പകൾ അനുവദിച്ച് റിക്കോർഡ് നേട്ടം കൈവരിച്ചു. വായ്പകൾ കുടിശിക വരുത്തുന്നവർക്ക് പലിശ ഇളവു നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കുകയുണ്ടായി.

പിന്നാക്കവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പരിവർത്തക ക്രൈസ്തവ ശുപാർശിത വിഭാഗവികസന കോർപറേഷനും വ്യത്യസ്തമായ പദ്ധതികളും വായ്പ സ്കീമുകളും നടപ്പാക്കിവരുന്നു. കോർപറേഷൻ വിതരണംചെയ്തുവരുന്ന വായ്പത്തുക 100 ശതമാനം വർധിപ്പിച്ച് പദ്ധതികൾ കൂടുതൽ പ്രായോഗികവും ഫലപ്രദവുമാക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചു. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ വായ്പാ പദ്ധതികൾ പ്രകാരം 4901 ഗുണഭോക്താക്കൾക്കായി 1316.48 ലക്ഷം രൂപ കോർപറേഷൻ വിതരണം ചെയ്തു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 6.79 ലക്ഷം രൂപയുടെ പലിശയിളവും കോർപറേഷൻ നൽകുകയുണ്ടായി. 60 ൽപ്പരം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

വിശ്വകർമ സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാനായി ഡോ. പി.എൻ. ശങ്കരനെ ഏകാംഗ കമ്മിഷനായി നിയോഗിച്ചു. ഏറ്റവും പിന്നാക്കം നൽക്കുന്ന സമുദായങ്ങളുടെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് റിപ്പോർട്ട് നൽകാനായി പി.പി. ഗോപിയെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. ■



**കേരളസംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ സംഘടിപ്പിച്ച ഗുണഭോക്തൃ നേതൃത്വ സംഗമം മന്ത്രി എ.പി. അനിൽകുമാർ നിർവഹിക്കുന്നു. മന്ത്രി മഞ്ഞളാംകുഴി അലി സമീപം**

# ദിശാബോധത്തോടെ സാമൂഹിക പ്രതിബദ്ധതയോടെ



■ **കെ. ബാബു**
ഫിഷറീസ്-തുറമുഖ-എക്സൈസ് മന്ത്രി

എന്തു ചെയ്താലും വിമർശിക്കപ്പെടുന്ന, ജനങ്ങളോട് യാതൊരുവിധത്തിലുമുള്ള പ്രതിബദ്ധതയില്ലാത്ത എക്സൈസ് വകുപ്പ്, തൊഴിലാളികളുടെ തീരാദുരിതങ്ങൾക്കുമേൽ ഉറക്കം തൂങ്ങുന്ന ഫിഷറീസ് വകുപ്പ്, അവഗണിക്കപ്പെട്ട തുറമുഖ വകുപ്പ് ഇതായിരുന്നു അധികാരമേൽക്കുമ്പോൾ എനിക്കു കിട്ടിയ വകുപ്പുകളുടെ സ്ഥിതി. എന്നാലിപ്പോൾ ഈ അവസ്ഥ ഗുണപരമായി മാറിക്കഴിഞ്ഞു. സുതാര്യമായ നിലപാടുകളും വികസനപദ്ധതികളും സാമൂഹിക പ്രതിബദ്ധതയോടെ ആവിഷ്ക്കരിച്ച ഈ വകുപ്പുകൾക്ക് ജനങ്ങളുടെ പ്രശ്നങ്ങളിൽ മനുഷ്യത്വപരമായ സമീപനം പുലർത്താൻ സാധിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

ഏഷ്യയുടെ തന്നെ കവാടമാകുവാൻ പോകുന്ന തുറമുഖമാണ് വിഴിഞ്ഞം. കേരളത്തിനു മാത്രമല്ല രാജ്യത്തിന്റെ തന്നെ വികസന രംഗത്തെ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുന്ന 4010 കോടിയുടെ വിഴിഞ്ഞം പദ്ധതി യു.ഡി.എഫ് സർക്കാരിന്റെ കിടയറ്റ പരിശ്രമം മൂലം യാഥാർഥ്യമാകുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പാരിസ്ഥിതി പഠനവും ഇ.പി.സി ടെൻഡറിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാനും സാങ്കേതിക പഠനവും പൂർത്തിയാക്കിക്കഴിഞ്ഞു. പദ്ധതിക്കുള്ള പാരിസ്ഥിതിക അനുമതി ഉടൻ ലഭ്യമാകും. ഇന്ത്യൻ നേവിക്കും കോസ്റ്റ് ഗാർഡിനും വിഴിഞ്ഞം തുറമുഖത്തിൽ സൗകര്യമൊരുക്കും. ഭാവിയിലേക്കു കൂടി ഉപയുക്തമായ ഒരു മാസ്റ്റർ പ്ലാനാണ് തയാറാക്കിയിരിക്കുന്നത്. ഇതു പ്രകാരം 18,000 ടി.ഇ.യു ശേഷിയുള്ള മദർ വെസ്സൽസ് അടുപ്പിക്കുന്നതിനുള്ള സൗകര്യം പദ്ധതിയിൽ ലഭ്യമാകും. കൂടാതെ പദ്ധതിയോടനുബന്ധിച്ച് ഒരു ഫിഷ് ലാൻഡിങ് സെന്ററും ക്രൂയിസ് ടെർമിനലും ഉണ്ടായിരിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത 34 ഏക്കർ ഭൂമിക്കു പുറമെ ഇപ്പോൾ 74 ഏക്കർ ഭൂമി കൂടി ഏറ്റെടുത്തു കഴിഞ്ഞു. ഇതോടെ തുറമുഖ നിർമാണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഭൂമിയുടെ 98 ശതമാനം ഏറ്റെടുത്തു. കോട്ടുകാൽ പ്രദേശത്ത് വെയർ ഹൗസിനു വേണ്ട രണ്ടാം ഘട്ട ഏറ്റെടുക്കൽ നടപടികളാരംഭിച്ചു. ഇതിനായി 223 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുനഃരധിവാസ പ്രവർത്തനങ്ങൾ ഏറെക്കുറെ പരാതി രഹിതമായി പൂർത്തിയാക്കാൻ സാധിച്ചു. 47 കുടുംബങ്ങൾക്ക് പുനഃരധിവാസ പാക്കേജ് വിതരണം ചെയ്യാനും അവരർഹിക്കുന്ന അഞ്ചു സെന്റ് സ്ഥലത്തിനു പുറമെ മറ്റ് ആനുകൂല്യങ്ങളും നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

പദ്ധതി പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച 3.3 എം.എൽ.ഡി ശേഷിയുള്ള ശുദ്ധജലവിതരണ പദ്ധതിയാരംഭിച്ചത് വിഴിഞ്ഞത്തെ ജനങ്ങൾക്ക് ഏറെ ആശ്വാസമായിട്ടുണ്ട്. ഈ പദ്ധതിയി



**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനായി ഭൂമി നൽകിയവർക്കുള്ള പുനരധിവാസ പാക്കേജ് പ്രകാരമുള്ള രേഖകൾ ഫിഷറീസ് മന്ത്രി കെ. ബാബു കൈമാറുന്നു**

ലൂടെ ജനങ്ങൾക്കു ലഭിക്കുന്ന പ്രഥമ നേട്ടമാണിത്. വൈദ്യുതി എത്തിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചു. റെയിൽ നിർമാണം സംബന്ധിച്ച് കേന്ദ്ര സർക്കാർ ലാസ്റ്റ് മെയിൽ കണക്ടിവിറ്റിയിലുൾപ്പെടുത്തി കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി റെയിൽ വികാസ് നിഗം ലിമിറ്റഡ് സർവേ പൂർത്തിയക്കിക്കഴിഞ്ഞു. ഇന്ത്യൻ റെയിൽവേ ഇത് അംഗീകരിച്ചുകഴിഞ്ഞാൽ സ്ഥലമേറ്റെടുക്കൽ നടപടികളാരംഭിക്കും. 600 മീറ്റർ നീളമുള്ള താത്കാലിക റോഡിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയെങ്കിലും എൻ.എച്ച് 47 ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡിന്റെ നിർമാണം ബൈപ്പാസ് ആയതിനുശേഷം മാത്രമേ ആരംഭിക്കാൻ കഴിയൂ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ആകെ 420 കോടി രൂപ വിഴിഞ്ഞം പദ്ധതിക്ക് നൽകി. കഴിഞ്ഞ സർക്കാർ അഞ്ചു വർഷം കൊണ്ട് 91 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചപ്പോൾ ഈ സർക്കാർ ഇതുവരെ 286 കോടി രൂപ ചെലവഴിച്ച് പദ്ധതിക്ക് വികസനക്കുതിപ്പു നൽകി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ നിന്നുള്ള ആദ്യ കപ്പൽ 2015 ൽ ഫ്ളാഗ് ഓഫ് ചെയ്യാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങൾക്ക് ഇ.പി.സി. ടെൻഡർ വിളിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. പോർട്ട് ഓപ്പറേറ്ററെ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള പ്രക്രിയ പാരിസ്ഥിതികാനുമതി ലഭിച്ചശേഷം ആരംഭിക്കും. പദ്ധതിയുടെ നിർമാണത്തിനാവശ്യമായ ധനസമാഹരണം ഇതിനോടകം തന്നെ പൂർത്തിയായിട്ടുണ്ട്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

കണ്ണൂരിന്റെ ഏറെ നാളത്തെ വികസന സ്വപ്നമാണ് യാഥാർഥ്യമാകുവാൻ പോകുന്നത്. രണ്ടായിരത്തോളം ഏക്കറിൽ നിർമിക്കുന്ന വിമാനത്താവളം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് നിർമിക്കുന്നത്. പദ്ധതിയ്ക്കായി 1277 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. നിർദിഷ്ട വിമാനത്താവളത്തിന് 645 ഏക്കർ സ്ഥലം സ്വന്തമാക്കാൻ സാധിച്ചു. ഇതോടെ സർക്കാരിന് 26 ശതമാനം ഓഹരി പങ്കാളിത്തം ലഭിച്ചുകഴിഞ്ഞു. പൊതുജനങ്ങളുടെ ആവശ്യപ്രകാരം മുഖവിലയായ നൂറു രൂപ നിലനിർത്തിക്കൊണ്ടുതന്നെ മിനിമം ഷെയറുകളുടെ എണ്ണം 2001 ൽ നിന്നും 500 ആയി കുറച്ചു. പ്രഥമ ഷെയർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനും കഴിഞ്ഞു.

വിമാനത്താവളത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. റൺവേ, റോഡുകൾ, ഡ്രയിനേജ് തുടങ്ങിയ നിർമാണ പ്രവർത്തനങ്ങൾക്കും എർത്ത് വർക്കുകൾക്കുമുള്ള 700 കോടി രൂപയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഏഴു കമ്പനികൾ പ്രി-ക്വാളിഫൈ ചെയ്തു. 2012 ഡിസംബറിൽ പ്രൊജക്ട് ഓഫീസ് മട്ടന്നൂരിൽ പ്രവർത്തനമാരംഭിച്ചു

വിമാനത്താവളത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. റൺവേ, റോഡുകൾ, ഡ്രയിനേജ് തുടങ്ങിയ നിർമാണ പ്രവർത്തനങ്ങൾക്കും എർത്ത് വർക്കുകൾക്കുമുള്ള 700 കോടി രൂപയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഏഴു കമ്പനികൾ പ്രി-ക്വാളിഫൈ ചെയ്തു. 2012 ഡിസംബറിൽ പ്രൊജക്ട് ഓഫീസ് മട്ടന്നൂരിൽ പ്രവർത്തനമാരംഭിച്ചു. പദ്ധതിയുടെ ആദ്യഘട്ടം 2014 ൽ പൂർത്തീകരിക്കും. 2015 ൽ ആദ്യ വിമാനമിറങ്ങും. സുതാര്യമായ തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 2015 ജൂണിൽ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

## സാമൂഹിക പ്രതിബദ്ധതയോടെ എക്സൈസ് വകുപ്പ്

ഭരണത്തിലേറുന്ന ഏതു സർക്കാരിനും ഏറ്റവുമധികം വരുമാനം നൽകുന്ന കച്ചവടമാണ് വിദേശമദ്യം. മലയാളികളെ കൂടുതൽ മദ്യം കഴിപ്പിച്ച് വരുമാനം വർധിപ്പിക്കാൻ യു.ഡി.എഫ്. സർക്കാരിന് പദ്ധതിയില്ല. കേരള ചരിത്രത്തിലിന്നോളമുള്ള മദ്യനയങ്ങളിൽ നിന്ന് വ്യത്യസ്തമായി ജനപക്ഷത്തു നിന്നുകൊണ്ട് സാമൂഹികപ്രതിബ



**എക്സൈസ് വകുപ്പിന് പുതുതായി വാങ്ങിയ വാഹനങ്ങളുടെ ഫ്ളാഗ്ഓഫും, എൻഫോഴ്സ് കിറ്റുകളുടെ വിതരണവും, ഹെൽപ് ഡസ്കിന്റെ ഉദ്ഘാടനവും മന്ത്രി കെ. ബാബു നിർവഹിക്കുന്നു.**

ദ്ധതയോടെയുള്ള പുതുക്കിയ മദ്യനയം അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും വലിയ നേട്ടം. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടു ലഹരിവിരുദ്ധ ബോധവത്കരണത്തിന് പ്രാധാന്യം നൽകിയ മദ്യനയം തിരിനാളമായിരുന്നു.

പുതിയ മദ്യഷാപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ച് അന്തിമ അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി ഓർഡിനൻസ് പുറപ്പെടുവിച്ചത് 2012 ലെ തിളക്കമാർന്ന നേട്ടമാണ്. പഞ്ചായത്തിരാജ്-നഗരപാലിക നിയമത്തിലെ 232, 447 ചട്ടങ്ങളിലാണ് ഭേദഗതി വരുത്തിയത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇതുവരെ ബിവറേജസ് കോർപറേഷന്റെ ഒരു വിൽപനശാല പോലും തുടങ്ങിയിട്ടില്ല, തുടങ്ങുകയുമില്ല.

സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതിനായി മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിനും അനുവദിച്ച എഫ്.എൽ-3 ലൈസൻസുകൾ പുനഃപരിശോധിക്കുന്നതിനു വേണ്ടിയും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എം. രാമചന്ദ്രനെ ഏകാംഗകമ്മിഷനായി നിയമിച്ചു. പ്രസ്തുത സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ തീരുമാനമെടുക്കുന്നതുവരെ പുതിയതായി എഫ്.എൽ-3 ലൈസൻസുകൾ അനുവദിക്കേണ്ടതില്ലെന്ന് മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.

മദ്യനയത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനൊപ്പം എക്സൈസ് വകുപ്പിലൊട്ടാകെ ആധുനിക ശൈലി കൊണ്ടുവരാൻ സാധിച്ചതിൽ ഞാൻ കൃതാർഥനാണ്. ഇ-പേയ്മെന്റ് സംവിധാനം, ക്രൈം റിക്കോർഡ്സ് ബ്യൂറോ, നവീകരിച്ച എക്സൈസ് അക്കാദമി, മൊബൈൽ ലാബ്, പുതിയ വാഹനങ്ങൾ എന്നിവയെല്ലാം എക്സൈസ് വകുപ്പിന്റെ ആധുനിക മുഖത്തിന് തെളിച്ചമേകുന്നവയാണ്.

സ്കൂൾ, കോളേജ് ക്യാംപസുകളിലും പൊതുജനങ്ങളിലും മദ്യാസക്തിക്കെതിരെ ബോധവത്കരണ പ്രചാരണം തീവ്രമാക്കുന്നതിനും നയപരമായ പരിപാടികളിലൂടെ സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനായി 'മദ്യവിമുക്തകേരളം' എന്ന പദ്ധതിയാരംഭിച്ചു. സംസ്ഥാനത്ത് ഇദംപ്രഥമമായി ആരംഭിച്ച ഈ പദ്ധതി നാഷണൽ സർവീസ് സ്കീം, സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയാണ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഏകീകൃത പ്രവർത്തനങ്ങൾക്കായി ഒരു ജോയിന്റ് എക്സൈസ് കമ്മിഷണറുടെ തസ്തിക പുതുതായി സൃഷ്ടിച്ചു. എക്സൈസ് ഗാർഡുമാരുടെ ഡെസിഗ്നേഷൻ എക്സൈസ് സിവിൽ ഓഫീസർമാരെന്ന് പുനർ നാമകരണം ചെയ്തു. പിടികൂടുന്ന സ്പിരിറ്റിന്റെയും വാഹനത്തിന്റെയും മൊത്തം വിലയുടെ 25 ശതമാനം തുക എക്സൈസ് ജീവനക്കാർക്ക് പാരിതോഷികമായി നൽകിക്കൊണ്ട് ഉത്തരവായി. ജീവനക്കാരുടെ വർഷങ്ങളായുള്ള ആവശ്യമായ ഓഫ് ഡ്യൂട്ടി അലവൻസ് അനുവദിച്ചു. എക്സൈസ് വകുപ്പിന്റെ വാഹനങ്ങളിൽ ബീക്കൺ ലൈറ്റുകൾ സ്ഥാപിച്ചു. ഗ്രേഡ് പ്രമോഷൻ നിലവിൽ വന്നതും ഈ കാലയളവിലാണ്.

2010-11 ൽ തൊട്ടു മുൻപത്തെ വർഷത്തെയപേക്ഷിച്ച് മദ്യ വിൽപനയുടെ വർധനവിന്റെ തോത് 22 ശതമാനമായിരുന്നു. എന്നാൽ 2011-12 വർഷം മദ്യ ഉപഭോഗത്തിലെ വർധനവ് മുൻവർഷത്തെ അപേക്ഷിച്ച് 17 ശതമാനമായി കുറഞ്ഞു. 2011 ഏപ്രിൽ മാസം 2010 ഏപ്രിലിനെ അപേക്ഷിച്ച് 17 ശതമാനം വർധനവ് രേഖപ്പെടുത്തിയി



**എക്സൈസ് വകുപ്പ് കുടുംബശ്രീയിലൂടെ നടപ്പാക്കുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു**

രുന്നു. ഇത് 2012 ഏപ്രിൽ മാസം 15 ശതമാനമായും മെയ് മാസം 0 ശതമാനമായും കുറഞ്ഞു. വിദേശമദ്യത്തിന്റെ മൊത്തവ്യാപാരത്തിലും കുറവു രേഖപ്പെടുത്തി. വിദേശമദ്യത്തിന്റെ മൊത്തവ്യാപാരത്തിൽ 2010 -2011 വർഷം തൊട്ടുമുമ്പത്തെ വർഷത്തെ (2009-2010) അപേക്ഷിച്ച് 16 ശതമാനം വർധനയായിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഇത് 2011-12 ൽ 11 ശതമാനമായി കുറഞ്ഞു. 2011 ഏപ്രിൽ മാസത്തെ അപേക്ഷിച്ച് 2012 ഏപ്രിലിൽ വർധനയുടെ തോത് 9 ശതമാനമായും മേയിൽ മൂന്നു ശതമാനമായും കുറഞ്ഞുവെന്ന് കണക്കുകൾ കാണിക്കുന്നു.

താത്വികമായോ വികാരപരമായോ അല്ല മദ്യവിപത്തിനെ നേരിടേണ്ടത്. പ്രായോഗികമായ നടപടികളിലടെയാവണമെന്നാണ് എന്റെ പക്ഷം. സമ്പൂർണ മദ്യനിരോധനം പ്രായോഗികമല്ല. മദ്യവർജനം പ്രോത്സാഹിപ്പിക്കണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണം. ബോധവത്കരണ പരിപാടികൾ ഊർജിതമായി നടത്തണം. ഇതിനുള്ള ബോധപൂർവമായ ശ്രമവും പ്രായോഗികസമീപനവും സർക്കാരിനുണ്ട്. ബോധവത്കരണ പരിപാടികൾക്ക് വ്യക്തമായ പദ്ധതികൾ സർക്കാർ തയാറാക്കിവരികയാണ്. വ്യാജമദ്യത്തിനെതിരെ ശക്തമായ തുടർനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയുമുണ്ടാകും.

> താത്വികമായോ വികാരപരമായോ അല്ല മദ്യവിപത്തിനെ നേരിടേണ്ടത്. പ്രായോഗികമായ നടപടികളിലടെയാവണമെന്നാണ് എന്റെ പക്ഷം. സമ്പൂർണ മദ്യനിരോധനം പ്രായോഗികമല്ല. മദ്യവർജനം പ്രോത്സാഹിപ്പിക്കണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണം. ബോധവത്കരണ പരിപാടികൾ ഊർജിതമായി നടത്തണം. ഇതിനുള്ള ബോധപൂർവമായ ശ്രമവും പ്രായോഗികസമീപനവും സർക്കാരിനുണ്ട്. ബോധവത്കരണ പരിപാടികൾക്ക് വ്യക്തമായ പദ്ധതികൾ സർക്കാർ തയാറാക്കി വരികയാണ്

## മത്സ്യബന്ധന വകുപ്പ്

ചലനമില്ലാതെ കിടന്ന മത്സ്യബന്ധന വകുപ്പിനെ ഉണർത്താനും തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യവികനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ അർഹിക്കുന്നവരിലെത്തിക്കാനും ഈ കാലയളവിൽ സാധിച്ചു. മത്സ്യലഭ്യത കുറവായ പഞ്ഞമാസങ്ങളിൽ വരുമന ലഭ്യത ഉറപ്പുവരുത്തുന്ന തണൽ പദ്ധതിക്ക് തുടക്കംകുറിച്ചു. സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബയോമെട്രിക് കാർഡുകൾ വിതരണം ചെയ്തു. ദേശീയമത്സ്യത്തൊഴിലാളി ഭവനപദ്ധതിയിൽ 800 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീടു നിർമിച്ചു നൽകി. 25 മത്സ്യഗ്രാമങ്ങളിൽ 50 കോടി രൂപയുടെ സംയോജിത മത്സ്യഗ്രാമ പദ്ധതി നടപ്പാക്കി. മാതൃകാമത്സ്യഗ്രാമം പദ്ധതിയിലൂടെ 3124 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീടു നിർമിച്ചു നൽകി. 56 കോടി രൂപയുടെ 20 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾക്ക് അനുമതി നൽകി നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. മൂല്യവർധിത മത്സ്യ ഉത്പന്നങ്ങൾ ഫിഷ് കിയോസ്ക്കുകളിലൂടെ വിപണിയിലെത്തിച്ചു. ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി മത്സ്യസമൃദ്ധി പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് 50 ശതമാനം സബ്സിഡിയോടെ 100 ഡീസൽ എൻജിനുകൾ വിതരണം ചെയ്തു.

സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഭവനപദ്ധതിക്കായി ഹഡ്കോയിൽ നിന്നും 150 കോടി രൂപ ലോൺ എടുക്കുന്നതിന് കേരള സംസ്ഥാന തീരദേശവികസന കോർപറേഷന് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഭവനപദ്ധതിക്കായി നബാർഡിൽ നിന്നും 200 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ



**ആഴക്കടൽ മത്സ്യബന്ധന പദ്ധതി സംസ്ഥാനതല ഉദ്ഘാടനവും ഉപകരണ വിതരണവും മന്ത്രി കെ. ബാബു നിർവഹിക്കുന്നു**




**വലിയതുറ മാതൃകാ മത്സ്യഗ്രാമ പദ്ധതി പ്രകാരം ഭവന നിർമാണ പദ്ധതിയുടെ ആദ്യഗഡു വിതരണം ഫിഷറീസ് മന്ത്രി കെ. ബാബു നിർവഹിക്കുന്നു**

ഫിഷ്നെറ്റ് ഫാക്ടറി സ്ഥാപിക്കാൻ 30 കോടിയുടെ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. 30 കോടിരൂപയാണ് ഫാക്ടറിയുടെ നിർമാണത്തിന് അനുവദിച്ചിരിക്കുന്നത്.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷന്റെ കാലാവധി 2013 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും വാർധക്യകാല-വിധവാ പെൻഷനുകൾ കുടിശികയുൾപ്പെടെ വിതരണം ചെയ്തു. സംസ്ഥാനത്തെ മത്സ്യബന്ധന ജനവിഭാഗങ്ങൾക്കിടയിൽ സോഷ്യോ-ഇക്കണോമിക് സർവേ നടത്താൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതിയിലെ ധനസഹായവിതരണം ബാങ്കുകൾ വഴിയാക്കി. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത



**ഡിസൈനർ മുത്തുത്പാദന സാങ്കേതികവിദ്യ പരിശീലനപരിപാടിയുടെ ഭാഗമായ പ്രദർശനം കാണുന്ന മന്ത്രി കെ. ബാബു**

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസധനസഹായം നൽകുന്നതിനായി ആറു കോടി രൂപ അധികമായി അനുവദിച്ചു. ലംപ്സം ഗ്രാന്റ്, വിവിധ സ്കോളർഷിപ്പുകൾ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെടുക.

സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളി വനിതകൾക്കു നൽകിയ വായ്പാ തുക എഴുതിത്തള്ളി.

തീരദേശമേഖലയിലെ അടിസ്ഥാനസൗകര്യവികസനം സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള ഇനമാണ്. ഇതിനുവേണ്ടി 996 കോടി രൂപയുടെ ബൃഹദ്പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. തീരദേശമേഖലയിൽ നിലവിൽ മുപ്പതിനായിരം പേർക്ക് വീടില്ല. ഇവരിൽ 12000 പേർക്ക് സ്ഥലം പോലുമില്ല. ഇവർക്ക് വീട്, കുടിവെള്ളം, സാനിട്ടേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

## ഫിഷറീസ് സർവകലാശാല

ഫിഷറീസ് സർവകലാശാലയ്ക്ക് കഴിഞ്ഞ സാമ്പത്തികവർഷം വിവിധയിനങ്ങളിലായി 69.19 കോടിയുടെ ധനസഹായത്തിന് അനുമതി നൽകി. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ബാധ്യതകൾ തീർക്കുന്നതിന് രണ്ടു കോടി രൂപ അധികമായി അനുവദിച്ചു. സർവകലാശാലാ ഓഫീസ് സംവിധാനം 100 ശതമാനം കടലാസ് രഹിതമാക്കുന്ന ഓഫീസ് ഓട്ടോമേഷൻ പദ്ധതി അന്തിമഘട്ടത്തിലാണ്.

അഞ്ചു പുതിയ പി.ജി. കോഴ്സുകൾ സർവകലാശാലയിലാരംഭിച്ചു. ഫിസിക്കൽ ഓഷ്യനോഗ്രാഫി ആൻഡ് ഓഷ്യൻ മോഡലിങ്, ബയോളജിക്കൽ ഓഷ്യനോഗ്രാഫി ആൻഡ് ബയോഡൈവേഴ്സിറ്റി എന്നിവയിൽ എം.എസ്.സി കോഴ്സുകൾ, ഫിഷറീസ് മാനേജ്മെന്റിലും റൂറൽ മാനേജ്മെന്റ് എന്നിവയിൽ ഏതെങ്കിലുമൊന്നിൽ ഒരുമിച്ച് സ്പെഷ്യലൈസേഷൻ നൽകുന്ന എം.ബി.എ. കോഴ്സ്, ഫിഷറീസ് ഇക്കണോമിക്സിലും ഫിഷ് ന്യൂട്രീഷ്യൻ ആൻഡ് ഫീഡ് ടെക്നോളജിയിലും എം.എഫ്.എസ്സ്.സി കോഴ്സുമാണ് സർവകലാശാലയിൽ ആരംഭിച്ചിരിക്കുന്ന കോഴ്സുകൾ. മത്സ്യത്തൊഴിലാളികളുടെ സോഷ്യോ-ഇക്കണോമിക്-കൾച്ചറൽ പഠനങ്ങൾക്കായി നവോത്ഥാന നായകൻ പണ്ഡിറ്റ് കുറുപ്പന്റെ പേരിൽ ചെയർ പ്രവർത്തനമാരംഭിച്ചു.

## തുറമുഖം

590 കിലോമീറ്റർ കടൽത്തീരമുള്ള കേരളത്തിൽ തുറമുഖങ്ങളുടെ പ്രസക്തി വളരെ വലുതാണ്. ആർക്കും വേണ്ടാതെ അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഒരു വകുപ്പായിരുന്നു തുറമുഖ വകുപ്പ്. വകുപ്പിന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരമുണ്ടായതു



**ഫിഷറീസ് സർവകലാശാല**

തന്നെ 2012 ലാണെന്നു പറയുമ്പോൾ അവഗണനയുടെ വ്യാപ്തി മനസ്സിലാക്കാവുന്നതേയുള്ളൂ. കേരളത്തിലെ തുറമുഖങ്ങളുടെ വികസന സാധ്യതകൾ പരിപൂർണമായും ഉപയുക്തമാക്കിക്കൊണ്ട് തീരദേശമേഖലയുടെ സമഗ്രമായ വികസനം ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

മൂന്നു ഇന്റർമീഡിയറ്റ് തുറമുഖങ്ങളും 14 ചെറുകിട തുറമുഖങ്ങളും അടങ്ങുന്നതാണ് കേരളത്തിന്റെ തുറമുഖ ശൃംഖല. കേരളത്തിലെ തുറമുഖങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള സംസ്ഥാന മാരിടൈം ബോർഡ് രൂപീകരണം അന്തിമഘട്ടത്തിലാണ്. കേരളത്തിന്റെ വികസനത്തിന് നാഴികക്കല്ലാകുന്ന കോസ്റ്റൽ ഷിപ്പിങ് പദ്ധതിയാരംഭിച്ചു. ഇതിന്റെ ഭാഗമായി സർവീസ് നടത്തുന്ന കപ്പലുകൾക്ക് ഒരു ടൺ കാർഗോ ഒരു കിലോമീറ്റർ കൊണ്ടുപോകുന്നതിന് ഒരു രൂപയും യാത്രക്കാർക്ക് കിലോമീറ്ററിന് ഒരു രൂപയും ഇൻസെന്റീവ് ഏർപ്പെടുത്തി.

നീണ്ടകരയിലും കൊടുങ്ങല്ലൂരിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനമാരംഭിച്ചു. പൊന്നാനി തുറമുഖം ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിന് നടപടികളാരംഭിച്ചു. കേരളത്തിലെ തുറമുഖങ്ങളിലധികവും പുഴയും കായലും കനാലുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ഉൾനാടൻ ജലഗതാഗത വികസനത്തിനും അതുവഴിയുള്ള ടൂറിസ്റ്റ് സഞ്ചാരത്തിനും ഈ തുറമുഖങ്ങളെ ഉൾപ്പെടുത്തുവാനാകും. സംസ്ഥാനത്തെ തുറമുഖങ്ങൾ വഴിയുള്ള വികസന സാധ്യതകൾ പൂർണമായും ഉപയോഗിപ്പെടുത്തുവാൻ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## ഹൈഡ്രോഗ്രാഫിക് സർവെ

കേരള സംസ്ഥാന ഹൈഡ്രോഗ്രാഫിക് സർവേ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു.

മികച്ച പ്ലാനിങ്ങും പദ്ധതിയും ആവിഷ്കരിച്ചു നടപ്പാക്കാൻ സർക്കാർ കാണിക്കുന്ന താത്പര്യവും കർമകുശലതയും രാജ്യത്തെ തന്നെ മറ്റേതൊരു സംസ്ഥാനത്തിനും അനുകരിക്കാൻ പ്രേരിപ്പിക്കുന്നതാണ്. ഭരണസുതാര്യതയും ജനസമ്പർക്കവും പാവങ്ങൾക്കായി കരുതുന്ന വികസനനയങ്ങളും ഭാവിയിൽ ഏതൊരു ഭരണാധികാരിക്കും വഴികാട്ടിയാവും. ഭരണരീതിയും കാര്യക്ഷമതയും മറ്റു സംസ്ഥാനങ്ങൾക്കുപോലും മാതൃകയാകുന്നവിധത്തിൽ ചുരുങ്ങിയകാലം കൊണ്ട് ഭരണവിസ്മയം തീർത്തിരിക്കുകയാണ് ഉമ്മൻ ചാണ്ടി സർക്കാർ ■



**വിഴിഞ്ഞം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം. മന്ത്രിമാരായ കെ. ബാബു, വി.എസ്. ശിവകുമാർ എന്നിവർ സമീപം**

# പുതുവഴികൾ തേടുന്ന സഹകരണ മേഖല



■ **സി.എൻ. ബാലകൃഷ്ണൻ**
സഹകരണ-ഖാദി ഗ്രാമവ്യവസായ മന്ത്രി

എല്ലാ സാധാരണക്കാരുടെയും ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന സഹകരണമേഖലയ്ക്കു പുതിയ ഉൾക്കാഴ്ചയും പ്രവർത്തനരീതിയും കാഴ്ചവെക്കാൻ ഈ സർക്കാരിനു കഴിഞ്ഞു. എല്ലാ മേഖലകളിലും ഗുണപരമായ മാറ്റത്തിന് തുടക്കം കുറിക്കാൻ സാധിച്ചു. നിക്ഷേപ-വായ്പാ രംഗത്തും ഉപഭാക്തൃമേഖലയിലും വിദ്യാഭ്യാസരംഗത്തും സഹകരണരംഗം സജീവമായ സാന്നിധ്യമായിരുന്നു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾകൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കുന്നതിനും സംഘങ്ങളുടെ സുസ്ഥിരമായ വളർച്ചയും പുരോഗതിയും ഉറപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 97 ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1969 ലെ കേരള സഹകരണസംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്തു.

വർഷങ്ങളായി വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സഹകരണ വകുപ്പിന്റെ ആസ്ഥാന ഓഫീസും അനുബന്ധ സ്ഥാപനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് തിരുവനന്തപുരത്ത്, സർക്കാരിൽ നിന്നും ലഭിച്ച സ്ഥലത്ത് നിർമിക്കുന്ന സഹകരണ സമുച്ചയത്തിന് തറക്കല്ലിടൽ കഴിഞ്ഞു. 18 മാസം കൊണ്ട് പണി പൂർത്തിയാക്കുന്ന ഈ സമുച്ചയത്തിന് മുഖ്യമന്ത്രിയാണ് തറക്കല്ലിട്ടത്.

സഹകരണമേഖലയ്ക്ക് വലിയ ഊർജം പകർന്നുകൊണ്ട് സംസ്ഥാനത്ത് ഏഴാം സഹകരണകോൺഗ്രസ് 2012 നവംബർ 13 മുതൽ 16 വരെയും സഹകരണമേഖലയുടെ പുരോഗതിയും വളർച്ചയും വ്യക്തമാക്കുന്ന 'സഹകരണ എക്സ്പോ' നവംബർ ഒന്നു മുതൽ 20 വരെയും തൃശൂരിൽ നടത്തുകയുണ്ടായി. സഹകരണ കോൺഗ്രസിൽ വിവിധ വിഷയങ്ങളെ അധികരിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങളിന്മേൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

വകുപ്പ് നടപ്പാക്കിയ 'ആശ്വാസ് 2012' പദ്ധതിയിലൂടെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ കുടിശികയായി നിന്നിരുന്ന 5,01,916 വായ്പകളിൽ മുതലിനിത്തിൽ 1,50,668.61 ലക്ഷം രൂപയും പലിശയിനത്തിൽ 48,892.55 ലക്ഷം രൂപയും ചേർത്ത് ആകെ 1,99,561.16 ലക്ഷം രൂപ കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടുകയുണ്ടായി. അതോടൊപ്പം വായ്പക്കാർക്ക് 5348.38 ലക്ഷം രൂപയുടെ ഇളവുകൾ അനുവദിക്കുകയും ചെയ്തു.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് പലിശരഹിതമായി വായ്പനൽകുന്ന പ്രത്യേക പദ്ധതി നട

പ്പാക്കുന്നതിന് 2012-13 വർഷത്തിൽ 31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ മൂന്നു കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു.

സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാത്ത അശരണരായ വായ്പക്കാർക്ക് ആശ്വാസം പകരുന്ന പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടിസ്വീകരിച്ചു. പരമാവധി മൂന്നു ലക്ഷം രൂപവരെയുള്ള വായ്പകളാണ് ഈ പദ്ധതിയിലേക്ക് പരിഗണിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് 100 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

'റിസ്ക് ഫണ്ട് പദ്ധതി' പ്രകാരം, വായ്പയെടുത്തു മരണപ്പെടുന്ന വായ്പക്കാരുടെ വായ്പാബാധ്യത എഴുതിത്തള്ളുന്നതിനുള്ള പരിധി നിലവിലുള്ള ഒരു

**വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഫലപ്രദമായി വിപണിയിൽ ഇടപെടുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ 'നന്മ' സ്റ്റോറുകളിലൂടെ പൊതു വിപണിയേക്കാൾ 20 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കി. പൊതുജനങ്ങൾക്ക് വലിയ പ്രയോജനം ഇതുവഴി ലഭ്യമായി**

നുള്ള നടപടികളാരംഭിച്ചു. കൂടാതെ വടക്കാഞ്ചേരിയിൽ കൺസ്യൂമർഫെഡിന്റെ 'ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിങ്' ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു.

വിദ്യാഭ്യാസരംഗത്തും വകുപ്പിന് സജീവമായി ഇടപെടുന്നതിനു കഴിഞ്ഞു. കേപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും വടക്കാഞ്ചേരിയിലെ അത്താണിയിലും എൻജിനീയറിങ് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കാർഷിക ഉത്പാദനം വർധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'കർഷകസേവന കേന്ദ്ര'ങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലെ തിരഞ്ഞെടുത്ത 40 ബ്ലോക്കു



**കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ നിക്ഷേപസമാഹരണ അനുമതി പ്രഖ്യാപനവും പ്രാഥമിക കാർഷിക ബാങ്കുകളുടെ പ്രവർത്തന മികവിനുള്ള അവാർഡ് വിതരണത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി ഉമ്മൻചാണ്ടി വി.ജെ.ടി. ഹാളിൽ നിർവഹിക്കുന്നു. മന്ത്രിമാരായ വി.എസ്. ശിവകുമാർ, സി.എൻ. ബാലകൃഷ്ണൻ തുടങ്ങിയവർ സമീപം**

ലക്ഷം രൂപയിൽ നിന്നും 1.50 ലക്ഷം രൂപയായി വർധിപ്പിച്ചു.

വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഫലപ്രദമായി വിപണിയിൽ ഇടപെടുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ 'നന്മ' സ്റ്റോറുകളിലൂടെ പൊതുവിപണിയേക്കാൾ 20 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കി. പൊതുജനങ്ങൾക്ക് വലിയ പ്രയോജനം ഇതുവഴി ലഭ്യമായി.

'നന്മ' പദ്ധതിയുടെ ഭാഗമായി 2039 നന്മ സ്റ്റോറുകൾ ആരംഭിക്കുകയും 12 ത്രിവേണി സ്റ്റോറുകളും കൺസ്യൂമർഫെഡിന്റെ മറ്റു സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ 54 പുതിയ നീതി സ്റ്റോറുകളും ആരംഭിച്ചു.

ഇടുക്കി ജില്ലയിൽ കൺസ്യൂമർഫെഡിന്റെ കീഴിൽ 'റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുന്നതിനും തൃശൂർ ജില്ലയിൽ ഫാർമസി കോളേജ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശൂരിൽ വടക്കാഞ്ചേരിയിലും കണ്ണൂർ ജില്ലയിലെ മാത്തിലും പച്ചക്കറികളുടെ സംഭരണത്തിനും സൂക്ഷിപ്പിനുമായി ശീതീകരിച്ച ഗോഡൗണുകളുടെ നിർമാണത്തി

കളിൽ 40 കർഷകസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ 10 കോടി രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി. സഹകരണ സ്ഥാപനങ്ങൾ ആധുനിക ബാങ്കിങ് സൗകര്യങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കംപ്യൂട്ടർവത്കരണം, കോർബാങ്കിങ്, എ.ടി.എം സംവിധാനം, ആധുനിക ഉപകരണങ്ങൾ ലഭ്യമക്കൽ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടണ്ട്.

സഹകരണമേഖലയിൽ 2012 ഡിസംബർ ഒന്നു മുതൽ 2013 ജനുവരി 15 വരെ നടത്തിയ 33 ാമത് നിക്ഷേപ സമാഹാര



**കേരള സഹകരണ നിക്ഷേപ സുരക്ഷാപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി സി.എൻ. ബാലകൃഷ്ണൻ നിർവഹിക്കുന്നു.**

ത്തിലൂടെ 5194.36 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. (ലക്ഷ്യമിട്ടിരുന്നത് 4500 കോടി). 2013 ജനുവരി ഒന്നിന് മേഖലയിലുള്ള ആകെ നിക്ഷേപം 95,532.29 കോടി രൂപയാണ്. ഇത് 1,00,000 കോടി രൂപയായി വർധിപ്പിച്ചു. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 'കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ്' രൂപീകരിച്ചു.

പ്രസ്തുത സ്കീമിൽ അംഗമായ വായ്പാ സംഘത്തിലെ നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ബോർഡ് നൽകുന്നതാണ്. (ആയത് 1.50 ലക്ഷം രൂപയാക്കാൻ ആലോചിക്കുന്നു). സഹകരണമേഖലയിൽ നിക്ഷേപം സ്വീകരിക്കുന്നതിന് നിക്ഷേപ സുരക്ഷാ ഫണ്ട് പദ്ധതിയിലും വായ്പാ വിതരണം നടത്തുന്നതിന് റിസ്ക് ഫണ്ട് പദ്ധതിയിലും അംഗത്വമെടുത്തിരിക്കേണ്ടതാണെന്ന വ്യവസ്ഥ 2013 ലെ സഹകരണ സംഘം (ഭേദഗതി) നയമത്തിൽ ഉൾപ്പെടുത്തി.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതി നൽകി. 2012 മാർച്ച് ഒന്നു മുതൽ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന സംസ്ഥാന ബാങ്ക് നിക്ഷേപ സമാഹരണം നടത്തിവരുന്നു.

## സഹകരണ ജീവനക്കാരുടെ പ്രശ്നങ്ങൾ

കേരളത്തിലെ സഹകരണമേഖലയിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതു സംബന്ധിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻ എം.എൽ.എ. കെ.എ. ചന്ദ്രൻ അധ്യക്ഷനായുള്ള കമ്മിറ്റി രൂപീകരിച്ചു. സഹകരണമേഖലയിലെ നിക്ഷേപ പിരിവുകാർ, ഗോൾഡ് അപ്രൈസർമാർ എന്നിവരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് മുൻ എം.എൽ.എ പ്രിയാർ ഗോപാലകൃഷ്ണൻ അധ്യക്ഷനായ കമ്മറ്റിക്കും രൂപം നൽകി.

> മാരകരോഗം ബാധിച്ചവരുടെയും എൻഡോസൾഫാൻ ദുരിതബാധിതരുടെയും വികലാംഗരുടെയും മൂന്നു ലക്ഷം രൂപ വരെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വയ്പകളിലെ പലിശ സർക്കാർ ഏറ്റെടുക്കുന്നതാണ്. വികലാംഗരുടെയും വനിതകളുടെയും ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകും. അതോടൊപ്പം ഉപഭോക്തൃമേഖലയിൽ കൂടുതൽ നീതി, നന്മ സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണി എന്നിവ ആരംഭിക്കും.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് ലഭിച്ച എസ്.എസ്.എൽ.സി. വിദ്യാർഥികൾക്കും 90 ശതമാനത്തിനു മുകളിൽ മാർക്ക് നേടിയ പ്ലസ് ടു വിദ്യാർഥികൾക്കുമുള്ള ക്യാഷ് അവാർഡ് 5000 രൂപയിൽ നിന്നും 10,000 രൂപയായും വി.എച്ച്.എസ്.ഇ., എച്ച്.ഡി.സി. & ബി.എം., ജെ.ഡി.സി. എന്നീ പരീക്ഷകളിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്ത് 10,000 രൂപയും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 7000, 5000 രൂപയായും വർധിപ്പിച്ചു.

## സഹകരണ ഓഡിറ്റ്

കേരളത്തിലെ അപ്പക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും കുടിശികയായി നിൽക്കുന്ന ആഡിറ്റ് 2013 സെപ്റ്റംബർ 30 നകം പൂർത്തിയാക്കി സഹകരണ ആഡിറ്റ് സമകാലമാക്കുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് അതതു കൊല്ലം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും പൊതുയോഗം ചേർന്ന് വിശകലനം ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് ഭരണ സമിതിയുടെയും പൊതുയോഗത്തിന്റെയും നിയമപരമായ ഉത്തരവാദിത്വമാക്കിയിട്ടുണ്ട്.

## പുതിയ പദ്ധതികൾ

മാരകരോഗം ബാധിച്ചവരുടെയും എൻഡോസൾഫാൻ ദുരിതബാധിതരു

ടെയും വികലാംഗരുടെയും മൂന്നു ലക്ഷം രൂപ വരെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വയ്പകളിലെ പലിശ സർക്കാർ ഏറ്റെടുക്കുന്നതാണ്.

സ്വാശ്രയ ഗ്രൂപ്പുകളുടെയും ജോയിന്റ് ലയബ്ലിറ്റി ഗ്രൂപ്പുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഗ്രൂപ്പുകളുടെ ഉത്പന്നം വിറ്റഴിക്കുന്നതിന് വിപണനമേളകൾ സംഘടിപ്പിക്കുന്നതുമാണ്.

കാർഷിക-ടൂറിസം പദ്ധതി നടപ്പാക്കും മാലിന്യസംസ്കരണത്തിന് പലിശരഹിത വായ്പ നൽകി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കും. സൗരോർജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പയും സബ്സിഡിയും അനുവദിക്കും.

സ്വന്തമായി സംഭരണശേഷിയുള്ള സഹകരണമേഖലയിലെ അരിമില്ലുകൾക്ക് കർഷകരിൽ നിന്നും നേരിട്ട്, രൊക്കം പണം നൽകി നെല്ല് സംഭരിക്കുന്നതിന് അനുവാദം നൽകുന്നതാണ്.

വികലാംഗരുടെയും വനിതകളുടെയും ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകും. അതോടൊപ്പം ഉപഭോക്തൃമേഖലയിൽ കൂടുതൽ നീതി, നന്മ സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണി എന്നിവ ആരംഭിക്കും.

കേപ്പിന്റെ കീഴിലുള്ള തൃക്കരിപ്പൂർ, വടകര, തലശ്ശേരി, കിടങ്ങൂർ എൻജിനിയറിങ് കോളേജുകളിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങാൻ ഉദ്ദേശിക്കുന്നു.



**സഹകരണവകുപ്പ് ജഗതിയിൽ നിർമിക്കുന്ന ഓഫീസ് സമുച്ചയത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു**

## ഖാദി ഗ്രാമവ്യവസായം

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ ഖാദി ബോർഡിന്റെ സ്ഥലത്ത് ഗ്രാമീണവ്യവസായ പാർക്കും, ഖാദി ഗ്രാമവ്യവസായ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഒരു സ്ഥിരം എക്സിബിഷൻ കേന്ദ്രം എറണാകുളത്തും സ്ഥാപിക്കുന്നതാണ്.

ഖാദി മേഖലയിൽ ആധുനികവത്കരണം നടത്തുമ്പോൾ ചർക്കകളുടെയും തറികളുടെയും പ്രവർത്തനത്തിനാവശ്യമായ സോളർ വൈദ്യുതിക്ക് അനെർട്ടിന്റെ മേൽനോട്ടത്തിൽ ഖാദി ബോർഡിന്റെ അധീനതയിലുള്ള ഖാദി ഉത്പാദന കേന്ദ്രങ്ങളിൽ സോളാർ പാനലുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതാണ്.

## മലിനീകരണ നിയന്ത്രണം

തലസ്ഥാനത്തെ ദ്രവമാലിന്യങ്ങൾ മൂലം പൂർണമായി മലിനപ്പെട്ട്, പൊതുജനാരോഗ്യഭീഷണി ഉയർത്തുന്ന പാർവതി പുത്തനാർ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ആശുപത്രികളിൽ നിന്നുള്ള ബയോ-മെഡിക്കൽ മാലിന്യങ്ങൾ, ഏറ്റവും സത്വര ശ്രദ്ധ അർഹിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ, സ്വകാര്യസഹകരണത്തോടെയും, കേന്ദ്ര സർക്കാർ സബ്സിഡി പ്രയോജനപ്പെടുത്തിയും പൊതു ബയോ-മെഡിക്കൽ മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ■



**കേരള കോ-ഓപ്പറേറ്റീവ് ഡിപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് ഓഫീസ് മന്ത്രി സി.എൻ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**

# വികസന വിജയത്തിൽ പങ്കാളിയാകുമ്പോൾ



■ **വി.കെ. ഇബ്രാഹിം കുഞ്ഞ്**
പൊതുമരാമത്ത് മന്ത്രി

സഫലമായ രണ്ടു വർഷങ്ങൾ കഴിയുകയാണ്. ചാരിതാർഥ്യമുണ്ട്, കേരളത്തിന്റെ വികസനത്തിൽ പങ്കാളിയാവാൻ കഴിഞ്ഞതിൽ. കഴിഞ്ഞ രണ്ടു വർഷത്തിൽ അടിസ്ഥാന സൗകര്യവികസനത്തിൽ ഊന്നിയ പ്രവർത്തനങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. അതിന്റെ മാറ്റങ്ങൾ ജനങ്ങൾ അറിഞ്ഞുകഴിഞ്ഞു.

ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ കേരളത്തിലെ റോഡുകളുടെ അവസ്ഥയെന്തായിരുന്നുവെന്ന് ഓർക്കുന്നുണ്ടാവുമല്ലോ. തകർന്ന റോഡുകൾ സംസ്ഥാനത്തിന്റെ മുഖമുദ്രയായിരുന്നു. ആ കാലത്തുനിന്ന് ഇന്നത്തെ അവസ്ഥയിലേക്ക് റോഡുകളെ എത്തിക്കാൻ പ്രയത്നിച്ചവർ ഒരുപാടുണ്ട്.

വിമർശന ശരങ്ങളുമായി നിന്ന മാധ്യമങ്ങളും കോടതിയും ഇന്ന് പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുന്നുവെങ്കിൽ അതിന് പിന്നിൽ കഠിനപ്രയത്നമുണ്ട്.

കൃത്യമായ ആസൂത്രണവും കൃത്യതയോടെയുള്ള പദ്ധതി നടപ്പാക്കലുമാണ് റോഡുകളുടെ ശാപമോക്ഷത്തിന് കാരണമായത്.



പൊതുമരാമത്ത് റോഡുകൾ മാത്രമല്ല കോർപറേഷനുകൾക്ക് കീഴിലുള്ള, ശോചനീയാവസ്ഥയിലായിരുന്ന റോഡുകളും ആയിരക്കണക്കിന് ഗ്രാമീണ റോഡുകളുമാണ് കണ്ണഞ്ചുന്ന വേഗത്തിൽ മിനുക്കാനായത്.

ഒപ്പം പുതുതായി അനുമതി നൽകിയ റോഡുകളും പാലങ്ങളും സമയത്തിനുള്ളിൽ പൂർത്തിയാക്കി.

അടിസ്ഥാന സൗകര്യവികസനത്തിൽ ഊന്നിയ വികസന കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്. ഉമ്മൻ ചാണ്ടി സർക്കാർ അത് പൊതുമരാമത്ത് വകുപ്പിനെ വിശ്വസിച്ച് ഏൽപ്പിച്ചു. ആ വലിയ ഉത്തരവാദിത്വം കൃത്യതയോടെ നിർവഹിക്കാൻ കഴിഞ്ഞു.

ആസൂത്രണവകുപ്പു നടത്തിയ അവലോകനത്തിൽ കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷവും പൊതുമരാമത്ത് വകുപ്പ് മുന്നിലെത്താൻ ഇതുതന്നെയാണു കാരണം.

കഴിഞ്ഞ വർഷം പദ്ധതി ചെലവ്, വിഹിതത്തേക്കാൾ 280 ശതമാനമായിരുന്നെങ്കിൽ ഇത്തവണ അത് 300 ശതമാനത്തോളമെത്തുക

യാത്. ധനമന്ത്രിയും ധനവകുപ്പും നൽകിയ അകമഴിഞ്ഞ പിന്തുണ കൊണ്ടുമാത്രമാണ് ഇത്തരത്തിലൊരു മികച്ച പ്രകടനം കാഴ്ച വെക്കാൻ കഴിഞ്ഞത്.

നാടിന്റെ വികസനത്തിന് ഈ സർക്കാർ എത്രമാത്രം പ്രതിജ്ഞാബദ്ധമാണെന്നതിനുള്ള തെളിവുകൂടിയാണ് പദ്ധതി ചെലവിന്റെ ഈ ഉയർച്ച.

ആരോപണങ്ങളില്ലാതെ പദ്ധതികൾ നടപ്പാക്കാൻ പ്രയാസപ്പെടുന്ന ഈ കാലത്ത് പൊതുമരാമത്ത് വകുപ്പിന് അത് എങ്ങനെ കഴിഞ്ഞുവെന്നതിന് ഉത്തരം ലളിതമാണ്. മറ്റ് വകുപ്പുകളുടെ അകമഴിഞ്ഞ പിന്തുണ, ഉദ്യോഗസ്ഥരുടെ സഹകരണവും കഠിനാധ്വാനവും മുഖ്യമന്ത്രിയുടെ വികസന കാഴ്ചപ്പാട്.

ഇങ്ങനെ കിട്ടിയ പിന്തുണയോടെ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്നതിനുള്ള പദ്ധതികൾ-ദീർഘകാല പദ്ധതികളും ഹ്രസ്വകാല പദ്ധതികളും – ആണ് ദീർഘവീക്ഷണത്തോടെ നടപ്പാക്കുന്നത്.

അതിനായി വ്യക്തമായ ദിശാബോധത്തോടെ പദ്ധതികൾ വിഭാവനം ചെയ്യുകയും അവയുടെ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയുകയും ചെയ്തുവെന്നതാണ് ഈ രണ്ടു വർഷത്തെ ഏറ്റവും വലിയ നേട്ടം.

പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കുകയെന്ന വിപ്ലവകരമായ തീരുമാനമെടുക്കാൻ കഴിഞ്ഞത് ഈ അവസരത്തിൽ ഓർക്കാവുന്നതാണ്. 1972 ൽ രൂപം നൽകിയ മാന്വൽ 40 വർഷത്തിനുശേഷം കാലത്തിനനുസരിച്ച് പുതുക്കിയത് ആധുനികവും നവീനവുമായ കാഴ്ചപ്പാടോടെയാണ്. സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ മികവ്, നിർമാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവ പുതുക്കിയ മാന്വലിന്റെ ആധാരശിലകളാണ്.

വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഗതിവേഗം കൂട്ടുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇതുമൂലം തുടക്കം കുറിക്കാൻ കഴിഞ്ഞുവെന്ന് നിസംശയം പറയാം.

കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തെക്കുറിച്ച് ആരും ചിന്തിച്ചിരുന്നതേയില്ല രണ്ടു വർഷം മുമ്പുവരെ. കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിന്റെ ദുരനുഭവങ്ങൾ പലരെയും അതിൽ നിന്ന് പിന്തിരിപ്പിച്ചു. നഷ്ടപ്പെട്ടുവെന്ന കരുതിയിരുന്ന അവസ്ഥയിൽ നിന്നാണ് നാം ആ പദ്ധതി വീണ്ടെടുത്തത്.

2403 കോടി രൂപ ചെലവ് വരുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് 1166 കോടി രൂപ ധനസഹായം നൽകാൻ ലോകബാങ്ക് തയാറായി. കരാർ ഒപ്പിട്ടു കഴിഞ്ഞു. ടെണ്ടർ നടപടികൾ പൂർത്തിയായ പദ്ധതി ജൂൺ ഒന്നിന് പണി തുടങ്ങുകയാണ്.

സംസ്ഥാനത്തെ 367 കിലോമീറ്റർ വരുന്ന എട്ടു റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിനൊത്തുയർത്തുന്ന ഈ പദ്ധതിക്ക് ഒപ്പംതന്നെ 1000 കിലോമീറ്റർ റോഡുകൾ കൂടി ഹെവിമെയിന്റനൻസ് നടത്താനും ഉദ്ദേശിക്കുകയാണ്.

സംസ്ഥാനത്തിന്റെ റോഡു വികസന ചരിത്രത്തിൽ നാഴികക്കല്ലായിരിക്കും കെ.എസ്.ടി.പി. യുടെ രണ്ടാം ഘട്ടം.

അടിസ്ഥാന സൗകര്യവികസനത്തിന് പുതുവഴികൾ തേടുന്നതിന്റെ ഉത്തമ ഉദാഹരണമാണ് മോണോറെയിൽ. കോഴിക്കോടും തിരുവനന്തപുരത്തും മോണോറെയിൽ നിലവിൽ വരുമ്പോൾ നഗരഗതാഗതം സുഗമമാവുകയും ഈ നഗരങ്ങൾക്ക് ആധുനികതയുടെ മറ്റൊരു മുഖം ലഭിക്കുകയുമാണ്.

ഇതിനായി മോണോറെയിൽ കോർപറേഷൻ രൂപീകരിച്ചു കഴിഞ്ഞു. ഡൽഹി മെട്രോ റെയിൽ കോർപറേഷൻ തയാറാക്കിയ പദ്ധതി പ്രകാരം കോഴിക്കോട് 1990 കോടി രൂപയും തിരുവനന്തപുരത്ത് 3950 കോടി രൂപയാണ് ഇതിനായി മുടക്കാൻ പോകുന്നത്.

കേരളത്തിലെ റോഡുകളുടെ നിർമാണം ഇന്നത്തെ ഗതാഗത ആവശ്യങ്ങൾക്ക് ഉതകുന്നതരത്തിലുള്ളതല്ലെന്ന തിരിച്ചറിവിന്റെ ഫലമായി രൂപംകൊണ്ടതാണ് സംസ്ഥാന റോഡ് വികസന പദ്ധതി. കേരളത്തിലെ തിരഞ്ഞെടുത്ത 1204കിലോമീറ്റർ റോഡുകളാണ് 5100 കോടി രൂപ മുതൽമുടക്കിൽ ഇത്തരത്തിൽ വികസിപ്പിക്കാനുദ്ദേശിക്കുന്നത്. സംസ്ഥാന റോഡുകളും ജില്ലകളിലെ പ്രധാന റോഡുകളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തപ്പെടുകയാണ് ഈ പദ്ധതിയിലൂടെ. ഇതിൽ 551 കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നത് ആന്വിറ്റി സ്കീമിൽ ഉൾപ്പെടുത്തിയാണ്. 892 കോടി ചെലവു പ്രതീക്ഷിക്കുന്ന ഈ ആദ്യ ഘട്ടത്തിന്റെ ടെണ്ടർ ആയിക്കഴിഞ്ഞു.

നഗരഗതാഗതം എത്ര സുഗമമാക്കാമെന്നതിന് നമ്മുടെ മുന്നിലുള്ള ഉദാഹരണമാണ് തിരുവനന്തപുരം നഗര റോഡുകൾ. വീതിയേറിയ പാതകൾ, ഒപ്പം നടപ്പാതകൾ, പാർക്കിങ് സ്ഥലങ്ങൾ, ഫ്ളൈ ഓവറുകൾ ഇതാണ് തിരുവനന്തപുരം റോഡ് വികസന പദ്ധതി.

ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ നഗര റോഡ് വികസന പദ്ധതി കോഴിക്കോട്ടേക്കും കൊച്ചിയിലേക്കും വ്യാപിപ്പിച്ചുകഴിഞ്ഞു. കോഴിക്കോട്, ഒന്നാംഘട്ട സ്ഥലമെടുക്കൽ പൂർത്തിയായി. വിജയകരമെന്നു കണ്ട ഈ മോഡൽ മറ്റ് നഗരങ്ങളിൽ കൂടി നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം നഗരങ്ങൾക്ക് ഇനി ആധുനിക നഗരത്തിന്റെ മുഖച്ഛായ കിട്ടാൻ അധികം നാളുകൾ കാത്തിരിക്കേണ്ടിവരില്ല.

നഗരങ്ങളിലും പ്രധാന റോഡുകളിലും മാത്രമല്ല വികസനം ഉണ്ടാകേണ്ടതെന്ന തിരിച്ചറിയൽ നമ്മുടെ സൽക്കാരിനുണ്ട്. സമഗ്രവികസനം മുന്നിൽക്കണ്ടാണ് തദ്ദേശസ്ഥാപനങ്ങളുടെ കീഴിലെ റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡുകളായി ഉയർത്താൻ നാം തീരുമാനമെടുത്തത്.



**കോഴിക്കോട് മോണോറെയിലിന്റെ മാതൃക ഇ. ശ്രീധരൻ മന്ത്രിക്ക് കൈമാറുന്നു. മന്ത്രി എം.കെ. മുനീർ സമീപം**

കേരള ചരിത്രത്തിൽ ഇത്തരമൊരു ശ്രമം ആദ്യമായാണ്. 8570 കിലോമീറ്റർ റോഡുകളാണ് ഉന്നത നിലവാരത്തിൽ പുനർനിർമിക്കുന്നത്. ഈ പദ്ധതിയുടെ പ്രാഥമിക പഠനം ലോകബാങ്ക് സഹായത്തോടെ നടന്നുവരുന്നു. ഇതിനുപുറമെ ആയിരക്കണക്കിന് ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിലുൾപ്പെടുത്തി മെച്ചപ്പെടുത്തിയതും റോഡ് വികസനത്തിൽ സർക്കാർ എത്രമാത്രം പ്രതിജ്ഞാബദ്ധമാണ് എന്നതിന്റെ ഉദാഹരണമായി ചൂണ്ടിക്കാട്ടാൻ കഴിയും.

സമഗ്രവികസനം ലക്ഷ്യമിട്ട് തയാറാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട മറ്റൊന്നാണ് തീരദേശ ഇടനാഴി. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ മുതൽ പൊന്നാനി വഴി കോഴിക്കോട് വരെ നീളുന്ന തീരദേശ ഇടനാഴി റോഡ് വികസന ചരിത്രത്തിലെ ഒരു സമ്പൂർണ മുദ്രയായിരിക്കും. 2000 കോടി ചെലവു വരുന്ന ഈ ഇടനാഴിക്ക ടൂറിസം-പ്രതിരോധ പ്രാധാന്യം കൂടിയുണ്ട്. ആദ്യഘട്ടം പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു.

സീപോർട്ട്-എയർപോർട്ട് റോഡാണ് മറ്റൊരു ഉദാഹരണം. ഈ റോഡിന്റെ രണ്ടാംഘട്ടം നിർത്തിവെച്ചതായിരുന്നു. നിർജീവാവസ്ഥയിൽനിന്നും ഈ റോഡിനെ പുനരുജ്ജീവിപ്പിക്കാൻ പണികൾതുടങ്ങി. നെടുമ്പാശേരി വരെ നീളുന്ന രണ്ടാംഘട്ടത്തിനൊപ്പം ആദ്യഘട്ടം നാലുവരിക്കായുള്ള പണികളും തുടങ്ങി. 883 കോടി രൂപ മുടക്കിയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

റോഡ് നിർമാണത്തിന് ആധുനികമായ രീതികൾ ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത വകുപ്പിലെ സജീവ ചർച്ചയായിരുന്നു. അങ്ങനെയാണ് കോൺക്രീറ്റ് റോഡുകൾ എന്ന ആശയം സജീവമായത്. ഇതിന്റെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥർക്കൊപ്പം ഞാനും മുംബൈ നഗരത്തിൽ നടപ്പാക്കിവരുന്ന കോൺക്രീറ്റ് റോഡ് നിർമാണം കാണാൻ പോയിരുന്നു. വളരെ ഗുണപ്രദമാണെന്നു കണ്ട ഈ നിർമാണരീതി നമ്മുടെ സംസ്ഥാനത്തും തുടങ്ങുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ കളമശ്ശേരി എച്ച്.എം.ടി ജംഗ്ഷൻ മുതൽ മണലിമുക്ക് വരെയുള്ള അഞ്ചര കിലോമീറ്റർ കോൺക്രീറ്റാക്കുകയാണ് ഈ നിർമാണ രീതി മറ്റിടങ്ങളിലേക്കും ഇനി വ്യാപിപ്പിക്കണം.

ബൈപ്പുസുകൾക്കും ഏറെ പ്രാധാന്യം കൊടുക്കുന്ന സർക്കാരാണിത്. നഗരത്തിൽ പ്രവേശനം ആവശ്യമില്ലാത്ത വാഹനത്തിന് നഗരത്തിനുപുറത്തുകൂടി പാതയൊരുക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി ബൈപ്പാസുകളുടെ പദ്ധതികൾ മുൻകാലങ്ങളിൽ വിഭാവനം ചെയ്തിരുന്നു. എന്നാൽ അവയിൽ പലതും മുടങ്ങിക്കിടക്കുകയാണ്. ബൈപ്പാസുകളുടെ നിർമാണം പൂർത്തിയാക്കുക നമ്മുടെ ലക്ഷ്യമാണ്.

കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ തുല്യമായി ഉപയോഗിച്ച് ബൈപ്പാസുകൾ നിർമിക്കാൻ നാം തയാറായി. കൊല്ലം ബൈപ്പാസ് 25. കോടിയും ആലപ്പുഴ ബാപ്പാസിന് 195 കോടിയും ചെലവു പ്രതീക്ഷിക്കുന്നു. ഉടൻ പണിതുടങ്ങാൻ പോകുന്ന ഇവയ്ക്കൊപ്പം കോഴിക്കോട്, മാഹി-തലശ്ശേരി, സുൽത്താൻ ബത്തേരി, ചെങ്ങന്നൂർ, കോഴഞ്ചേരി ബൈപ്പാസുകളും ഈ മാതൃകയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

നേടിയെടുക്കാൻ കഴിഞ്ഞ മറ്റൊരു വിജയമാണ് കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള തിരുവനന്തപുരം ബൈപ്പാസ്. പ്രത്യേക പാക്കേജായി ഇതു നടപ്പാക്കൻ ദേശീയപാത അതോറിറ്റി അനുവാദം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ തുടങ്ങി.

എല്ലാ പതിവുകളും തെറ്റിച്ച് മണ്ഡലകാലത്തിന് മുമ്പായി ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ രണ്ടു വർഷവും പൂർത്തിയാക്കാൻ കഴിഞ്ഞത് പൊതുമരാമത്ത് വകുപ്പിന്റെ നേട്ടങ്ങളുടെ പാതയിലെ മറ്റൊരു നാഴികക്കല്ലാണ്.

ഇതിനോടൊപ്പം ഹെവിമെയിന്റനൻസ് പണികളും 59.46 കോടി രൂപ ചെലവിൽ നടന്നുവരുന്നു. 11 കോടി രൂപയുടെ പിൽഗ്രിം സെന്റർ റാന്നിയിലും കണമലയിലെ പുതിയ പാലവും വരുന്നതോടെ അയ്യപ്പന്മാരുടെ താമസ-യാത്രാക്ലേശങ്ങൾക്കു പരിഹാരമാവുകയാണ്.



**എറണാകുളത്ത് നടന്ന ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസിൽ മന്ത്രി വിദേശ പ്രതിനിധികൾക്കൊപ്പം**

റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമിച്ച് നാം മുന്നേറിയപ്പോൾ മറ്റൊരുവശത്ത് ഈ വകുപ്പിനെ ആധുനീകരിക്കുന്നതിനുള്ള സമഗ്ര പദ്ധതി ഒരുങ്ങുകയാണ്.

സംസ്ഥാനത്ത് ആദ്യമായി ഇ-ടെൻഡറിങും ഇ-പേയ്മെന്റും നടപ്പാക്കിയ വകുപ്പായമാറാൻ പൊതു മരാമത്തിനു കഴിഞ്ഞു. ഏറെ ആരോപണങ്ങളുള്ള ടെൻഡറിങ് രീതി സുതാര്യവും കാര്യക്ഷമവുമാക്കാൻ കഴിഞ്ഞത് എടുത്തുപറയത്തക്ക നേട്ടങ്ങളിലൊന്നാണ്.

ഇപ്പോൾ കരാറുകാർ ഒത്തുചേർന്ന് മത്സരമില്ലാതെ ടെൻഡറുകൾ സമർപ്പിക്കുന്ന രീതിയില്ല. അഴിമതിരഹിതമായ ഇ-ടെൻഡറിങ് ഏറെ പ്രശംസപിടിച്ചുപറ്റിയിട്ടുണ്ട്. 25 ലക്ഷത്തിലധികം അടങ്കൽ തുക വരുന്ന എല്ലാ ടെൻഡറുകളും ഈ സാമ്പത്തികവർഷം ഇ-ടെൻഡറിങ് വഴിയാണ്. ഇതിനോടൊപ്പം തന്നെ ഇ-പേയ്മെന്റും നടപ്പാക്കി. ഇപ്പോൾ കരാറുകാരൻ പൊതുമരാമത്ത് ഓഫീസ് കയറിയിറങ്ങേണ്ട അവസ്ഥയില്ല. ബിൽ തുക അവരുടെ അക്കൗണ്ടിലേക്കെത്തും.

പാരിസ്ഥിതിക പ്രശ്നങ്ങൾ കേരളത്തിലും സജീവമായ ചർച്ചയാണിന്ന്. പൊതുമരാമത്തിന് ഇതിലെന്തു കാര്യമെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. എന്നാൽ കെട്ടിടനിർമാണം, പരിസ്ഥിതിയും ഊർജവുമായി അടുത്ത ബന്ധമുള്ള ഒരു മേഖലയാണ്.

നിർമാണരംഗത്ത് പാരിസ്ഥിതിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാൻ

നാം പ്രതിജ്ഞാബദ്ധമാണ്. കെട്ടിട നിർമാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെയും പ്രകൃതിജന്യ നിർമാണ സാമഗ്രികളുടെയും ലഭ്യത കുറവിനും വർധിച്ചുവരുന്ന ഊർജോപഭോഗത്തിന് പരിഹാരം കണ്ടെത്താനും ഹരിതനിർമാണ നയം രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞു. ഭാവിയിൽ സർക്കാർ മേഖലയിലെ എല്ലാ കെട്ടിടങ്ങളുടെയും നിർമാണം ഈ സാങ്കേതിക വിദ്യയിലൂന്നിയായിരിക്കും.

എല്ലാ സർക്കാർ മന്ദിരങ്ങളിലും സൗരോർജവും മഴവെള്ള സംഭരണവും ഉണ്ടാകും. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നേര്യമംഗലത്തും തിരുവനന്തപുരത്തും പി.എം.ജി ജങ്ഷനിലും ഹരിത നിർമാണ വിദ്യയിലൂന്നിയ കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പ് നിർമിക്കും.

സ്വകാര്യമേഖലയിലെ കെട്ടിടങ്ങൾകൂടി ഹരിതനിർമാണ വഴിയിലേക്ക് വരണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. അതുകൊണ്ടുതന്നെ ഈ രീതിയിൽ നിർമിക്കുന്ന സ്വകാര്യ കെട്ടിടങ്ങൾക്ക് നികുതിയിളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാനും ആലോചിക്കുന്നു.

അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് നമ്മുടെ പൈതൃകം. തലമുറകളായി നമുക്ക് കൈമാറിവന്ന പലതും നാശത്തിന്റെ വക്കിലാണ്. ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ പലതും ഇന്ന് ഇല്ലാതായ്ക്കൊണ്ടിരിക്കുന്നു.

വാസ്തുശിൽപപരമായും ചരിത്രപരമായും സാമൂഹികപരമായുമൊക്കെ പ്രാധാന്യമുള്ള നിരവധി പൈതൃക കെട്ടിടങ്ങൾ കേരളത്തിലുണ്ട്. അവയിൽ പലതും ഉപയോഗിക്കുന്നുണ്ടെങ്കിലും മതിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നുവെന്നു പറയാൻ കഴിയില്ല.

ഇതിനൊരു പരിഹാരം കണ്ടെത്തുന്ന പൊതുമരാമത്ത് വകുപ്പ് മുന്നിട്ടിറങ്ങി. ഇത്തരംകെട്ടിടങ്ങളിലെ പഴമയുടെ ചാരുത നഷ്ടപ്പെടാതെ തനതായ വാസ്തുശിൽപശൈലിയിൽ സംരക്ഷിക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഇതിൽ തിരുവിതാംകൂർ മഹാരാജാവിന്റെ അധീനതയിലുണ്ടായിരുന്ന കുറ്റാലം കൊട്ടാരത്തിന്റെ അനുബന്ധ കെട്ടിടങ്ങളുടെയും സംരക്ഷണത്തിനുള്ള നടപടികൾ പൂർത്തിയായി. ഇതു കൂടാതെ ഫോർട്ട് കൊച്ചിയിലെ റെസ്റ്റ് ഹൗസ്, തൃശൂർ ടൗൺ ഹാൾ, കൊയിലാണ്ടി കോടതി കെട്ടിടം എന്നിവയിൽ സംരക്ഷണ ജോലികൾ നടന്നുവരുന്നു. ബാക്കിയുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ ജോലികൾ നിർവഹിക്കാൻ പൈതൃക സംരക്ഷണ വൈദഗ്ധ്യമുള്ള വിദഗ്ധരെ നിയമിച്ചു.

ഗതാഗത-യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ആധുനിക സൗകര്യങ്ങളുള്ള ടോയ്‌ലറ്റുകളും നിലവാരം കൂടിയ ബസ് ഷെൽട്ടറുകളും നിർമിക്കാൻ പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി രണ്ടു കമ്പനികൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി.

പൊതുമരാമത്തിലെ സെക്ഷനുകൾ ഒന്നിലധികം നിയമസഭാ മണ്ഡലങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്നത് മണ്ഡലത്തിനുള്ളിൽ ഫലവത്തായ വിധത്തിൽ പ്രവൃത്തികൾ നടത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസുകൾ പുനർനിർണയിക്കുകയെന്ന ആശയത്തിന് പ്രാധാന്യമുണ്ട്.

നാറ്റ്പാക്ക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇത് വിശദമായ പരിശോധനയ്ക്കു വിധേയമാക്കി. ഇനി അധികം വൈകാതെ പുനസംഘടിപ്പിച്ച സെക്ഷനോഫീസുകൾ നിലവിൽവരും.

വികസന കാഴ്ചപ്പാടുകൾ മാറിവരികയാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ മുന്നേറ്റം പരമാവധി ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ നാം പുറകിലാകും.

അന്യരാജ്യങ്ങളിൽ നടക്കുന്ന പുരോഗതിയും പുതു സാങ്കേതികവിദ്യയുടെ ഉപയോഗവും നാം അറിയേണ്ടതുണ്ട്. നമ്മുടെ നാടിനനുസരിച്ച് അവയെ എങ്ങനെ ഉപയോഗിക്കാമെന്ന് പഠിക്കേണ്ടതുണ്ട്. അതിന് മാധ്യമങ്ങളുടെയും പൊതുസമൂഹത്തിന്റെയും ഉദ്യോഗസ്ഥരുടെയും പിന്തുണ വേണം. ഈ ചിന്തയിൽ നിന്നാണ് ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് എന്ന ആശയം ഉരുത്തിരിഞ്ഞത്.

വികസന രംഗത്തെ നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് വകുപ്പിലെ ഉദ്യോഗസ്ഥരിൽ അറിവു സൃഷ്ടിക്കുന്നതിനായി അന്തർദേശീയതലത്തിൽ പ്രശസ്തരായ വിദഗ്ധരെ പങ്കെടുപ്പിച്ച് കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്ന ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസിന് (ഐ.സി.) ഏറെ ശ്രദ്ധപിടിച്ചു പറ്റാൻ കഴിഞ്ഞു. ഇതിന്റെ തുടർച്ചയായി കേരള പത്രപ്രവർത്തക യൂണിയന്റെ സഹായത്തോടെ 'പെർസ്പക്ടീവ്' സെമിനാറും സംഘടിപ്പിച്ചു.

ഭാവിയിൽ പൊതുമരാമത്ത് വകുപ്പിന് മാർഗരേഖയാകുന്ന ഈ കോൺഫറൻസുകളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥർക്ക് പുതുരീതികളിലേക്ക് ഉൾക്കാഴ്ച നൽകുന്നവയാണ്.



**കോഴിക്കോട് സിറ്റി റോഡുകൾ നവീകരിക്കുന്നതിനുള്ള കരാർ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞിന്റെ സാന്നിദ്ധ്യത്തിൽ ഒപ്പ് വയ്ക്കുന്നു**

വികസനത്തിന്റെ കുതിച്ചുപായലിന് നാം തുടക്കം കുറിച്ചുകഴിഞ്ഞു. രണ്ട് വർഷത്തിനുള്ളിൽ ഏറെ മുന്നേറാൻ നമുക്കു സാധിച്ചു. ലോകമെങ്ങും നടക്കുന്ന വികസന പ്രക്രിയയിൽ നാം നമ്മുടെ പങ്ക് വലിയതോതിൽ നിർവഹിക്കുകയാണ്.

കേരള വികസനത്തെക്കുറിച്ച്, ഭാവിയിൽ പഠിക്കേണ്ടിവരുന്ന ഒരു വിദ്യാർഥിക്കു നാം കഴിഞ്ഞ രണ്ടു വർഷം കൊണ്ട് നടത്തിയ പ്രവർത്തനങ്ങളും നടപ്പാക്കിയ പദ്ധതികളും അവഗണിക്കാൻ കഴിയാത്തവിധത്തിൽ രേഖപ്പെടുത്തേണ്ടിവരും.

കേരളത്തിന്റെ ഈ സുവർണ കാലഘട്ടത്തിന് പങ്കാളിയാവാൻ കഴിഞ്ഞതിൽ അഭിമാനം തോന്നുന്നു. ■

# അഭിമാനകരമായ രണ്ടു വർഷങ്ങൾ



■ **പി.കെ. ജയലക്ഷ്മി**
പട്ടികവർഗക്ഷേമം-യുവജനകാര്യം-മ്യൂസിയം-മൃഗശാല മന്ത്രി

അർഥപൂർണമായ രണ്ടു വർഷം പൂർത്തിയാക്കുന്ന സർക്കാരിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്. വികസനവും കരുതലുമെന്ന മുദ്രാവാക്യത്തോടെ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും ഫലപ്രദമായി ഇടപെടാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവരിലും എത്തിച്ചേരുമ്പോഴാണ് ഭരണനിർവഹണത്തിൽ തുല്യനീതി നടപ്പാകുന്നത്. പട്ടികവർഗക്ഷേമം, യുവജനകാര്യം, മ്യൂസിയം, മൃഗശാല എന്നീ വകുപ്പുകളുടെ ചുമതലക്കാരിയെന്ന നിലയിൽ സർക്കാരിന്റെ പൊതു സമീപനത്തിന് അനുയോജ്യമായി പ്രവർത്തിക്കാൻ എനിക്കു സാധിച്ചുവെന്ന ആത്മവിശ്വാസമുണ്ട്.

### പട്ടികവർഗക്ഷേമം

ഒരു ലക്ഷത്തിൽപ്പരം പട്ടികവർഗ കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇവരുടെ ജീവിതനിലവാരവും വളർച്ചാ നിരക്കും പൊതുസമൂഹത്തിന്റേതുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നിലാണ്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വാസഗൃഹം, കുടിവെള്ളം തുടങ്ങിയ സുപ്രധാന മേഖലകളിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്. ഏറ്റവും പിന്നാക്കം നൽക്കുന്ന പ്രാക്തന ഗോത്രവിഭാഗങ്ങളുടെ വികസനത്തിനുവേണ്ടി 148 കോടി രൂപയുടെ കേന്ദ്രസഹായത്തോടെ സമഗ്ര പദ്ധതിയാവിഷ്കരിക്കാൻ കഴിഞ്ഞു. മുഴുവൻ പട്ടികവർഗ ജനങ്ങൾക്കും അവരുടെ സമ്പൂർണ വിവരങ്ങളടങ്ങിയ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പ്രവർത്തനമാരംഭിച്ചു. റോഡ്, വീട്, വെള്ളം, വെളിച്ചം, അങ്കണവാടി, കൃഷിസ്ഥലം, ക്ഷീരവികസനം തുടങ്ങിയ എല്ലാ സൗകര്യങ്ങളുമൊരുക്കുന്ന മാതൃകാ കോളനികളാരംഭിച്ചു. അരിവാൾ (സിക്കിൾസെൽ അനീമിയ) രോഗബാധിതർക്കും, അവിവാഹിതരായ അമ്മമാർക്കും പ്രത്യേക പാക്കേജുകൾ നടപ്പാക്കി. പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കുന്ന ഇടുക്കിയിലെ ഇടമലക്കുടി ഗ്രാമത്തിലെ പട്ടികവർഗക്കാരുടെ സമഗ്രവികസനത്തിനായി 10.35 കോടി രൂപയുടെ പാക്കേജിന് അംഗീകാരം നൽകി. വിദ്യാഭ്യാസത്തിന് പ്രോത്സാഹനം, തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ഗുണകരമായ രീതിയിൽ നടപ്പാക്കാനായി. ഭവനനിർമാണത്തിന്റെ കാര്യത്തിൽ ആശാവഹമായ പുരോഗതി കൈവരിക്കാനും സാധിച്ചു. ഭൂമിയില്ലാത്തവർക്ക് ഒരു ഏക്കറിൽ കുറയാത്ത ഭൂമി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പട്ടികവർഗ ക്ഷേമത്തിൽ പുതിയ ഉണർവും ഊർജവും പകരാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്.




**നെഹ്റു യുവകേന്ദ്രയുടെ യുവനേതാക്കൾക്കുള്ള സംസ്ഥാനതലമീറ്റ് കനകക്കുന്നിൽ മന്ത്രി പി.കെ. ജയലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു**

## യുവജനകാര്യം

സമഗ്രമായ യുവജന നയത്തിന് രൂപം നൽകാൻ കഴിഞ്ഞുവെന്നതാണ് യുവജന കാര്യത്തിലെ വലിയ നേട്ടം. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന ലക്ഷ്യത്തോടെ യുവജനങ്ങളുടെ വികസനവും അതിലൂടെ നാടിന്റെ വികസനവും ലക്ഷ്യമാക്കിയുള്ള 2012 ലെ യുവജന നയത്തിന് വലിയ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. യുവജനനയത്തിലെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി യുവജനക്ഷേമ ബോർഡ് നേരിട്ടു നടപ്പാക്കുന്ന പരിപാടികൾക്കുപുറമെ വിവിധ വികസനക്ഷേമ വകുപ്പുകൾ നടപ്പാക്കുന്ന യുവജനപരിപാടികൾ ഏകോപിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നഗര-ഗ്രാമ വ്യത്യാസില്ലാതെ കേരളീയ യുവതയുടെ ഏറ്റവും വലിയ കലാകായിക വേദിയായ കേരളോത്സവത്തിൽ വലിയ പങ്കാളിത്തമുണ്ടായി എന്നതും നേട്ടം തന്നെയാണ്. പട്ടികവർഗ വികസന വകുപ്പുമായി സഹകരിച്ചു നടത്തിയ ഗോത്രായനം എന്ന ദേശീയ പട്ടികവർഗ സംഗമം പങ്കാളിത്തം കൊണ്ടും ഫലപ്രാപ്തികൊണ്ടും ഏറെ ശ്രദ്ധേയമായി. നാടകം, സാഹിത്യം, സിനിമ, മാധ്യമം തുടങ്ങിയ മേഖലകളിൽ മാത്രമല്ല തൊഴിൽ പരിശീലനം, സാഹസിക പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ കാര്യമായ ഇടപെടൽ നടത്താനും സാധിച്ചിട്ടുണ്ട്.



**പൂയംകുട്ടി ആദിവാസി കോളനി സന്ദർശിക്കുന്ന മന്ത്രി പി.കെ. ജയലക്ഷ്മി**

## മ്യൂസിയവും മൃഗശാലയും

തിരുവനന്തപുരം മ്യൂസിയത്തിന്റെ നവീകരണത്തിന്റെ ഭാഗമായി കെ.സി.എസ്. പണിക്കർ ഗ്യാലറി ആധുനീകരിക്കുകയും ഗ്രന്ഥശാല ഡിജിറ്റലൈസ് ചെയ്യുകയും സൗരോർജ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. തൃശൂർ മൃഗശാല, പുത്തൂർ ഗ്രാമ പഞ്ചായത്തിലെ വിശാലമായ വനഭൂമിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു.

രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പരിപാടികളിൽ ഏറിയപങ്കും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കൂട്ടായ പ്രവർത്തനത്തിലൂടെയും അശ്രാന്ത പരിശ്രമത്തിലൂടെയും ഏറെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. ■

# നേട്ടങ്ങളുടെ സുവർണ മുദ്രകൾ



■ **ഡോ. എം.കെ. മുനീർ**
പഞ്ചായത്ത്-സാമൂഹികനീതി മന്ത്രി

നമ്മുടെ ഭരണഘടനയുടെ 73, 74 ഭേദഗതികൾ ചരിത്രപ്രധാനമാണ്. ഇന്ത്യൻ പൗരന്റെ ജനാധിപത്യാവകാശങ്ങളും അധികാരങ്ങളും അർഥശങ്കക്കിടയില്ലാത്തവിധം അരക്കിട്ടുറപ്പിച്ച ഈ ഭേദഗതികൾ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും സംസ്ഥാനങ്ങളിൽ നടപ്പാക്കാൻ പ്രേരകമായി. 'ബിഗ് ബാംഗ്' സമീപനം സ്വീകരിച്ച കേരളം ഇതര സംസ്ഥാനങ്ങളേക്കാൾ വളരെ വേഗം മുൻപന്തിയിലെത്തി. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ് പഞ്ചായത്തിരാജ് സംവിധാനം ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള അഖിലേന്ത്യ ബഹുമതിക്ക് തുടർച്ചയായി അർഹമാകുന്നത്. ഈ വർഷവും പഞ്ചായത്ത് രാജ് ദിനാഘോഷച്ചടങ്ങിൽ ദില്ലിയിൽ വച്ച് പ്രധാനമന്ത്രി മൻമോഹൻ സിങ്ങിൽ നിന്ന് ഈ ബഹുമതി ഏറ്റുവാങ്ങാനുള്ള അവസരം എനിക്കു ലഭിച്ചു.

കേരളത്തിലെ പഞ്ചായത്ത് വകുപ്പിന് വികസനത്തിന്റെ പുതിയ മുഖവും ദിശാബോധവും നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചതും ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓൺലൈനായി പഞ്ചായത്തുകളിൽ നിന്നുള്ള സേവനം ലഭ്യമാക്കാനായി ഐ.കെ.എമ്മിനെ സജ്ജമാക്കിയതും ചരിത്രപഥങ്ങളിലെ ഒരു നാഴികക്കല്ലാണ്. എല്ലാ പാർശ്വവത്കൃതരെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുകയും നൈപുണ്യവികസനത്തിനായി 'ഉന്നതി'ക്ക് തുടക്കമിട്ടതും ബാലസഭകൾ ശക്തിപ്പെടുത്തിയതും 'ആശ്രയ' പദ്ധതിയുടെ വിജയകരമായ നടത്തിപ്പും കുടുംബശ്രീയുടെ ശ്രദ്ധേയനേട്ടങ്ങളാണ്.

ജീവകാരുണ്യമേഖലയിൽ ഒരു സംസ്ഥാനത്തിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് വിജയകരമായി തെളിയിക്കാൻ സാമൂഹികനീതിവകുപ്പിന് കഴിഞ്ഞു. കേരള സാമൂഹികസുരക്ഷാ മിഷൻ മുഖേന നടപ്പാക്കിയ 'ശ്രുതിതരംഗം' എന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെ 200 കുട്ടികൾക്ക് സംസാര-ശ്രവണശേഷി കൈവരുത്തുവാൻ കഴിഞ്ഞു. സ്ഥിരം കിടപ്പിലായ 40,000 രോഗികളുടെ കൂട്ടിരിപ്പുകാർക്ക് 400 രൂപ പ്രതിമാസപെൻഷൻ നൽകിവരുന്നു. വിശപ്പുരഹിതനഗരം പദ്ധതി നാലു നഗരങ്ങളിൽ പ്രാവർത്തികമാക്കി. വൃദ്ധർക്കും കൗമാരപ്രായക്കാർക്കും കുട്ടികൾക്കും സ്നേഹവും കരുതലും സംരക്ഷണവും നൽകുന്ന 140 മാതൃകാ അംഗൻവാടികൾ കേരളത്തിൽ നിലവിൽ വരികയാണ്.

നേട്ടങ്ങളുടെ ഒരു സുവർണകാലം സമ്മാനിക്കാൻ പഞ്ചായത്ത് സാമൂഹികനീതിവകുപ്പുകൾക്ക് കഴിഞ്ഞു. ഇതോടൊപ്പം തന്നെ വരും വർഷങ്ങളിൽ ധാരാളം ജനോപകാരപ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള ദൃഢനിശ്ചയത്തോടെ ഗവൺമെന്റ് മുന്നോട്ടു നീങ്ങുകയാണ്. ഈ വകുപ്പുകളുടെ പ്രധാന പ്രവർത്തനങ്ങളുടെ ഒരു അവലോകനം ചുവടെ ചേർക്കുന്നു.

## പഞ്ചവത്സരപദ്ധതി രൂപീകരണം

ത്രിതലപഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി നടപ്പാക്കിക്കൊണ്ട് പഞ്ചായത്ത് പദ്ധതി നടപ്പിൽ ദൃഢമായ കാൽവയ്പ് ഈ സർക്കാർ നടത്തുകയുണ്ടായി. ആദ്യത്തെ രണ്ടു വർഷത്തെ പ്രോജക്ടുകൾക്ക് ഒരുമിച്ച് അംഗീകാരം നൽകുകവഴി, രണ്ടാം വർഷത്തെ പ്രോജക്ട് ഏപ്രിൽ മാസത്തിൽ നടപ്പാക്കാൻ കഴിയും. ഇതോടെ പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും കാലതാമസം ഒഴിവാകുന്നു. ഫണ്ട് ലാപ്സാകുന്നത് ഒഴിവാകുകയും പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കുകയും ചെയ്യുന്നു. ടാഗ് നിർത്തലാക്കിയതിലൂടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കാനുള്ള കാലതാമസം ഇല്ലാതാക്കി. പദ്ധതി രൂപീകരണം മുതൽ നിർവഹണം വരെയുള്ള ഘട്ടങ്ങൾ സോഫ്റ്റുവെയർ അധിഷ്ഠിതമായതിനാൽ തെറ്റുകൾ ഒഴിവാക്കാനും കണക്കുകൾ കൃത്യമാക്കാനും കഴിയുന്നു. തുടർ വർഷങ്ങളിലെ ആശയക്കുഴപ്പം ഇതുമൂലം ഒഴിവാകുന്നു. 1,80,000 പ്രോജക്ടുകൾ റെക്കോർഡ് വേഗത്തിൽ എൻട്രിനടത്തി അംഗീകാരം നേടുകയുണ്ടായി. ഇവയുടെ മൊത്തം അടങ്കൽ 8,000 കോടി രൂപയിൽ അധികം ഉണ്ടാകും. ഇന്ത്യയിൽ ഈ സംവിധാനം ആദ്യമായി നടപ്പാക്കിക്കൊണ്ട് കേരളം വികേന്ദ്രീകൃതാസൂത്രണത്തിലും ജനാധിപത്യ ശാക്തീകരണത്തിനും വീണ്ടും ഒരു മാതൃകയാവുകയാണ്.

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം പഞ്ചായത്ത്‌രാജ് സംവിധാനത്തിന്റെ വിജയകരമായ മുന്നേറ്റത്തിന് പൂരകമായതിനാൽ ഈ സ്ഥാപനം സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിൻ പ്രകാരം പ്രവർത്തിക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനമാക്കി മാറ്റാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.



**പൊതുവിവാഹചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ അപേക്ഷകൾ പഞ്ചായത്തുകളിൽ വെബ് അധിഷ്ഠിതമായി സമർപ്പിക്കുന്നതിനുള്ള സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പഞ്ചായത്ത് സാമൂഹികക്ഷേമമന്ത്രി എം.കെ. മുനീർ നിർവഹിക്കുന്നു**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിൽ ഐ.കെ.എം. വൻ വിജയമായി. ഐ.കെ.എം. വികസിപ്പിച്ച് നടപ്പാക്കിയ സംഖ്യാ സോഫ്റ്റുവെയർ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിങ്ങിലൂടെ പഞ്ചായത്ത് കണക്കുകളിൽ കൃത്യത ഉറപ്പാക്കി.

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം പഞ്ചായത്ത്‌രാജ് സംവിധാനത്തിന്റെ വിജയകരമായ മുന്നേറ്റത്തിന് പൂരകമായതിനാൽ ഈ സ്ഥാപനം സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിൻ പ്രകാരം പ്രവർത്തിക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനമാക്കി മാറ്റാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ഐക്യജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കിയ തികച്ചും നൂതനമായ പദ്ധതിയാണ് ഗ്രാമയാത്ര. 2012 ലെ റിപ്പബ്ലിക് ദിനത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഈ പരിപാടി. ഗ്രാമത്തനിമയുടെയും ഗ്രാമസംസ്കാരത്തിന്റെയും ജീവിതശൈലിയുടെയും ഒരു പുനരുജ്ജീവനവും വിശേഷാൽ ഗ്രാമസഭകളിലൂടെ ജനാധിപത്യശാക്തീകരണവും ഗ്രാമീണരുമായി നേരിട്ട് സംവദിക്കുകയും ലക്ഷ്യമാക്കി പഞ്ചായത്ത് സാമൂഹികനീതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഈ പരിപാടി ഇതിനകം കേരളത്തിൽ ചർച്ചചെയ്യപ്പെട്ടു.

978 ഗ്രാമപഞ്ചായത്തിലെയും സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചുകൊണ്ട് വകുപ്പ് ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടിക്കു തുടക്കംകുറിച്ചു. തുടർന്ന് 978 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ, ക്ലറിക്കൽ തസ്തികകൾ എന്നിവ സൃഷ്ടിച്ച് ജോലിഭാരത്തിന് അനുസൃതമായി ജീവനക്കാരുടെ ലഭ്യത ഉറപ്പാക്കി. എൽ.എസ്.ജി.ഡി. എൻജിനീയറിങ് വിഭാഗത്തിൽ 400 പുതിയ അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എൻജിനീയർ എന്ന നയം പ്രാവർത്തികമാക്കി.

ത്രിതലപഞ്ചായത്ത് സംവിധാനത്തിലെ അംഗങ്ങളുടെ ഓണറേറിയം 2012 ൽ പ്രതിമാസം 1000 രൂപ നിരക്കിൽ വർധിപ്പിച്ചു. ഈ തുകയിൽ 2013 ൽ വീണ്ടും 1000 രൂപ വർധനവും പ്രഖ്യാപിച്ചു. ഇതുകൂടാതെ ത്രിതലപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കെല്ലാം സൗജന്യ സി.യു.ജി. സിംകാർഡ് നൽകുകയുണ്ടായി.

ശ്രദ്ധേയമായ നേട്ടം കൈവരിച്ച മറ്റൊരു

സ്ഥാപനമാണ് കില. 21 ലക്ഷം ഗ്രാമസഭ അംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്ന ഒരു ബൃഹദ് പദ്ധതി കില നടപ്പാക്കുകയുണ്ടായി. ഇതിനുപുറമെ ഊരുകൂട്ടം മൂപ്പന്മാർക്കും പരിശീലനം നൽകി. സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേണൻസ് എന്ന പുതിയ പഠനഗവേഷണ കേന്ദ്രം കിലയിൽ സ്ഥാപിച്ചു. 25 വിദേശ രാജ്യ പ്രതിനിധികൾ പങ്കെടുത്ത ഇന്റർനാഷണൽ മീറ്റ് ഓൺ ഡി സെൻട്രലൈസേഷൻ എന്ന സമ്മേളനം സംഘടിപ്പിക്കാനും കിലയ്ക്ക് കഴിഞ്ഞു. കിലയെ കൽപിത സർവകലാശാലയായി പ്രഖ്യാപിക്കാനുള്ള നിർദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വകേരളം പദ്ധതി 'ശുചിത്വമിഷൻ' മുഖേന നടപ്പാക്കിവരുന്ന മാലിന്യമുക്ത പഞ്ചായത്തുകളെന്ന ലക്ഷ്യത്തോടെയാണ് ഇതു നടപ്പാക്കുന്നത്. ഈ വർഷത്തെ പ്രവർത്തനത്തിന് 12 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

കേരളത്തിന്റെ ഭാവി വികസനത്തിന് സമഗ്രമായ അടിസ്ഥാന രേഖയാകുന്നതാണ് ജൈവവൈവിധ്യ രജിസ്റ്റർ. 500 ൽ അധികം പഞ്ചായത്തുകൾ രജിസ്റ്റർ തയാറാക്കി.




**കുടുംബശ്രീ ഡിജിറ്റൽ എംപവർമെന്റ് പദ്ധതിയുടെ കരിക്കുലത്തിന്റെയും സി.ഡി.യുടെയും പ്രകാശനം മന്ത്രി എം.കെ. മുനീർ നിർവഹിക്കുന്നു**

## കുടുംബശ്രീ

കേരളീയ സാമൂഹികജീവിതത്തിൽ കുടുംബശ്രീ സൃഷ്ടിച്ച ചലനങ്ങൾ വികസന മാതൃകയിൽ പുതിയ അധ്യായം എഴുതിച്ചേർക്കുകയാണ്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ എങ്ങനെ ഗ്രാമതലത്തിൽ പ്രാവർത്തികമാക്കാം എന്നതിന് മികച്ച ഉദാഹരണമാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ. 238831 കുടുംബങ്ങളെ ഉൾപ്പെടുത്തി 22500 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. പാർശ്വവത്കൃതരുടെ ശാക്തീകരണവും കുടുംബശ്രീയിലൂടെ ഫലപ്രദമായി നടപ്പാക്കിവരുന്നു.

ആശ്രയ ഒന്നാംഘട്ട പ്രോജക്ട ഗുണഭോക്താക്കൾക്ക് തുടർ സേവനം നൽകുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകി.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പുതുതായി 17 ബഡ്സ് സ്കൂളുകൾ ആരംഭിച്ചു. 33 ബഡ്സ് സ്കൂളുകൾക്ക് പുതുതായി വാഹനം ലഭ്യമാക്കി.

ദേശീയ ഉപജീവനമിഷന് ഏഴു വർഷത്തേക്ക് 1160 കോടി രൂപയുടെ പദ്ധതി സമർപ്പിച്ച് അംഗീകരം നേടി. 2012-13 സാമ്പത്തിക വർഷത്തിലേക്ക് 52 കോടി രൂപ അനുവദിച്ചു.

ദേശീയമഹിളാ കിസാൻ ശാക്തീകരണം പരിയോജനാ പദ്ധതിയിലൂടെ കുടുംബശ്രീ സംഘകൃഷി മെച്ചപ്പെടുത്താൻ 79.9 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി നേടുകയും പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിലെ നെൽക്കൃഷി വ്യാപനത്തിന് ഗ്രീൻ ആർമി പ്രോജക്ട് ആരംഭിക്കുന്നതിന് 60.2 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു.

മാസച്ചന്ത, ഹോം ഷോപ്പ് ട്രേഡ് എന്നിവയിലൂടെ 70 കോടി രൂപയുടെ കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിച്ചു. കൂടാതെ കഫേ കുടുംബശ്രീക്ക് തുടക്കംകുറിക്കുകയും 350 പേർക്ക് തൊഴിൽ നൽകാനും കഴിഞ്ഞു. ഇതുവരെ 12 ഭക്ഷ്യമേളകളിലൂടെ മൂന്നു കോടി രൂപയുടെ വിറ്റുവരവ് നേടി.

രാജീവ് ആവാസ്‌യോജന പദ്ധതിക്കായി കേരളത്തിൽ വികസിപ്പിച്ച എം.ഐ.എസ്.




**മഹിളാകിസാൻ സശാക്തീകരൺ പരിയോജന സംസ്ഥാനതല ഉദ്ഘാടനം മഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു**




**തൃശൂർ കല്ലേറ്റുംകര യിൽ റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാൻഡി കാപ്ഡ് ആൻഡ് റിസർച്ച് എന്ന പേരിൽ ദേശീയ നിലവാരത്തി ലുള്ള സ്ഥാപനം ആരംഭി ക്കുന്നതാണ്. ഈ സെന്ററിനുള്ള ഭൂമിയും സ്ഥലവും ഉദാര മനസ്കരായ കുടുംബ ട്രസ്റ്റ് സൗജന്യമായി വിട്ടു നൽകിയിട്ടുണ്ട്.**

ദേശീയശ്രദ്ധയാകാർഷിച്ചു. 20 ലക്ഷം കുടുംബശ്രീ വനിതകൾ കുടുംബശ്രീ പ്രവർത്തനം അവരുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് എഴുതുകയും 1072 പുസ്തകങ്ങളിലായി തിരഞ്ഞെടുത്ത ഒരു ലക്ഷം അനുഭവക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം പ്രദേശത്തുള്ള മതിപ്പുറം കോളനി നിവാസികളായ 1077 കുടുംബങ്ങൾക്ക് ഗുണകരമായ രീതിയിൽ സമഗ്ര ചേരിപുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിക്ക് 71.8 കോടി രൂപ അനുവദിച്ച് ആദ്യഗഡു ലഭ്യമാക്കി.

## നിർഭയ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും ലൈംഗിക ചൂഷണത്തിനായുള്ള മനുഷ്യക്കടത്ത് തടയുന്നതിനുമായി ഗവൺമെന്റ് രൂപം നൽകിയ നിർഭയ ഇന്ന് ഇതര സംസ്ഥാനങ്ങൾക്ക് വഴികാട്ടിയാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്ത്രീസുരക്ഷാ പദ്ധതിക്കുപോലും നിർഭയ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. അക്രമത്തിനിരയായ പെൺകുട്ടികൾക്ക് പുനരധിവാസം നൽകുകയെന്നതിന് പ്രാഥമിക പരിഗണന നൽകി നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഷെൽട്ടർ ഹോം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതിനായി എട്ടു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൈകാര്യം ചെയ്യാനായി ഫാസ്റ്റ് ട്രാക് കോടതി നിലവിൽ വന്നു.

മുഖ്യമന്ത്രിയും പഞ്ചായത്ത് സാമൂഹികനീതി വകുപ്പ് മന്ത്രിയും അധ്യക്ഷരായ വിവിധ നിർഭയ സമിതികൾ നിലവിലുണ്ട്. നിർഭയയുടെ സ്റ്റേറ്റ് അഡ്വൈസറായി ഹൈദരാബാദിലെ പ്രജ്വല എന്ന സംഘടനയുടെ സാരഥിയായ സുനിതാകൃഷ്ണനെ നിയോഗിച്ചു.

## ജൻഡർ പാർക്ക് (തന്റേടം പദ്ധതി)

തികച്ചും നവീനമായ ആശയം പ്രവൃത്തിപഥത്തിൽ എത്തിക്കുകയാണ് കോഴിക്കോട് ആരംഭിക്കുന്ന ജൻഡർ പാർക്കിലൂടെ. പാർക്കിന്റെ ശിലാസ്ഥാപനം 2012 മാർച്ചിൽ ദില്ലി മുഖ്യമന്ത്രി ഷീലാ ദീക്ഷിത് നിർവഹിക്കുകയുണ്ടായി. സ്ത്രീകളുടെ സർവതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി അവർക്കു മാത്രമായി ഒരിടമായിട്ടാണ് ജൻഡർപാർക്ക് വിഭാവന ചെയ്തരിക്കുന്നത്. സാഹിത്യസാംസ്കാരിക സാങ്കേതിക ജുഡീഷ്യൽ സാമൂഹിക ഇതര മേഖലകളിലെ സ്ത്രീകൾക്ക് ഒത്തുകൂടുകയും താമസിക്കുകയും തങ്ങളുടെ നൈപുണി വികസിപ്പിക്കുകയും റിക്രിയേഷൻ സൗകര്യം പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്ന ഏഷ്യയിലെ ഈ ആദ്യ സ്ഥാപനത്തിൽ ജൻഡർ സ്റ്റഡീസ് ആസ്പദമാക്കിയ കോഴ്സുകൾ ആരംഭിക്കാനും ഉദ്ദേശ്യമുണ്ട്.

തൃശൂർ കല്ലേറ്റുംകരയിൽ റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാൻഡികാപ്പ്ഡ് ആൻഡ് റിസർച്ച് എന്ന പേരിൽ ദേശീയ നിലവാരത്തിലുള്ള സ്ഥാപനം ആരംഭിക്കുന്നതാണ്. ഈ സെന്ററിനുള്ള ഭൂമിയും സ്ഥലവും ഉദാരമനസ്കരായ കുടുംബട്രസ്റ്റ് സൗജന്യമായി വിട്ടു നൽകിയിട്ടുണ്ട്.

മാതൃകാ അംഗൻവാടികൾ എന്ന നൂതനാശയം പ്രാവർത്തികമാക്കാനുള്ള നടപടികളായി. നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന കണക്കിൽ സംസ്ഥാനത്ത് 140 പുതിയ അങ്കണവാടികൾ നിലവിൽ വരും. മിനിമം 10 സെന്റ് സ്ഥലത്ത് ഇരുനില മന്ദി




**കേരളത്തിലെ ആദ്യത്തെ നിർഭയ ഷെൽട്ടർഹോമിന്റെ ഉദ്ഘാടനം പൂജപ്പുരയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. മന്ത്രി എം.കെ. മുനീർ സമീപം**

രമായി സ്ഥാപിക്കുന്ന ഇവിടെ മുതിർന്ന തലമുറയ്ക്ക് പേരക്കുട്ടികളോടൊപ്പം പകൽ സമയം കഴിച്ചുകൂട്ടാനുള്ള അവസരമുണ്ടാകും. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ഇവിടെ പകൽ സമയം ചെലവഴിക്കാം. കംപ്യൂട്ടർ ഗെയിംസ് ഉൾപ്പെടെയുള്ള വിനോദോപാധികൾ, മൂന്നു തലമുറയ്ക്ക് വെവ്വേറെയുള്ള പോഷകാഹാരം, പെൺകുട്ടികൾക്കു കൗൺസിലിങ് എന്നിവയ്ക്ക് ഇവിടെ സൗകര്യമുണ്ടാവും. മുന്നിലെ മുറ്റത്ത് പൂന്തോട്ടവും പിറകിലെ മുറ്റത്ത് പച്ചക്കറിത്തോട്ടവും ഉണ്ടാകും. 70 അങ്കണവാടികളുടെ നിർമാണത്തിന് ഭരണാനുമതിയായി. എം.എൽ.എമാരുടെ ഫണ്ടുകൂടി ഉപയോഗിക്കുന്ന ഇതിന്റെ നിർമാണത്തിന് 25 ലക്ഷം രൂപ ചെലവവു വരും.

ഇതുകൂടാതെ ഇപ്പോഴുള്ള 450 ഓളം അങ്കണവാടികൾ പുതുക്കിപ്പണിയുന്നതിനും റീമോഡൽ ചെയ്യാനുമായി നബാർഡ് സഹായമുള്ള ഒരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ അഞ്ച് അങ്കണവാടികളെങ്കിലും നവീകരിക്കുകയാണ് ലക്ഷ്യം.



സെക്രട്ടേറിയറ്റ് പി.ആർ ചേംബറിൽ വാർത്താസമ്മേളനം നടത്താനെത്തിയ സാമൂഹികക്ഷേമ മന്ത്രി ഡോ. എം.കെ. മുനീറുമായി വികലാംഗർ ആഹ്ലാദം പങ്കിടുന്നു

ബാല്യാവസ്ഥയിലോ, ഗർഭസ്ഥാവസ്ഥയിലോ കണ്ടുപിടിച്ചാൽ തടയാവുന്ന വൈകല്യങ്ങൾ ഏറെയുണ്ട്. ഇങ്ങനെ തടയാൻ കഴിയുകയെന്നത് ഏറ്റവും ജീവകാരുണ്യപരവും സാമൂഹികവുമായ ഉത്തരവാദിത്വമാണ്. ഇത് പൂർണമായും ഉൾക്കൊണ്ട് ഏർളി ഡിറ്റെക്ഷൻ ആൻഡ് പ്രിവെൻഷൻ ഓഫ് ഡിസേബ്ലിറ്റി എന്ന പദ്ധതി 40 കോടി രൂപ ചെലവിൽ നടപ്പാക്കുന്നതാണ്.

### അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

സംസ്ഥാനത്ത് 66000 അംഗസംഖ്യയുള്ള അങ്കണവാടി വർക്കർമാർ ഹെൽപർമാർ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി അങ്കണവാടി ഹെൽപ്പേഴ്സ് വെൽഫയർഫണ്ട് ബോർഡെന്ന സ്ഥാപനം രൂപീകരിച്ചു. തുച്ഛവേതനക്കാരായ അങ്കണവാടി ജീവനക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് രൂപം നൽകാനും പ്രാവർത്തികമാക്കാനും ഈ ബോർഡിന് കഴിയും.

### ഷീ-ടോയ്‌ലറ്റുകൾ

തിരക്കേറിയ നഗരങ്ങളിലും മറ്റ് പട്ടണങ്ങളിലും സന്ദർശകരായെത്തുന്ന സ്ത്രീകളുടെയും യാത്ര ചെയ്യുന്ന സ്ത്രീകളുടെയും പ്രാഥമിക കൃത്യനിർവഹണം ദുസ്സഹമായ അവസ്ഥയിലാണെന്നു മനസ്സിലാക്കി അവർക്ക് ആധുനിക സൗകര്യത്തോടുകൂടിയുള്ള ടോയ്‌ലറ്റുകൾ ഷീ-ടോയ്‌ലറ്റ് എന്ന പേരിൽ സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിൽ 23 ടോയ്‌ലറ്റുകൾ പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് നഗരത്തിലും ഉടനേ ഇവ സ്ഥാപിക്കുന്നതാണ്.

### വികലാംഗ നിയമനം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 1999 ആഗസ്റ്റ് 16 മുതൽ 2001 ഡിസംബർ 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന 1953 വികലാംഗരെ സ്ഥിരപ്പെടുത്താനുള്ള നടപടി പി.എസ്.സിയുമായി കൂടിയാലോചിച്ചുവരുന്നു.

**ബാല്യാവസ്ഥയിലോ, ഗർഭസ്ഥാവസ്ഥയിലോ കണ്ടുപിടിച്ചാൽ തടയാവുന്ന വൈകല്യങ്ങൾ ഏറെയുണ്ട്. ഇങ്ങനെ തടയാൻ കഴിയുകയെന്നത് ഏറ്റവും ജീവകാരുണ്യപരവും സാമൂഹികവുമായ ഉത്തരവാദിത്വമാണ്. ഇത് പൂർണമായും ഉൾക്കൊണ്ട് ഏർളി ഡിറ്റെക്ഷൻ ആൻഡ് പ്രിവെൻഷൻ ഓഫ് ഡിസേബ്ലിറ്റി എന്ന പദ്ധതി 40 കോടി രൂപ ചെലവിൽ നടപ്പാക്കുന്നതാണ്**

### കോക്ലിയർ ഇംപ്ലാന്റേഷൻ (ശ്രുതി തരംഗം)

മൂന്നു വയസ്സുവരെ പ്രായമുള്ള ബധിര-മൂക ശിശുക്കൾക്ക് ശ്രവണ-സംസാര ശേഷി കൈവരുത്താനുള്ള ഈ പദ്ധതിയിൽ ഓരോ ശിശുവിനും അഞ്ചു ലക്ഷം രൂപ സൗജന്യമായി നൽകുന്നു. ഈ വർഷം 200 ശിശുക്കൾക്ക് സർജറി നടത്തുകയുണ്ടായി.

ശയ്യാവലംബികളായ രോഗികളുടെയും വൃദ്ധരുടെയും കൂട്ടിരിപ്പുകാർക്ക് പ്രതിമാസ സഹായധനം നൽകുന്ന 'ആശ്വാസകിരണം' പദ്ധതി പ്രകാരം 40000 പേർക്ക് ഇപ്പോൾ സഹായം ലഭിക്കുന്നു. കേരളം ഒട്ടാകെ ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഒരാൾക്ക് 400 രൂപയാണ് പ്രതിമാസ സഹായം.

### കാൻസർ സുരക്ഷ

18 വയസ്സിൽ താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായം നൽകുന്ന ഈ പദ്ധതിയിൽ മൂവായിരത്തോളം ഗുണഭോക്താക്കളുണ്ട്.

### താലോലം

സെറിബ്രൽ പാൾസി, ഹൃദ്രോഗം, വൃക്കരോഗം, കരൾരോഗം, നാഡീരോഗം, എല്ല് രോഗം, ഹീമോഫീലിയ, താലിസ്മിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗ

ങ്ങളാൽ കഷ്ടപ്പെടുന്ന കുട്ടികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്ന ഈ പദ്ധതി 5000 ൽ അധികം കുട്ടികൾക്ക് പ്രയോജനപ്പെട്ടു.

## സ്നേഹപൂർവം

മാതാപിതാക്കൾ ഇരുവരുമോ, അവരിൽ ഒരാളോ നഷ്ടമായ കുട്ടികൾക്ക് ഗാർഹികാന്തരീക്ഷത്തിൽ അടുത്ത ബന്ധുക്കളോടൊപ്പം താമസിക്കാനും വിദ്യാഭ്യാസം നടത്താനും പ്രതിമാസ ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് സഹായം ലഭിക്കും. 300 രൂപ മുതൽ 1000 രൂപ വരെയാണ് സഹായത്തുക. ഈ ജീവകാരുണ്യ പദ്ധതി 40,000 കുട്ടികൾക്ക് പ്രയോജനപ്പെടും എന്നു കണക്കാക്കുന്നു.



സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് ശസ്ത്രക്രിയ ചെയ്യുന്ന എറണാകുളം സ്വദേശിയായ ബിയങ്കയ്ക്ക് കെ.ജെ. യേശുദാസ് ശസ്ത്രക്രിയാ കിറ്റ് നൽകുന്നു

## എന്റെ കൂട്

ഒരു നാടോടി യുവതിയുടെ മൂന്നു വയസ്സുള്ള പെൺകുഞ്ഞ് തിരൂരിൽ ലൈംഗികാക്രമത്തിന് വിധേയയായ സംഭവം കേരളത്തെ ഞെട്ടിച്ചു. ഇതിനൊരു പരിഹാരമാണ് നാടോടികൾക്ക് സുരക്ഷാസങ്കേതമാവുന്ന എന്റെ കൂട് പദ്ധതി. ഇവിടെ ആരെയും നിർബന്ധിച്ച് താമസിപ്പിക്കുകയില്ല. രാത്രികാലങ്ങളിൽ പൊലീസിന്റെ മിതമായ നിരീക്ഷണത്തിൽ സുരക്ഷിതത്വം ഉറപ്പാക്കുന്ന എന്റെ കൂടിൽ സി.സി. ടി.വി സ്ഥാപിക്കും. ഭക്ഷണം, വസ്ത്രം, ദേഹശുദ്ധിക്കുള്ള സൗകര്യം എന്നിവ സൗജന്യമായി ഉപയോഗിക്കാം. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കും.

## വീ കെയർ

സാമൂഹികസുരക്ഷാ മിഷന്റെ സാമ്പത്തികാടിത്തറ വിപുലമാക്കാനും ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഏറ്റെടുത്ത പദ്ധതികളുടെയും ഇനി നടപ്പാക്കാനുള്ള പദ്ധതികളുടെയും വൈപുല്യം കൂടുതൽ ധനസമാഹരണം ആവശ്യമുള്ളതാണ്. പേയ്മെന്റ് ഗേറ്റ്‌വേ എന്ന ഇന്റർനെറ്റ്പേയ്മെന്റ് സംവിധാനത്തിലൂടെ സ്വദേശത്തും വിദേശത്തുമുള്ള വ്യക്തികളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും ഇതിലേക്കാവശ്യമായ തുക സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് കേന്ദ്ര സർക്കിന്റെ അനുമതി ലഭിച്ചു. പദ്ധതിയിലെ വരവുചെലവുകൾ സോഷ്യൽ ഓഡിറ്റിന് വിധേയമാണ് എന്നത് സുതാര്യത ഉറപ്പാക്കുന്നു.

വൃദ്ധജനങ്ങളുടെ സംഖ്യ 13 ശതമാനം അധികരിച്ച കേരളത്തിൽ ഒരു വയോജനനയം പ്രഖ്യാപിക്കാൻ സാമൂഹികനീതി വകുപ്പിന് കഴിഞ്ഞു. വൃദ്ധരുടെ സമഗ്രമായ ആരോഗ്യ-സാമ്പത്തിക-സാമൂഹിക സംരക്ഷണത്തിനുള്ള പദ്ധതികൾ ഉൾക്കൊള്ളുന്നതാണ് ഈ നയം. കുട്ടികളെ ചൂഷണമുക്തരാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 'ചൈൽഡ് റൈറ്റ്സ് കമ്മിഷൻ' രൂപീകരിച്ചു. ■



തവനൂർ പ്രതീക്ഷാഭവൻ മന്ത്രി എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു

# ആസൂത്രിതമായ നഗരവികസനം



**മഞ്ഞളാംകുഴി അലി**
നഗരകാര്യ-ന്യൂനപക്ഷക്ഷേമ മന്ത്രി

പരിസ്ഥിതിയുടെ തണലിൽ ഇടംതേടുന്നതാണ് നമ്മുടെ സംസ്കാരം. പ്രകൃതിയുടെ സ്വതവേയുള്ള രൂപത്തെ കീറിമുറിക്കുന്ന ചെറിയ വിഭാഗത്തെ മാറ്റിനിർത്തിയാൽ പരിസ്ഥിതിയുടെ സൗന്ദര്യവും സദ്ഗുണങ്ങളും സ്പർശിക്കാൻ കേരളീയർ ആഗ്രഹിക്കാറുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങൾക്കു ചുറ്റിലും പച്ചക്കറികളും അടുക്കളത്തോട്ടവും പൂമുഖത്തെ ചെടികളുമൊക്കെയായി നമ്മുടെ സംസ്കാരം വീട്ടിലും പരിസരത്തും വളരുന്നു. അതുകൊണ്ടുതന്നെ നഗരങ്ങളുടെ നിർമിതിയിലും വികസനത്തിലും സന്തുലനാവസ്ഥ സംരക്ഷിക്കേണ്ടതുണ്ട്. ലോകമെമ്പാടും നഗരങ്ങളും പരിസ്ഥിതിയും തമ്മിലുള്ള പൊരുത്തക്കേടിന്റെ ചർച്ചകൾ മുറുകുമ്പോൾ പരിസ്ഥിതി സൗഹൃദനഗരങ്ങൾ എങ്ങനെയെന്നു കാണിച്ചുകൊടുക്കാനാണ് കേരളം ശ്രമിക്കുന്നത്. കേരളത്തിന്റെ ഹൃദയമായ പച്ചപ്പിനു കേടുപറ്റാതെ മാതൃകാ നഗരങ്ങൾ രൂപപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദവികസനങ്ങൾ നടപ്പാക്കുകയുമാണ് നഗരകാര്യവകുപ്പ് ചെയ്യുന്നത്.

ഭാവിയിൽ നഗരങ്ങൾ എങ്ങനെയാകണമെന്നു രൂപകല്പന ചെയ്തു പദ്ധതികൾ നടപ്പാക്കുന്നത് നമ്മുടെ നഗരസംസ്കാരത്തിന് വഴിത്തിരിവാകുമെന്ന് ഉറപ്പാണ്.

അച്ചടക്കമില്ലാതെയാണ് സംസ്ഥാനത്തെ പല നഗരങ്ങളും വളർന്നത്. അതിന്റെ പോരായ്മകൾ പരിഹരിക്കാൻ കാലങ്ങളെടുക്കും. നൂറ്റാണ്ടു പഴകിയ മദ്രാസ് ടൗൺ പ്ലാനിങ് ആക്ട്, തിരുവിതാംകൂർ ടൗൺ പ്ലാനിങ് ആക്ട് തുടങ്ങിയവ ഈ ആധുനിക കാലഘട്ടത്തിൽ പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന സ്വാഭാവിക പോരായ്മകൾക്കു പുറമെ നിയമലംഘനം കൂടിയായപ്പോൾ നഗരസ്വഭാവം സങ്കീർണതയുടേതാവും. പലതിനും പരിഹാരമുണ്ടായെന്നും വരില്ല. നിയമങ്ങൾ പാലിക്കാതെ വളർന്നുവന്ന കെട്ടിടങ്ങൾ നഗരങ്ങളെ ഊരാക്കുടുക്കുകളിലേക്കു നയിച്ചു. ചെറുതും വലുതുമായ മിക്ക നഗരങ്ങളുടെയും അവസ്ഥയിതാണ്. വാഹനപ്പെരുപ്പത്തിന്റെ തോത് നിയന്ത്രിക്കാനാകുന്നില്ല. ആംബുലൻസുകൾക്കു പോലും കടന്നുപോകാൻ കഴിയാത്തവിധം പല നഗരങ്ങളും നിശ്ചലമാണ്. നഗരസിരകളിൽ സുഗമമായ ചലനമുണ്ടാക്കുകയും ആസൂത്രണമികവോടെയുള്ള നഗരങ്ങൾ നിർമിക്കുകയുമാണ് പ്രധാനം. ചില സംസ്ഥാനങ്ങളിൽ നേരത്തേതുടങ്ങിയ ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിലും നടപ്പാക്കിത്തുടങ്ങി. സംസ്ഥാനത്തെ എല്ലാ നഗരങ്ങൾക്കും യോജിച്ച മാസ്റ്റർ പ്ലാനുകൾ നഗരാസൂത്രണവകുപ്പിന്റെ നേതൃത്വത്തിൽ തയാറാക്കിവരികയാണ്. മിക്ക മാസ്റ്റർ പ്ലാനുകൾക്കും സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. നഗരാസൂത്രണവും നടത്തിപ്പും ക്രമീകരിക്കാൻ മുൻ സർക്കാരുകൾ രൂപവതികരിച്ച വികസന അതോറിറ്റികൾ യഥാർഥത്തിൽ നഗരവികസനത്തെ പിന്നോട്ടുവലിച്ചു. തിരുവനന്തപുരം. കൊച്ചി വികസന അതോറിറ്റികൾക്കു പുറമെ കോഴിക്കോട്, തൃശൂർ, കൊല്ലം കോർപ

റേഷൻ നഗരങ്ങൾക്കും ഡവലപ്മെന്റ് അതോറിറ്റികളായി. വള്ളുവനാട്, ഭരണങ്ങാനം വികസന അതോറിറ്റികളും രൂപവത്കരിച്ചുകഴിഞ്ഞു. പ്രധാന നഗരങ്ങളുടെ ചിട്ടയായ വളർച്ച ഉറപ്പാക്കുന്നതിനാണ് നഗരങ്ങൾ കേന്ദ്രീകരിച്ച് വികസന അതോറിറ്റികൾ രൂപവത്കരിക്കുന്നത്.

മിക്ക നഗരസഭകളും ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സാമ്പത്തികമായി പ്രയാസപ്പെടുന്ന സാഹചര്യമുണ്ട്. അവരെ സഹായിക്കാൻ ഒട്ടേറെ പദ്ധതികൾ നടപ്പാക്കിവരുന്നു. നഗരസഭകൾക്ക് വരുമാനം കിട്ടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഭൗതിക സാഹചര്യം ഒരുക്കുകയും ചെയ്താൽ പദ്ധതിക്കാവശ്യമായ പണം നൽകാൻ സർക്കാർ സന്നദ്ധമാണ്. മിക്ക നഗരസഭകളും ഇത്തരം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളെല്ലാം സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ കഴിയില്ല. നഗരസഭകൾ മുൻകയ്യെടുത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയ പദ്ധതികൾ പലതും വിജയിച്ചിട്ടുണ്ട്. ഈ മാതൃക എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായ നഗരസഭകൾക്കുവേണ്ടി മുടക്കുന്ന നിക്ഷേപ സംഗമങ്ങൾക്ക് ഓഗസ്റ്റിൽ തുടക്കമാകും. നഗരസഭകളെ സ്വയംപര്യാപ്തമാക്കുകയെന്ന വലിയ ലക്ഷ്യമാണ് ഇത്തരം പദ്ധതികൾക്കു പിന്നലുള്ളത്. ഈ മേഖലകളിൽ വരും വർഷങ്ങളിൽ ഗുണകരമായ മാറ്റങ്ങൾ പ്രതീക്ഷീക്കുന്നുണ്ട്.

കെട്ടിട നിർമാണ മേഖലയിലും വസ്തു നികുതിനിർണയത്തിലും കാലങ്ങളായി നിലനിന്നിരുന്ന അപാകതകൾ പരിഹരിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. ദീർഘവീക്ഷണമില്ലാതെയും വിദഗ്ധരുമായി കൂടിയാലോചനകൾ നടത്താതെയും ഉദ്യോഗസ്ഥതലത്തിൽ മുൻ സർക്കാർ കൊണ്ടുവന്ന ഭേദഗതികൾ കെട്ടിടനിർമാണ മേഖലയിൽ വലിയ സ്തംഭനമുണ്ടാക്കിയിരിക്കുന്നു. ഈ മേഖലയിലെ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും ഇതുമൂലം കുറഞ്ഞു. ഫ്ളാറ്റുകളുടെ നിർമാണം നില



**തലസ്ഥാന വികസനം സംബന്ധിച്ച പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതി യോഗം. മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, വി.എസ്. ശിവകുമാർ, മഞ്ഞളാംകുഴി അലി എന്നിവർ സമീപം**




**നഗര-ഗ്രാമാസൂത്രണ വകുപ്പ് തയാറാക്കിയ തിരുവനന്തപുരം നഗരത്തിന്റെ മാസ്റ്റർപ്ലാൻ നഗരകാര്യമന്ത്രി മഞ്ഞളാംകുഴി അലി പ്രകാശനം ചെയ്യുന്നു**

ച്ചതോടെ പ്രതിസന്ധി രൂക്ഷമായി. സ്ഥല പരിമിതിക്ക് ആനുപാതികമല്ലാതെയുള്ള വീടുകളുടെ നിർമാണം സർക്കാരിന് വലിയ ബാധ്യതയുമായി. ഈ സാഹചര്യത്തിലാണ് കെട്ടിടനിർമാണ ചട്ടങ്ങളിലെ അശാസ്ത്രീയ സമീപനം മാറ്റാൻ സർക്കാർ നിർബന്ധിതമായത്. വാസഗൃഹങ്ങൾക്കും വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന കെട്ടിടങ്ങൾക്കും പരിധിവിട്ട് നികുതി വർധിപ്പിക്കാൻ കഴിയാത്തവിധം കേരളാ മുനിസിപ്പിൽ നിയമത്തിൽ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. നികുതിദായകർ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോറം ലളിതമാക്കി. നഗരസഭകളുടെ വരുമാന സ്രോതസ്സായ ലൈസൻസ് ഫീസിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

എ.ഡി.ബി ധനസഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപയുടെ സുസ്ഥിര നഗരവികസനപദ്ധതികൾ നടപ്പാക്കിവരികയാണ്. ചെറുകിട ഇടത്തരം പട്ടണങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള കേന്ദ്ര പദ്ധതിയായ ജവഹർലാൽ നെഹ്റു നഗരനവീകരണ ദൗത്യത്തിന്റെ ഭാഗമായുള്ള ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസന പദ്ധതി (യു.ഐ.ഡി.എസ്.എം.ടി.) പ്രവർത്തനങ്ങൾ നടന്നുവരുന്നു. ചെറുപട്ടണങ്ങളിൽ തൊഴിൽമേഖലയുടെ വളർച്ച, പ്രാദേശിക സാമ്പത്തിക പുരോഗതി, പൊതുജനാരോഗ്യം, ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതനിലവാരം എന്നിവ കൈവരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കേന്ദ്രസംസ്ഥാന ഫണ്ടുകളും നഗരസഭകളുടെ തനതു വരുമാനവും ചേരുമ്പോൾ നല്ല നഗരങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള സാമൂഹിക സാഹചര്യമുണ്ടാവും. അർപ്പണമനോഭാവവും ദീർഘവീക്ഷണവും കൂടിയായാൽ നമ്മുടെ നഗരങ്ങൾ സ്വപ്ന നഗരികളാകുമെന്ന് തീർച്ചയാണ്.

നഗരങ്ങളെ അലട്ടുന്ന പ്രധാന പ്രശ്നമാണ് മാലിന്യം. സംസ്കരണ പ്ലാന്റുമായി എവിടെ ചെന്നാലും പ്രാദേശികമായ എതിർപ്പുകൾ ഉയർന്നുവരും. എങ്കിലും വരാനിരിക്കുന്ന വലിയ വിപത്ത് ഒഴിവാക്കൻ സർക്കാരിന് ബാധ്യതയുണ്ട്. ചില നഗരസഭകളിൽ നല്ല രീതിയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടന്നുവരുന്നുണ്ട്. ഇവ ഇല്ലാത്ത സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് ദോഷം വരാത്തരീതിയിലുള്ള ആധുനിക പ്ലാന്റുകൾ സ്ഥാപിക്കും. മാലിന്യസംസ്കരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 2012-13 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സിയാൽ മോഡൽ കമ്പനി 'ക്ലീൻ കേരള കമ്പനി ലിമിറ്റഡ്' എന്ന പേരിൽ രൂപവത്കരിച്ചു കഴിഞ്ഞു. ശരിയായ മാലിന്യസംസ്കരണ സംവിധാനങ്ങളുണ്ടെങ്കിൽ മാത്രമേ നഗരവികസനം യാഥാർഥ്യമാകൂ. അത്യാധുനിക



**മൊബൈൽ ഇൻസിനേറ്ററിന്റെ പ്രവർത്തനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നോക്കിക്കാണുന്നു**

സാങ്കേതികവിദ്യയുപയോഗിച്ചുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് കോർപറേഷനുകളിലും കോട്ടയം, കണ്ണൂർ മുനിസിപ്പാലിറ്റികളിലും പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു. കൂടാതെ നഗരസഭകളിൽ 25 മുതൽ 35 ടൺ വരെ ശേഷിയുള്ള ചെറുകിട മാലിന്യസംസ്കരണ പ്ലാന്റുകൾ, കൂടാതെ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകൾ, ചെറുതും വലുതുമായ പ്ലാന്റുകൾ എന്നിവ കേരളാ സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കും. വീതിയുള്ള റോഡും മറ്റു ഭൗതികസൗകര്യങ്ങളുമുള്ള നഗരത്തിൽ ദുർഗന്ധമുണ്ടായാൽ എന്തിനുകൊള്ളാം. ഈ ദുരവസ്ഥയ്ക്കു പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. എല്ലാ രാഷ്ട്രീയകക്ഷികൾക്കും

നഗരങ്ങളെ അലട്ടുന്ന പ്രധാന പ്രശ്നമാണ് മാലിന്യം. സംസ്കരണ പ്ലാന്റുമായി എവിടെ ചെന്നാലും പ്രാദേശികമായ എതിർപ്പുകൾ ഉയർന്നുവരും. എങ്കിലും വരാനിരിക്കുന്ന വലിയ വിപത്ത് ഒഴിവാക്കൻ സർക്കാരിന് ബാധ്യതയുണ്ട്. ചില നഗരസഭകളിൽ നല്ല രീതിയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടന്നുവരുന്നുണ്ട്. ഇവ ഇല്ലാത്ത സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് ദോഷം വരാത്തരീതിയിലുള്ള ആധുനിക പ്ലാന്റുകൾ സ്ഥാപിക്കും.

നേതാക്കൾക്കും ഇക്കാര്യത്തിൽ ഒരുപാടു ചെയ്യാനുണ്ടെന്നു തന്നെയാണ് എന്റെ വിശ്വാസം.

സംസ്ഥാനത്ത് ആദ്യമായി ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത് ന്യൂനപക്ഷവിഭാഗങ്ങളിലുള്ളവർക്കു വലിയ നേട്ടമായി. വിവിധവകുപ്പുകളിൽ നിന്നു ലഭിക്കേണ്ട അർഹമായ ആനുകൂല്യങ്ങളും സാമൂഹിക, വിദ്യഭ്യാസ, തൊഴിൽ മേഖലകളിൽ കൂടുതൽ അവസരങ്ങളും ലഭ്യമാക്കാൻ ഇതിലൂടെ കഴിയുന്നുണ്ട്. എല്ലാ ജില്ലകളിലും പ്രവർത്തനം തുടങ്ങിയ കോച്ചിങ് സെന്ററുകൾ വിപ്ലവകരമായ നേട്ടങ്ങളുണ്ടാക്കിവരികയാണ്. യു.പി.എസ്.സി. പി.എസ്.സി. തുടങ്ങിയ മത്സരപരീക്ഷകളിൽ ഇവിടെനിന്നും പരിശീലനം നേടിയ ഉദ്യോഗാർഥികൾ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടത് വലിയ പ്രതീക്ഷ നൽകുന്നു. സർക്കാർ സർവീസുകളിൽ ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യം വർധിപ്പിക്കാൻ കോച്ചിങ് സെന്ററുകൾ ഉപകരിക്കും. സംസ്ഥാനത്തെ 10000 മദ്രസാ അധ്യാപകർ മദ്രസാ അധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതിയിൽ ഇതിനകം രജിസ്റ്റർ ചെയ്തു. മദ്രസകളുമായി ബന്ധപ്പെട്ട് മുഴുവൻ അധ്യാപകരെയും പദ്ധതിക്കു കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും താഴേത്തട്ടിൽ എത്തിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും പ്രമോട്ടർമാരെ ഏർപ്പെടുത്തി. താഴെത്തട്ടിലുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ വിവിധ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ രൂപവത്കരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി അധികം ദൂരെയല്ലെന്നുതന്നെയാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ■

# വെല്ലുവിളികൾ നേരിട്ട് ബഹുദൂരം മുന്നിൽ




**വി.എസ്. ശിവകുമാർ**

ആരോഗ്യ-കുടുംബക്ഷേമ-ദേവസ്വം മന്ത്രി


ആരോഗ്യരംഗത്തെ കേരളമാതൃക വീണ്ടും പ്രകീർത്തിക്കപ്പെടുകയാണ്. ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, സ്ത്രീ-പുരുഷ അനുപാതം, ജനനനിരക്ക് തുടങ്ങിയ ആരോഗ്യ സൂചികകളിൽ നമ്മുടെ സംസ്ഥാനം വികസിതരാജ്യങ്ങളുടേതിന് തുല്യമായ നേട്ടം കൈവരിച്ചുകഴിഞ്ഞു. പ്രതിരോധകുത്തിവയ്പ്പ്, കുടുംബാസൂത്രണം, ആയുർദൈർഘ്യം എന്നിങ്ങനെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പല മേഖലകളിലും കേരളം ഇതര സംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നിലാണ്. എന്നാൽ ഈ നേട്ടങ്ങൾക്കൊപ്പം ഒട്ടേറെ വെല്ലുവിളികളും ആരോഗ്യമേഖലയിൽ സംജാതമായിക്കഴിഞ്ഞു. ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം, പകർച്ചവ്യാധികൾ, നിർമാർജനം ചെയ്യപ്പെട്ട മലേറിയ പോലുള്ള രോഗങ്ങളുടെ തിരിച്ചുവരവ്, റോഡപകടങ്ങൾ, വർധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ, കൂടിക്കൊണ്ടിരിക്കുന്ന വൃദ്ധജനസംഖ്യ എന്നിവയാണ് അവയുടെ മുൻനിരയിൽ. അവയെ ഫലപ്രദമായി നേരിടാൻ വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്.

എല്ലാവർക്കും ആരോഗ്യം; അതിനുതകുന്ന ആരോഗ്യമേഖല - ഇതാണ് നമ്മുടെ ലക്ഷ്യം. ആരോഗ്യരംഗത്തെ ആഗോളനേട്ടങ്ങളെല്ലാം ഇന്ന് കേരളത്തിൽ ലഭ്യമാണ്. സംസ്ഥാനത്തിന് സ്വന്തമായി ഒരു സമഗ്ര ആരോഗ്യനയം പ്രഖ്യാപിച്ചു. ആരോഗ്യമേഖലയിൽ ജനങ്ങൾക്കുവേണ്ടി ചെയ്യാനുദ്ദേശിക്കുന്ന പരിപാടികളും ക്ഷേമപ്രവർത്തനങ്ങളുമെല്ലാം മുൻകൂട്ടി വ്യക്തമാക്കുന്നതാണ് ഈ നയപ്രഖ്യാപനം. സുതാര്യതയും നിഷ്പക്ഷതയും നിർവഹണശേഷിയും ഉറപ്പുവരുത്താനുള്ള ജനാധിപത്യ പ്രക്രിയയുടെ വിളംബരമാണിത്.

സംസ്ഥാനത്ത് നിലവിലുള്ള മാനസികാരോഗ്യ ചികിത്സാ സൗകര്യങ്ങളെപ്പറ്റിയും ചികിത്സയുടെ ആവശ്യകതയെപ്പറ്റിയും വിശദമായി വിശകലനം ചെയ്യുന്ന സമഗ്ര മാനസികാരോഗ്യ നയവും സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. മാനസികാരോഗ്യനയരൂപരേഖയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയാണ് പുതിയ നയം തയാറാക്കിയിട്ടുള്ളത്. മാനസികാരോഗ്യ പരിരക്ഷ ആവശ്യമുള്ള എല്ലാവർക്കും അത് ലഭ്യമാക്കാൻ വേണ്ടിയുള്ള നിർദേശങ്ങൾ, അതിനുള്ള വ്യവസ്ഥകൾ എന്നിവയെല്ലാം ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്. മാനസികാരോഗ്യ ചികിത്സയെ പൊതുചികിത്സാ രംഗത്തിന്റെ ഭാഗമാക്കുകയാണ് ലക്ഷ്യം. കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽപ്പെട്ട എല്ലാവർക്കും മാനസികാരോഗ്യ പരിരക്ഷ അത്യാവശ്യമാണ്.

ആരോഗ്യമേഖലയിൽ ആശുപത്രികളുടെ വികസനം, ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനലഭ്യത, ആവശ്യത്തിന് മരുന്നുകൾ എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർ

ത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും വികസനപ്രവർത്തനങ്ങൾ ഊർജിതമാക്കി. ഇതേത്തുടർന്ന്, ഇന്ത്യയിലെ ജനറൽ ആശുപത്രിക്കുള്ള ആദ്യത്തെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ കരസ്ഥമാക്കിക്കൊണ്ട് എറണാകുളം ജനറൽ ആശുപത്രിയും, ആദ്യത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുള്ള എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ സ്വന്തമാക്കിക്കൊണ്ട് തൈക്കാട് ആശുപത്രിയും, ആദ്യത്തെ താലൂക്കാശുപത്രിക്കുള്ള അക്രഡിറ്റേഷൻ നേടിയെടുത്തുകൊണ്ട് ചേർത്തല ആശുപത്രിയും ദേശീയ ശ്രദ്ധ പിടിച്ചുപറ്റി. ആലുവ ഗവൺമെന്റ് ബ്ലഡ് ബാങ്കും എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ സ്വന്തമാക്കി. ആദ്യഘട്ടത്തിൽ എല്ലാ ജില്ലകളിലെയും ഓരോ ആശുപത്രികൾ വീതം തിരഞ്ഞെടുത്ത് അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വികസനപ്രവർത്തനങ്ങളും സേവനമികവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

സാധാരണക്കാരായ രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഘട്ടംഘട്ടമായി കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് എന്ന പദ്ധതി നടപ്പാക്കുകയാണ്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും രണ്ട് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഒരു താലൂക്കാശുപത്രി എന്നിവയിലാണ് പദ്ധതി നടപ്പാക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ, വെള്ളറട പി.എച്ച്.സികൾ, ചെമ്മരുതി, മംഗലപുരം, വട്ടിയൂർക്കാവ്, ചെങ്കൽ

> **സാധാരണക്കാരായ രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഘട്ടംഘട്ടമായി കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് എന്ന പദ്ധതി നടപ്പാക്കുകയാണ്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും രണ്ട് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഒരു താലൂക്കാശുപത്രി എന്നിവയിലാണ് പദ്ധതി നടപ്പാക്കുന്നത്**

പി.എച്ച്.സികൾ ഇടുക്കിയിലെ അറക്കുളം പി.എച്ച്.സി എന്നിവ ഇതിനകംതന്നെ കാഷ് അംഗീകാരം നേടിക്കഴിഞ്ഞു. ഇന്ത്യയിലാദ്യമായി സംസ്ഥാനതലത്തിൽ അക്രഡിറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിലാണ്.

സംസ്ഥാനത്തെ പ്രധാന റോഡുകളോടുചേർന്നുള്ള, വാഹനാപകടങ്ങളിൽപ്പെടുന്നവർ കൂടുതലായി എത്തുന്ന ഇരുപത് ആശുപത്രകളിൽ ട്രോമ കെയർ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് സൗകര്യമുണ്ട്. തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത് ലഭ്യമാക്കിക്കഴിഞ്ഞു. ഈ ജില്ലകളിൽ ഡയാലിസിസ് യൂണിറ്റുകൾ ഉടൻ ആരംഭിക്കും. തിരഞ്ഞെടുത്ത താലൂക്കാശുപത്രികളിലും യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. എറണാകുളം ജില്ലയിൽ ജനറൽ ആശുപത്രിയിലും ആലുവ ഗവൺമെന്റ് ആശുപത്രിയിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. തിരഞ്ഞെടുത്ത 27 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ കാരുണ്യ പദ്ധതിപ്രകാരം 46 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സികളിലും ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജുകൾ; ജനറൽ, ജില്ല, താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, തിരഞ്ഞെടുത്ത പി.എച്ച്.സി കൾ എന്നിവയിലെ ലാബ് സൗകര്യം വിപുലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 25 ഉം ആലപ്പുഴയിൽ 18 ഉം അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് 108 ആംബുലൻസുകൾ ലഭ്യമാക്കി കഴിഞ്ഞു. പുതിയ ആറെണ്ണം കൂടി ഉടൻ ലഭ്യമാക്കും. 287 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകളും 283 രോഗികളെ കൊണ്ടുപോകുന്നതിനുള്ള ആംബുലൻസുകളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

വിവിധ സർക്കാരാശുപത്രികളിലെ റേഡിയേഷൻ സുരക്ഷാ വിഭാഗങ്ങൾ, ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്ടി മുഖാന്തിരം ശക്തിപ്പെടുത്തി. ആറായിരത്തോളം എക്സ്-റേ, സി.ടി. സ്കാൻ, മാമോഗ്രാഫി, കാത്‌ലാബ് യൂണിറ്റുകളിൽ 80 ശതമാനത്തിലും റേഡിയേഷൻ സുരക്ഷാ മാന



ആരോഗ്യകേരളം പുരസ്കാരം മുഖ്യമന്ത്രി വിതരണം ചെയ്യുന്നു




**സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സംരംഭമായ സഞ്ചരിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളുടെ ഫ്ളാഗ് ഓഫ് ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ നിർവഹിക്കുന്നു**

ദണ്ഡങ്ങൾ ഏർപ്പെടുത്തി. 1250 യൂണിറ്റുകൾക്ക് കേന്ദ്ര അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ ലൈസൻസ് / രജിസ്ട്രേഷൻ ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനം ദേശീയമാതൃക സൃഷ്ടിച്ചു. മറ്റ് ഒൻപതു സംസ്ഥാനങ്ങൾ കേരള മാതൃകയിൽ റേഡിയേഷൻ സേഫ്ടി വിഭാഗം രൂപീകരിക്കുന്നതിന് തയാറെടുക്കുകയാണ്.

എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലെത്താൻ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി പുതിയ എട്ടു ഗവ. മെഡിക്കൽ കോളേജുകൾ കൂടി ആരംഭിക്കുകയാണ്. എല്ലാ ജില്ലകളിലും ഗവ. മെഡിക്കൽ കോളേജുകൾ തുടങ്ങുവാനാണ് തീരുമാനം. തിരുവനന്തപുരം, കോന്നി, ഹരിപ്പാട്, ഇടുക്കി, പാലക്കാട്, മഞ്ചേരി, വയനാട്, കാസർഗോട് എന്നിവിടങ്ങളിലാണ് ഇവ തുടങ്ങുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ വർഷംതന്നെ ക്ലാസുകളാരംഭിക്കും. ഹരിപ്പാട് മെഡിക്കൽ കോളേജ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജനറൽ ആശുപത്രിയും, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും ചേർത്തുകൊണ്ട് പുതിയ മെഡിക്കൽ കോളേജ് വരുന്നതോടെ തിരുവനന്തപുരം ജില്ലക്ക് ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് കൂടി ലഭിക്കും.

സംസ്ഥാനത്ത്, പ്രാഥമികാരോഗ്യകേന്ദ്രങ്ങളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ തുടങ്ങാൻ നടപടി സ്വീകരിച്ചു. ഇതനുസരിച്ച് 12 പഞ്ചായത്തുകൾക്ക് പി.എച്ച്.സികൾ തുടങ്ങാൻ അനുമതി നൽകി. ശേഷിക്കുന്ന 12 പഞ്ചായത്തുകളിൽ ഇവ ആരംഭിക്കുന്നതിന് നടപടികളാരംഭിക്കുകയും ചെയ്തു.

1961-ലെ സ്റ്റാഫ് പാറ്റേണാണ് ആരോഗ്യവകുപ്പിന്റെ ആശുപത്രികളിലുള്ളത്. ഇത് ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായുള്ള ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് സ്റ്റാഫുകളുടെയും കുറവു പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ജനറൽ കാറ്റഗറിയിൽ 216 ഡോക്ടർമാരുടെ തസ്തികയും സ്പെഷ്യലിസ്റ്റ് കാറ്റഗറിയിൽ 30 തസ്തികയും സൃഷ്ടിച്ചു. ഇതുകൂടാതെ, പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് 929 അസിസ്റ്റന്റ് സർജൻമാരെയും എൻ.ആർ.എച്ച്.എം വഴി 504 (VRS, Contract) പേരെയും നിയമിച്ചു. വരുംകാലത്തെ അസിസ്റ്റന്റ് സർജൻമാരുടെ കുറവ് മുൻകൂട്ടിക്കണ്ട് എമർജൻസി റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് സർക്കാർ ആവശ്യപ്പെട്ട പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റ് തയാറാക്കി. നിലവിലുണ്ടായിരുന്ന റാങ്ക്ലിസ്റ്റിൽ നിന്ന് മുഴുവൻപേരെയും നിയമിക്കുന്നതിനും നടപടി സ്വീകരിച്ചു. ആരോഗ്യവകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലുമായി 916 നേഴ്സുമാരുടെ തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന മുഴുവൻ രോഗികൾക്കും എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി അഞ്ചു മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും ഇവയുടെ വിതരണം ആരംഭിച്ചു. 939 ഇനം മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന ഈ ബൃഹത് പദ്ധതി, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടന്നുവരികയാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വരെയുള്ള എല്ലാ ആശുപത്രികളിലും ജൂൺ, ജൂലൈ മാസത്തോടെ ഇവ വിതരണം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പെന്റാവാലന്റ് വാക്സിനും സംസ്ഥാനത്ത് സൗജന്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തുടനീളം കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനും മരുന്ന് വില നിയന്ത്രിക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കാരുണ്യ ഫാർമസികൾ മരുന്ന് വിപണിയിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് സൃഷ്ടിക്കുന്നത്. 20 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിലാണ് കാരുണ്യ ഫാർമസികൾ വഴി രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കിവരുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും കല്ലറ സി.എച്ച്.സികളിലും ഫാർമസികൾ ആരംഭിച്ചുകഴിഞ്ഞു. ഇവയുൾപ്പെടെ 35 ഫാർമസികൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലും ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിലുമായി

16 ഫാർമസികൾ ഉടൻ ആരംഭിക്കും. സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്ക്, അവരവരുടെ വീടുകളിൽ, രണ്ട് ശതമാനം അധിക ഡിസ്കൗണ്ടോടെ മരുന്ന് ലഭ്യമാക്കുന്ന കാരുണ്യ ഫാമിലി കാർഡ് പദ്ധതിയും വിജയകരമായി നടപ്പാക്കികഴിഞ്ഞു. ലോയൽറ്റി കാർഡുപയോഗിച്ച് മരുന്ന് വാങ്ങുന്നവർക്ക് രണ്ടു ശതമാനം അധിക ഡിസ്കൗണ്ടിനു പുറമേ ബോണസ് പോയിന്റ് കൂടി ലഭ്യമാക്കുന്ന പദ്ധതിയും ഇതോടൊപ്പം യാഥാർഥ്യമാക്കിയിട്ടുണ്ട്. നീതി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, കമ്മ്യൂണിറ്റി ഫാർമസികൾ എന്നിവ വഴിയും മരുന്നുകൾ പരമാവധി വില കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

മരുന്ന് വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റിക്കാണ്. നിലവിൽ 74 ഇനം മരുന്നുകൾ മാത്രമാണ് വിലനിലവാരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മരുന്നുകളുടെ വിലവർധനവ് കണക്കിലെടുത്ത് 348 ഇനം മരുന്നുകളെയും അതിന്റെ ചേരുവകളെയും ഉൾപ്പെടുത്തി 700 ലധികം മരുന്നുകളെ വിലനിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി പുതിയ ലാബുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇപ്പോൾ തിരുവനന്തപുരത്തുമാത്രമാണ് ഡ്രഗ്സ് ടെസ്റ്റിങ് ലാബുള്ളത്. എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലാണ് പുതിയ ലാബുകൾ തുടങ്ങുന്നത്. മെഡിക്കൽ കോളേജുകളിൽ ഫാർമസി കോളേജുകൾക്ക് അനുബന്ധമായും മരുന്ന് പരിശോധനാ സംവിധാനം ഏർപ്പെടുത്തിവരികയാണ്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസവചികിത്സയും നവജാതശിശുവിന്റെ 30 ദിവസം വരെയുള്ള ആരോഗ്യപരിരക്ഷയും സൗജന്യമാക്കിക്കൊണ്ടുള്ള അമ്മയും കുഞ്ഞും പദ്ധതി (ജെ.എസ്.എസ്.കെ) നടപ്പിലാക്കിക്കഴിഞ്ഞു. ചികിത്സാച്ചെലവുമാത്രമല്ല സ്കാനിങ് ഉൾപ്പെടെയുള്ള പരിശോധനകൾ, മരുന്നുകൾ, ആവശ്യമെങ്കിൽ രക്തം, വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള യാത്ര, പ്രസവത്തോടനുബന്ധിച്ചുള്ള ആശുപത്രിയിലെ താമസം, ഭക്ഷണം, ഗർഭകാലത്തും പ്രസവശേഷം 42 ദിവസംവരെയുള്ള ചികിത്സാച്ചെലവുകൾ എന്നിവയെല്ലാം ഈ പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമേ 1200 രൂപയുടെ പ്രത്യേക ധനസഹായവും നൽകുന്നുണ്ട്.

നവജാത ശിശുക്കളിലെ ജനിതകരോഗങ്ങളായ ബുദ്ധിമാന്ദ്യം, ഓട്ടിസം, അപസ്മാരം, തൈറോയ്ഡ് രോഗം മുതലായവ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള പുതിയ പദ്ധതിയാണ് ന്യൂബോൺ സ്ക്രീനിങ്. ഇന്ത്യയിലെതന്നെ ഇത്തരത്തിലുള്ള ഏറ്റവും വിപുലമായ സ്ക്രീനിങ് പ്രോഗ്രാമാണിത്. തിരഞ്ഞെടുക്കപ്പെട്ട 44 സർക്കാർ ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഘട്ടംഘട്ടമായി മറ്റ് ആശുപത്രികളിലേക്കും വ്യാപിപ്പിക്കും. ഈ പദ്ധതി നടപ്പിലാക്കുന്ന ഇന്ത്യയിലെ മൂന്നാമത്തെ സംസ്ഥാനമാണ് നമ്മുടേത്. ഭാവിയിൽ മാരകമായി ബാധിച്ചേക്കാവുന്ന പല അസുഖങ്ങളിൽ നിന്നും ഒട്ടേറെ കുട്ടികളെ രക്ഷിക്കുവാൻ ഈ പദ്ധതിമൂലം സാധിക്കുന്നുണ്ട്.

സംസ്ഥാനത്തെ തിരഞ്ഞെടുത്ത 59 ഗവൺമെന്റ് ആശുപത്രികളിൽ അത്യാധുനിക സംവിധാനങ്ങളോടെയുള്ള നവജാത ശിശു ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുകയാണ്. മൂന്ന് മെഡിക്കൽ കോളേജുകളിലും ഒൻപതു ജില്ലാതല ആശുപത്രികളിലും സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകളും 47 താലൂക്കാശുപത്രികളിൽ സ്പെഷ്യൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകളുമാണ് ആരംഭിക്കുന്നത്.

സംസ്ഥാനത്തെ 13,270 സ്കൂളുകളിലെ 48 ലക്ഷത്തോളം വിദ്യാർഥികൾക്കുവേണ്ടി, വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കിവരുന്ന മറ്റൊരു ബൃഹത്പദ്ധതിയാണ് വിദ്യാലയാരോഗ്യ പദ്ധതി. എല്ലാ സ്കൂൾ കുട്ടികൾക്കും ഈ പദ്ധതിയിലൂടെ ചികിത്സയും മരുന്നും സൗജന്യമായി ലഭ്യമാക്കിവരുന്നുണ്ട്.

പരീക്ഷക്കാലത്ത് വിദ്യാർഥികൾ നേരിടുന്ന മാനസിക സമ്മർദങ്ങൾ ലഘൂകരിക്കുന്നതിനായി ആരോഗ്യകേരളവും ആരോഗ്യവകുപ്പും സംയുക്തമായി 24 മണിക്കൂർ ദിശ-പരീക്ഷാ ഹെൽപ്പ്ലൈൻ ആരംഭിച്ചു. ഇതിന്റെ ടോൾഫ്രീ നമ്പർ 1056 ആണ്.

ആരോഗ്യകേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളാണ്. പ്രമേഹരോഗത്തിന്റെ തലസ്ഥാനമായാണ് കേരളം അറിയപ്പെടുന്നത്. 27 ശതമാനം പുരുഷന്മാരും 19 ശതമാനം സ്ത്രീകളും പ്രമേഹ രോഗികളാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. 42 ശതമാനം പുരുഷന്മാരെയും 38 ശതമാനം സ്ത്രീകളെയും രക്താദിസമ്മർദം ബാധിച്ചിരിക്കുകയാണ്. 50 ശതമാനത്തിലധികം മരണങ്ങൾക്കും കാരണം ഇവയുൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങളത്രേ. ഇവയെ ഫലപ്രദമായി നേരിടുന്നതിന് അമൃതം ആരോഗ്യം എന്ന ബൃഹത് പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമായി ആരോഗ്യമന്ത്രി നേരിട്ട് നടത്തുന്ന ജില്ലാതല അദാലത്തുകൾ ഏപ്രിൽ 25 ന് തിരുവനന്തപുരത്ത് ആരംഭിച്ച് വിജയം കണ്ടു.

അനുബന്ധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആരോഗ്യമേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ലോട്ടറി, സാമൂഹികനീതി, പഞ്ചായത്ത്, നഗരവികസന, വിദ്യാഭ്യാസ, ലേബർ, പട്ടികജാതി-വർഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ലോട്ടറി വകുപ്പിന്റെ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ക്യാൻസർ, ഹീമോഫീലിയ രോഗികൾക്ക് ചികിത്സാ സഹായമായി രണ്ട് ലക്ഷത്തോളം രൂപയാണ് നൽകി വരുന്നത്. ലേബർ വകുപ്പ് പ്രത്യേക ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പാക്കി. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ, ക്യാൻസർ ചികിത്സ, ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ എന്നിവയ്ക്കായി



ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ തിരുവനന്തപുരം അനലിറ്റിക് ലാബിൽ സന്ദർശനം നടത്തുന്നു



**ആരോഗ്യരംഗത്തെ സർക്കാർ സംവിധാനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ജില്ലകൾ തോറും സംഘടിപ്പിക്കുന്ന ആരോഗ്യ അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സമീപം**

20,000 രൂപയുടെ ധനസഹായമാണ് നൽകിവരുന്നത്. സാമൂഹ്യനീതി വകുപ്പ് സംസ്ഥാനത്തെ ഒട്ടേറെ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സൗജന്യമായി നടത്തിവരികയാണ്. അഞ്ചു മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും കാരുണ്യ കൂട്ടിരിപ്പ് കേന്ദ്രങ്ങൾ തുടങ്ങാൻ 22.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സമാധാനാന്തരീക്ഷം നിലവിൽ വന്നു. രാജ്യത്താദ്യമായി ആശാ പ്രവർത്തകർക്ക് പ്രതിമാസ പാരിതോഷികം ഏർപ്പെടുത്തി. വയനാട്ടിലെ നൂറ് ആദിവാസികോളനികളിലുള്ളവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. എൻഡോസൾഫാൻമൂലം രോഗം ബാധിച്ച മുഴുവൻപേരെയും കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കി. മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും എ.പി.എൽ, ബിപിഎൽ വ്യത്യാസമില്ലാതെ ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാക്കി. ഗവൺമെന്റ് ഡെന്റൽ കോളേജുകളുടെ ആഭിമുഖ്യത്തിൽ മൊബൈൽ ഡെന്റൽ ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതിക്ക് കോട്ടയത്ത് തുടക്കമായി.

സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി, 2010 ലെ കേന്ദ്ര നിയമ പ്രകാരം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയാറാക്കിവരികയാണ്. ഈ ബിൽ നിയമമാകുന്നതോടെ ലാബുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, ജീവനക്കാരുടെ യോഗ്യതകൾ, പാലിക്കേണ്ട നടപടിക്രമങ്ങൾ, ഈടാക്കാവുന്ന ഫീസ് തുടങ്ങിയവ പൂർണമായും സർക്കാർ നിയന്ത്രണത്തിലാകും. അതോടെ രോഗികളെ ലാബുകളുടെ ചൂഷണത്തിൽ നിന്നും മുക്തമാക്കാൻ കഴിയും.

നേഴ്സിങ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും മിനിമം വേതനം നടപ്പാക്കുന്നതിലും ഫീസ് ഘടന നിശ്ചയിക്കുന്നതിലുമെല്ലാം സർക്കാർ യഥോചിതം ഇടപെടുകയുണ്ടായി. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ 653 നഴ്സുമാരുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിലുള്ള ആശുപത്രികളിൽ 275 നഴ്സുമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചു. നേഴ്സിങ് സമൂഹത്തിന്റെ ചിരകാലാഭിലാഷമായിരുന്ന യൂണിഫോം പരിഷ്കരണം സാധ്യമാക്കി. സ്വകാര്യ ആശുപത്രി നഴ്സുമാരുടെ വേതനം വർധിപ്പിച്ചു. ട്രെയിനി നേഴ്സുമാർക്ക് നൽകിവരുന്ന സ്റ്റൈപ്പന്റും വർധിപ്പിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിനുകീഴിലുള്ള ചികിത്സാകേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിനും എല്ലാവരുടെയും ആരോഗ്യസംബന്ധമായ ഡാറ്റാ, കേന്ദ്രസർവ്വറിൽ സൂക്ഷിക്കുന്നതിനുമായി, കേന്ദ്ര സഹായത്തോടെ 96 കോടി രൂപയുടെ ബൃഹത്പദ്ധതി സംസ്ഥാനത്ത് ഉടൻ നടപ്പാക്കും.

> ആരോഗ്യവകുപ്പിനുകീഴിലുള്ള ചികിത്സാകേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിനും എല്ലാവരുടെയും ആരോഗ്യസംബന്ധമായ ഡാറ്റാ, കേന്ദ്രസർവ്വറിൽ സൂക്ഷിക്കുന്നതിനുമായി, കേന്ദ്ര സഹായത്തോടെ 96 കോടി രൂപയുടെ ബൃഹത്പദ്ധതി സംസ്ഥാനത്ത് ഉടൻ നടപ്പാക്കും.

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കി. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഭക്ഷണം വിൽക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ മുതലാവരെല്ലാം കർശനമായി പാലിക്കേണ്ട ഈ നിയമം സംസ്ഥാനത്തുടനീളം ദൂരവ്യാപകമായ സത്ഫലങ്ങൾ ഉളവാക്കി. പുകയിലയും നിക്കോട്ടിനും ചേർത്ത ഗുഡ്ക്കയുടെയും പാൻമസാലയുടെയും നിർമ്മാണം, സംഭരണം, വിതരണം, വില്പന എന്നിവ പൂർണമായും നിരോധിച്ചു. ഇവയ്ക്ക് നിരോധനം ഏർപ്പെടുത്തിയ രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം.

## കേരളത്തെ ആയുർവേദത്തിന്റെ തലസ്ഥാനമാകുന്നു

ആയുർവേദത്തിന്റെ അനന്തസാധ്യതകൾ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനുള്ള പരിശ്രമത്തിലാണ് സംസ്ഥാന സർക്കാർ. പുതിയ 48 സ്ഥിരം ആയുർവേദ

ഡിസ്പെൻസറികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചു. 2013-14 സാമ്പത്തിക വർഷം പുതുതായി 25 ആയുർവേദ ഡിസ്പെൻസറികൾ കൂടി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ആയുർവേദ വകുപ്പിൽ 200 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കോളേജുകളിലെ അധ്യാപകക്ഷാമം പരിഹരിച്ചു. വർഷങ്ങളായി താത്ക്കാലിക നിയമനത്തിൽ നിലനിർത്തിവന്ന അധ്യാപകരുടെ 40 തസ്തികകളിൽ സ്ഥിരനിയമനം നടത്തി. അധ്യാപകർക്ക് യു.ജി.സി സ്കെയിൽ അനുസരിച്ചുള്ള ശമ്പളം അനുവദിച്ചു. ആയുർവേദവകുപ്പിലെ താൽക്കാലിക ജീവനക്കാർക്കെല്ലാം വേതനവർധനവ് ഏർപ്പെടുത്തി. പി.ജി. വിദ്യാർഥികളുടെ സ്റ്റൈപന്റ് വർധിപ്പിച്ചു. 2013-14 സാമ്പത്തിക വർഷം 23.30 കോടി രൂപയുടെ പ്ലാൻ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. 2012-13 ൽ ഇത് 16.65 കോടി രൂപയായിരുന്നു. അതിൽ 96.38 ശതമാനവും വിനിയോഗിച്ചു. 22.43 കോടി രൂപയുടെ ആയുഷ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ 67 ആയുർവേദ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. 14 ജില്ലാ ആയുർവേദ ആശുപത്രികളിലും എക്സ്റേ, ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തി.

ആലപ്പുഴ പഞ്ചകർമ ആശുപത്രിയ്ക്കുവേണ്ടി, ആയുഷ് ഫണ്ട്, ഉപയോഗിച്ച് അഞ്ചുകോടിരൂപ ചെലവിൽ നിർമിക്കുന്ന പുതിയ മന്ദിരത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ റീജിയണുകളിൽ ആയുർവേദ സ്പോർട്സ് യൂണിറ്റു

ആയുർവേദ മരുന്ന് നിർമാണ മേഖലയ്ക്ക് ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് എല്ലാ ജില്ലകളിലും ഔഷധസസ്യത്തോട്ടങ്ങൾ നിർമിക്കുവാൻ നടപടികളാരംഭിച്ചു. സ്ഥലസൗകര്യമുള്ള എല്ലാ സ്കൂളുകളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്കും രൂപം നൽകി. ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും എന്ന, സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ ബൃഹത് പദ്ധതിക്കും തുടക്കമായി. കേരളത്തെ ആയുർവേദത്തിന്റെ തലസ്ഥാനമാക്കുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ട് നീങ്ങുന്നത്

കൾക്കായി പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചു. ഇതിൽ എഴുപത് ലക്ഷം രൂപ തൃശ്ശൂർ ആയുർവേദ സ്പോർട്സ് ആശുപത്രിയുടെ മന്ദിര നിർമാണത്തിനുവേണ്ടി വിനിയോഗിച്ചുവരികയാണ്. ആയുർവേദ സ്പോർട്സ് യൂണിറ്റുകൾക്കായി 2013-14 ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ആയുർവേദ കോളേജിൽ ഒരു കോടി രൂപ ചെലവിൽ ജെറിയാട്രിക് വാർഡ് പ്രവർത്തനസജ്ജമാക്കി. കണ്ണൂർ ആലക്കോട് ആയുർവേദ ഡിസ്പെൻസറി 30 ബെഡുള്ള ആശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്തു. തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകളിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തി. ആയുർവേദ വിദ്യാഭ്യാസഗുണമേന്മ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

സ്കൂൾ ഹെൽത്ത് പ്രോഗ്രാമായ 'ബാലമുകുളം' പദ്ധതിയ്ക്ക്വേണ്ടി ഈ വർഷം 1.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാസർകോട്, വയനാട്, പാലക്കാട് ജില്ലകൾക്ക് വേണ്ടിയാണ് ഇത് അനുവദിച്ചത്. ആയുർമിത്രം പദ്ധതിക്കുവേണ്ടി 10 ലക്ഷം രൂപ അനുവദിച്ചു. ഇടുക്കി, പാലക്കാട് ട്രൈബൽ സങ്കേതങ്ങളിലുള്ള വൃദ്ധജനങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്. കാഞ്ഞിരംകുളം മർമ ആശുപത്രിയിൽ ആയുഷ് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വിനിയോഗിച്ച് പേവാർഡ് നിർമിച്ചു. താളിയോലകൾ കണ്ടെടുത്ത്, ഔഷധയോഗങ്ങളെക്കുറിച്ചുള്ള ബൃഹത് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. എൻ.ആർ.എച്ച്.എമ്മിന്റെ 191 ആയുർവേദ ഡിസ്പെൻസറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. എൻ.ആർ.എച്ച്.എമ്മിന്റെ തന്നെ 15 യുനാനി ഡിസ്പെൻസറികളും 17 സിദ്ധ ഡിസ്പെൻസറികളും നമ്മുടെ സംസ്ഥാനത്തുണ്ട്.



കേരള പാലിയേറ്റീവ് കെയർ ദിനാചരണത്തോടനുബന്ധിച്ച് നടന്ന സാന്ത്വന സംഗമവും രോഗീ സഹായ കൈപ്പുസ്തകത്തിന്റെ പ്രകാശനവും സഹായവിതരണവും വി.എസ്. ശിവകുമാർ നിർവഹിക്കുന്നു

ആയുർവേദ മരുന്ന് നിർമാണ മേഖലയ്ക്ക് ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് എല്ലാ ജില്ലകളിലും ഔഷധസസ്യത്തോട്ടങ്ങൾ നിർമിക്കുവാൻ നടപടികളാരംഭിച്ചു. സ്ഥലസൗകര്യമുള്ള എല്ലാ സ്കൂളുകളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്കും രൂപം നൽകി. ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും എന്ന, സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ ബൃഹത് പദ്ധതിക്കും തുടക്കമായി. കേരളത്തെ ആയുർവേദത്തിന്റെ തലസ്ഥാനമാക്കുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ട് നീങ്ങുന്നത്.

## ഹോമിയോപ്പതി

ശാസ്ത്രീയവും സുരക്ഷിതവും ലളിതവും ചെലവു കുറഞ്ഞതുമായ ഹോമിയോപ്പതി ചികിത്സാ രീതിയുടെ സാധ്യതകൾ പരമാവധി വിനിയോ



**തിരുവനന്തപുരം കുട്ടികളുടെ ആശുപത്രിയിലെ നവജാത ശിശുസംരക്ഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനത്തിനു ശേഷം**

ഗിക്കുന്നതിനുള്ള ക്രിയാത്മക നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന വ്യാപകമായി 60 ഹോമിയോ ഡിസ്പെൻസറികൾ ഇതിനകം ആരംഭിച്ചു. 50 എണ്ണം ഉടൻ ആരംഭിക്കും. പുതിയ രണ്ട് ആശുപത്രികൾ തുടങ്ങാനും നടപടികൾ ആരംഭിച്ചു. 14 ജില്ലകളിലും സീതാലയം വനിതാ ആരോഗ്യ കേന്ദ്രങ്ങൾ തുറന്നു. ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിത്സിച്ചുമാറ്റുന്നതിനുമായി തിരുവനന്തപുരത്തും കോഴിക്കോടും ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു. മലപ്പുറം ചേതനാ കാൻസർ കെയർ സെന്ററിനെ 10 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചു. മരുന്ന് വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വാഹനസൗകര്യത്തോടുകൂടിയ നാലു റീജിയണൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു. കാസർകോട് എൻഡോസൾഫാൻ ബാധ്യത മേഖലയിൽ സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്ക് ആരംഭിച്ചു. ആലപ്പുഴയിൽ ജെറിയാട്രിക്സിലും, ഇടുക്കിയിൽ തൈറോയ്ഡിലും, തൃശ്ശൂരിൽ അഡോളസന്റ് ഹെൽത്ത് കെയറിലും കണ്ണൂരിൽ മാതൃശിശു പരിചരണത്തിലും സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ ആരംഭിച്ചു. പട്ടികജാതി കോളനികളിൽ 29 ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങി. ഓരോ ജില്ലയിലേയും രണ്ട് ഡിസ്പെൻസറികളെ മാതൃകാ ഡിസ്പെൻസറികളായി ഉയർത്തി. തൃശ്ശൂരിൽ കൗമാരപ്രായക്കാർക്കായുള്ള ഹെൽത്ത് കെയർ സെന്ററുകൾ ആരംഭിച്ചു. കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ റിസർച്ച് ലാബിന്റെയും തിരുവനന്തപുരം ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ക്യാൻസർ കെയർ യൂണിറ്റിന്റെയും നിർമാണം പൂർത്തിയായി. 10 കിടക്കകളോടുകൂടിയ രണ്ട് ആശുപത്രികൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. പകർച്ചവ്യാധി നിയന്ത്രണ പരിപാടി, വിദ്യാലയാരോഗ്യ പദ്ധതി മുതലായവ ശ്രദ്ധേയമായ രീതിയിൽ പുരോഗമിക്കുകയാണ്.

സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്ത്, മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന ഒട്ടേറെക്കാര്യങ്ങൾ വകുപ്പ് ചെയ്തുവരികയാണ്. 611 ഹോമിയോ ഡിസ്പെൻസറികൾ, 30 ആശുപത്രികൾ, 340 എൻ.ആർ.എച്ച്.എം. ഡിസ്പെൻസറികൾ, പട്ടികജാതി മേഖലയിലെ 29 താൽക്കാലിക ഡിസ്പെൻസറികൾ എന്നിവയിലൂടെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് നിർണായക പങ്കാണ് വകുപ്പ് വഹിക്കുന്നത്. 14 ആശുപത്രികളിലായി 14 ആർ.എം.ഒ തസ്തികകൾ സൃഷ്ടിച്ചു. സി.എസ്.എസ് പദ്ധതിയിലുൾപ്പെടുത്തി 1175 ലക്ഷം രൂപ ചെലവിൽ 30 ആശുപത്രികളുടെയും ഏഴു ലക്ഷം രൂപ ചെലവിൽ 70 ഡിസ്പെൻസറികളുടെയും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മൂന്ന ഹോമിയോ ആശുപത്രികൾക്കുവേണ്ടി കെട്ടിടങ്ങൾ നിർമിക്കുന്നതിനും സീതാലയം പദ്ധതി വിപുലപ്പെടുത്തുന്നതിനും 9.8 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്.

## ആരോഗ്യമേഖലയ്ക്ക് മുന്തിയ പരിഗണന

2013-14 സംസ്ഥാന ബജറ്റിൽ ആരോഗ്യമേഖലയ്ക്ക് 541 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 വർഷത്തേതിനേക്കാൾ 11.5 ശതമാനം വർദ്ധനവോടെയുള്ള പരിഗണനയാണ് ആരോഗ്യവകുപ്പിന് ലഭിച്ചിട്ടുള്ളത്. തിരുവനന്തപുരം ജനറൽ ആശുപത്രിയെയും തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയെയും സംയോജിപ്പിച്ച് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ആറു കോടി രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തും.

അത്യാഹിത വിഭാഗങ്ങളില്ലാത്ത 31 താലൂക്ക് ആശുപത്രികളിൽ അവ ഏർപ്പെടുത്തുന്നതിന് അഞ്ച് കോടിരൂപ അനുവദിച്ചിട്ടുണ്ട്. 63 താലൂക്ക് ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഡാവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, തൃശൂർ മെഡിക്കൽ കോളേജിൽ കാർഡിയാക്-കാർഡിയോളജി ബ്ലോക്ക്, ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് എന്നിവയുടെ നിർമാണത്തിന് 25 കോടിരൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും കൊച്ചിയിലും മെഡി സിറ്റികൾ സ്ഥാപിക്കും. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ആധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തും. മധ്യകേരളത്തിൽ ഒരു ക്യാൻസർ ആശുപത്രി കൂടി ആരംഭിക്കും. ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കും. സംസ്ഥാനത്തെ ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ദിശാബോധത്തോടെ ദേവസ്വം വകുപ്പ്

ശബരിമല തീർഥാടനം അപകടരഹിതവും, മാലിന്യരഹിതവും, ചൂഷണരഹിതവുമാക്കി. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അതീവ ജാഗ്രത പുലർത്തിവരികയാണ്. 2011 –12 സാമ്പത്തിക വർഷം മാസ്റ്റർ പ്ലാൻ പദ്ധതികൾക്കായി 15 കോടി രൂപയും, സീറോ വേസ്റ്റ് ശബരിമലക്ക് അഞ്ചു കോടി രൂപയും അനുവദിച്ചു. 2012–13 വർഷം മാസ്റ്റർ പ്ലാനിനുവേണ്ടി 25 കോടി രൂപയാണ് അനുവദിച്ചത്. 2013–14 ലെ ബഡ്ജറ്റിൽ 25 കോടി രൂപ ശബരിമല മാസ്റ്റർ പ്ലാനിനും, അഞ്ചു കോടി രൂപ സീറോ വേസ്റ്റ് ശബരിമലക്കും വകകൊള്ളിച്ചിട്ടുണ്ട്. ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ഇതിനകം ശബരിമലയിൽ നടത്തി കഴിഞ്ഞു. രണ്ട് ക്യൂകോംപ്ലക്സുകൾ, ബെയ്‌ലി ബ്രിഡ്ജ്, എട്ട് നടപ്പന്തലുകൾ, സ്വാമി അയ്യപ്പൻ റോഡിന്റെ പുനരുദ്ധാരണം, പമ്പ മണപ്പുറത്തിന്റെ നവീകരണം, പമ്പയിൽ പുതിയ സർവീസ് റോഡ് നിർമാണം, നിലയ്ക്കൽ പാർക്കിങ് ഗ്രൗണ്ടിലെ സൗകര്യവികസനം മുതലായവ ഇക്കൂട്ടത്തിൽപ്പെടുന്നു.

സന്നിധാനത്തും പമ്പയിലും വർഷങ്ങളായി കെട്ടിക്കിടന്നിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു. ജസ്റ്റിസ് ഹരിഹരൻ നായർ കമ്മിഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കി. ഇക്കഴിഞ്ഞ സീസണിൽ 67 കോടി രൂപ ചെലവിൽ ശബരിമലയുമായി ബന്ധപ്പെട്ട റോഡുകൾ നവീകരിച്ചു. കുടിവെള്ള വിതരണത്തിന് പമ്പയിൽനിന്നും സമാന്തര പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന്റെ ഭൂരിഭാഗം ജോലികളും പൂർത്തിയാക്കി. പോലീസ് മെസിന് ഒരു കോടി 10 ലക്ഷം രൂപ അനുവദിച്ചു. ആരോഗ്യ വകുപ്പിന് ടി.എ നൽകാൻ 25 ലക്ഷം രൂപ അനുവദിച്ചു. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് സേഫ് സോൺ പദ്ധതി നടപ്പാക്കി. സുരക്ഷാ സംവിധാനം ശക്തമാക്കി. ദേശീയോദ്ഗ്രഥനത്തിനും മതസൗഹാർദ്ദത്തിനും മികച്ച സംഭാവന നൽകുന്നവർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഈ വർഷത്തെ ഹരിവരാസനം അവാർഡ് പ്രശസ്ത സംഗീതജ്ഞനായ കെ.ജി. ജയന് സമ്മാനിച്ചു.

> **അടുത്ത സീസണുമുമ്പ് ഏറ്റെടുത്ത് നടത്തുന്ന മാസ്റ്റർ പ്ലാൻ ജോലികളുടെ ഭാഗമായി സന്നിധാനത്തെ വലിയ നടപ്പന്തലിന് രണ്ടാം നില നിർമിക്കും. പമ്പയിൽ നിന്നുള്ള സമാന്തര പൈപ്പ്ലൈൻ പൂർണമായും പ്രവർത്തന സജ്ജമാകും. ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം ആരംഭിക്കും**

അടുത്ത സീസണുമുമ്പ് ഏറ്റെടുത്ത് നടത്തുന്ന മാസ്റ്റർ പ്ലാൻ ജോലികളുടെ ഭാഗമായി സന്നിധാനത്തെ വലിയ നടപ്പന്തലിന് രണ്ടാം നില നിർമിക്കും. പമ്പയിൽ നിന്നുള്ള സമാന്തര പൈപ്പ്ലൈൻ പൂർണമായും പ്രവർത്തന സജ്ജമാകും. ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണം ആരംഭിക്കും. പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർധിപ്പിക്കും. നിലയ്ക്കലിൽ പാർക്കിങ് സൗകര്യവും മറ്റ് ക്രമീകരണങ്ങളും വിപുലമാക്കും. പുതിയ അപ്പം, അരവണ കോംപ്ലക്സിന്റെ നിർമാണം ആരംഭിക്കും.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള കർമപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. ഇതിനായി 230 പോലീസുകാരുടെ അധിക തസ്തിക സൃഷ്ടിച്ചു. 10 കോടിരൂപ ചെലവിൽ ആധുനിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ചു. ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തി. അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു. ഗുരുവായൂർ ക്ഷേത്ര വികസനത്തിന് സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയാറാക്കുവാൻ തീരുമാനിച്ചു. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗുരുവായൂർ ക്ഷേത്ര പരിസരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനുള്ള ഗ്രാന്റ് 20 കോടി രൂപയിൽ നിന്നും 22 കോടി രൂപയായി ഉയർത്തി. ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് വിപുലമായ പദ്ധതി തയാറാക്കി. ഇതിനായി 2011–12 ൽ അഞ്ചു കോടി രൂപ അനുവദിച്ചു. 2013–14 ൽ അഞ്ചു കോടി രൂപ കൂടി വകകൊള്ളിച്ചിട്ടുണ്ട്. ക്ഷേത്രംവക ഭൂമി അന്യാധീനപ്പെടുന്നത് തടയാനും, അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനുമായി എല്ലാ ദേവസ്വം ബോർഡുകൾക്കും കീഴിൽ പ്രത്യേക സെല്ലുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി റവന്യൂ വകുപ്പുമായിച്ചേർന്ന് കർമ പദ്ധതി തയാറാക്കിവരികയാണ്. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണം, വെള്ളി, വിലപിടിപ്പുള്ള മറ്റ് വസ്തുക്കൾ എന്നിവ തിട്ടപ്പെടുത്തി ഇൻവെന്ററി തയാറാക്കുന്ന പദ്ധതിക്കും തുടക്കം കുറിച്ചു. ■



ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ മന്ത്രി വി.എസ്. ശിവകുമാർ വീഡിയോ കോൺഫറൻസിലൂടെ വിലയിരുത്തുന്നു